
www.malankaralibrary.com



# ഗിരിദീപം

ദൈവദാസൻ
ആർച്ച്ബിഷപ്പ് മാർ ഈവാനിയോസിന്റെ
ആത്മകഥ

www.malankaralibrary.com

www.malankaralibrary.com

# ഗിരിദീപം

**(ദൈവദാസൻ മാർ ഈവാനിയോസിന്റെ ആത്മകഥ)**

**(എട്ടാം പതിപ്പ്)**

www.malankaralibrary.com

www.malankaralibrary.com

# ഗിരിദീപം

## (ദൈവദാസൻ മാർ ഈവാനിയോസിന്റെ ആത്മകഥ)

(എട്ടാം പതിപ്പ്)

BP. No : 188

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം - 686 010

www.malankaralibrary.com

GIRIDEEPAM
An Autobiography of Servant of God Archbishop Mar Ivanios OIC
(Malayalam)
by: Servant of God Mar Ivanios OIC

| | | |
|---|---|---|
| First Edition January 1929 | - | 1000 |
| Second Edition 1977 | - | 1000 |
| Third Edition 1980 | - | 1000 |
| Fourth Edition 2006 | - | 1000 |
| Fifth Edition 2007 | - | 1000 |
| Sixth Edition 2012 | - | 2000 |
| Seventh Edition, 15 August 2017 | - | 1000 |
| Eighth Edition, 15 July 2020 | - | 1000 |

Published by:
Fr. Varghese Thykkoottathil OIC
Bethany Publications, Kottayam - 686010
e-mail: bethanyktm@gmail.com

Printed at :
Bethany Offset Printers, Kottayam - 686010
Ph : 0481- 2571355
Email: bethanyktm@gmail.com

Cover Design : Fr. Joby Thomas Charuvilayil OIC

Illustration : Benny James

Price : Rs. 150/-

www.malankaralibrary.com

# പ്രസാധക കുറിപ്പ്

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ആത്മകഥ 'ഗിരിദീപം' സത്തയിലും അവതരണത്തിലും ഒരു തികഞ്ഞ ആദ്ധ്യാത്മിക ചരിത്ര ഗ്രന്ഥമാണല്ലോ. സത്യാന്വേഷണത്തിന്റെ മൂർത്തമായ അനുഭവം സന്യാസ സമർപ്പണത്തിലൂടെ പൂർണ്ണമായും സംശുദ്ധമായും പ്രതിപാദിച്ചിരിക്കുന്ന ഈ ഗ്രന്ഥം വീണ്ടും പ്രസിദ്ധീകരിക്കുന്നതിന്റെ പിന്നിലെ ചേതോവികാരം ഗ്രന്ഥത്തിന്റെ അവതരണത്തിലും, സത്തയിലും ഉള്ള തനിമതന്നെ. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവൽ ഗന്ധിയായ സമർപ്പണ സാക്ഷ്യത്തിന്റെ മഹത്വം കൂടുതൽ പ്രകാശമാനമായിക്കൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുക. അതുകൊണ്ടു തന്നെ പിതാവിനെ അറിയുവാൻ, പിതാവിന്റെ ജീവിതമഹത്വത്തിന്റെ അനന്യത ആസ്വദിക്കുവാൻ, അദ്ദേഹത്തിന്റെ ആദ്ധ്യാത്മികജീവിതത്തിന്റെ ശ്രേഷ്ഠതയിൽ ഉൾച്ചേരുവാൻ ആഗ്രഹിക്കുന്ന മലങ്കര കത്തോലിക്കരുടെയും ഇതര ക്രിസ്തീയ വിശ്വാസികളുടേയും എണ്ണം വർദ്ധിച്ചു വരുന്നതു കൊണ്ടാണല്ലോ വീണ്ടും ബഥനി പബ്ലിക്കേഷൻ 'ഗിരിദീപത്തിന്റെ' ഈ പുതിയ പതിപ്പ് പ്രകാശനം ചെയ്യുക.

ഗിരിദീപം ബഥനി ആശ്രമത്തിന്റെ ചരിത്രം ആണ്. ബഥനി മഠത്തിന്റെ ചരിത്രം ആണ്. സീറോ മലങ്കര സഭയുടെ ചരിത്രം ആണ്. തീവ്രമായ അന്വേഷണത്തിന്റെയും, പൂർണ്ണമായ സമർപ്പണത്തിന്റെയും, അത്ഭുതാവഹമായ സംരക്ഷണത്തിന്റെയും, ത്യാഗപൂർണ്ണമായ ജീവിതത്തിന്റെയും, തീവ്രമായ ആത്മസംഘർഷങ്ങളുടെയും, ആത്മീയ വെളിപാടിന്റെയും, അതിരു കവിയുന്ന ആത്മവിശ്വാസത്തിന്റെയും, അതി മനോഹരമായ കൂട്ടജീവിതത്തിന്റെയും, അപരനെ സഹോദരതുല്യം സ്നേഹിക്കാനുള്ള ക്രിസ്തുവിന്റെ പഠിപ്പിക്കലിന്റെയും, പ്രപഞ്ചത്തെ ആദരിച്ചുകൊണ്ടുള്ള ജീവിതത്തിന്റെയും, ശിഥിലീകരണത്തിൽനിന്ന് വിശുദ്ധിയിലേക്കുള്ള വിളിയുടെ നന്മയുടേയും, സത്യത്തിനുമാത്രം വിജയമെന്നുള്ള നിത്യസത്യത്തിന്റെയും, മറുതലിക്കാതെയുള്ള ഉപേക്ഷയുടേയും അതിലുപരി നിർമ്മലമായ ദൈവസമർപ്പണ പ്രത്യാശയുടെയും ഒക്കെ അനുഭവങ്ങൾ, 'ഗിരിദീപത്തിന്റെ' ഉൾത്താളുകളിൽ സജീവ ജീവിതമായി നിറഞ്ഞു നിൽക്കുന്നു. പുണ്യപിതാവിന്റെ ത്യാഗോജ്ജ്വലമായ, വിശുദ്ധമായ ജീവിതത്തിന്റെ മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ടും എട്ടാം പതിപ്പിന്റെ പ്രസിദ്ധീകരണത്തിൽ സഹായിച്ച ഏവരെയും പുണ്യ പിതാവിന്റെ മാദ്ധ്യസ്ഥതയിൽ സമർപ്പിച്ചുകൊണ്ടും മുൻപതിപ്പുകളെ സ്വീകരിച്ച വായനക്കാർ ഈ പതിപ്പിനെയും ഹൃദയത്തോടു ചേർത്തുവയ്ക്കും എന്ന പ്രത്യാശയിൽ.......

ഫാ. വറുഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.
ഡയറക്ടർ, ബഥനി പബ്ലിക്കേഷൻസ്

www.malankaralibrary.com

# മുഖമൊഴി

ഈശ്വരാനുഭവം തേടി സകലതും ത്യജിക്കുന്ന താപസരുടെ ഒരു നീണ്ടനിര എല്ലായിടങ്ങളിലും എല്ലാക്കാലവും ഉണ്ടായിരുന്നു. സിംഹാസനം ഉപേക്ഷിച്ച ബുദ്ധനും, വനാന്തരങ്ങളിൽ തപസനുഷ്ഠിച്ച മഹർഷിവര്യന്മാരും, മരുഭൂമിയിലെ പിതാക്കന്മാരും, സുഭിവര്യന്മാരും ഈശ്വരാന്വേഷണത്തിന്റെയും മനുഷ്യമഹാത്മ്യത്തിന്റെയും കെടാവിളക്കുകളായി ജനതതികൾക്ക് പ്രകാശം നല്കുന്നവരാണ്. ചരിത്രത്തിന്റെ എല്ലാ കാലഘട്ടങ്ങളിലും, ഈശ്വരൻ മനുഷ്യ സമൂഹത്തിന് നേർപാത കാട്ടാൻ ഒരുക്കുന്ന മഹാത്മാക്കളാണിവർ.

"ഗിരിദീപം" ഒരു താപസശ്രേഷ്ടന്റെ ആത്മനൊമ്പരങ്ങളുടെയും സംഘർഷത്തിന്റെയും, ആത്മാംശത്തിന്റെയും പങ്കുവെക്കലാണ്. പാവനമായ കുടുംബത്തിൽ പിറന്ന്, വൈദികവൃദ്ധി സ്വീകരിച്ച്, ഗുരുവും അദ്ധ്യാപകനും യൂണിവേഴ്സിറ്റി പ്രൊഫസറുമായ ജീവിച്ച്, സഭയോടും താൻ ജീവിക്കുന്ന സമൂഹത്തോടും അതിലും വലിയ പ്രതിബദ്ധത ഉണ്ട് എന്ന് തിരിച്ചറിഞ്ഞ്, സകലതും ഉപേക്ഷിച്ച് ഈശ്വരാനുഭവത്തിലേക്കും താപസമാർഗ്ഗത്തിലേക്കും തിരിഞ്ഞ് ഈശ്വരസേവനത്തിനും സാധുജന ശുശ്രൂഷയ്ക്കും തന്നേയും തന്നോടു ചേർന്നു നിന്നവരേയും പ്രചോദിപ്പിച്ച ഒരു ജീവിതത്തിന്റെ നേർസാക്ഷ്യമാണ് ഈ ഗ്രന്ഥം. ഇത് ഒരു വ്യക്തിയുടെ ആത്മികത, ഒരു സന്യാസിസമൂഹത്തിന്റെ പിറവി, ഒരു സഭാസംവിധാനത്തിന്റെ രൂപപ്പെടൽ, മനുഷ്യസമൂഹത്തിന്റെ സേവനോന്മുഖമായ സംരക്ഷണം എന്നീ അനുഭവങ്ങളുടെ പങ്കുവെയ്ക്കലാണ്. ഈ ഗ്രന്ഥത്തിൽ പങ്കുവയ്ക്കുന്ന ത്യാഗത്തിന്റെയും, സ്നേഹത്തിന്റെയും, സഹനത്തിന്റെയും കഴിഞ്ഞകാല യാഥാർത്ഥ്യങ്ങൾ തിരിച്ചറിയുമ്പോൾ മാത്രമേ മലങ്കര കത്തോലിക്കാസഭയ്ക്ക് ഇന്നനുഭവിക്കുന്ന സൗഭാഗ്യങ്ങളെ നന്ദി നിറഞ്ഞ ഹൃദയത്തോടെ സ്വീകരിക്കുവാൻ സാധിക്കുകയുള്ളു.

ഗിരിദീപത്തിന്റെ 8-ാം പതിപ്പ് മനോഹരമായി അണിയിച്ചൊരുക്കി പ്രസിദ്ധീകരിക്കുന്ന ബഥനി പബ്ലിക്കേഷൻസിനേയും അതിനു നേതൃത്വം കൊടുക്കുന്ന വർഗീസ് തൈക്കൂട്ടത്തിലച്ചനേയും ഇതിന്റെ പ്രസിദ്ധീകരണത്തിൽ പങ്കുചേർന്ന എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് ഈ പുസ്തകം അനേകായിരങ്ങൾക്ക് പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.**
സുപ്പീര്യർ ജനറൽ

www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| | പ്രസാധക കുറിപ്പ് | 5 |
| | മുഖമൊഴി | 6 |
| **ഒന്നാം ഭാഗം : സമുദായ സേവനാനുഭവങ്ങൾ** | | |
| 1. | അബ്ദള്ളാ പാത്രിയർക്കീസിന്റെ ആഗമനം | 10 |
| 2. | അബ്ദേദമ്ശിഹോ ബാവായുടെ വരവ് | 35 |
| 3. | സെറാമ്പൂർ വാസം | 52 |
| 4. | സന്ന്യാസിനീസമൂഹം | 75 |
| 5. | ശൈശവാശ്രമം | 79 |
| 6. | ആശ്രമസ്ഥാപനം | 84 |
| **രണ്ടാം ഭാഗം : ആശ്രമവാസം** | | |
| 1. | മുണ്ടൻമല | 93 |
| 2. | ആശ്രമസ്ഥാപനം | 96 |
| 3. | ആശ്രമഭൂവിൽ | 109 |
| 4. | ദൈവപരിപാലനയുടെ തണലിൽ | 122 |
| 5. | അനാഥശാല | 137 |
| 6. | ചില ആദ്യകാല അനുഭവങ്ങൾ | 147 |
| 7. | സന്ന്യാസ പ്രതിഷ്ഠ | 157 |
| 8. | കന്യകാമഠം | 165 |
| 9. | വിജാതീയമിഷ്യൻ | 171 |
| 10. | ബഥനിപ്പള്ളികൾ | 174 |
| 11. | ബഥനി മുദ്രാലയം | 178 |
| 12. | ഉപസംഹാരം | |
| | അനുബന്ധം - 1 : ജീവിതത്തിലെ സ്മരണീയ ദിനങ്ങൾ | 188 |
| | അനുബന്ധം - 2 : ബഥനിയുടെ ചരിത്രത്തിലെ നാഴികക്കല്ലുകൾ | 189 |
| | അനുബന്ധം - 3 : മാർ ഈവാനിയോസ് തിരുമേനി രചിച്ച ഗ്രന്ഥങ്ങൾ... | 190 |
| | അനുബന്ധം - 4 : മാർ ഈവാനിയോസ് തിരുമേനിയെ വിശുദ്ധ പദവിയിലേക്കുയർത്തുന്നതിനുള്ള പ്രാർത്ഥന | 192 |

www.malankaralibrary.com

ഒന്നാം ഭാഗം

# സമുദായ സേവനാനുഭവങ്ങൾ



www.malankaralibrary.com

# ആമുഖം

സന്ന്യാസപരമായ ജീവിതത്തിൽ നമുക്ക് ബാല്യകാലം മുതലേ ആഗ്രഹമുണ്ടായിരുന്നുവെങ്കിലും, സാമുദായികവും വ്യക്തിപരവുമായ ആത്മോൽക്കർഷത്തിന്റെ നിദാനം, യഥാർത്ഥ ദൈവഭക്തി മാത്രമാണെന്നുഗ്രഹിച്ച് ഏതൽകാര്യാർത്ഥം ഒരു സന്ന്യാസ സമൂഹം രൂപീകരിച്ചേ മതിയാവൂ എന്ന ചിന്ത നമ്മുടെ മനസിനെ മുന്നോട്ട് ആഞ്ഞുവലിക്കാൻ തുടങ്ങിയത് നാം സെറാംപൂർ കോളേജിൽ പ്രൊഫസ്സറായിരുന്നപ്പോഴായിരുന്നുവെന്നു പറയാം. ശക്തിമത്തായ ഈയൊരു വിചാരത്തിനു നമ്മെ അധീനനാക്കിയത് അക്കാലത്തിന്നകം നമുക്കു ലഭിച്ച സാമുദായികസ്വാനുഭവമായിരുന്നുവെന്നേ പറയേണ്ടതുള്ളു. വിശുദ്ധ മാർ തോമാശ്ലീഹയാൽ സ്ഥാപിക്കപ്പെട്ടെതെന്നും, അപ്പസ്തോലികവും കാതോലികവുമായ സത്യവിശ്വാസത്തെ ഉപദേശിക്കുന്നതെന്നും നാം അഭിമാനിച്ചുവരുന്ന മലങ്കരയുടെ അടിത്തട്ടിൽ ഊറിക്കിടക്കുന്ന മ്ലേച്ഛതകളെ കാണുവാനും മണക്കുവാനും ആ അനുഭവങ്ങൾ നമുക്ക് ഇടയാക്കിത്തീർത്തു. അത് ദൈവാനുഗ്രഹത്താൽ നമുക്കു ലഭിച്ച ഒരു സോപാനമായിട്ടത്രെ നാം ഇന്ന് പരിഗണിച്ചിട്ടുള്ളത്. ബഥനി ആശ്രമസ്ഥാപനചരിത്രത്തിന്റെ ആമുഖമെന്നു പറയപ്പെടാവുന്ന ആ അനുഭവങ്ങളിൽ ചിലവയെ ഇവിടെ ക്രമശഃക്രോഡീകരിക്കുന്നത് അസംഗതമാവില്ലെന്നു വിശ്വസിക്കുന്നു.

www.malankaralibrary.com

അദ്ധ്യായം ~ 1

# അബ്ദള്ളാ പാത്രിയർക്കീസിന്റെ ആഗമനം

കൊല്ലവർഷം 1084 മിഥുനത്തിൽ കാലം ചെയ്ത പുലിക്കോട്ടു വലിയ മെത്രാപ്പോലീത്താ രോഗാതുരനായി കിടപ്പിലായപ്പോൾ, മലങ്കര സന്ദർശനാർത്ഥം, ശീമയിൽനിന്നു യാത്ര പുറപ്പെട്ട പരേതനായ അബ്ദള്ളാ പ്ത്രിയർക്കീസ് ബാവാ തിരുമനസുകൊണ്ട് ഇംഗ്ലണ്ടിലും മറ്റും പോയി ബോംബയിലിതാ, ഇന്ന ദിവസം വന്നുചേരുമെന്ന വിവരത്തിന് ഇപ്പോഴത്തെ വലിയ തിരുമേനിയുടെ പേർക്ക് 1085 കന്നിമാസത്തിൽ ഒരുദിവസം കമ്പി കിട്ടി. അക്കാലത്ത് നാം കോട്ടയം എം.ഡി. സെമിനാരി (ഹൈസ്കൂൾ)യുടെ പ്രിൻസിപ്പാളായിരിക്കുകയായിരുന്നു. പാത്രിയർക്കീസ് ബാവാതിരുമേനിയെ യഥായോഗ്യം മലങ്കരയിലേക്ക് എതിരേറ്റു കൊണ്ടുപോരുന്നതിന് ഏതാനുംപേർ ബോംബെ വരെ പോകേണ്ടതാണെന്നു തീർച്ചപ്പെടുത്തി. ഇപ്പോഴത്തെ വലിയ തിരുമേനി, കോനാട്ടു മല്പാനച്ചൻ, താമരപ്പള്ളിൽ അബ്രഹാം കത്തനാർ, മെസേഴ്സ് ഇ.എം.ഫിലിപ്പ്, കെ.സി.മാമ്മൻമാപ്പിള എന്നിവർ യാത്രയൊരുങ്ങിയപ്പോൾ നാമും കൂടി തങ്ങളോടൊന്നിച്ചു പോന്നേ മതിയാവു എന്നു മെത്രാപ്പോലീത്താ തിരുമനസുകൊണ്ടു നമ്മോടാജ്ഞാപിച്ചു. ബാവാതിരുമനസ്സിലേക്ക് ഊട്ടക്കമണ്ടിൽ പോയി മദ്രാസ് ഗവർണരുമായി അഭിമുഖദർശനം നടത്തേണ്ടിയിരുന്നതിനാൽ അവിടെ ചെന്ന് ആവക കാര്യങ്ങൾ ശരിപ്പെടുത്തേണ്ടുന്നതിനായി മിസ്റ്റർ മാമ്മൻമാപ്പിള അങ്ങോട്ടുംപോയി. പാത്രിയർക്കീസ് ബാവാമാരിൽ ആരെയും അതുവരെ കണ്ടിട്ടില്ലാതിരുന്ന നമുക്ക് ആ ബോംബെയാത്ര പ്രത്യേകിച്ചും ആഹ്ലാദകരമായിരുന്നു. നിശ്ചിത ദിവസത്തിൽ ഞങ്ങളെല്ലാവരും ബോംബയിൽ ചെന്നുചേർന്നു. മലങ്കര സുറിയാനിസഭയുടെ ആരാധ്യപുരുഷനായ പാത്രിയർക്കീസ്ബാവാ തിരുമനസിലേക്കു ഞങ്ങളെ ഓരോരുത്തരെയായി മെത്രാപ്പോലീത്താ തിരുമനസുകൊണ്ടു പരിചയപ്പെടുത്തിക്കൊടുത്തതനുസരിച്ച് ഞങ്ങളെല്ലാവരും ആനന്ദിതരായി സഭക്തിബഹുമാനം തൃക്കരം മുത്തി നിർവൃതിപൂണ്ടു.

www.malankaralibrary.com



അന്ന് കശ്ശീശയായിരുന്ന നാം, സ്വസമുദായംവക ഒരു ഇംഗ്ലീഷ് ഹൈസ്കൂളിന്റെ പ്രിൻസിപ്പാളാണെന്നറിയുകയാലും ബാവാതിരുമനസ്സിലെ ഓരോ ആവശ്യങ്ങൾ സാധിക്കുന്നതിനും, വേണ്ടുന്ന സാധനങ്ങൾ അപ്പഴപ്പോൾ വരുത്തുന്നതിനും നാം സഹായിയാണെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടും, നമ്മുടെ പേരിൽ തിരുമനസിലേക്കു പ്രത്യേകം വാത്സല്യം തോന്നി. ബാവാതിരുമേനിയെ സംബന്ധിക്കുന്ന എന്തുകാര്യത്തിലും മുന്നിട്ടിറങ്ങാനും പ്രവർത്തിപ്പാനുമുള്ള നമ്മുടെ സന്നദ്ധതയും അത്യുത്സാഹവും തിരുമേനിയെ തൃപ്തിപ്പെടുത്തുകയും ചെയ്തു. ബോംബയിലെ താമസത്തിൽ നിന്നുതന്നെ ഇതു വേണ്ടുവോളം പ്രത്യക്ഷപ്പെട്ടിട്ടുള്ളതത്രെ. മംഗളാശംസാപരമായും അനുഗ്രഹാഭ്യർത്ഥനാരൂപത്തിലും വന്നുകൊണ്ടിരുന്ന കത്തുകൾ, കമ്പികൾ മുതലായവ തിരുമനസ്സിലേക്ക് സുറിയാനി ഭാഷയിൽ പരിഭാഷപ്പെടുത്തിക്കൊടുക്കുക ആദിയായി ഒരു പ്രധാനകാര്യദർശിയുടെ സ്ഥാനമാണ് തിരുമനസുകൊണ്ട് നമുക്ക് നൽകിയിരിക്കുന്നത്. ഒരുദിവസം തിരുമനസുകൊണ്ട് ഇംഗ്ലീഷിൽ എഴുതപ്പെട്ട ഒരു കത്തെടുത്തു നീട്ടിക്കൊണ്ട് അതൊന്നു പരിഭാഷപ്പെടുത്തി കേൾപ്പിക്കണമെന്നു കല്പിച്ചു. തദനുസാരം നാം ഏതാനും ഭാഗം പരിഭാഷപ്പെടുത്തി കേൾപ്പിച്ചപ്പോൾ,

"ഈ എഴുത്തുകാരനെ അറിയുമോ?" എന്ന് അവിടുന്ന് ചോദിച്ചതിന്, "ഉവ്വ്" എന്നു നാം ഉത്തരം ബോധിപ്പിച്ചു.

[ഒരു വിധത്തിൽ പറയുന്നപക്ഷം ബാവാതിരുമനസിലെ മലങ്കര സന്ദർശനം അമംഗളമായി കലാശിക്കപ്പെടുവാനും, മലങ്കരസഭയിൽ അസമാധാനവും അസന്തുഷ്ടിയും കൈവരുത്തുവാനും ഇടയാക്കിയ കാരണങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത പ്രസ്തുത കത്തിലെ സംഗതിയെപ്പറ്റി ഇവിടെ രണ്ടു വാക്കു പറയേണ്ടതായ ആവശ്യമുണ്ട്. പാത്രിയർക്കീസന്മാർക്കു മലങ്കരസഭയിൽ പൂർവ്വകാലം മുതലേ ഉണ്ടായിരുന്ന ലൗകികാധികാരത്തെ മനഃപൂർവം തട്ടിപ്പറിച്ച് സ്വായത്തമാക്കിയത് പുലിക്കോട്ടു മെത്രാപ്പോലീത്തായും, അദ്ദേഹത്തിന്റെ സെക്രട്ടറിയും (മിസ്റ്റർ ഇ.എം.ഫിലിപ്പ്) കൂടിയായിരുന്നുവെന്നും, നഷ്ടപ്പെട്ടുപോയ ആ അവകാശാധികാരങ്ങളെ സമ്പാദിക്കേണ്ടതിലേക്കു ബാവാതിരുമനസിലേക്ക് അക്ഷീണയത്നം ചെയ്യേണ്ടതാണെന്നും വേണ്ടി

www.malankaralibrary.com



വന്നാൽ വ്യവഹാരത്തിനുപോലും അവിടുന്നു സന്നദ്ധനായിരുന്നു കൊള്ളണമെന്നും ഇതിലേക്ക് ആവശ്യമാണെന്നു കല്പിക്കുന്നപക്ഷം 10,000 രൂപാ സംഭാവന ചെയ്‌വാൻ തിരുസിംഹാസനത്തോടുള്ള തന്റെ ഭക്തി തന്നെ പ്രേരിപ്പിക്കുന്നതായിരിക്കുമെന്നും മറ്റും എഴുതപ്പെട്ടിരുന്ന ഒരു കത്തിലായിരുന്നു ഇതെന്നു വായനക്കാർ ഗ്രഹിച്ചിരിക്കേണ്ടതാണ്. ഈ വിധം ഒരു കത്തെഴുതിയ ആളുടെ ഉദ്ദേശത്തെപ്പറ്റി നാം ഇങ്ങനെയാണ് കേട്ടിട്ടുള്ളത്. സ്വപിതാവിന്റെ ഒരു ഛായാപടം വരച്ച് കോട്ടയം പഴയസിമിനാരിയുടെ 'കമ്മറ്റിമാളിക'യിൽ പ്രതിഷ്ഠിക്കത്തക്കവണ്ണം അനുമതി വാങ്ങിപ്പാനായി ഈയാൾ കാലം ചെയ്ത പുലിക്കോട്ടു മെത്രാച്ചന്റെ അടുക്കൽ ചെന്നിരുന്നപ്പോൾ സെക്രട്ടറിയുമായി ആലോചിച്ചതിന്റെ ശേഷം, കൊണ്ടുവരുന്ന ചിത്രങ്ങളെല്ലാം വാങ്ങി അലങ്കരിക്കപ്പെടുവാനുള്ളതല്ല 'കമ്മറ്റിമാളിക' എന്ന അർത്ഥത്തിൽ തിരുമനസുകൊണ്ടു മറുപടി കല്പിക്കുകയുണ്ടായി പോൽ.]

"ഈ എഴുത്തുകാരനെ അറിയും, ഇല്ലേ?"

"ഉവ്വ്"

ഇതിൽ പറയുന്ന കാര്യത്തിനായി പതിനായിരം ഉറുപ്പിക തരുവാൻ ഇയാൾ ശക്തനായിരിക്കുമോ?

"അതിനേപ്പറ്റി എനിക്കു വിശേഷിച്ചൊന്നും അറിയാൻ പാടില്ല. കൈവശം പണമായിട്ടുണ്ടോ, എന്തോ ഭൂസ്വത്തുകാണുമായിരിക്കും."

അതിരിക്കട്ടെ; എഴുത്തു നന്നായി വായിച്ചുവല്ലോ? പണത്തിന്റെ കാര്യം നമുക്കു പിന്നെ അന്വേഷിച്ചറിയാം. വല്ല കാരണത്താലും, നാമും ദിവന്നാസ്യോസും തമ്മിൽ അന്യോന്യം പിണങ്ങാൻ ഇടവരുന്നപക്ഷം നിങ്ങൾ നമ്മോടു കൂടി നിൽക്കുമോ, അതോ ദിവന്നാസ്യോസിന്റെ പക്ഷം പിടിക്കുമോ?

എന്താ മറുപടി ഉണർത്തിക്കേണ്ടത് എന്നറിയാതെ നാം സ്വല്പ നേരം അന്ധനായി നിന്നുപോയി.

പാത്രി: മറുപടി പറയണം!

നാം:- ആബുൻ മാർ ദിവന്നാസ്യോസ് എന്റെ ഗുരുവാണ്.

www.malankaralibrary.com



സത്യത്തിനെതിരായി അദ്ദേഹം പ്രവർത്തിക്കുന്നതിൽ ഞാൻ കൂട്ടു കാരനാകയില്ല. അല്ലാത്തപക്ഷം ഞാൻ അദ്ദേഹത്തോടു കൂടിയേ നിൽക്കുകയുള്ളു.

നമ്മുടെ ഈ മറുപടിയാൽ ബാവാതിരുമനസിലേക്ക് അതൃപ്തിയും നിരാശയുമാണ് ഉണ്ടായതെന്ന് അനുക്ഷണം അവിടുത്തെ മുഖം വെളിപ്പെടുത്തി.

## നമ്മുടെ നേരെ

പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് ആദ്യമായി ആർത്താറ്റു-കുന്നംകുളം പള്ളിയിൽ എഴുന്നള്ളി; സ്വല്പനാൾ അവിടെ താമസിച്ചതിന്റേശേഷം ആഘോഷപൂർവം 85-തുലാം 3-ാം തീയതി ചൊവ്വാഴ്ച കോട്ടയം പഴയ സെമിനാരിയിലെത്തിച്ചേർന്നു. തിരുവനന്തപുരത്തേക്കുപോയി മഹാരാജാവുമായുള്ള കൂടിക്കാഴ്ച കഴിഞ്ഞതിന്റെ ശേഷം വൃശ്ചികം 1-നു വീണ്ടും സെമിനാരിയിൽത്തന്നെ തിരികെ വന്നു താമസിക്കുകയാണ്. തദവസരത്തിൽ ബാവാതിരുമനസ്സിലെ ലൗകികാധികാരാഭിവാഞ്ചയുടെയും അതോടൊപ്പം മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസിലേക്കുള്ള വൈമുഖ്യത്തിന്റെയും ലാഞ്ജനകൾ അവിടവിടെ പ്രത്യക്ഷപ്പെട്ടതോടുകൂടി മെത്രാപ്പോലീത്തായുടെ പൂർവവൈരികൾ തങ്ങളുടെ അഭിലാഷ പൂർത്തിക്കായുള്ള കാലം വന്നണഞ്ഞതിൽ സന്തോഷിച്ച് ആയുധങ്ങൾ കൈയിലെടുത്തു. ഇക്കാലത്ത് മെത്രാപ്പോലീത്തായുടെ പക്ഷം നില്ക്കുന്നവർക്ക് മുന്നോട്ടു ചാടുവാൻ ഇടയാവുകയും, അവരെ ഓരോരുത്തരെയും കെണിയിൽ പിടിച്ചു ബന്ധിക്കുവാൻ മെത്രാപ്പോലീത്തായുടെ വൈരികൾ ശ്രമം തുടങ്ങുകയും ചെയ്തു.

എം.ഡി.സെമിനാരി ഹൈസ്കൂളിലെ ഉയർന്ന ക്ലാസുകളിൽ വേദം പഠിപ്പിച്ചിരുന്നതു നാം ആയിരുന്നു. ഒരുദിവസം 'രക്ഷയെ'പ്പറ്റി നാം ക്ലാസിൽ സവിസ്തരം പഠിപ്പിച്ചുവരവേ, വി.കൂദാശകളെപ്പറ്റിയും സ്വല്പമായൊന്നു വിമർശിക്കേണ്ടതായി വന്നുകൂടി. അപ്പോൾ ഒരു വിദ്യാർത്ഥി "മേല്പട്ടക്കാരെ വാഴിക്കുന്നതിനു ആർക്കാണ് അധികാരം?" എന്ന് ചോദ്യം ചെയ്തു. അതിനുത്തരമായി, ആ അധികാരം മേൽപ്പട്ടക്കാരുടെ സൂന്നഹദോസിനാണെന്നും, രണ്ടോ മൂന്നോ മേൽപ്പട്ടക്കാർ കൂടി

www.malankaralibrary.com



യാൽ ഒരു മേൽപ്പട്ടക്കാരനെ വാഴിക്കാവുന്നതാണെന്ന് നിഖ്യാ സൂന്നഹദോസിൽ തീരുമാനിച്ചിട്ടുണ്ടെന്നും, അൽവാറീസുമെത്രാച്ചനെ മലങ്കരയിലുള്ള മൂന്നു മേൽപ്പട്ടക്കാർകൂടി വാഴിച്ചതാണെന്നും മറ്റും വിദ്യാർത്ഥികളുടെ തുടരെയുണ്ടായ ചോദ്യങ്ങൾക്കു മറുപടിയായി നാം പ്രസ്താവിച്ചുപോയി. ഇതൊക്കെ പതിന്മടങ്ങു വലിപ്പത്തിൽ ബാവാ തിരുമനസിലെ ചെവിയിലെത്തുകയും, തൽഫലമായി നമുക്കു തിരുസന്നിധിയിൽ ഹാജരാവുകയും ചെയ്യാൻ ഇടയായി എന്നു പറഞ്ഞാൽ മതിയല്ലൊ.

പാത്രി: "പാത്രിയർക്കീസന്മാർക്കു മാത്രമല്ലാ, കാതോലിക്കാ മെത്രാന്മാർക്കും, മെത്രാപ്പോലീത്തന്മാർക്കും, മൂറോൻ കൂദാശ ചെയ്യാമെന്നും മെത്രാന്മാരെ വാഴിക്കാമെന്നും പള്ളിക്കൂടത്തിൽ പഠിപ്പിച്ചുവെന്നു കേൾക്കുന്നതു വാസ്തവമോ?"

നാം മൗനം അവലംബിച്ചു. മൂറോൻ കൂദാശ ചെയ്‌വാൻ പാത്രിയർക്കീസിനും കാതോലിക്കായ്ക്കും മെത്രാപ്പോലീത്തായ്ക്കും അധികാരമുള്ളതാണെന്നും, എപ്പിസ്കോപ്പന്മാരെ വാഴിക്കുവാൻ മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരിക്കുന്ന സൂന്നഹദോസിനു കഴിവുള്ളതാണെന്നും ഹൂദായ കാനോനിൽ വ്യക്തമായി പറഞ്ഞിരിക്കേ, സഭാനിയമത്തിനും മനസാക്ഷിക്കൊത്ത സത്യത്തിനും അനുകൂലമായി നാം പഠിപ്പിച്ചതു തെറ്റാണെന്നായിരിക്കുമോ ബാവാ തിരുമനസുകൊണ്ടു വിധി കല്പിക്കുന്നതെന്നാലോചിച്ചു നാം കുഴങ്ങി.

നാം: "മൂറോനെപ്പറ്റി ഞാൻ യാതൊന്നും ക്ലാസിൽ പഠിപ്പിച്ചിട്ടില്ല. ആ കാര്യമേ അവിടെവെച്ചു ഞാൻ മിണ്ടിയിട്ടില്ല. മേൽപ്പട്ടക്കാരെ വാഴിക്കുന്നതിനെ സംബന്ധിച്ചു മാത്രമേ പറഞ്ഞുള്ളു."

പാത്രി: "ശരി! അങ്ങനെ പഠിപ്പിക്കുവാനുണ്ടായ കാരണം?"

നാം: "ഹൂദായ കാനോനിൽ അങ്ങനെ കാണുന്നുണ്ടല്ലൊ. സഭയുടെ നിയമത്തിനു വിരോധമായി ഒന്നും ഞാൻ പഠിപ്പിച്ചിട്ടില്ല."

പാത്രി: (സമീപെ നിന്നിരുന്ന കോനാട്ടുമൽപ്പാനച്ചനോടും ഔഗേൻ റമ്പാനോടുമായി) "ഇയാളുടെ വഴി വിസ്താരമുള്ളതാകുന്നു. ഇയാൾ വിജ്ഞാനസമുദ്രം തന്നെ" എന്ന് നമ്മെ ഒന്നു കളിയാക്കി കല്പിച്ചപ്പോൾ,

www.malankaralibrary.com



ഔഗേൻ റമ്പാൻ: “പാത്രിയർക്കീസിന്റെ അധികാരത്തെ നിഷേധിച്ചൊന്നും പറഞ്ഞിട്ടില്ലല്ലോ?”

പാത്രി: “നാം നിങ്ങളോട് ക്ഷമിച്ചിരിക്കുന്നു. അനുഗ്രഹിക്കട്ടെ മുട്ടുകുത്തുക!”

നാം: “ഇതിൽ യാതൊരു കുറ്റവും ഞാൻ ചെയ്തിട്ടില്ല. എങ്കിലും അവിടുത്തെ അനുഗ്രഹം ആവശ്യമാണ്” എന്നു പറഞ്ഞു ഭക്തിപൂർവം നാം മുട്ടിന്മേൽ നിന്നു.

## ‘ശൽമൂസാ’ പോരാ!



പുരാതനകാലം മുതലേ മലങ്കരയിൽ ആത്മീയവും ലൗകികവുമായ വിഷയങ്ങളിൽ സഭാഭരണം നടത്തിയിട്ടുള്ളതു മലങ്കര മെത്രാപ്പോലീത്തന്മാരത്രെ. ശീമയിൽ നിന്നു വന്ന ചില മേൽപ്പട്ടക്കാർ ഭരണവിഷയത്തിൽ പ്രവേശിക്കുക വഴിയായി പല കുഴപ്പങ്ങൾക്കും സംഗതിയായിത്തീർന്നതിനാൽ മലങ്കര സഭാ സംബന്ധമായ ലൗകികകാര്യങ്ങളിൽ ശീമ മെത്രാന്മാർ പ്രവേശിച്ചുകൂടാ എന്നും, ആത്മീയവിഷയത്തിൽ സഭയെ സഹായിപ്പാൻ മാത്രമേ അവർക്കധികാരമുള്ളു എന്നും തീരുമാനമുണ്ടായി. 1063 ലെ റോയൽകോർട്ടുവിധി നോക്കിയാൽ ഇതു പ്രത്യക്ഷപ്പെടുന്നതായിരിക്കും. ഇതിന്നെതിരായി മലങ്കര സഭമേൽ ലൗകികാധികാരവും ഉൾഭരണവും തനിക്ക് കിട്ടണമെന്ന് പാത്രിയർക്കീസ് ബാവാ തിരുമനസുകൊണ്ട് ആഗ്രഹിച്ചു. മുൻകാലത്ത് യാതൊരു മെത്രാപ്പോലീത്തായും മലങ്കര സഭയുടെ ലൗകികാധികാരം പാത്രിയർക്കീസിനുള്ളതാണെന്ന് സമ്മതിച്ച് ഉടമ്പടി കൊടുത്തിട്ടില്ലെന്നും അങ്ങനെ ഒരു നടപടിയേ ഇവിടെ ഉണ്ടായിട്ടില്ലെന്നും ഗ്രഹിച്ചിരുന്ന ബാവാതിരുമനസുകൊണ്ട്, ഇപ്പോ

www.malankaralibrary.com



ഴുള്ള മെത്രാന്മാരെല്ലാരും ഉടമ്പടി തരണമെന്നും, അങ്ങനെ തരുന്ന വർക്കു മാത്രമേ മേലിൽ മെത്രാൻസ്ഥാനം നൽകുകയുള്ളുവെന്നും കല്പിക്കാൻ തുടങ്ങി. മെത്രാൻസ്ഥാനാഭിഷേകവേളകളിൽ സത്യ വിശ്വാസങ്ങളെ പാലിച്ചുകൊള്ളാമെന്നു സമ്മതിച്ച് വിശുദ്ധ മദ്ബഹാ യിൽ വച്ച് കൊടുക്കുന്ന 'ശൽമൂസായ്ക്കു' പുറമേ മുദ്രപ്പത്രത്തിൽ എഴുതി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു ഉടമ്പടികൂടി വേണം എന്നാണ് ബാവാതിരുമനസിലെ നിർബന്ധം എന്നു വിശേഷിച്ചു പറയേണ്ടതില്ല ല്ലോ. മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും, മാർ സേവേറി യോസ് മെത്രാപ്പോലീത്തായും ഈ തരത്തിലുള്ള ഉടമ്പടികൾ എഴുതിക്കൊടുത്തു. (85 ഇടവം 16; 86 ചിങ്ങം 12) ഈ ഉടമ്പടിയാ ലുള്ള ഭവിഷ്യത്തിനെ ഗ്രഹിച്ച മാർ കൂറില്ലോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് പാത്രിയർക്കീസ്ബാവായെ ഭയന്ന് അവിടവിടെ ചുറ്റിസഞ്ചരിച്ചു വന്നിരുന്നു. പാത്രിയർക്കീസ് ബാവ തിരുമനസുകൊണ്ട് അവിടുത്തെ സ്വരം ഒന്നുയർത്തി. തൽക്ഷണം മാർ കൂറിലോസ് മെത്രാ പ്പോലീത്താതിരുമനസുകൊണ്ട് നിർദ്ദിഷ്ടവാചകത്തിൽ ഉടമ്പടിയും നൽകി. ഇതെല്ലാം കണ്ടിട്ടും മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസിലെ ദൃഢനിശ്ചയത്തിന് യാതൊരു വ്യതിയാനവും ഉണ്ടാ യില്ല. എന്തുവന്നാലും ശരി, അങ്ങനെ ഒരു ഉടമ്പടി താൻ എഴുതുകയി ല്ലെന്ന് അദ്ദേഹം ശപഥം ചെയ്തു. പല വിധത്തിലും മെത്രാപ്പോലീ ത്താതിരുമേനിയെ വശംവദനാക്കുവാൻ പാത്രിയർക്കീസ് ബാവാ തിരു മനസുകൊണ്ട് പരിശ്രമിക്കുകയുണ്ടായി. അവയൊക്കെ ഫലശൂന്യമെന്നു ബോദ്ധ്യപ്പെട്ടപ്പോൾ, "എന്നാൽ ഇതിന്റെ ദോഷഫലം നിങ്ങൾ അനുഭവിക്കും. ഊർശ്ലം ഈവാനിയോസിന്റെ കഥ നിങ്ങൾ അറിഞ്ഞി ട്ടുണ്ടല്ലോ." എന്നീ പദങ്ങൾ അവിടുത്തെ തിരുവായിൽനിന്നു പുറപ്പെട്ട് സമുദായമെങ്ങും മുഴങ്ങി.

## ഉടമ്പടി വേണം

മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ മുടക്കുവാനുണ്ടായ യഥാർത്ഥകാരണം അദ്ദേഹം ലൗകികാധികാരം പാത്രിയർക്കീസിനു ള്ളതാണെന്നു സമ്മതിച്ചുകൊണ്ട് ഉടമ്പടി കൊടുക്കാഞ്ഞതാണെന്നു ള്ളത് നമുക്ക് അന്നും ഇന്നും ബോധ്യമായിട്ടുള്ളതത്രെ. മറ്റൊന്നും അദ്ദേഹം ചെയ്യുകയുണ്ടായില്ല.

www.malankaralibrary.com



ലൗകികാധികാരം സമ്മതിച്ച് ഉടമ്പടി കൊടുക്കാത്ത ഏക കാരണത്താൽ മാത്രം മെത്രാപ്പോലീത്താ തിരുമേനി പാത്രിയർക്കീസ് ബാവാ തിരുമനസിലെ അപ്രിയത്തിനും കോപത്തിനും വശംവദനായിത്തീർന്നുപോയി. എവിടെയെല്ലാം വെച്ച്, ഏതെല്ലാം വിധത്തിൽ പ്രസ്തുത ഉടമ്പടിയെക്കുറിച്ച് വാഗ്വാദങ്ങൾ നടന്നിട്ടുണ്ടെന്നു നാം അറിഞ്ഞിട്ടുള്ളതാണ്. പുതുപ്പള്ളിയിൽവെച്ച് ഒരിക്കൽ മെത്രാപ്പോലീത്താ തിരുമേനിയുടെ മുഖത്തുനോക്കി ആട്ടിയതിനുതുല്യം പരുഷമേറിയ വാക്കുകൾ ബാവാതിരുമേനിയുടെ തിരുവായിൽനിന്നു നിർഗമിക്കപ്പെടുകയുണ്ടായില്ലയോ? ദുസ്സഹമായ മനോവ്യഥയോടുകൂടി മെത്രാപ്പോലീത്താ തിരുമനസിലേക്ക് അപ്പോൾ അവിടെനിന്നും ഓടിപ്പോകേണ്ടതായിത്തന്നെ വന്നില്ലയോ? അനന്തരം പഴയ സെമിനാരിയിൽവച്ച് മറ്റൊരിക്കൽ (86 ഇടവം 15) മട്ടയ്ക്കൽ മൽപാനച്ചൻ കേട്ടുകൊണ്ടിരിക്കവെ, "മറ്റു മെത്രാന്മാർ ചെയ്തതുപോലെ നിങ്ങളും ചെയ്തില്ലെങ്കിൽ" എന്നിങ്ങനെ ആ വന്ദ്യപിതാവിൽ നിന്നു പുറപ്പെട്ട തീക്ഷ്ണാട്ടഹാസങ്ങൾക്ക് ആ സെമിനാരിയുടെ നിർജീവങ്ങളായ ചുവരുകളും ജനൽ വാതിലുകളും സാക്ഷികളല്ലയോ?

## മെത്രാപ്പോലീത്തായെ മുടക്കി

പാത്രിയർക്കീസുബാവാ തിരുമനസിലെ അഭീഷ്ടപ്രകാരം മെത്രാപ്പോലീത്താ തിരുമേനി വഴിപ്പെടാൻ ഇടയില്ലെന്നു പ്രത്യക്ഷപ്പെട്ടപ്പോൾ, പാത്രിയർക്കീസും ട്രസ്റ്റികളും കൂടിച്ചേർന്ന് സമുദായസ്വത്തുക്കൾ കരസ്ഥമാക്കുവാനുള്ള ശ്രമം തുടങ്ങിപ്പോയി. ഒന്നാമതായി പഴയ സെമിനാരിതന്നേ കൈവശമാവട്ടെ എന്ന് അവർ നിശ്ചയിച്ചു. പ്രത്യേകം അയയ്ക്കപ്പെട്ട എഴുത്തുകുത്തുകളുടെ ഫലമായി 86 ഇടവം 20-ാം തീയതിയോടുകൂടി അബ്ദള്ളാ പാത്രിയർക്കീസ്ബാവാ, ഒസ്താത്യോസ് മെത്രാപ്പോലീത്താ, കൂറീലോസ് മെത്രാപ്പോലീത്താ, അത്താനാസ്യോസ് മെത്രാപ്പോലീത്താ, യൂയാക്കീം റമ്പാൻ, ഔഗേൻ റമ്പാൻ, ശീമക്കാരായ രണ്ടു റമ്പാന്മാർ, കോനാട്ടു മല്പാനച്ചൻ എന്നിവർ പഴയസെമിനാരിയിലെത്തി പ്രത്യേകം പ്രത്യേകം മുറികളിൽ ആവാസമുറപ്പിച്ചു. സെമിനാരിയുടെ കിഴക്കേ കെട്ടിൽ മൂന്നാമത്തെ നിലയും, പടിഞ്ഞാറേ കെട്ടിൽ രണ്ടാമത്തെ നിലയിലെ വടക്കേ മുറിയും 'കമ്മറ്റി മാളിക'യും പാത്രിയർക്കീസുബാവയുടെ ആധിപത്യത്തിലുമായി.

www.malankaralibrary.com



ഇങ്ങനെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും മട്ടക്കൽ മല്പാനച്ചനും ശെമ്മാശന്മാരും താമസിച്ചുവന്ന ചുരുക്കം ചില മുറികളൊഴിച്ചു രണ്ടും മൂന്നും നിലകളിലുള്ള സർവമുറികളുടെയും താക്കോലുകൾ മറുപക്ഷത്തായിക്കഴിഞ്ഞു. ഇവയ്ക്കും പുറമേ പ്രസ്തുതയാണ്ട് ഇടവമാസം 1-ാം തീയതി പ്രസുമുറിയുടെ താക്കോലും, ട്രസ്റ്റിമാരിലൊരാൾ കൈക്കലാക്കി. ഇതിനെ തുടർന്ന് പ്രസിദ്ധപ്പെട്ട സെമിനാരി സമരിക്കേസും ആരംഭിച്ചു. ഇതിൽ വിജയം ലഭിക്കുന്നതിനു മലങ്കര മെത്രാപ്പോലീത്തായെ മുടക്കാതെ യാതൊരു നിർവ്വാഹവുമില്ലെന്ന് പാത്രിയക്കീസുബാവായും അദ്ദേഹത്തിന്റെ പക്ഷക്കാരും ആലോചിച്ചുറച്ചു. ഇതിനാലാണ് മുടക്കുണ്ടായതും, അങ്ങനെയാണ് 86 ഇടവം 28-ാംനു ശനിയാഴ്ച പ്രസ്തുത കല്പന അടുത്ത മുറിയിൽ താമസിച്ചിരുന്ന മലങ്കര മെത്രാപ്പോലീത്തായ്ക്ക് അടിയന്തിരത്തിൽ അഞ്ചൽമാർഗം ലഭിക്കാൻ ഇടയായതും. മുടക്കിനുമുമ്പ് അനുവർത്തിക്കേണ്ടുന്ന യാതൊരു കാനോനിക നടപടികളും ഗൗനിക്കപ്പെട്ടില്ല. മേൽപ്പട്ടക്കാരുടെ സൂന്നഹദോസിൽവച്ച് മെത്രാപ്പോലീത്തായുടെ സമാധാനങ്ങൾ ആവശ്യപ്പെടുകയും ഉണ്ടായില്ല.

## അദ്ദേഹത്തിന്റെ ദുരിതം

പ്രസ്തുത സമരിക്കേസ് നടന്നുകൊണ്ടിരുന്നപ്പോഴത്തെ വാസ്തവകഥകൾ പരസ്യപ്പെടുത്തുകയെന്നത് അത്യന്തം ലജ്ജാകരമായിട്ടുള്ളതത്രേ. ചരിത്രപ്രസിദ്ധവും സമുദായാഭിമാനസ്തംഭമെന്ന നിലയിൽ ലാലസിക്കപ്പെടുന്നതുമായ പഴയ സെമിനാരി ചട്ടമ്പികളുടെ ആഗമനത്തോടുകൂടി എന്തൊരു പ്രാകൃതവേഷത്തെ കൈക്കൊണ്ടുവെന്നു വിവരിക്കുക നമ്മാൽ ശക്യമായിട്ടുള്ളതല്ല. അക്കാലത്ത് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസിലെ ജീവനെ ലക്ഷ്യംവെച്ചു പലതരം വിക്രിയകൾ നടത്തപ്പെട്ട അനേകം രാത്രികൾ കഴിഞ്ഞുപോയിട്ടുണ്ട്. സിമ്മിനാരിക്കെട്ടിടത്തിന്റെ രണ്ടാം നിലയിലുള്ള വടക്കുവശത്തെ മുറിയിൽ തിരുമേനി നിർബാധം ഉറങ്ങിക്കൊണ്ടിരിക്കവേ, പ്രസ്തുത മുറിയുടെ പുറത്ത് മുളങ്കോവണിവെച്ചു ജനൽവഴി അകത്തു പ്രവേശിപ്പാൻ പലപ്പോഴും, ചട്ടമ്പികൾ പ്രവേശിക്കുകയുണ്ടായിട്ടുണ്ടെന്നും തദവസരങ്ങളിൽ ഗോവേണി തെറ്റിപ്പോകയോ അതല്ലെങ്കിൽ കയറിയാ ആൾക്കു തലചുറ്റൽ ഉണ്ടാവുകയോ ചെയ്കയാൽ മാത്രം

www.malankaralibrary.com



ഉദ്ദേശം നിവർത്തിക്കപ്പെടാത്തതാണെന്നും കേൾക്കുമ്പോൾ വായനക്കാർക്കു ഹൃദയസ്പന്ദനം കൂടുതലായി തോന്നുന്നില്ലയോ? മെത്രാപ്പോലീത്താ തിരുമനസുകൊണ്ട് ഇവയെപ്പറ്റി ഇപ്പോഴും വളരെയൊന്നും അറിഞ്ഞുകാണുകയില്ലായിരിക്കണം. മറ്റുള്ളവർ അവിടുത്തെജീവരക്ഷയെക്കരുതിച്ചെയ്തുവന്ന മുൻകരുതലുകളെപ്പറ്റിയും അങ്ങനെതന്നെ. ഇക്കാര്യങ്ങളെക്കുറിച്ച് അദ്ദേഹത്തോട് ആര് ഉണർത്തിക്കുവാനാണ്? അവിടുന്ന് കട്ടിലിൽ കയറിക്കിടന്നാലുടൻ നിശബ്ദമായി പ്രസ്തുത മുറിയുടെ പുറത്തുള്ള വരാന്തയിൽ എന്നും കിടക്കത്തക്കവണ്ണം നാം ചിലരെ ഏർപ്പെടുത്തിയിരുന്നതൊന്നും അവിടുന്ന് കേട്ടിട്ടേ ഉണ്ടായിരിക്കയില്ല.

## "ഉ-ൗ-ൗ"

രാത്രിയെ പകലാക്കിക്കഴിച്ചുകൂട്ടിപ്പോന്ന ആ നാളുകളിൽ മെത്രാപ്പോലീത്താ തിരുമനസിലെ പാർശ്വവർത്തികൾ സിമ്മിനാരി വരാന്തയുടെ ഒരുഭാഗത്തും, ട്രസ്റ്റി പക്ഷക്കാർ മറ്റു വരാന്തകളിലുമായിരുന്നു ഉറങ്ങുമാറുണ്ടായിരുന്നത്. ഏതോ ദിവസം രാത്രിയിൽ - തീയതി നാമിപ്പോൾ ഓർമ്മിക്കുന്നില്ല. നേരം പാതിരാത്രി കഴിഞ്ഞിരിക്കണം - മുകളിൽ നിന്ന് അതാ ഊ ഊ-ൗ-ൗ-ൗ-എന്ന് ഉച്ചത്തിലൊരു നിലവിളി കേൾക്കപ്പെടുന്നു! തേൾ കടിയേറ്റിട്ടെന്നവണ്ണം എല്ലാവരും പിടഞ്ഞെണീറ്റുകൊണ്ട് ആലിലപോലെ വിറയലായി. ചട്ടമ്പികളുടെയും ആഭാസന്മാരുടെയും വിഹാരരംഗമായിത്തീർന്നിട്ടുള്ള ഒരു സ്ഥലത്തുനിന്ന് അർദ്ധരാത്രിയിൽ കേൾക്കപ്പെടുന്ന നിലവിളിക്ക് അർത്ഥമില്ലയോ? 'ആരോ ഒരാളുടെ കഥ കഴിഞ്ഞു!' എന്ന് ഏവരും തീർച്ചപ്പെടുത്തി. ആൾ ആരായിരിക്കാം? കണ്ണിൽ കുത്തിയാൽപോലും കാണാൻ വയ്യാത്ത കൂരിരുട്ട്. എവിടേയും നിശബ്ദം. എങ്ങനെ പോകുന്നു, എങ്ങോട്ടുപോകുന്നു? "ഊ-ൗ-ൗ കൊത്തേല്ലി" (എന്നെ കൊല്ലുന്നേ) എന്ന ശബ്ദം അപ്പോഴും പ്രതിധ്വനിച്ചുകൊണ്ടിരിക്കുകയാണ്. നിശ്ചയമായും സംഭവം മുകളിൽത്തന്നെയെന്ന് ഏവരും തീർച്ചപ്പെടുത്തി. ശീമക്കാരിൽ ആരുടെയോ കഥ കഴിഞ്ഞിരിക്കണം. എന്നിട്ടും ഗോവണിമേൽ കാൽവെപ്പാൻ ആർക്കും ധൈര്യമില്ല. ആ ഒരു പരിഭ്രമവും ഭയവും സ്വല്പനേരമേ നിലനിന്നുള്ളു. ചടപടയെന്നു കുറേപ്പേർ കയറി, മുകളിലേക്ക്. ഒപ്പം നാമും എത്തി. നിലവിളി രണ്ടാമത്തെ

www.malankaralibrary.com



വരാന്തയിൽ നിന്നുതന്നെ. ഓടി എല്ലാവരും അങ്ങോട്ട്. കൃത്യസ്ഥലത്തുചെന്നപ്പോൾ – എന്തു പറയാവൂ – അത്ഭുതം! അത്യത്ഭുതം!! മിസ്റ്റർ സി.ജെ.കുര്യന്റെ രണ്ടാമത്തെ മകൻ (ഉതുപ്പച്ചൻ) ശീമക്കാരനായ ഹന്നാ റമ്പാനെ ഇരുകൈകൾകൊണ്ടും ഞെക്കിപ്പിടിച്ചു. ഊ–ഗ–ഗ–ഗ–ശബ്ദം കൊണ്ടും മറ്റും ആൾ അറിഞ്ഞതോടുകൂടി ഉതുപ്പച്ചൻ പിടിവിട്ടു. ഇരുവരും സലജ്ജം മുഖം താഴ്ത്തി. കണ്ടവരൊക്കെ ചിരിയും തുടങ്ങി.

സ്വകാര്യമായി എന്തോ ചില റിക്കാർഡുകളും സാമാനങ്ങളും സിമ്മിനാരി മാനേജരായ മട്ടയ്ക്കൽ മൽപാനച്ചൻ അർദ്ധരാത്രിയിൽ ഇല്ലം കടത്താറുണ്ടെന്നു ശത്രുപക്ഷക്കാർ സംശയിച്ചിരുന്നു. മൂത്രമൊഴിക്കാനൊ മറ്റോ പുറത്തേക്കു കടന്ന ഹന്നാ റമ്പാനെ മല്പാനച്ചനാണെന്നു കരുതി ഉതുപ്പച്ചൻ പിടിയുമിട്ടു.



www.malankaralibrary.com



## മോഷണം പോയ പെട്ടി കിട്ടി

86 മിഥുനം 4-ാം തീയതി ഞായറാഴ്ചയാണ്. നേരം വെളുത്ത് പ്രഭാതപ്രാർത്ഥനയും കഴിഞ്ഞ് നാം പഴയസെമിനാരിയിലേക്ക് യാത്ര യൊരുങ്ങി. കുറെ പണം കയ്യിലിരിക്കട്ടെയെന്നു കരുതി കൈപ്പെട്ടി എടു ക്കാൻ പറഞ്ഞു. വെച്ചിരുന്ന സ്ഥലത്തു പെട്ടി കാണുന്നില്ല. മുറിയെല്ലാം പരിശോധിച്ചു. എന്നിട്ടും തഥൈവ! മാനേജരും ശെമ്മാശന്മാരും എല്ലാ വരും വന്നു. അന്നു മിസ്റ്റർ കെ.വി.ചാക്കോ അടുത്തൊരു വീട്ടിൽ താമ സിക്കുന്നുണ്ടായിരുന്നു. ആളെ വിട്ട് അദ്ദേഹത്തെ വരുത്തി. ആരെല്ലാം വന്നിട്ടും ഫലം നാസ്തി. പെട്ടിയിൽ കുറെ രൂപയുണ്ട്; അതിനുപുറമേ ഗൗരവതരങ്ങളായ പല രേഖകളും! കാര്യം ചുറ്റിയല്ലോ എന്നു നാം അന്ധാളിച്ചു. അപ്പോൾ എത്തുന്നു സ്കൂളിലെ തോട്ടക്കാരൻ. ഇവൻ അവിടെ സിമ്മിനാരി വളപ്പിൽ താമസക്കാരനാണ്.

"എടാ, മുറിയിലിരുന്ന കൈപ്പെട്ടി കാണാനില്ല. ആരോ തട്ടിയ തായിരിക്കണം. അന്വേഷിക്കണം, കേട്ടോ!"

ഇന്നു പുലർച്ചനേരത്തു കുശിനിപ്പുരയുടെ പിറകിൽ നിന്നു കൊണ്ട് ഒന്നുരണ്ട് ശെമ്മാശന്മാർ മന്ത്രിക്കുന്നതായി അടിയൻ കണ്ടു. അടുത്തു ചെന്നപ്പോൾ അവർ ഒരോട്ടം. ഇവിടെ താമസിക്കുന്നവരല്ല അവർ എന്ന് അടിയന്നു തോന്നി."

എന്നാൽ കുശിനിയുടെ പിറകിലുള്ള കുഴിയിലൊന്നു നോക്ക ണമല്ലോ. എന്നു പറഞ്ഞ് ചിലർ അങ്ങോട്ടു പോയി. അവിടെ കുറെ സ്ഥലത്തു മണ്ണിളകിയതായി കാണപ്പെട്ടു. മാന്തി നോക്കി, പെട്ടിയവിടെ ഇരിക്കുന്നു! യാതൊരു ഹാനിയും പെട്ടിക്കുണ്ടായിരുന്നില്ല. അന്നു മുതൽ എല്ലാ ദിവസവും ഉറങ്ങാൻ നേരത്ത് ആ പെട്ടിയെടുത്ത് നാം മറ്റൊരിടത്തു നിക്ഷേപിച്ചു വന്നു. സാധാരണയായി ആ പെട്ടി വെക്കാ നുള്ള സ്ഥലത്തിനുസമീപം അതുപോലെ വേറൊരു പെട്ടി വെക്കുകയും പതിവായി.

ശെമ്മാശന്മാരുടെ വേഷമണിഞ്ഞ് നാം ഉറങ്ങിക്കിടന്നിരുന്നപ്പോൾ തുറന്നു കിടന്നിരുന്ന ജനൽവഴിയോ മറ്റോ അകത്തു കടന്ന ചട്ടമ്പി കൾ ആയിരുന്നു പെട്ടി എടുത്തതെന്ന് പിന്നൊരിക്കൽ നാം കേട്ടു.

www.malankaralibrary.com



## പെട്ടി മോഷ്ടിച്ചതെന്തിന്?

പാത്രിയർക്കീസ്ബാവാ തിരുമനസുകൊണ്ട് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ മുടക്കിക്കളഞ്ഞു. ഒരു ശനിയാഴ്ച ദിവസത്തിലായിരുന്നു അത് സംബന്ധിച്ച കല്പന അഞ്ചൽ വഴി അയച്ചത്. കൈപ്പറ്റിയ ക്ഷണത്തിൽത്തന്നെ വിവരം നമ്മെ അറിയിച്ചു. പിറ്റേ ദിവസം 86 ഇടവം 29–നു (ഞായറാഴ്ച) മുടക്കു കല്പന സിമ്മിനാരി ചാപ്പലിൽ വെച്ചു വായിക്കപ്പെടുന്നതാണെന്നു കേൾവി പൊങ്ങി. അതിനാൽ പ്രസ്തുത ദിവസം അതികാലത്തു നാം എം.ഡി.യിൽ നിന്നു പഴയസിമ്മിനാരിയിലേക്കായി ഇറങ്ങി. സിമ്മിനാരിൽ എത്തിയപ്പോൾ വിശുദ്ധ കുർബാനയാരംഭിക്കപ്പെട്ടിരുന്നു. ഔഗേൻ റമ്പാനാണ് കുർബാന ചൊല്ലിയിരുന്നത്. ചാപ്പൽ നിറയെ ജനങ്ങൾ കൂടീട്ടുണ്ട്. നാമും നമ്മോടു കൂടി വന്നവരും ചാപ്പലിൽ പ്രവേശിച്ചു. അനന്തരം നാം മദ്ബഹായിൽ കയറീട്ട് തെക്കുവശത്തായി നിന്നിരുന്ന കൂറിലോസ് മെത്രാപ്പോലീത്തായുടെ പിറകിൽ നിലയായി. വടക്കുവശത്തു പാത്രിയർക്കീസുബാവാ തിരുമനസിലെ പിറകിലായിരുന്നു കോനാട്ടു മല്പാനച്ചൻ നിന്നിരുന്നത്. മദ്ബഹായിലും ആളുകൾ കുറവില്ലായിരുന്നു. 'ബസ്മല്ലാ'യുടെ നേരമായി, ക്രമാനുസരണം അതും ചൊല്ലിക്കഴിഞ്ഞു. മുടക്കുകല്പന വായിപ്പാനുള്ള ശ്രമമൊന്നും കാണപ്പെട്ടില്ല. അതിന്റെ കാരണം മറ്റൊന്നായിരുന്നുവെന്നു നമുക്ക് മനസിലായി.

മെത്രാപ്പോലീത്താ തിരുമനസിലെ അനുകൂലികളായി ചാപ്പലിൽ കൂടിയ ജനങ്ങളുടെ എണ്ണവും വണ്ണവും മറ്റും സിമ്മിനാരിയുടെ രണ്ടാം നിലയിലിരുന്നു നോക്കിക്കണ്ട മിസ്റ്റർ സി.ജെ. കുര്യൻ തെല്ലൊന്നു പരിഭ്രമിച്ചു. അതിനാൽ ഇന്നു 'മുടക്കു കൽപ്പന' വായിക്കേണ്ട എന്നെഴുതിയ ഒരു കുറിപ്പ് അദ്ദേഹം കുർബാനമദ്ധ്യേ മത്ബഹായിൽ നിന്നിരുന്ന കോനാട്ടു മൽപ്പാനച്ചന് എത്തിച്ചു. മൽപ്പാനച്ചൻ പാത്രിയർക്കീസ്ബാവായുടെ ചെവിയിൽ എന്തോ മന്ത്രിക്കുന്നതായി നാമും കണ്ടതാണ്. മൽപ്പാനച്ചൻ പ്രസ്തുത കുറിപ്പ് വായിച്ചുകഴിഞ്ഞ ഉടൻ വലിച്ചുകീറി മദ്ബഹായിൽ താഴെ ഇട്ടു. അനുക്ഷണം ശെമ്മാശന്മാരിൽ ഒരാൾ അതെടുത്തു പള്ളിയിൽ നിന്നു പുറത്തു വന്നപ്പോൾ നമ്മെ ഏൽപിച്ചു. ഇക്കാര്യം അപ്പോൾത്തന്നെ പലർക്കും അറിയാൻ സംഗതിയായി.

www.malankaralibrary.com



പഴയ സിമ്മിനാരിവക പല റിക്കാർഡുകളും നാം കൊണ്ടു പോയി. എം.ഡി.സിമ്മിനാരിയിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് എതിർപക്ഷക്കാരുടെ ഇടയിൽ സംസാരമുണ്ടായിരുന്നു. അക്കൂട്ടത്തിൽ വട്ടിപ്പണത്തിന്റെ ആധാരവും ഉൾപ്പെട്ടിട്ടുണ്ടെന്നായിരുന്നു വർത്തമാനം.

പ്രസ്തുത കുറിപ്പും റിക്കാർഡുകളും ആധാരവും എങ്ങനേയും നമ്മിൽനിന്നു കടത്തിക്കൊണ്ടുപോകണമെന്ന് എതിർപക്ഷക്കാർ രഹസ്യമായി ആലോചിക്കുകയും പരിശ്രമിക്കുകയും ചെയ്തുവന്നിരുന്നു. അക്കാലത്തു എം.ഡി.സിമ്മിനാരിയിൽ നമ്മുടെ ശിഷ്യനായി താമസിച്ചിരുന്ന ഒരു ശെമ്മാശൻ ഇക്കാര്യത്തിൽ അവരുടെ ഒറ്റുകാരനായിരുന്നതായും നാം കേട്ടിട്ടുണ്ട്. ശെമ്മാശന്മാരുടെ വേഷത്തിൽ വന്ന ചട്ടമ്പികൾ പെട്ടി തട്ടിയെടുത്തത് എന്തിനായിരുന്നുവെന്ന് ഇപ്പോൾ വിശദമായിരിക്കുമല്ലോ.

## ചട്ടമ്പികളുടെ അഹങ്കാരം

പഴയ സിമ്മനാരിയുടെയും അതിന്റെ സ്വത്തിന്റെയും അധികാരികൾ തങ്ങളാണെന്ന് ഉറപ്പിക്കപ്പെടുവാനായിട്ടായിരുന്നുവല്ലോ ട്രസ്റ്റികൾ സമരിക്കേസിനു പുറപ്പെടുകയുണ്ടായത്. അക്കാലത്തു നടന്ന വേറെ ഒന്നു രണ്ടു സംഭവങ്ങൾകൂടി ഇവിടെ ചേർക്കേണ്ടതായ ആവശ്യമുണ്ട്.

നമ്മോടു ചട്ടമ്പികൾക്കുണ്ടായിരുന്ന വിരോധത്തിനു ലക്ഷ്യങ്ങളായി പലതും പറയാനുണ്ടായിരിക്കും. ഒരു ദിവസം നാം പതിവുപോലെ പഴയസിമ്മിനാരിയിലേക്കു പോകുകയായിരുന്നു. അതിവർഷം നിമിത്തം വെള്ളപ്പൊക്കമുണ്ടായിരുന്നതിനാൽ ചുങ്കക്കടവുമുതൽ സിമ്മിനാരി മുറ്റംവരെ വള്ളത്തിലായിരുന്നു പോകേണ്ടിയിരുന്നത്. നാമും നമ്മോടൊന്നിച്ചുണ്ടായിരുന്ന മിസ്റ്റർ കെ.വി.ചാക്കോയും നമ്മുടെ അനുജനും (മത്തായിപ്പണിക്കർ) മി.വർക്കിപ്പിള്ളയുംകൂടി ചുങ്കക്കടവിൽ നിന്നു വള്ളം കയറി. ഞങ്ങൾ സിമ്മിനാരി ഗേറ്റിങ്കലടുത്തപ്പോൾ എതിരേ വരുന്നു നാലഞ്ചുചട്ടമ്പികൾ. നമ്മെക്കാണുക ചതുർത്ഥിയായി കരുതിയിരുന്ന അവർ ശകാരിക്കുകയും അസഭ്യവാക്കുകൾ പറയുകയും ചെയ്തു. അതൊന്നും പോരാഞ്ഞിട്ട് അവരിൽ ഒരുത്തൻ അടുത്തുവന്ന് നമ്മുടെ ദേഹത്തിൽ വെള്ളം തട്ടി ഒഴിച്ചു. കുപ്പായവും തൊപ്പിയും

www.malankaralibrary.com



എല്ലാം നനഞ്ഞു. കൂടെയുള്ളവർക്ക് ഇത് സഹ്യമായില്ല. 'എന്തട' എന്ന ഭാവത്തിൽ ശുണ്ഠിപിടിച്ചുകൊണ്ട് അനുജൻ വള്ളത്തിൽ നിന്നു പുറത്തുചാടാൻ ഒരുങ്ങുകയായിരുന്നു. അവന്റെ നിറവും കോലവും എല്ലാം മാറീട്ടുണ്ട്. കോപം വരുമ്പോൾ ഭവിഷ്യൽഫലത്തെപ്പറ്റി സാധാരണന്മാർ ഓർമ്മിക്കാറില്ലല്ലോ. ചട്ടമ്പികളുടെ മുമ്പിൽ മത്തായിപണിക്കർ വെറും ഒരു കൊതുകുമാത്രം. അവൻ വള്ളത്തിൽ നിന്നു ചാടിയാൽ പിന്നത്തെ കഥയെപ്പറ്റി വിചാരിക്കുകയേ വയ്യ. ഇവയെല്ലാം മനസിൽ കണ്ടുകൊണ്ടു നാം പെട്ടെന്നു പൊട്ടിച്ചിരിച്ചു. അനുജന്റെ കോപവും നിന്നു; ചാട്ടവും നിലച്ചു. ഞങ്ങൾ നേരെ സിമ്മിനാരിയിൽ പ്രവേശിക്കുകയും ചെയ്തു.

## നമ്മുടെ ജീവൻ തുലാസിൽ ആടി

മറ്റൊരു ദിവസം രാത്രിയിൽ നാം എം.ഡി.സിമ്മിനാരിവക ബംഗ്ലാവിലെ വടക്കേ അറ്റത്തുള്ള വലിയ മുറിയിൽ സുഖമായി കിടന്നുറങ്ങുകയായിരുന്നു. മുമ്പൊരുതവണ പെട്ടി മോഷണംപോയതിൽ പിന്നെ ആരെങ്കിലും ഒരാളെ മുറിയിൽ കിടത്തുക പതിവായിത്തീർന്നു. അന്ന് മുറിയിൽ കിടന്നിരുന്നത് ഇപ്പോൾ കത്തനാരായി ബഥനിയിൽ താമസിക്കുന്ന ചേപ്പാട്ട് ഫീലിപ്പോസ് ശെമ്മാശനായിരുന്നു. സ്കൂളിലുള്ള സർവ്വരും നിദ്രയിലാണ്ടുകഴിഞ്ഞു. ഇലയനക്കംപോലും കേൾക്കപ്പെടുന്നില്ല. പരിപൂർണമായ നിശബ്ദത. അടച്ചിരുന്ന ഒരു ജനലിന്റെ കൊളുത്ത് കമ്പി കടത്തിത്തുറന്ന് നാലഞ്ചു ഘാതകന്മാർ അകത്ത് പ്രവേശിച്ചു. എല്ലാവരും സുഖമായി കിടന്നിരുന്ന നമ്മെ ആപാദചൂഢം ഒന്നു നോക്കി. ഒരാളുടെ പക്കൽ ഒന്നാന്തരം ഒരു വെട്ടുകത്തിയുണ്ട്. വേറൊരുവന്റെ കയ്യിൽ ഒരു ചാക്കുമുണ്ട്. നാം ഇതൊന്നും അറിയുന്നുമില്ല, കാണുന്നുമില്ല. നമ്മുടെ പ്രാണൻ അപ്പോൾ തുലാസിൽ കിടന്നാടുകയാണ്. ഒരു വെട്ടിനു കഴുത്തും ഉടലും വേറേയാക്കുവാൻ അവർക്കു കിട്ടിയ ഒന്നാന്തരം അവസരം. സമീപത്തായി കിടന്നിരുന്ന ശെമ്മാശൻ ഉണരുന്ന പക്ഷം, അയാൾ എന്നന്നേക്കും ഉണരാതിരിപ്പാനായി എന്താണു കൊടുക്കേണ്ടതെന്ന് അവരെ ആരും പഠിപ്പിക്കണമെന്നില്ലല്ലോ. വെട്ടുകത്തി പിടിച്ചിരുന്ന ആൾ കുറേക്കൂടി നമ്മുടെ കട്ടിലിനോടടുത്തു. പ്രജ്ഞ വിട്ട് ഉറങ്ങിയിരുന്ന നമ്മുടെ കിടപ്പു കണ്ടിട്ട് ഒട്ടും അടക്കം വരാതെ അയാൾ എന്താ കാച്ചുകയല്ലെ? എന്ന ഭാവത്തിൽ

www.malankaralibrary.com



ചങ്ങാതികളെ വീക്ഷിച്ച് കൈപൊക്കി. അനുകൂലവും പ്രതികൂലവും പറയാതെ മറ്റുള്ളവർ നില്ക്കുകയേ വേണ്ടിയിരുന്നുള്ളു. നിശ്ചയമായും അപ്പോൾ നമ്മുടെ മരണമാണ്! നശ്വരമായ സകലത്തിനോടുമുള്ള നമ്മുടെ ബന്ധം ആ മുഹൂർത്തത്തിൽ അവസാനിക്കുമായിരുന്നു. കത്തി ഉയർത്തിപ്പിടിച്ചിരുന്നവനെ കൂട്ടുകാരൻ വിലക്കി. ഉണരുന്നപക്ഷം ആകാമെന്നു അവർ അന്യോന്യം തീർച്ചപ്പെടുത്തി. രണ്ടുപേർ നാം ഉണരുന്നുണ്ടോ എന്നു നോക്കിക്കൊണ്ടു സമീപേ നിന്നു. മറ്റുള്ളവർ പെട്ടികൾ, പുസ്തകങ്ങൾ മുതലായവ കൊണ്ടുപോയി കടത്തുകയുമായി. (ഇതുവരെയുള്ള ഭാഗം ശത്രുപക്ഷത്തിൽ നിന്നുതന്നേ നാം കേട്ടിട്ടുള്ളതാണ്). എങ്ങനെയോ ശെമ്മാശൻ ഉണർന്നു നോക്കിയപ്പോൾ രണ്ടുപേർ കട്ടിലിനോടു ചേർന്നു നിൽക്കുന്നതും വേറെ ചിലർ മുറിയിലുണ്ടായിരുന്ന സാമാനങ്ങൾ പുറത്തേക്കെടുത്തു കൊടുത്തിരുന്നതും കണ്ടു. അയാളുടെ തുറന്ന കണ്ണ് അക്ഷണത്തിൽ അടഞ്ഞുപോകയാണ് ചെയ്തത്. നമ്മുടെ കഥ കഴിഞ്ഞിരിക്കണമെന്ന് അയാൾ തീർച്ചപ്പെടുത്തി. അർദ്ധരാത്രിനേരത്ത് ഇങ്ങനെയൊരു കാഴ്ച കണ്ടാൽ പെട്ടെന്നു മോഹാലസ്യം ഉണ്ടാകുന്നതിൽ അതിശയിപ്പാനില്ലല്ലോ. ജീവച്ഛവം പോലെ നിശ്ചലനായി അയാൾ അതേ കിടപ്പിൽ കിടന്നു. ഭാഗ്യത്തിന് – എന്നുതന്നെ പറയട്ടെ – അയാൾ എണീറ്റുമില്ല; നിലവിളിച്ചുമില്ല. നിലവിളിക്കാൻ ശ്രമിച്ചിട്ട് ശബ്ദം പുറത്തേക്കുയർന്നില്ല. മരണഭീതി അയാളെ അപ്പോൾ മോഹാന്ധനാക്കി തീർക്കുകതന്നെ ചെയ്തു. "അയ്യോ" എന്ന് അയാൾ ശബ്ദിക്കുകയേ വേണ്ടിയിരുന്നുള്ളു. അയാളും നാമും ഒപ്പം ഇഹലോകവാസം വെടിയുമായിരുന്നു. ദൈവത്തിന്റെ അപാരമായ കൃപ ഒന്നല്ലാതെ മറ്റൊന്നുമല്ല നമ്മെ അപ്പോൾ വെട്ടുകത്തിയുടെ വായിൽ നിന്നു രക്ഷപെടുത്തിയത്. ഘാതകന്മാർ എല്ലാവരും മുറിയിൽ നിന്നു കടന്നുകളഞ്ഞു എന്നു ബോദ്ധ്യമായപ്പോൾ അതുവരെ ചീമ്പ്രങ്കണ്ണിട്ടു നോക്കിയിരുന്നു ശെമ്മാശൻ, ചാടിയെണീറ്റു നമ്മെ വിളിച്ചുണർത്തി. നടന്നുകഴിഞ്ഞ സംഭവങ്ങൾ അയാൾ വിക്കിവിക്കി പറയാൻ തുടങ്ങി. സ്കൂൾ ബോർഡിങ്ങിന്റെ ഗൃഹവിചാരകനെ ഉദ്ദേശിച്ച് 'മാനേജർ!' എന്നു വിളിച്ചു നാം അടുത്ത മുറിയുടെ വാതിൽ തുറക്കാൻ ശ്രമിക്കുകയാണ് ഉടൻ ചെയ്തത്. പുറത്തേക്ക് കടക്കുവാനുള്ള വാതിലുകളൊന്നും തുറന്നിട്ടു കിട്ടുന്നുമില്ല. അയാൾ ജനൽവഴി പുറത്തേക്ക് ചാടി ഒരു വലിയ പെട്ടിയുമായി ഓടിയിരുന്നവനെ കണ്ടു "പിടിയെടാ!" എന്നു

www.malankaralibrary.com





നിലവിളിച്ചുംകൊണ്ടൊരോട്ടം ഏതാനും വാര ഓടിയപ്പോഴേയ്ക്കും ഘാതകന്മാർ സുറിയാനിപ്പുസ്തകങ്ങളിരുന്ന പെട്ടി നിലത്തിട്ടുംവച്ച് അതിശീഘ്രം കടന്നുകളഞ്ഞു. അപ്പോൾ അവരുടെ കൈവശം ഒരു കൈപ്പെട്ടിയുണ്ടായിരുന്നു. അതുംകൊണ്ട് അവർ എം.ഡി.സെമിനാരി യുടെ വടക്കുവശത്തായി കീഴെയുള്ള റോഡുവഴി നാഗമ്പടംപാലം കടന്ന് ഓടി. പിറകെ 'കള്ളൻ! കള്ളൻ!' എന്നു നിലവിളിച്ചുകൊണ്ട് മാനേജരും. അറത്തൂട്ടിപ്പാലത്തിനടുത്തായപ്പോൾ ഘാതകന്മാരിൽ ഒരാളെ മാനേജർക്കു പിടികിട്ടി. കള്ളനെ പിടിച്ചാൽ ഉടൻ ചെയ്യേണ്ടുന്ന സർവസാധാരണമായ പ്രയോഗത്തെപ്പറ്റിയൊന്നും അന്ന് മാനേജർക്ക് അറിയാൻ പാടില്ലായിരുന്നു. അതിനാൽ കള്ളനോടൊപ്പം മാനേജർ വിറച്ചുതുടങ്ങി. നിന്നുകൊണ്ടു വിറയ്ക്കാനല്ലാതെ മറ്റൊന്നിനും മാനേ ജർ പ്രാപ്തനല്ലെന്ന് അറിഞ്ഞ് കള്ളൻ അയാളെ എടുത്തുംകൊണ്ടൊ രേറുംകഴിച്ച് കുരിശുപള്ളിയുടെ സമീപത്തേക്കായി ഒരു പാച്ചിൽ. എവി ടേക്കു പോയോ, ഏതു വീട്ടിൽ കയറിയോ – ആർക്കും നിശ്ചയമില്ല. മാനേജർ മടങ്ങിവന്നു. മുറികളുടെ പുറത്തേക്കുള്ള വാതിലുകളെല്ലാം ബന്ധിച്ചിട്ടായിരുന്നു ഘാതകന്മാർ അകത്തു കടന്നതെന്ന് പിന്നീടാണ് മനസിലായത്. അന്നു ശെമ്മാശനായി എം.ഡി.സിമ്മിനാരിയിൽ താമ

www.malankaralibrary.com



സിച്ചിരുന്ന വാഴക്കുഴിയിൽ ഫാദർ യൗസേഫ് വാതിൽ തുറന്നു തന്ന പ്പോൾ മാത്രമേ നമുക്ക് പുറത്തേക്കിറങ്ങാൻ സാധിക്കുകയുണ്ടായുള്ളു.

ഇത്തവണത്തെ മോഷണത്തിലും എതിർ പക്ഷക്കാർക്കും (ചട്ടമ്പികൾക്ക്) കാര്യമായ ഗുണമൊന്നും ലഭിക്കുവാൻ ഇടയായില്ല. പുസ്തകപ്പെട്ടി നമുക്ക് തിരിയെ കിട്ടി. അവർ കൊണ്ടുപോയ പെട്ടി കാര്യമായ പെട്ടി അല്ലായിരുന്നുതാനും. അതു വിലപിടിച്ച സാമാനങ്ങ ളൊന്നും സൂക്ഷിച്ചിട്ടില്ലാത്ത വെറും പെട്ടിയായിരുന്നു എന്നു വായനക്കാർ ഓർമ്മിക്കുമല്ലോ.

നഷ്ടമൊന്നും ഉണ്ടായില്ലെങ്കിലും അന്നത്തെ ആ സംഭവം - നമ്മുടെ ജീവനെ ലക്ഷ്യംവെച്ച് ചിലർ ചെയ്ത വിക്രിയകൾ - നമ്മെ ഇന്നും അനുസ്മരിപ്പിക്കുമാറുണ്ട്. എന്തിനായിട്ടോ, കുറേനാൾകൂടി ജീവിക്കുവാൻ ദൈവത്തിൽനിന്ന് അനുവാദം ലഭിച്ച ഒരു രാത്രിയായി രുന്നു അത് എന്ന് നമുക്കറിയാം.

## മെത്രാപ്പോലീത്തായുടെ അശ്രുധാര

മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയെ നമ്മേ പ്പോലെ അടുത്തറിഞ്ഞിട്ടുള്ളവർ വളരെ ദുർലഭമാണെന്നാണ് നമ്മുടെ വിശ്വാസം. വിശാലമായ അവിടുത്തെ ഹൃദയത്തേയും അനന്യസാധാ രണമായ അവിടുത്തെ സഹിഷ്ണുതയേയും നമുക്ക് കുറെയൊക്കെ കാണുന്നതിനു സംഗതിയായിട്ടുണ്ട്. എന്തും സഹിക്കത്തക്ക ഉറപ്പു കൂടിയ നെഞ്ചും ഏതെല്ലാം കണ്ടാലും കേട്ടാലും അടയുകയോ കല ങ്ങുകയോ ചെയ്യാത്ത കണ്ണും ചെവിയുമത്രേ ദൈവം അദ്ദേഹത്തിനു നൽകിയിട്ടുള്ളത്. ഗംഭീരഹൃദയനായ തിരുമേനിയുടെ അന്തർഭാഗത്തെ മാർദ്ദവവും നാം അറിഞ്ഞിട്ടുള്ളതാണ്.

ഒരു ദിവസം തിരുമനസുകൊണ്ട് ഒരു കൊച്ചുകുട്ടിയെപ്പോലെ പെട്ടെന്നു കണ്ണീരൊഴുക്കുവാൻ തുടങ്ങി. അത്, തിരുമനസിലെ ഹൃദ യാന്തർഭാഗത്തൂടെ പിടിവരെ ഇറങ്ങിപ്പോയ കഠാരിക്കുത്തേറ്റപ്പോഴാ യിരുന്നുവെന്ന് ആരും അന്യഥാ ഊഹിക്കേണ്ടതില്ല. മുടക്കുകല്പന കൈവശം എത്തിച്ചേർന്ന ഉടൻ, വിവരമറിഞ്ഞ് ഓടിയെത്തിയവരായ നമ്മെയും മെസ്സേഴ്സ്: കെ.സി.മാമ്മൻമാപ്പിള, കെ.വി.ചാക്കോ, എ.പീലിപ്പോസ് ആദിയായവരേയും പ്രസന്നമുഖനായി അവിടുന്നു

www.malankaralibrary.com



സാന്ത്വനപ്പെടുത്തുകയാണുണ്ടായിട്ടുള്ളത്. പരിഭ്രമത്തിന്റെയോ, ഭീതിയുടെയോ, നിരാശയുടെയോ, ദുഃഖത്തിന്റെയോ യാതൊരു ലാഞ്ഛനയും തിരുമേനിയിൽ അപ്പോൾ ഞങ്ങളാരും കാണുകയുണ്ടായില്ല. അവിടുന്നു കരഞ്ഞത് അപ്പോഴല്ല, മറ്റൊരിക്കലായിരുന്നു. സാധാരണന്മാർ ആഹ്ലാദഭരിതരായിത്തീരാൻ ഇടയുള്ള ഒരു സന്ദർഭത്തിലായിരുന്നു അതെന്ന ഒരു പ്രത്യേക വിശേഷമാണ് അതിനുള്ളത്.

തന്നെ മുടക്കിക്കളയുമെന്നു മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസിലേക്ക് പരിപൂർണബോധ്യം ഉണ്ടായിരുന്നില്ലെങ്കിലും, നാമും മറ്റു ചിലരും അങ്ങനെയൊക്കെ വരാൻ ഇടയില്ലായ്കയില്ലെന്നു വിശ്വസിച്ചിരുന്നവരായിരുന്നു. പ്രത്യക്ഷത്തിൽ സത്യത്തിനു വിരോധമായും നീതിയെ അതിലംഘിച്ചും വിശുദ്ധ കാനോനകളെ അവഗണിച്ചും അങ്ങനെ പ്രവർത്തിക്കപ്പെടുന്ന പക്ഷം സമുദായത്തിന്റെ ഭാവി എങ്ങനെയായിത്തീരും എന്നു നാം ചിന്തിച്ചുവന്നു. അബ്ദേദ്മ്ശീഹാ പാത്രിയർക്കീസ് ബാവാ തിരുമേനിയെപ്പറ്റി നാം അറിഞ്ഞിട്ടുണ്ട്. അബ്ദള്ളാ പാത്രിയർക്കീസ്ബാവാ തിരുമനസുകൊണ്ട് മലയാളത്തെ വന്നുചേർന്നതിൽപ്പിന്നെ ഉണ്ടായ വിശേഷങ്ങളെക്കുറിച്ച്, മെത്രാപ്പോലീത്താ തിരുമേനിയോടുണ്ടായ വിരോധത്തിന്റെ കാരണത്തെ സംബന്ധിച്ചും ഒരുപക്ഷേ, മെത്രാപ്പോലീത്താ മുടക്കപ്പെട്ടേക്കുമെന്നതിനേപ്പറ്റിയും അബ്ദേദമ്ശീഹോ പാത്രിയർക്കീസിന് എഴുതി അയയ്ക്കുന്നതു പലതുകൊണ്ടും നല്ലതാണെന്നു നമുക്കു തോന്നി. അബ്ദള്ളാ പാത്രിയർക്കീസ് ബാവായുടെ ആഗമനാനന്തരം മലങ്കരയുണ്ടായിട്ടുള്ള കുഴപ്പങ്ങളെ വിവരിച്ചും, മുടക്കുണ്ടാകുന്ന പക്ഷം അത് അക്രമമായി ചെയ്യപ്പെട്ടതുതന്നേ എന്നു മലങ്കരയിലെ ഭൂരിപക്ഷം ജനങ്ങൾക്കും ബോദ്ധ്യപ്പെടാൻ സംഗതിയുള്ളതിനാൽ വലിയ ബഹളങ്ങൾ ഉണ്ടായേക്കുമെന്നും ആ ആപൽസന്ധിയിൽ അവിടുന്ന് മലങ്കസഭയെ പ്രത്യേകം കടാക്ഷിക്കണമെന്നും ചിരകാലപ്രാർത്ഥിതമായ തീഗ്രീസ് കാതോലിക്കാസിംഹാസനം മലങ്കരയിൽ പ്രതിഷ്ഠിക്കണമെന്നാണ് പ്രാർത്ഥനയുള്ളതെന്നും, സൗകര്യമുള്ളപക്ഷം അവിടുന്ന് മലയാളത്തേക്ക് എഴുന്നള്ളിയേ മതിയാകയുള്ളുവെന്നും മറ്റും എഴുതിയ ഒരു ദീർഘമായ കത്ത് അദ്ദേഹത്തിന്റെ പേർക്കയച്ചു. ഇങ്ങനെ അയച്ച കത്തിനെപ്പറ്റി നാം ആരെയും അപ്പോൾ അറിയിച്ചിരുന്നില്ല. ഏതാനും

www.malankaralibrary.com



ദിവസങ്ങൾ കഴിഞ്ഞപ്പോൾ അബ്ദേദ്മിശീഹോബാവാ തിരുമനസ്സിലെ മറുപടി കിട്ടി. അതിൽ ആശയ്ക്കു ധാരാളം മാർഗങ്ങൾ ഉള്ളതായും കാണപ്പെട്ടു. തൽക്കാലം തോന്നിയ സന്തോഷംകൊണ്ടു നാം ഈ വിവരങ്ങൾ നമ്മുടെ സ്നേഹിതന്മാരായ പലരേയും അപ്പോൾ ഗ്രഹിപ്പിക്കുകയുണ്ടായി. അക്കാലത്ത് അബ്ദള്ളാപാത്രിയർക്കാസ്ബാവായും മലങ്കരമെത്രാപ്പോലീത്തായും പഴയ സിമ്മിനാരിയിൽ താമസിക്കുന്നുണ്ടായിരുന്നു. ഒരു ദിവസം എങ്ങനെയോ അബ്ദേദ്മിശീഹോ പാത്രിയർക്കീസ് ബാവായുമായി നടക്കുന്ന കത്തിടപാടുകളെപ്പറ്റി അബ്ദള്ളാ പാത്രിയർക്കീസുബാവാ തിരുമനസുകൊണ്ടു കേൾക്കുവാൻ ഇടയായി. ഒട്ടും കുലുങ്ങാത്ത അദ്ദേഹം പെട്ടെന്നു കുലുങ്ങിപ്പോയത് അപ്പോഴായിരുന്നുവെന്നു പറയാം. തൽക്ഷണം മലങ്കര മെത്രാപ്പോലീത്തായെ ആളയച്ചു വിളിപ്പിച്ചു. അദ്ദേഹം വന്നു തിരുമുമ്പിൽ നിന്നപ്പോൾ കോപിച്ചും ശകാരിച്ചും അവിടുന്ന് ഇങ്ങനെ കൽപിക്കാൻ തുടങ്ങി.

"അബ്ദേദ്മ്ശീഹുമായി കത്തിടപാടുകൾ ഉണ്ട്, ഇല്ലേ? അയാളെ മലയാളത്തിലേക്ക് വരുത്താനായിരിക്കും?"

"ഞാനുമായി യാതൊരു എഴുത്തുകുത്തുമില്ല."

അയാൾ ഇവിടെ വരികയോ! 10,000ലീര (ഒരുവക നാണയം) ചെലവഴിച്ചാൽപ്പോലും ഒക്കുന്ന കാര്യമല്ല ഇത് എന്നു നന്നായി മനസിലാക്കിക്കൊള്ളുക. അയാൾ തടവിലാണ്."

മുടക്കുണ്ടായയുടനെ നാം ആ വിവരം കാണിച്ച് അബ്ദേദ്മ്ശീഹാ പാത്രിയർക്കീസുബാവാതിരുമനസിലെ പേർക്ക് കമ്പിയടിച്ചു. താമസിയാതെ ആശ്വാസകരമായ മറുപടിക്കല്പന വന്നു. അതിലെ വാചകം ഏകദശം ഇതായിരുന്നുവെന്നു തോന്നുന്നുണ്ട്.

'ദീവന്നാസ്യോസും കൂടെയുള്ളവരും അനുഗൃഹീതരാകുന്നു. അബ്ദള്ളായുടെ മുടക്ക് അസാധുവായിട്ടുള്ളതത്രെ.'

കമ്പിയുമായി നാം തൽക്ഷണം പഴയസിമ്മിനാരിയിലെത്തി മെത്രാപ്പോലീത്താ തിരുമേനിയെ വിവരം ഗ്രഹിപ്പിച്ചു. ഇവിടെനിന്ന് അങ്ങോട്ട് കമ്പിയടിച്ചിരുന്ന വിവരമേ അറിഞ്ഞിട്ടില്ലാതിരുന്ന മെത്രാപ്പോലീത്താ തിരുമനസുകൊണ്ട് നമ്മുടെ പക്കൽനിന്ന് ആ മറുപടിക്കമ്പി വാങ്ങി വായിച്ചു. അതാ, തിരുമനസിലെ ഗണ്ഡതടങ്ങളിലൂടെ

www.malankaralibrary.com



ഇരു കണ്ണുകളിൽ നിന്നും കണ്ണുനീർ അനർഗളമായി പ്രവഹിക്കാൻ തുടങ്ങുന്നു!

## വടി തട്ടിപ്പറിച്ചു

വേറൊരുദിവസം (1087 മീനം 17 വെള്ളിയാഴ്ച) നാം ഒരു കുതിരവണ്ടിയിൽ കയറി പഴയസിമ്മിനാരിയിലേക്കു പോവുകയായിരുന്നു. ഇപ്പോഴത്തെ ചെറിയമഠത്തിൽ മൂപ്പച്ചൻ നമ്മോടുകൂടി വണ്ടിയിൽ ഉണ്ട്. ഇദ്ദേഹം സമുദായവർത്തമാനങ്ങൾ അറിവാനായി നമ്മുടെ പക്കൽ എം. ഡി. സിമ്മിനാരിയിലേക്ക് വന്നതായിരുന്നു. "പഴയസിമ്മിനാരിയിലേക്കുപോകാം; വലിയ തിരുമേനിയെ കാണാം" എന്നു പറഞ്ഞപ്പോൾ കൂടെ പോരുന്നുണ്ടെന്നു പറഞ്ഞ് ഇദ്ദേഹവും വണ്ടിയിൽ കയറി. ഞങ്ങൾ സിമ്മിനാരിയിൽ എത്തി. വലിയ തിരുമേനി പടിഞ്ഞാറെ കെട്ടിലുള്ള വടക്കേ മുറിയിലായിരുന്നു. ഞങ്ങൾ ഇരുവരും മുറിയിൽ പ്രവേശിച്ചു തിരുമേനിയുമായി ഓരോ കാര്യങ്ങൾ പറഞ്ഞുകൊണ്ടു നിന്നു.



www.malankaralibrary.com



അപ്പോൾ ഒരു ചട്ടമ്പി തിളങ്ങുന്ന ഒരു പിച്ചാത്തിയുമായി സിമ്മിനാരിയുടെ വടക്കേ മുറ്റത്തു നടക്കുന്നതു ഞങ്ങൾ ഇരുവരും ജനൽവഴി കണ്ടു. തൽക്ഷണം അച്ചൻ നമ്മുടെ അടുക്കലേക്കു കുറെക്കൂടി അടുത്തു നിന്നുകൊണ്ട് "കേട്ടോ! ഇവിടെ എന്തെങ്കിലും ഉടനെ ഉണ്ടായേക്കും," എന്നു രഹസ്യമായും, തിരുമേനിയോടൊയി "ഒരു വല്ലാത്ത ദുർഘടഘട്ടമാണിത്," എന്നു പരസ്യമായും പറഞ്ഞു. സ്വല്പനേരം കഴിഞ്ഞ് ഞങ്ങൾ തിരിയെ മടങ്ങി. വണ്ടിയുടെ പിറകിൽ ഞാനും, മുന്നിൽ അച്ചനുമാണ് ഇരുന്നത്. ചുങ്കക്കടവിനു സമീപം ഞങ്ങൾ എത്തി. നേരം അപ്പോൾ സന്ധ്യ മയങ്ങിയിരുന്നു. ഓടിക്കൊണ്ടിരുന്ന കുതിര പെട്ടെന്നൊരു നില! കാരണമറിയാനായി നാം മുന്നോട്ടെത്തി നോക്കിയപ്പോൾ ചിലയാളുകൾ കുതിരയുടെ ജീനി പിടിച്ചു നില്ക്കുന്നതായി കണ്ടു. പിറകിലും കുറേപ്പേരുണ്ട്. എല്ലാവരും ചട്ടമ്പിമാർതന്നെ. 'ചുറ്റിപ്പോയല്ലോ!' എന്നു നമ്മുടെ ഉള്ളം കലങ്ങി. ആ യമഘാതകന്മാർക്ക് നമ്മെ നല്ല തരത്തിൽ കിട്ടിയിരിക്കുകയാണ്. എന്തു ചെയ്യണം? ഓടി ഒളിക്കാമോ? ബലം പരീക്ഷിക്കാമോ? രണ്ടും സാധ്യമല്ല. ഒരു കണക്കിൽ നമുക്കുള്ള സർവ്വ ധൈര്യത്തേയും കൂട്ടിശേഖരിച്ചിട്ടു നാം ഉച്ചത്തിൽ പറഞ്ഞു:

"എടോ വണ്ടിക്കാരൻ! വണ്ടി വിടൂ!" നമ്മുടെ ഈ ഓർഡർ കാറ്റെടുത്തുപോകാൻ ഇടയായതല്ലാതെ വണ്ടിയും നീങ്ങിയില്ല; കുതിരയും നടന്നില്ല.

"നിങ്ങൾക്കു വഴിയിലൂടെ പോകുന്നവരെ തടഞ്ഞുനിറുത്തുവാൻ എന്തധികാരം? മര്യാദയാണോ ഇത്? വിടൂ, കുതിരയെ. ഞങ്ങൾ പോകട്ടെ."

വണ്ടിയുടെ മുമ്പിലും പിറകിലും നിന്നിരുന്നവർ ഹാസ്യരൂപത്തിൽ ഒന്നുചിരിക്കുക മാത്രം ചെയ്തു. അക്കൂട്ടത്തിൽ കൊലക്കേസു സംബന്ധമായി ജീവപര്യന്തം തടവിനു വിധിക്കപ്പെട്ട 'കമാൽദീൻ' ഉണ്ടായിരുന്നുവെന്നാണ് പിന്നാലെ കേട്ടത്.

"ഇതെന്താണ് വണ്ടി തടയുന്നത്?"

"ഇറങ്ങണം വണ്ടിയിൽ നിന്നു പുറത്ത്!"

"എന്തിനായിട്ട്?"

www.malankaralibrary.com



"ആകട്ടെ, ഉടുപ്പഴിക്കണം."

"എന്ത്! ഞാനതിന് തയാറില്ല."

ഒരാൾ മുന്നിൽ കടന്നുവന്ന് ചെറിയമഠത്തിൽ മൂപ്പച്ചനെ ദൃഷ്ടി പതിപ്പിച്ചൊന്നു നോക്കി. ഇയാൾ നാട്ടകം ചെറിയാനായിരുന്നുവെന്ന് പിന്നീട് അച്ചൻ നമ്മോടു പറയുകയുണ്ടായി. ചെറിയാൻ അടുത്തുനിന്നിരുന്ന ഒരാളെ പിറകോട്ടു തോണ്ടി വിളിച്ചു. അപ്പോഴേക്കും വേറെയൊരാൾ പിന്നിൽ വന്നു നമ്മുടെ കൈയിലുണ്ടായിരുന്ന വടിമേൽ പിടികൂടി. ബലാബലം പരീക്ഷിക്കാൻ ഒരുമ്പെടാതെ നാം വടിയങ്ങു വിട്ടു.

"മതിയെടാ, ഇനിയും പൊയ്ക്കൊള്ളട്ടെ" എന്നു പറഞ്ഞ് ആ ആൾ വടികൊണ്ടു വണ്ടിയുടെ പുറത്ത് അടിച്ചു. അനന്തരം വണ്ടിയും നീങ്ങി കഷ്ടിച്ച് അരമണിക്കൂർ കഴിഞ്ഞതിനുശേഷമെ അച്ചനും നാമും തമ്മിൽ സംസാരിക്കുകയുണ്ടായുള്ളു.

നാം വടി വിട്ടുകൊടുക്കാതിരുന്നുവെങ്കിൽ അവിടെ എന്താണ് നടക്കുമായിരുന്നതെന്ന് വായനക്കാർക്ക് ഊഹിക്കാവുന്നതാണ്. മൂപ്പച്ചൻ കൂടെയുണ്ടായതു വളരെ സഹായമായി എന്നു നമുക്കു തോന്നി. പ്രസ്തുത ചട്ടമ്പിമാരോടോ അവരുടെ പൂർവ്വികന്മാരോടോ നാം വല്ല ദ്രോഹവും ചെയ്തിരുന്നുവോ? ഇല്ല, ഒരിക്കലുമില്ല. പക്ഷേ അവരിൽനിന്ന് കൂടെക്കൂടെ ഇങ്ങനെയുള്ള പീഡകൾ അനുഭവിപ്പാൻ നാം ബന്ധിതൻതന്നെ എന്ന് നമുക്ക് ബോദ്ധ്യമുണ്ട്. ദൈവത്തെക്കാൾ കൂടുതലായി നമുക്ക് സമുദായത്തെ സ്നേഹിപ്പാൻ പാടുള്ളതല്ലല്ലോ.

## 'ആനപ്പാപ്പി'യുടെ മരണം

മുടക്കുണ്ടായപ്പോഴെന്നല്ലാ അതിന്നുമുമ്പും, പഴയസിമ്മിനാരി സമരിക്കേസ് ഉണ്ടായ നമിഷംമുതൽ തന്നേ പഴയസിമ്മിനാരിയിലെ പ്രശാന്തത ഭഞ്ജിക്കപ്പെട്ടുകഴിഞ്ഞുവെന്നു പറയാം. അനുക്രമം അതൊരു ചെറിയ പോർക്കളത്തിന്റെ ഛായയെ പ്രാപിച്ചു. അക്രമികൾ, ആഭാസന്മാർ, പൊതുജനദ്രോഹികൾ എന്നിവരുടെ നിലയനമായിത്തീർന്നു, പഴയ സിമ്മനാരി. അതിന്റെ കൈവശം തനിക്കാണെന്നു വരുത്താൻ മലങ്കര മെത്രാപ്പോലീത്തായും, അതല്ലാ തങ്ങൾക്കാണെന്നു സ്ഥാപിക്കാൻ ട്രസ്റ്റികളും ശ്രമം തുടങ്ങി. ഇതിലേക്കായി ട്രസ്റ്റികളാൽ

www.malankaralibrary.com



നിയുക്തരായ ചട്ടമ്പിവർഗം ഒരു പക്ഷത്തിൽ; അവരിൽ നിന്നും മെത്രാപ്പോലീത്തായ്ക്ക് ആപത്തൊന്നും ഉണ്ടാവാൻ ഇടയാവരുതെന്ന ഉദ്ദേശത്തോടുകൂടി ദേഹരക്ഷാർത്ഥം നിയമിക്കപ്പെട്ട കൂട്ടർ വേറെ. അക്കാലത്തു സിമ്മിനാരിയിൽ ചെന്നാൽ മടങ്ങുന്നതുവരെയും എന്താണുണ്ടാവുക എന്ന് ഭയപ്പെടേണ്ടിയിരുന്നു. തന്റേടവും മര്യാദയും അങ്ങാടി മരുന്നോ കാട്ടുമരുന്നോ എന്നുപോലും സംശയിച്ചിരുന്ന വർഗക്കാരെക്കൊണ്ടു വേണ്ടിയിരുന്നു അന്നു മലങ്കരസഭയുടെ ക്ഷേമത്തെ പാലിക്കുവാൻ എന്നു മാന്യസുഹൃത്തുക്കളെ എങ്ങനെയാണ് ഗ്രഹിപ്പിക്കുക!

വിഭിന്നങ്ങളായ ഉദ്ദേശങ്ങളോടുകൂടി നിയമിതരായ ഇപ്പറഞ്ഞ രണ്ടു കൂട്ടരും തമ്മിൽ ഒരു തരത്തിലും സൗഹാർദ്ദം ഉണ്ടായിരുന്നില്ലെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. മെത്രാപ്പോലീത്തായുടെ അംഗരക്ഷകരിൽ ഒരാൾ ആറ്റുപുറത്തു പാപ്പിയായിരുന്നു. 'ആനപ്പാപ്പി' എന്ന പേരിൽ അറിയപ്പെടുന്ന അവനെ നമ്മുടെ എഴുത്തനുസരിച്ച് തിരുവല്ലായിൽനിന് (87 മീനം 18 ശനിയാഴ്ച) മിസ്റ്റർ കെ.എം. മാമ്മൻ മാപ്പിള അയച്ചുതന്നതായിരുന്നു. എന്തിനായി അവൻ നിയമിക്കപ്പെട്ടുവോ അതിൽ അവൻ ബദ്ധശ്രദ്ധനായിരുന്നുവെന്നു പറയാം. ആനപ്പാപ്പിയുടെ വരവ് ചട്ടമ്പികൾക്ക് ഒട്ടുംതന്നെ സുഖകരമായില്ല. അവരുടെ ദുരുദ്ദേശങ്ങൾക്ക് പാപ്പി തടസ്സക്കാരനാണെന്നും അവനോടെതിരിട്ടാൽ കുഴപ്പമാണെന്നും അവർ മനസിലാക്കി. ദീർഘകായനായിരുന്നില്ലെങ്കിലും തടിച്ച് പനംകുറ്റിപോലെ ഇരുന്നിരുന്ന അവൻ ഭാവം മാറി ഒന്നു നോക്കിയാൽ ചട്ടമ്പികൾ ഉടൻ തല കുനിക്കുകയായി. സ്വവർഗത്തിന്റെ മേധാവിയായ പാപ്പിയും, ചട്ടമ്പികളും തമ്മിൽ അന്യോന്യം പൊരുത്തമില്ലാതെതന്നെ കഴിഞ്ഞുകൂടിപ്പോന്നു. പൊട്ടാസും മനയോലയും ചേർത്തു വെയിലത്തു വെച്ചാലെന്നപോലെ എപ്പോഴാണ് തീ പുറപ്പെടുക എന്ന് ഏവരും ഭയപ്പെട്ടിരുന്ന ഒരു അവസരമായിരുന്നു അത്.

ഒരു ദിവസം നാം എം.ഡി. സിമ്മിനാരിയിൽ ഇരിക്കുമ്പോൾ 'ആനപ്പാപ്പിയെ അതാ തല്ലിക്കൊന്ന് ആശുപത്രിയിൽ കൊണ്ടുവന്നിരിക്കുന്നു' എന്ന് ഒരാൾ പറഞ്ഞതു കേട്ടു നാം പെട്ടെന്നു ഞെട്ടിത്തെറിക്കുകതന്നെ ചെയ്തു. എപ്പോൾ മരിച്ചു, മരണകാരണം എന്ത് എന്നൊന്നും അപ്പോൾ അന്വേഷിക്കാൻ നിൽക്കാതെ നാം ക്ഷണം ആശുപത്രിയിലേക്കായി നടന്നു. നമ്മോടുകൂടി മിസ്റ്റർ മാമ്മൻമാപ്പിള

www.malankaralibrary.com



യുടെ അനുജനായ മിസ്റ്റർ കെ.സി.മാത്യുവും ഉണ്ടായിരുന്നു. ഞങ്ങൾ ഇരുവരും കൂടി ആശുപത്രിയിലേക്കു പോയി. പാപ്പി അന്നു മരിച്ചില്ലെങ്കിലും അത്യാസന്നസ്ഥിതിയിൽ കിടന്നിരുന്നു. പിറ്റേദിവസം 87 മീനം 19-ാം തീയതി ഞായറാഴ്ച രാത്രി മൂന്നുമണിക്ക് അവൻ മരിച്ചുപോയി. അനന്തരം പാപ്പിയുടെ ശവത്തെ പോസ്റ്റ്മാർട്ടം ചെയ്യാൻ തുടങ്ങി. ഡോക്ടറുടെ അനുമതിയോടുകൂടി നാമും കൂടെയുള്ള ആളും ശവം കിടത്തിയിരുന്ന മുറിയിലേക്കു പ്രവേശിച്ചു. ശവം കീറിത്തുടങ്ങി. തലയുടെ തൊലി ഉരിച്ചപ്പോൾ തലയോടു പത്തു പതിമൂന്നു കഷണങ്ങളായി പൊട്ടിപ്പൊളിഞ്ഞിരിക്കുന്നു എന്നു മനസിലായി. അടികൾ മുഴുവനും തലയ്ക്കുതന്നെ ആയിരിക്കണം. പോസ്റ്റ്മാർട്ടത്തിനുശേഷം യഥാവിധി, സംസ്കാരക്രമം നടത്തി.

മലങ്കര സുറിയാനി സമുദായത്തിലെ ദ്വന്ദയുദ്ധങ്ങൾ, തമ്മിൽത്തമ്മിലുണ്ടായിരുന്ന തൊഴുത്തിൽക്കുത്ത്, അനർഹമായ വ്യാമോഹം, സ്വാർത്ഥപരമായ അഭിവാഞ്ഛ എന്നിവയെല്ലാം കൂടി ഒടുവിൽ പഴയ സിമ്മിനാരിയുടെ മുറ്റത്തെ രക്തംകൊണ്ടു കളിപ്പിച്ചല്ലോ എന്നു നാം വിഷാദിച്ചു. സാമുദായികമായ ദുരഭിമാനവും വാശിയും കൊലപാതകത്തിലേക്കുതന്നേ മനുഷ്യരെ ഇറക്കിവിട്ടുകളഞ്ഞു.

അങ്ങനെയൊരു കൊലപാതകം അവിടെ നടന്നില്ലായിരുന്നുവെങ്കിൽ എന്നത്രേ വായനക്കാർ ഇപ്പോൾ ആലോചിച്ചു നോക്കേണ്ടിയിരിക്കുന്നത്. ഭയങ്കരങ്ങളും അനിർവാച്യങ്ങളുമായ പലതും അവിടെ സംഭവിക്കാൻ ഇടയുണ്ടായിരുന്നു. പഴയസിമ്മിനാരിയുടെ മുറ്റം മനുഷ്യരക്തം കുടിച്ചതിനാൽ മാത്രം പിന്നെയൊന്നും അവിടെ നടന്നില്ല. സുറിയാനി സമുദായത്തിനു കുറെ കാലമായി ഉണ്ടായിരുന്ന ദാഹം അതിന്നായിരുന്നു എന്ന് ഏവർക്കും ബോധ്യമായി. സ്വസമുദായത്തിന്റെ ഈയൊരു ദാഹശമനം ഏതൊന്നിന്റെ അത്യുച്ചത്തെയാണ് സൂക്ഷ്മപ്പെടുത്തുന്നതെന്നു പറയണമോ? ദൈവഭയമില്ലായ്മയുടേയും ദൈവസ്നേഹമില്ലായ്മയുടേയും തന്നെ. ഇവ രണ്ടിന്റേയും അഭാവം പാപ്പിയുടെ തലയെ പതിമൂന്നു കഷണങ്ങളാക്കിത്തീർത്തു. അവന്റെ രക്തം സമുദായമാകമേ തളിക്കപ്പെടുകയും ചെയ്തു. എന്നിട്ടും അനേകംപേർക്കും പശ്ചാത്താപം ഉണ്ടാകാത്തതിന്റെ കാരണമെന്ത്?

www.malankaralibrary.com

<u>അദ്ധ്യായം – 2</u>

# അബ്ദേദമ്ശിഹോ ബാവായുടെ വരവ്

ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പക്ഷക്കാർ അബ്ദേദമ്ശീഹോ പാത്രിയർക്കീസിനെ മലയാളത്തേക്കു വരുത്തിയാൽ പല അനർത്ഥങ്ങൾ ഉണ്ടായേക്കുമല്ലോ എന്നു കരുതി അബ്ദള്ളാബാവാ തിരുമനസുകൊണ്ട് ചെയ്ത ചില പ്രയോഗങ്ങൾ രസാവഹങ്ങളാണ്. അബ്ദേദമ്ശീഹോ പാത്രിയർക്കീസും എതിർകക്ഷിയും തമ്മിൽ കത്തിടപാടുകൾ നടത്തുന്നുണ്ടെന്നറിഞ്ഞയുടൻ അബ്ദള്ളാബാവാ തിരുമനസ്സുകൊണ്ടു മിദിയാത്തിലുള്ള തന്റെ ചില സ്നേഹിതന്മാർക്കായി അബ്ദേദ്മ്ശീഹനെ ഒരിക്കലും മലയാളത്തേക്ക് അയയ്ക്കരുതെന്ന് എഴുതി അയച്ചു. കത്തു കിട്ടിയ ക്ഷണത്തിൽ അവരുടെ പ്രേരണയിൽ തദ്ദേശപ്രധാനന്മാരായ മുസൽമാന്മാർ അബ്ദേദ്മിശീഹോ ബാവായുടെ അടുത്തുചെന്നു. 'ഇവിടെത്തന്നെ താമസിക്കണം എങ്ങും പോകരുത്!' എന്നു വിലക്കി.

"നിങ്ങൾ ഒരാളോട് ഒരു വാക്കു പറഞ്ഞാൽ അതിനു ഭേദം ചെയ്യുമോ?"

"ഇല്ല."

"ഞാൻ ചെയ്യാമോ?"

"പാടില്ല."

ഞാൻ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പേർക്ക് മറുപടി അയച്ചിട്ടുണ്ട്. അതിൽ, വഴിയാത്രച്ചെലവിനുള്ള പണം അയച്ചുതന്നാൽ കണിശമായും വരാമെന്നാണ് എഴുതിയിട്ടുള്ളത്. ദിവന്നാസ്യോസ് പണം അയച്ചുതന്നിരിക്കുന്നു. ഇതാ! (എന്നു പറഞ്ഞ് കുറെ പവൻ എടുത്തു കാണിച്ചു).

ഇഷ്ടംപോലെ ആയിക്കൊള്ളണം. ഞങ്ങളൊന്നും പറയുന്നില്ല എന്നുപറഞ്ഞ് അവർ മടങ്ങി. ബാവാതിരുമനസ്സുകൊണ്ടു പിന്നെയൊട്ടും

www.malankaralibrary.com



താമസിയാതെ മിദിയാത്തിൽനിന്നു മലയാളത്തേക്ക് മൂന്നു റമ്പാന്മാരൊന്നിച്ചു യാത്ര പുറപ്പെട്ടു.

ബാവാതിരുമനസുകൊണ്ടു കപ്പൽവഴി കറാച്ചിയിലിറങ്ങി. അവിടെ നിന്നും തീവണ്ടിമാർഗ്ഗം ബോംബെയിലെത്തി. ഈ വിവരത്തിനു കമ്പി കിട്ടിയപ്പോൾ നാം മിസ്റ്റർ എൻ.ഐ.പോത്തനേയും കൂട്ടി



www.malankaralibrary.com



ബോംബെയിൽ ചെന്ന് ബാവാതിരുമേനിയെ ഇങ്ങോട്ടു കൊണ്ടുപോന്നു. ആദ്യമായി (87 മിഥുനം 1) ആർത്താറ്റു-കുന്നംകുളം പള്ളിയിലായിരുന്നു എഴുന്നള്ളിയത്. ആ വിവരത്തിനു നാം മുമ്പുകൂട്ടി മിസ്റ്റർ എം.എ.ചാക്കോയുടെ പേർക്കും പുലിക്കോട്ടിൽ യൗസേപ്പ് ശെമ്മാശന്റെ പേർക്കും കമ്പി കൊടുത്തിരുന്നു. സ്വൽപദിവസം അവിടെ താമസിച്ചശേഷം അവിടെനിന്നും കൊച്ചിയിലെത്തി, വിശ്രമാർത്ഥം ഗസ്റ്റ് ഹൗസിൽ താമസമായി. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസുകൊണ്ട് അപ്പോഴേക്കും അവിടെ വന്നുചേർന്നിരുന്നു. അക്കാലത്ത് മിസ്റ്റർ അയ്യപ്പൻപിള്ളയായിരുന്നു കോട്ടയം പേഷ്ക്കാർ. എതിരാളികളുടെ പ്രേരണയാൽ കോട്ടയത്തേക്കു വരുന്ന പക്ഷം പല കലാപങ്ങളുമുണ്ടാകുമെന്നറിയുന്നുവെന്നു ബാവാതിരുമനസിലെ പേർക്കും, കൊച്ചിയിൽ പ്രവേശിക്കുമ്പോൾ സൂക്ഷിക്കണമെന്നു കൊച്ചി പോലീസ് സൂപ്രണ്ടിന്റെ പേർക്കും കമ്പികളയച്ചുവെന്ന കാര്യം ഇവിടെ സ്മർത്തവ്യമത്രെ. ഇതൊക്കെ കേൾക്കാൻ ഇടയായതിൽ സ്വൽപം വിഷമം തോന്നിയിട്ട് മെത്രാപ്പോലീത്തായോടായി,

"നാം വന്ന കാര്യം ഉടനെ സാധിക്കട്ടെ. കാതോലിക്കാവാഴ്ച കഴിഞ്ഞിട്ടു നമുക്കാശ്വസിക്കാം," എന്ന് (87 മിഥുനം 12) ബാവാതിരുമനസുകൊണ്ടരുളിച്ചെയ്തു.

500 കൊല്ലം പഴക്കമുള്ള കാനോൻപുസ്തകത്തിന്റെ ഒരു കയ്യെഴുത്തുപ്രതി ബാവാതിരുമനസിലെ കൈവശം അപ്പോൾ ഉണ്ടെന്നു കേട്ടതിനാൽ ഞങ്ങൾക്കെല്ലാവർക്കും വളരെ വിസ്മയവും അത്ഭുതവും തോന്നി. അതും ഇവിടെയുള്ള കയ്യെഴുത്തു കാനോൻ പുസ്തകങ്ങളും തമ്മിൽ വല്ല വ്യത്യാസവും ഉണ്ടോ എന്ന് പരിശോധിപ്പാനായിരുന്നു ഉടനെ ഞങ്ങൾ ഉദ്യമിച്ചത്. എല്ലാം ഒന്നിന്റെ പകർപ്പുതന്നെ എന്നു ബോധ്യപ്പെട്ടു. ഹൂദായ കാനോൻ എന്നു പറയപ്പെടുന്നത്, പല സൂന്നഹദോസുകളിലേയും പ്രമേയങ്ങൾ, വിശുദ്ധ പിതാക്കന്മാരുടെ കല്പനകൾ, അവരുടെ ഉപദേശങ്ങൾ എന്നിവ അനുക്രമം എഴുതി ചേർക്കപ്പെട്ടിട്ടുള്ള ഒരു പുസ്തകമാണെന്ന് ഏവർക്കും അറിയാവുന്നതാണല്ലോ. ഈ പുസ്തകത്തെ സംബന്ധിച്ചിടത്തോളം കാര്യവശാൽ പല പര്യവേക്ഷണങ്ങളും നടത്തുവാൻ നമുക്കിടയായിട്ടുണ്ട്. പൂർവ്വിക സൂന്നഹദോസുകളിൽ സംബന്ധിച്ച പിതാക്കന്മാരുടെ ഭാഷ യൗനായയായി

www.malankaralibrary.com



രുന്നതുകൊണ്ട് ആ ഭാഷയിലായിരുന്നു പ്രമേയങ്ങൾ രേഖപ്പെടുത്ത പ്പെട്ടിട്ടുള്ളത്. അതിന്റെ ശരിപ്പകർപ്പും അതോടൊന്നിച്ച് അതിന്റെ അനു പദ ഇംഗ്ലീഷുതർജ്ജിമയും കൂട്ടിച്ചേർത്ത് അച്ചടിക്കപ്പെട്ടിട്ടുള്ള പുസ്ത കത്തിനും 19-ാം ശതവർഷത്തിന്റെ മധ്യകാലത്തോടടുത്ത് പഴയ സിമ്മിനാരിയിലും അനന്തരം സി.എം.എസ്. വിദ്യാശാലയിലും സുറി യാനിഭാഷാഭ്യസനം നടത്തിയിരുന്നപ്പോൾ മലയാളത്തിലേക്കു പരിഭാ ഷപ്പെടുത്തിയ കാനോൻ തർജ്ജിമയ്ക്കും, പരിമല കബറടങ്ങിയിട്ടുള്ള വന്ദ്യപിതാവായ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ സ്വന്ത കയ്പടയിൽ എഴുതപ്പെട്ടിട്ടുള്ള സുറിയാനി കാനോൻ പുസ്തകത്തിനും പകർപ്പുകളും തർജ്ജിമകളും തന്നേയെന്നും നമുക്ക് ബോധ്യപ്പെട്ടിട്ടു ണ്ട്. വട്ടിപ്പണക്കേസിനു ട്രസ്റ്റികളുടെ ഭാഗത്തുനിന്ന് ഹാജരാക്കപ്പെട്ടി ട്ടുള്ളതും '18 അക്കം' എന്ന പേരിൽ അറിയപ്പെടുന്നതുമായ കാനോൻ പുസ്തകം മാത്രം ഇവയിൽനിന്ന് സർവ്വപ്രധാനമായ ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വ്യത്യസ്തമായിരിക്കുന്നു. അത് വ്യാജനിർമ്മി തമാണെന്നുള്ളത് നിസ്തർക്കമാണ്.

## കാതോലിക്കാവാഴ്ചയിലെ രഹസ്യകഥകൾ

അബ്ദേദമ്ശീഹോ പാത്രിയർക്കീസുബാവാ തിരുമനസുകൊണ്ട് മലയളത്തിലേക്ക് പുറപ്പെടുന്നതിനുമുമ്പ് അദ്ദേഹവും നാമും തമ്മിൽ പല കത്തിടപാടുകളും നടന്നിരുന്നു. മലങ്കരസഭയുടെ സുസ്ഥിരമായ നിലനില്പിനും അഭിവൃദ്ധിക്കും കാതോലിക്കാസിംഹാസനപ്രതിഷ്ഠ അത്യാവശ്യമാണെന്നു നാം നമ്മുടെ ആ കത്തുകളിൽ വ്യക്തമായി ത്തന്നെ കാണിക്കുകയുണ്ടായിട്ടുണ്ട്. ആ ഏകകാര്യം സാധിച്ചുതരേ ണ്ടതിന്നായി അവിടുന്ന് ഇങ്ങോട്ട് എഴുന്നെള്ളണമെന്നായിരുന്നു അവ യുടെയെല്ലാം സംക്ഷേപവും. ഇങ്ങോട്ടു ലഭിച്ച മറുപടികളിൽ നമ്മുടെ അഭീഷ്ടത്തെ മുഴുവനും നിറവേറ്റുവാൻ അവിടുന്നു സന്നദ്ധനാണെ ന്നല്ലാതെ അപ്രിയമായോ പ്രതികൂലമായോ യാതൊന്നുംതന്നെ എഴു തപ്പെട്ടിരുന്നുമില്ല. അദ്ദേഹം മലങ്കരയിൽ എത്തിയതിന്റെ ശേഷവും അപ്പോഴൊക്കെയും സന്തോഷവും സംതൃപ്തിയും തന്നെയാണ് പ്രത്യ ക്ഷപ്പെട്ടിട്ടുള്ളത്. അതിനാൽ മലങ്കര മെത്രാപ്പോലീത്തായുടെയും സ്വപക്ഷത്തുള്ള മേല്പട്ടക്കാരുടേയും ജനങ്ങളുടേയും അഭിമതമനുസ രിച്ച് പൗരസ്ത്യകാതോലിക്കായായി കണ്ടനാട്ടു ഭദ്രാസനയിടവകയുടെ

www.malankaralibrary.com



മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ തിരഞ്ഞെടുത്തു. നിരണ ത്തുവെച്ച് ഇത്രാം തീയതി കാതോലിക്കാവാഴ്ച നടത്തപ്പെടുന്നതായി രിക്കുമെന്നു കലപ്നകൾ വഴിയായും വർത്തമാനപ്പത്രങ്ങൾ മാർഗ്ഗമായും പരസ്യപ്പെടുത്തുകയും ചെയ്തു.

നിശ്ചിതദിവസം (88 ചിങ്ങം 31-ാം തീയതി ഞായർ) പ്രഭാതത്തോ ടുകൂടിയാണ് നാം നിരണത്തു പള്ളിയിൽ ചെന്നുചേരുകയുണ്ടായത്. അവിടെ അപ്പോൾ പാത്രിയർക്കീസുബാവായും അദ്ദേഹത്തോടൊന്നിച്ചു വന്നവരായ ശീമാറമ്പാന്മാരും, മെത്രാപ്പോലീത്താ തിരുമേനികളും ഔഗേൻ റമ്പാനും അനേകം പട്ടക്കാരും ജനങ്ങളും കൂടിയിരുന്നു. ആദ്യ മായി നാം മലങ്കര മെത്രാപ്പോലീത്താ തിരുമേനിയുടെ അടുക്കൽ ചെന്നു കൈമുത്തി. അപ്പോൾ തിരുമേനിയിൽ നിന്നു കേൾക്കാൻ ഇടയായ വർത്തമാനം നമ്മെ വല്ലാതെ വിഷമിപ്പിക്കുകയും, വേദനപ്പെടുത്തുകയും ചെയ്തു. കാതോലിക്കാസ്ഥാനം നൽകുന്നതിൽ ബാവാതിരുമനസ്സു കൊണ്ടു വൈമുഖ്യം പ്രദർശിപ്പിച്ചിരിക്കുന്നുപോൽ. പള്ളിയിലേക്ക് ഇറ ങ്ങാൻപോലും മനസ്സില്ലാതെ അദ്ദേഹം കതകടച്ചു മുറിയിൽ ഇരിക്ക യാണത്രെ. മലങ്കര മെത്രാപ്പോലീത്താതിരുമേനിയും മറ്റുള്ളവരും എത്ര തന്നെ അപേക്ഷിക്കുകയും നിർബന്ധിക്കുകയും ചെയ്തിട്ടും ബാവാ തിരുമനസുകൊണ്ടു കല്പിച്ചതുതന്നെ കല്പിച്ചുകൊണ്ടിരിപ്പാണെന്നും പറഞ്ഞതുകേട്ടു. നാം നേരേ ചെന്നു ബാവാതിരുമനസ്സിലെ കതകിനു മുട്ടി. തൽക്ഷണം അതു തുറക്കുകയാൽ അകത്തു പ്രവേശിച്ചുംവെച്ചു നാം കതകടച്ചു.

“എന്താണീ കേൾക്കുന്നത്? ഇതിൽപ്പരം ഒരപമാനംവരുവാനില്ല ല്ലോ. മേലിൽ അവിടുത്തെ കല്പനകളെ ജനങ്ങൾ വിശ്വസിക്കുമോ? അവിടുത്തെ പേരിൽ അവർക്ക് സ്നേഹവും ഭക്തിയും തോന്നുമോ? ഞങ്ങൾക്കു കാതോലിക്കാസിംഹാസനം പ്രതിഷ്ഠിച്ചുതരികയാണ് വേണ്ടതെന്ന് ഇന്നല്ലല്ലോ അവർ അപേക്ഷിക്കാൻ തുടങ്ങിയത്. തിരു മനസ്സിലെ പേർക്കു ഞാൻ ഒന്നാമതായി അയച്ച കത്തിൽപ്പോലും ഇതി നെക്കുറിച്ച് അപേക്ഷിച്ചിരുന്നല്ലോ? അതിൽപിന്നെ എല്ലാക്കത്തുകളിലും ഇതുതന്നെയല്ലയോ ഞാൻ കാണിച്ചിരുന്നത്? അവിടുന്നയിച്ചിരുന്ന എല്ലാ കല്പനകളിലും അതിന്നനുകൂലമായിത്തന്നെ അവിടുന്നു പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ടല്ലോ? ഇവിടെ വന്നതിനുശേഷവും

www.malankaralibrary.com



ഞാനും മെത്രാപ്പോലീത്താ തിരുമേനികളും ഇതു തന്നെയല്ലയോ അപേക്ഷിച്ചിരുന്നത്? ഈ മുഹൂർത്തംവരെയും അവിടുന്ന് യാതൊരു അപ്രിയവും പ്രദർശിപ്പിക്കാതെ ഇപ്പോഴെന്താണ് ഇങ്ങനെ കല്പിക്കാൻ തുടങ്ങുന്നതെന്ന് മനസിലാകുന്നില്ല."

"നമ്മുടെ വാത്സല്യമകനെ, നാം എന്താണ് ചെയ്യുക? കാതോലിക്കാസ്ഥാപനപ്രതിഷ്ഠയിൽ നമ്മെ സംബന്ധിച്ചിടത്തോളം യാതൊരു വിസമ്മതവുമില്ല. അങ്ങനെ തെറ്റിദ്ധരിക്കരുത്."

"എന്നാൽ പള്ളിയിലേക്കിറങ്ങാം."

"വരട്ടെ നാം മുഴുവനും പറഞ്ഞവസാനിച്ചില്ലല്ലോ. നമ്മുടെ സ്വരാജ്യക്കാർക്കു നമ്മുടെ ആ പ്രവൃത്തി ഒട്ടുംതന്നെ തൃപ്തികരമായിരിക്കയില്ല. അങ്ങനെയിരിക്കാനാണ് ഇടയുള്ളതെന്ന് തോന്നുന്നില്ലേ? നിശ്ചയമായും അവർക്കു വലിയ അനിഷ്ടമായ ഒന്നായിരിക്കും അത്. അതിനെപ്പറ്റി നാം കാര്യമായി ഗൗനിക്കേണ്ടതല്ലയോ?"

"അവർക്ക് ഇഷ്ടമോ അനിഷ്ടമോ എന്തെങ്കിലുമാവട്ടേ. അവിടുന്ന് ഞങ്ങളുടെ മുട്ടിപ്പായ അപേക്ഷയെ സാധിപ്പിച്ചുതരണം!"

"നമുക്കു യാതൊരു വിരോധവുമില്ല. നാം കുറേക്കൂടി തെളിവായി പറഞ്ഞുകൊള്ളട്ടെയോ? നമ്മുടെ കൂടെ വന്നിട്ടുള്ള റമ്പാന്മാരിൽ രണ്ടു പേരും ഇക്കാര്യത്തിൽ വിരോധാഭിപ്രായക്കാരാണ്. അത് നമുക്ക് പ്രത്യക്ഷമായിരിക്കുന്നു ഇപ്പോൾ. അവരുടെ വാക്കിനെ അവഗണിച്ച് പ്രവർത്തിക്കുന്നപക്ഷം പോകുന്നവഴിക്ക് അവർ നമ്മെ കപ്പലിൽനിന്നു കടലിലേക്കെടുത്തെറിയും എന്ന് ഇന്നലെ രാത്രി പറഞ്ഞിരിക്കുന്നു. എന്തൊരു വലിയ ആപത്താണ് നമുക്ക് നേരിട്ടിരിക്കുന്നതെന്നു നമ്മുടെ മകൻ കണ്ടുവോ?"

"ഈ റമ്പാന്മാരെ അവിടുന്ന് ഭയപ്പെടുകയോ? യാതൊരാവശ്യവുമില്ല. അവർ വിചാരിച്ചാൽ ഒന്നും നടക്കുകയില്ല."

"ഇങ്ങനെ പറഞ്ഞതുകൊണ്ടു നമുക്കെങ്ങനെ ധൈര്യമുണ്ടാകും. സ്വദേശത്തെത്തുന്നതുവരെ നിങ്ങൾക്ക് നമ്മോടൊന്നിച്ചു പോരാൻ സാധിക്കുമോ? അതാണ് നമുക്കറിയേണ്ടത്."

www.malankaralibrary.com



"ബോംബെവരെ നിശ്ചയമായും ഞാൻ അവിടുത്തെകൂടെ ഉണ്ടാവും. കപ്പലിൽ കയറ്റിയേ ഞാൻ മടങ്ങിപ്പോരുന്നുള്ളു. അവിടെ വച്ചു ഞാൻ കൂടി പോന്നേ മതിയാകയുള്ളു എന്നു കല്പിക്കുന്ന പക്ഷം അതിനും ഞാൻ ഒരുക്കം തന്നെ. സ്വരാജ്യത്ത് ഇറക്കിവിട്ടേക്കാം പോരെ?"

"വേറെയൊരു സംഗതിയിലും റമ്പാന്മാരെപ്പറ്റി നമുക്ക് ഭയമുണ്ട്. പറയുമ്പോൾ എല്ലാം പറയണമല്ലൊ. നമ്മുടെ കൈവശം പണമായി കുറെ വല്ലതുമുണ്ടെങ്കിൽ അതു തട്ടിയെടുക്കാനായിട്ടും അവർ വല്ലതും ചെയ്തേക്കാവുന്നതല്ലയോ? വൃദ്ധനായ നമ്മെക്കൊണ്ട് എന്ത് കഴിയും."

"എല്ലാം മനസ്സിലായി. തിരുമനസ്സുകൊണ്ട് ഈവകയിലൊന്നും ഭയപ്പെട്ടിട്ടാവശ്യമില്ല. എനിക്കായുസ്സുണ്ടെങ്കിൽ – എന്നു മാത്രമേ ഞാനിപ്പോൾ ഉണർത്തിക്കുന്നുള്ളു. ശീമയിൽ നിന്ന് ഇത്ര കഷ്ടപ്പെട്ട് ഇവിടെ വന്നിട്ട് ഉദ്ദേശിച്ച കാര്യം സാധിക്കാതെ പോയാൽ തിരുമനസിലേക്കും മലങ്കരസഭയ്ക്കും അതൊരു വലിയ നഷ്ടത്തിനും വ്യസനത്തിനും കാരണമായിത്തീരും. അവിടുന്ന് ഒരിക്കലും വാഗ്ദാനം ലംഘിക്കരുത്. വളരെയധികം ജനങ്ങൾ വന്നുകൂടിയിരിക്കുന്നു. പള്ളിയിലേക്ക് എഴുന്നള്ളാം."

"ഓഹോ! തയാർ."

## അബ്ദേദമ്ശീഹോ ബാവായുടെ മടക്കം

കാതോലിക്കാ സ്ഥാനാഭിഷേകവും ശാശ്വതമായി പൗരസ്ത്യ സിംഹാസനം മലങ്കരയിൽ ഉറപ്പിച്ചിരുന്നതായുള്ള രേഖയും നൽകിയ ശേഷം അബ്ദേദമ്ശീഹോ പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ട് സ്വദേശത്തേക്കായി മടങ്ങിയെഴുന്നള്ളി. പ്രതിജ്ഞയ്ക്കനുസരണമായി നാമും അദ്ദേഹത്തോടൊന്നിച്ചു യാത്ര പുറപ്പെട്ടു. യഥാശക്തി മലങ്കര സഭയ്ക്ക് ഹൃദയപൂർവ്വമായി ശാശ്വതനന്മയെ പ്രദാനം ചെയ്ത ആ വന്ദ്യതിരുമേനിയുടെ ആപൽശങ്കയെ, വാസ്തവമായും ഗൗനിക്കേണ്ടതായ കടമ നമുക്കുണ്ടല്ലോ. തിരുമനസ്സിലെ കൈവശത്തിൽ പലരിൽ നിന്നുമായി ലഭിച്ച ഗണ്യമായ ഒരു തുകയുണ്ടെന്നു നമുക്കറിയാമായിരുന്നു. മൃഗീയരായ മനുഷ്യരിൽനിന്ന് അതുമൂലമുണ്ടായേക്കാവുന്ന

www.malankaralibrary.com



വിപത്തുകളെ നാം നോക്കിക്കണ്ടു. റമ്പാന്മാർക്കും അവർ ആശിച്ചിരുന്നതിൽ കൂടുതലായ ഒരു സംഖ്യ ലഭിച്ചിരുന്നു. ഇരുപക്ഷക്കാരേയും തമ്മിൽ പിണക്കാതെ ബാവാ തിരുമനസ്സിലെ ക്ഷേമത്തെ എങ്ങനെ സംരക്ഷിക്കാം എന്നാണു നാം ആലോചിച്ചുകൊണ്ടിരുന്നത്. എല്ലാവരും



www.malankaralibrary.com



ബോംബെയിൽ ചെന്നുചേർന്നു. അവിടെ നിന്നങ്ങോട്ടുള്ള യാത്രാച്ചെലവുബാവായും റമ്പാന്മാരും അവരവരുടെ കയ്യിൽ നിന്നുതന്നെ ചെലവിടണം എന്ന് അവർ തമ്മിൽ തീരുമാനം ചെയ്തുവെന്ന് നമുക്ക് മനസ്സിലായി. അതിനെത്തുടർന്ന് നാം ഒരു യുക്തി കണ്ടുപിടിച്ചു. ബാവാതിരുമേനിയെ വിശേഷപ്പെട്ട പി.ആണ്ട് ഒ.മെയിൽ കപ്പലിലും, റമ്പാന്മാരെ കൂലികുറഞ്ഞ മറ്റേതെങ്കിലും കപ്പലിലും അയച്ചുകഴിഞ്ഞാൽ ഒന്നും ശങ്കിക്കാനില്ലെന്നു നിശ്ചയിച്ചുകൊണ്ട് നാം റമ്പാന്മാരോടായി ഇങ്ങനെ പറഞ്ഞു:

"ഇവിടെ നിന്നു പലതരം കപ്പലുകൾ പോകുന്നുണ്ട്. അതിൽ വിശേഷപ്പെട്ടത് പി.ആണ്ട് ഒ.കമ്പനിക്കാരുടെ മെയിൽക്കപ്പലാണ്. അതിൽ സുഖം കൂടുമെങ്കിലും കൂലി വളരെയധികമായിരിക്കും. കുറഞ്ഞ നിരക്കിനു പോകുന്ന കപ്പലുകൾ വേറെ ഉണ്ട്. സ്വല്പദിവസംകൂടി താമസിച്ചേ ഇവ എത്തുകയുള്ളു എന്നല്ലാതെ മറ്റൊരു ദോഷവും ഇവയ്ക്കു പറയുവാനില്ല. പി.ആണ്ട് ഒ.യിൽ പോകണമോ, അതോ വേറെ വല്ലതിനും മതിയോ? ബാവാതിരുമനസ്സുകൊണ്ട് പി.ആണ്ട് ഒ.യിൽത്തന്നെ പൊയ്ക്കൊള്ളട്ടെ. നിങ്ങളെന്തു തീരുമാനിക്കുന്നു?"

"അതേ, ബാവാ പി.ആണ്ട് ഒ.യിൽ ആയിക്കൊള്ളട്ടെ. ഞങ്ങൾക്കു കൂലി കുറഞ്ഞ വേറെ വല്ലതിലും മതി."

നമുക്കു വലിയ ഒരു ഭാരം നീങ്ങിക്കിട്ടിയതുപോലെ ആശ്വാസമായി. വിവരമൊക്കെ നാം ബാവായെ ഗ്രഹിപ്പിച്ചു.

"ഇനി ഞാൻ കൂടി കപ്പലിൽ കയറണമോ?"

"വേണ്ട മകനേ നാം! സംതൃപ്തനായി."

ഇങ്ങനെ വെവ്വേറെ കപ്പലുകളിലായി ബാവായേയും റമ്പാന്മാരെയും നാം കപ്പലിൽ കയറ്റിയയച്ചു.

## മെത്രാപ്പോലീത്തായുടെ ശീമയാത്രയും അനന്തരഫലങ്ങളും

കൊല്ലങ്ങൾ പിന്നെയും പലതു കഴിഞ്ഞുപോയി. വട്ടിപ്പണക്കേസിൽ ജില്ലാക്കോടതിയിലെ വിധി മാർ ദിവന്നാസ്യോസ് മെത്രാപ്പോലീ

www.malankaralibrary.com



ത്തായ്ക്ക് അനുകൂലമായിട്ടായിരുന്നുവല്ലോ. ഉടനെ എതിർകക്ഷികൾ അപ്പീൽ ബോധിപ്പിച്ചു. ആ വിധി മെത്രാപ്പോലീത്തായ്ക്കു പ്രതികൂലമായി പരിണമിക്കുകയും ചെയ്തു. മലങ്കരസഭ രണ്ടായിപ്പൊളിയാൻ ഇടയാക്കിയേക്കാവുന്ന ഒരു അവസരമായിരുന്നു അത്. ഒരിക്കലും അതിന്നിടയാക്കുവാൻ പാടില്ലെന്നു മെത്രാപ്പോലീത്താ തിരുമനസുകൊണ്ടു നിശ്ചയിച്ചുകഴിഞ്ഞു. അതിനാലായിരുന്നു അദ്ദേഹം മർദ്ദീനിൽ പോയി പാത്രിയർക്കീസ് ബാവാതിരുമേനിയെ അഭിമുഖമായി കാണണമെന്നു നിശ്ചയിച്ചത്. അന്ത്യോഖ്യാ ബന്ധത്തിൽനിന്നു മലങ്കരസഭ വേർപിരിയുമാറാവരുതെന്നുള്ള തിരുമനസിലെ മോഹമാണ് അവിടുത്തെ ഈ യാത്രയ്ക്കു പ്രേരിപ്പിക്കുകയുണ്ടായതും യാക്കോബായസഭയ്ക്ക് ഇക്കാലത്ത് ശരിയായ പാത്രിയർക്കീസുള്ള പക്ഷം അദ്ദേഹത്തെ അഭിമുഖം കണ്ടു മലങ്കരസഭയിൽ സമാധാനം കൈവരുത്തണമെന്നു മെത്രാപ്പോലീത്താ തിരുമനസുകൊണ്ട് തീരുമാനിച്ചു. സ്വന്തം മുടക്കു തീർക്കാനായിട്ടായിരുന്നു ആ യാത്ര എന്ന് ഒരിക്കലും പറയാവുന്നതല്ല. പാത്രിയർക്കീസിന്റെ അറിവോടുകൂടിയല്ലാതെ വാഴിക്കപ്പെട്ടിട്ടുള്ള സ്വകക്ഷിയെ മെത്രാന്മാരും, അവരുടെ അറിവും സമ്മതവും കൂടാതെ വാഴിക്കപ്പെട്ട പാത്രിയർക്കീസും തമ്മിൽ അന്യോന്യം സ്വീകരിക്കുകയും സ്വീകരിക്കപ്പെടുകയും ചെയ്താൽ മലങ്കരസഭയിൽ സമാധാനവും ഐശ്വര്യവും ഉണ്ടാകുമെന്നും; അതിന്നു ശീമയാത്ര സഹായിക്കുമെന്നുമായിരുന്നു തിരുമനസിലെ ഉദ്ദേശം. അങ്ങനെ ഒരു സ്ഥിതി ലഭിച്ചു കഴിഞ്ഞാൽ ഭരണമൊഴിഞ്ഞു വിശ്രമിക്കാമല്ലോ എന്നും അദ്ദേഹം ആഗ്രഹിച്ചു. ഈവക നിഷ്ക്കന്മഷമായ മനോഗതിയോടുകൂടി അദ്ദേഹം യാത്ര പുറപ്പെട്ടു എന്നു മാത്രമേ സംക്ഷിപ്തമായി ഇവിടെ പറയേണ്ടതുള്ളു.

പ്രസ്തുത യാത്രയിൽ (98 മിഥുനത്തിൽ) തിരുമനസ്സിലേക്കു നേരിട്ടു ദുർഘടങ്ങൾ, കഷ്ടപ്പാടുകൾ, വിഷാദം, ഭയം എന്നിവയെപ്പറ്റി നാം അറിഞ്ഞിടത്തോളമുള്ള വിവരങ്ങൾ ഇവിടെ ഉദ്ധരിക്കുന്ന പക്ഷം അവയ്ക്കായി വളരെ പുറങ്ങൾ വിനിയോഗിക്കേണ്ടിവരുമെന്നുള്ളതിനാലും, എന്നിരുന്നാലും അവയ്ക്ക് സ്വാനുഭവങ്ങളിലുള്ള സ്ഥാനം സംശയഗ്രസ്തമാണെന്നുള്ളതുകൊണ്ടും നാം ഏതദ്വിഷയത്തിലേക്കു കടക്കുവാൻ തന്നേ വിചാരിക്കുന്നില്ല.

www.malankaralibrary.com



തിരുമനസുകൊണ്ടു മർദ്ദീനിൽനിന്നു മടങ്ങി (99 കന്നി) ഇന്ന ദിവസം ബോംബെയിൽ കപ്പലിറങ്ങും എന്നു നമുക്കറിവു കിട്ടി. കാര്യങ്ങളെല്ലാം മുക്കാലെ അരയ്ക്കാലും സാധിച്ചുകൊണ്ടാണ് വരുന്നതെന്നുംകൂടി അറിഞ്ഞപ്പോൾ നമുക്കു വളരെ സന്തോഷമായി. ബോംബെയിൽ ചെന്നിട്ടുതന്നെവേണം തിരുമേനിയെയും മറ്റും അഭിനന്ദിക്കാനും എതിരേൽക്കുവാനും എന്നു നിശ്ചയിച്ചതനുസരിച്ച് ഫാദർ മാത്യൂസ് പാറേട്ടും കൂടി നാം ബോംബെയിൽ ചെന്നുചേർന്നു. മെത്രാപ്പോലീത്താ തിരുമേനിയും യൂലിയോസ് മെത്രാനേയും കൂടെയുള്ളവരെയും കണ്ടപ്പോൾ നമുക്കു തോന്നിയ സന്തോഷം അനിർവാച്യമെന്നേ പറയാവൂ.

നമുക്ക് പ്രധാനമായി കേൾക്കേണ്ടിയിരുന്നത് കാനോൻ സംബന്ധിച്ചിട്ടുണ്ടായിട്ടുള്ള തർക്കങ്ങൾക്കു വല്ല തീരുമാനവും ഉണ്ടായോ എന്നുള്ളതായിരുന്നു. ഇതിനെക്കുറിച്ച് നാം ചോദിച്ചപ്പോൾ വലിയ തിരുമേനി ഇങ്ങനെയാണ് കൽപിച്ചത്:

"ഇക്കാര്യം സർവ്വപ്രധാനമായിത്തന്നെ നാം ഗണിച്ചിരുന്നു. ഏലിയാസ് പാത്രിയർക്കീസ്ബാവായോട് ഇതിനെപ്പറ്റി നാം സംസാരിക്കുകയുണ്ടായി. തൃപ്തികരമായ വിധത്തിലൊന്നും അവിടുന്ന് മറുപടി കൽപിച്ചില്ല. 18 അക്കം കള്ളക്കാനോൻ ആണെന്നും, ശീമയിൽ നടപ്പിലിരിക്കുന്ന എ അക്കം തന്നെയാണു മലങ്കരയിലും ഉറപ്പിക്കേണ്ടതെന്നും അപേക്ഷിച്ചതിന്ന്, 'ആത്തൂൻയൊദ് ഈത്തൂൻ' (നിങ്ങൾക്കറിയാമല്ലോ) എന്നു മാത്രമായിരുന്നു മറുപടി."

മലങ്കരയിൽ സമാധാനം പുനഃസ്ഥാപിക്കുന്ന വിവരത്തിനുള്ള കല്പന യൂലിയോസ് മെത്രാപ്പോലീത്താവശം ഉണ്ടെന്ന് വലിയ തിരുമേനിയുടെ കൂടെയുള്ളവർ നമ്മെ ഗ്രഹിപ്പിച്ചു. പാത്രിയർക്കീസ്ബാവാ തിരുമനസ്സിലെ പക്ഷം പിടിച്ച് ദേഹവും ധനവും തൃണവൽഗണിച്ചു പ്രവർത്തിച്ച സമുദായ പ്രധാനന്മാർക്ക് അതൃപ്തിയുണ്ടാവാതിരിപ്പാനായി പ്രസ്തുത കല്പന പ്രത്യേകം ഒരാൾവശം അയച്ചതു വളരെ ഉചിതവും ബുദ്ധിപൂർവ്വവുമായി എന്നു നമുക്കു തോന്നി. വഴക്കും കുഴപ്പവും തീർത്തിട്ടും, പിന്നെയും അത് തീർന്നിട്ടില്ലെന്നവിധം അതു സംബന്ധമായി വീണ്ടും വഴക്കും കുഴപ്പവും ഉണ്ടാവുന്നത് ആശാസ്യ

www.malankaralibrary.com



മല്ലല്ലോ. ബോംബെയിൽനിന്നു മടങ്ങി ആർക്കോണം സ്റ്റേഷനിൽ എത്തിയപ്പോഴാണ് പ്രസ്തുത കല്പന മിക്കവരും കാണുകയുണ്ടായത്. ഒസ്താത്യോസ് ബാവാ ദീനംവന്ന് കിടപ്പിലായിരിക്കുന്നുവെന്നും, യൂലിയോസ് മെത്രാപ്പോലീത്താ ഉടനെ അത്രത്തോളം വരണമെന്ന് അദ്ദേഹം കല്പിച്ചിരിക്കുന്നുവെന്നും പറയാനായി കുന്നംകുളത്തുകാരൻ പി.റ്റി.തോമസ് അപ്പോൾ അവിടെ എത്തിയിട്ടുണ്ടായിരുന്നു. യൂലിയോസ് മെത്രാൻ തോമസുമായി പുറപ്പെടാൻ ഒരുങ്ങിയപ്പോഴായിരുന്നു പാത്രിയർക്കീസിന്റെ കല്പന ഒന്നു കണ്ടാൽ കൊള്ളാമെന്ന് വലിയ തിരുമേനി ആവശ്യപ്പെടുകയാണുണ്ടായത്. ചോദിച്ചാൽ കാണിച്ചേക്കണമെന്നു പാത്രിയർക്കീസ് ബാവ തിരുമനസുകൊണ്ട് യൂലിയോസ് മെത്രാപ്പോലീത്തായെ ശട്ടം ചെയ്തിട്ടുണ്ടായിരുന്നുവത്രേ. ഒരു തടസവും പറയാതെ യൂലിയോസ് മെത്രാപ്പോലീത്താ അതു പോക്കറ്റിൽ നിന്നു പുറത്തേയ്ക്കെടുത്തു. ഇപ്പോൾ പഴയസിമ്മിനാരിയിലെ മല്പാനായി താമസിക്കുന്ന ചെറിയമഠത്തിൽ സ്കറിയാകത്തനാർ അതു കയ്യിൽ വാങ്ങി നിവർത്തിപ്പിടിച്ചു. ഇരുവശങ്ങളിലായി വലിയ തിരുമേനിയും യൂലിയോസ് മെത്രാപ്പോലീത്തായും ഇരുന്നിരുന്നു. സ്കറിയാക്കത്തനാർ അതിലെ വാചകങ്ങൾ വലിയ തിരുമേനിക്കു കേൾക്കത്തക്കവണ്ണം ഉച്ചത്തിൽ വായിച്ചു. നാമും പാറേട്ടച്ചനും അപ്പോൾ അടുത്തുള്ള വരാന്തയിൽ ഉണ്ടായിരുന്നു. അതിലെ വിവരം ഉടൻതന്നെ വലിയ തിരുമേനി ഞങ്ങളെ ഗ്രഹിപ്പിക്കുകയും ചെയ്തു. ചുരുങ്ങിയ വാചകത്തിൽ കാര്യമെല്ലാം ഭംഗിയിൽ ഒതുക്കി എഴുതപ്പെട്ട ഒരു കല്നയായിരുന്നു അത്.

നിശ്ചിതസമയത്ത് എല്ലാവരും കൂടി ആർക്കോണത്തുനിന്നു തീവണ്ടികയറി ഷൊർണ്ണൂർ എത്തിയപ്പോൾ ഒസ്താത്യോസ് ബാവാ എത്തിയിട്ടുണ്ടായിരുന്നു. എല്ലാവരും കൂടി. പിന്നെയും യാത്ര തുടർന്നു. തൃശ്ശിവപേരൂർ എത്തി. അവിടെ ഇറങ്ങിയായിരുന്നു കുന്നംകുളത്തേക്കു പോകേണ്ടിയിരുന്നത്. പുലിക്കോട്ടിൽ യൗസേഫ് റമ്പാൻ (അന്നു ശെമ്മാശൻ) സാഘോഷമായ ഒരു എതിരേല്പിന് അവിടെ വട്ടംകൂടിയിരുന്നു. യൂലിയോസ് മെത്രാന്റെ പ്രകൃതത്തെപ്പറ്റി അപ്പോൾ കുറേശ്ശെ സംശയം ജനിക്കാൻ തുടങ്ങിയതിനാൽ തൃശ്ശിവപേരൂർ ഇറങ്ങാതെ

www.malankaralibrary.com



എല്ലാവരും എറണാകുളത്തു വന്നുചേർന്നു. ഇരുകക്ഷിയിലും ഉൾപ്പെട്ട അനേകംപേർ അവിടെ അപ്പോൾ സന്നിഹിതരായിരുന്നു. ഒസ്താത്യോസ് ബാവായുടെ ചരടുപിടുത്തമനുസരിച്ച് യൂലിയോസ് മെത്രാൻ കരിങ്ങാശ്രപ്പള്ളിയിലേക്കു പോകാനാണ് പുറപ്പാടെന്നറിഞ്ഞപ്പോൾ മുടക്കുതീർത്ത കാര്യത്തെപ്പറ്റി തങ്ങൾക്കു പരസ്യമായിട്ടൊന്നു പറഞ്ഞു കേൾക്കണമെന്നു ജനങ്ങൾ യൂലിയോസ് മെത്രാനെ ഹേമിക്കാൻ തുടങ്ങി. അപ്പോൾ യൂലിയോസ് മെത്രാൻ എണീറ്റുനിന്ന്, മുടക്കുതീർത്ത കല്പന കൈവശമുണ്ടെന്നും 10 ദിവസത്തിന്നകം അത് വായിക്കപ്പെടുമെന്നും പ്രസ്താവിച്ചു. തേനുങ്കൽ ഗീവർഗീസ് കത്തനാരായിരുന്നു യൂലിയോസ് മെത്രാന്റെ പ്രസ്താവനയെ പരിഭാഷചെയ്ത് ജനങ്ങളെ കേൾപ്പിച്ചത്.

ആ കല്പന എന്തുകൊണ്ട് ഇതുവരെ പ്രത്യക്ഷപ്പെട്ടില്ല? അതിപ്പോൾ എവിടെയായിരിക്കും?

യൂലിയോസ് മെത്രാൻ കോട്ടയത്തെത്തിയപ്പോഴേയ്ക്കും ഇപ്പറഞ്ഞവയെല്ലാം വെറും കെട്ടുകഥകൾ എന്ന് ഏതാനുംപേർ ചെണ്ടകൊട്ടാൻ തുടങ്ങി. രാവും പകലും തമ്മിലെന്നതുപോലെ സംഗതികൾക്കാകപ്പാടെ ഒരു വ്യത്യാസം കാണപ്പെട്ടു. വലിയതിരുമേനിയും യൂലിയോസ് മെത്രാനും തമ്മിൽ ഒരുമിച്ചിരുന്നു ഭക്ഷിച്ചിട്ടില്ല; പ്രാർത്ഥിച്ചിട്ടില്ല; ഇരുന്നിട്ടില്ല; നിന്നിട്ടില്ല; എന്നൊരു വക ശബ്ദഘോഷമിങ്ങനെ; മുടക്കുതീർത്തിട്ടില്ല; കല്പനയില്ല; പട്ടംകൊടയിൽ സംബന്ധിച്ചിട്ടില്ല- എന്നൊരുവക വേറെ! വ്യവസ്ഥയുണ്ട്; കരാറുണ്ട്; ഉടമ്പടിയുണ്ട് – എന്നിങ്ങനെ മറ്റൊരു വക! ഓടിച്ചു; ചാടിച്ചു. പേടിച്ചു – എന്നിങ്ങനെ വേറേയൊരുവക.

വായനക്കാർ ക്ഷമാപൂർവം ചിന്തിച്ചാലും! ഇവയുടെയൊക്കെ അർത്ഥമെന്ത്? കാരണമെന്ത്?

## ‘ഉം’ എന്നു മൂളിയിരുന്നെങ്കിൽ

പ്രഥമശ്രവണത്തിൽ നമ്മുടെ ചങ്കുറപ്പില്ലായ്മയെക്കുറിച്ച് സാമാന്യജനങ്ങൾ നമ്മെ കുറ്റപ്പെടുത്തിയേക്കാവുന്ന ഒന്നുരണ്ടു സംഭവങ്ങൾ ഇവിടെ ചേർക്കുന്നത് അസംഗതമായിരിക്കാൻ ഇടയുള്ളതല്ല. തദവസരങ്ങളിൽ ആശ്രിതന്മാരായി നിന്നവരോട് ‘ഉം’ എന്നൊന്നു

www.malankaralibrary.com





മൂളിയാൽ ലഭിക്കാമായിരുന്ന തല്ക്കാല വിജയങ്ങളെ നഷ്ടപ്പെടുത്തിക്കളഞ്ഞതിനു നാമല്ലാ സർവ്വാന്തര്യാമിയായ ദൈവമാണ് ഉത്തരവാദി എന്നു മാത്രമേ നമുക്കിവിടെ സമാധാനം പറയാനുള്ളു.

മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ സംബന്ധിച്ചുള്ള മുടക്കു കല്പന പഴയസിമ്മിനാരി ചാപ്പലിൽ വായിപ്പാൻ തീർച്ചപ്പെടുത്തിയ ആ 1086 ഇടവം 29 ഒരു ഞായറാഴ്ച നടന്ന സംഭവം തന്നെയായിരിക്കട്ടെ ഒന്നാമത്തേത്. മുടക്കുകല്പന വായിക്കുമെന്നും വായിപ്പിക്കില്ലെന്നും വിവാദിച്ചിരുന്ന അസംഖ്യം ജനങ്ങൾ ചാപ്പൽ നിബിഡീകൃതമായിക്കഴിഞ്ഞു. എന്താണുണ്ടായേക്കുക എന്നു സാമാന്യജനങ്ങൾ അമ്പരന്നു നില്ക്കുന്നു. കല്പന വായിച്ചാൽ അടിപിടിയും ലഹളയും നിശ്ചയം; അവിടെ ആലോചന ഇവിടെ മന്ത്രം; മറ്റൊരിടത്ത് വാഗ്വാദം; വേറൊരിടത്ത് അസഭ്യഭാഷണം; ആകപ്പാടെ ശബ്ദകോലാഹലം തന്നെ. ഇതിന്നിടയിൽ ജനങ്ങളെ ഇരുവശത്തേക്കും അകത്തി നിർത്തിക്കൊണ്ടു പരിഭ്രമാകുലനായിത്തീർന്ന പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ടു സ്വപക്ഷത്തുള്ള മേല്പട്ടക്കാരോടും പട്ടക്കാരോടും കൂടി പള്ളിയിൽകയറി മദ്ബഹായിൽ പ്രവശിച്ചു. അനുക്ഷണം വി.കുർബാനയും തുടങ്ങി. ഏതാണ്ടീനേരത്തോടടുപ്പിച്ചാണല്ലോ നാം എം.ഡി.സിമ്മിനാരയിൽനിന്നു പഴയസിമ്മിനാരി ചാപ്പലിൽ വന്നു ചേരുകയുണ്ടായത്. നാം ഉൾപ്പെടെ ചില‍ർ മദ്ബഹാ

www.malankaralibrary.com



യിലും മറ്റുള്ളവർ, പള്ളിയിലും പ്രവേശിച്ച് നിലയായി. ബസ്മല്ക്ക കഴിഞ്ഞുള്ള സംഭവത്തെ പ്രതീക്ഷിച്ച് എല്ലാവരും വിചാരനിമഗ്നരായി നില്ക്കുന്നു. വിശുദ്ധ കുർബാന ഒരു വഴിയെ; വിചാരം മറ്റൊരുവഴിയെ. നമ്മുടെ ശിഷ്യനായ ഒരു ശെമ്മാശൻ ധൃതഗതിയിൽ മദ്ബഹായിൽ കയറിവന്ന് നമ്മെ പുറത്ത് വടക്കേ വരാന്തയിലേക്കു വിളിച്ചുകൊണ്ടു പോയി നമ്മോട് ഈ വിധം ചെവിയിൽ മന്ത്രിച്ചു:

“പള്ളിയിലേക്കു പോന്ന ധൃതിയിൽ ബാവായുടെ മുറി പൂട്ടുവാൻ അവർക്കിടയായിട്ടില്ല. പണപ്പെട്ടിയും മറ്റു സർവ്വസാധനങ്ങളും അവിടെ ഇരിക്കുന്നു. എല്ലാവരും പള്ളിയിലാണ്. ഞാനതെല്ലാം എടുത്തുമാറ്റി ക്കൊള്ളട്ടയോ? ഒരൊറ്റ നിമിഷത്തിനകം സാധിപ്പിച്ചേക്കാം.”

“വേണ്ട.”

“എന്നാൽ ഞാനവ ഇപ്പോളെടുത്ത് ആറ്റിലെറിയും.”

“പാടില്ല. അനാവശ്യമായി ഒന്നും ചെയ്യുവാൻ അനുവാദമില്ല.”

നമ്മുടെ ഒരു ശിഷ്യനും പ്രസംഗകനെന്ന നിലയിൽ പലർക്കും സുപരിചതനായി ഇപ്പോൾ കത്തനാരായി അറിയപ്പെടുന്ന അയാളുടെ പേർ നാം ഇവിടെ വിശദപ്പെടുത്തുന്നില്ല.

മറ്റൊരു സംഭവം ആർക്കോണം സ്റ്റേഷനിൽവച്ചു നടന്നതത്രെ. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും മാർ യൂലിയോസ് മെത്രാനും നാമും കൂടെയുള്ള പട്ടക്കാരും മറ്റും ബോംബെ യിൽ നിന്നു പുറപ്പെട്ട് ആർക്കോണം റെയിൽവേസ്റ്റേഷനിൽ എത്തി യിരിക്കുന്നു. മെത്രാപ്പോലീത്തായുടെ ആവശ്യപ്രകാരം മാർ യൂലിയോ സുമെത്രാൻ പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ട് തന്നെ ഏല്പിച്ച മുടക്കുതീർത്ത കല്പന പരസ്യമായി നിവർത്തിപ്പിടിച്ചു വായി ച്ചതിന്റെ ശേഷം ളോഹയുടെ കീശയിൽ തിരുകി. സ്വല്പനേരത്തിനകം കുളിക്കാനായി അദ്ദേഹം കുളിമുറിയിൽ പ്രവേശിച്ചു. അപ്പോൾ എത്തി യിരിക്കുന്നു. നമ്മുടെ വേലക്കാരാനായിരുന്ന കുന്നംകുളത്തുകാരൻ വാറു അടിയന്തരമായ ഒരു സ്വകാര്യവുംകൊണ്ട്.

“എന്തെടാ?”

www.malankaralibrary.com



"യൂലിയോസ് മെത്രാച്ചൻ കുളിക്കാൻ പോയപ്പോൾ അദ്ദേഹം ആ കുപ്പായമൊക്കെ അടുത്ത മുറിയിൽ അഴിച്ചിട്ടിരിക്കുന്നു. ആ കല്പന അതിന്റെ പോക്കറ്റിൽ ഉണ്ട്. ഞാൻ ആ കല്പന കയ്യിലാക്കട്ടെയോ?"

"അനാവശ്യം ചെയ്യരുത്!"

മുന്നുദ്ധരിച്ച രണ്ടവസരങ്ങളിലും നാമൊന്ന് അനുകൂലിച്ചിരുന്നുവെങ്കിൽ മലങ്കരസഭയിലെ വിപ്ലവത്തിന്റെ കൈവഴികൾ വേറെ ചിലതൊക്കെയായി പരിണമിച്ചേക്കാമെന്നല്ലാതെ അവകൊണ്ടു സ്ഥായിയായ ഗുണം ലഭിക്കുമായിരുന്നുവെന്നു വിചാരിക്കുന്നവരാരും വായനക്കാരുടെ കൂട്ടത്തിൽ ഉണ്ടാകയില്ലെന്നു നാം വിശ്വസിക്കുന്നു.

## പ്രാർത്ഥന

യേശുമിശിഹാ ആയ ദൈവമേ! വിശുദ്ധ സഭയിൽ ശാന്തിയും സമാധാനവും കൈവരുത്തേണമേ! അതിന്റെ കലഹങ്ങളും വ്യവഹാരങ്ങളും ഉണ്ടാവാതിരിക്കത്തവണ്ണം പ്രേമപൂർവ്വം അതിനെ സംരക്ഷിക്കണമേ! അതിന്ന് അവിടുത്തെ കുരിശിന്റെ നിഴലിൽ അഭയം നൽകണമെ! അവിടുത്തെ അനുഗ്രഹപൂർണ്ണമായ തൃക്കൈ അതിന്റെ മേൽവെച്ച് അതിനെ ആശീർവ്വദിക്കണമേ! തിരുമുഖം കാണത്തക്കവണ്ണം അതിന്റെ കണ്ണുകൾക്കു പ്രകാശം നൽകണമേ! ലോകരക്ഷകനായുള്ളോവേ, അവിടുത്തെ അഭീഷ്ടം ഏതോ, അതുതന്നെയാണ് അതിന്റെ ധർമ്മം എന്നറിവാനായി സാനുകമ്പം അതിന്റെ ഹൃദയാന്തർഭാഗത്തെ കടാക്ഷിക്കേണമേ!!

www.malankaralibrary.com

# ബോവുസോ ദ്മോർ ബാലായി

*ദുഷ്ടന്മാരിൽ കാരുണ്യം പൂണ്ടോനേ*
*കാരുണ്യം ചെയ് നിൻ ന്യായത്തീർപ്പിൻനാൾ,*
*ഹേ വിശ്വസ്തസഭേ പ്രാർത്ഥിച്ചീടുകിതാ,*
*നിൻ മക്കൾ കള്ളച്ചെന്നായ്ക്കൾക്കിരയായ്*
*രക്ഷിപ്പതിനായി കർത്താവിൻ സവിധേ,*
*ശൈനോ സഭയതിൽ വർദ്ധിപ്പിക്കും നാഥാ!*
*സഭയിൽ നീർപ്പുളവാക്കിയ ഞങ്ങടെ നാഥാ!*
*ചതവും മുറിവും പെട്ടവളിതാ വലയുന്നു -*
*തന്നോഹരിയെല്ലാക്കാലത്തും നിന്നിൽ,*
*ആകണമെന്നാണല്ലോ നിൻ കല്പന മുന്നം.*
*ദുഷ്ടൻതൻ കെണിയിൽ ഞാൻ വീണീടല്ലെ,*
*എന്നോടെന്നുമവൻ യുദ്ധം ചെയ്യുന്നു*
*നല്ലോനേ! നിന്റെ കൃപയെ ഞാൻ സ്തോത്രം -*
*ചെയ്വാനായവനേ മായിച്ചീടണമേ!*
*ദുഃഖംപൂണ്ടു വിളിക്കുന്നു സഭ നിന്നെ,*
*ചിന്നിപ്പോം സുതരെപ്പറ്റിക്കരയുന്നു.*
*വാനോരുടയവനേ! താഴ്ന്നോർ ശരണവുമേ,*
*കൈക്കൊണ്ടരുളടിയാർ ചെയ്യും ശുശ്രൂഷ.*

www.malankaralibrary.com

അദ്ധ്യായം – 3

# സെറാമ്പൂർ വാസം

## സ്വദേശം വിട്ടു

അമേരിക്കനായ ഡോക്ടർ മോട്ടിന്റെ നേതൃത്വത്തിൽ 1912–ാംമാണ്ട് കല്ക്കത്തയ്ക്ക് സമീപം സെറാമ്പൂരിൽവെച്ച് കൂടപ്പെട്ട വിദ്യാർത്ഥിസമ്മേളനം നമ്മെ സംബന്ധിച്ചിടത്തോളം ഒരു നവീന പ്രസ്ഥാനത്തിലേക്കു നമ്മെ ആനയിപ്പിച്ച ഒരു സ്മരണീയഘട്ടം ആയിരുന്നുവെന്നു പറയാം. വിദ്യാർത്ഥികളുടെ ആത്മോൽക്കർഷത്തെ നിദാനമാക്കിക്കൊണ്ടു കൂട്ടപ്പെടുന്ന പ്രസ്തുത സമ്മേളനത്തിൽവെച്ച് ഇന്ത്യാസാമ്രാജ്യത്തിലാകവെ സുവിശേഷപ്രചരണം പൂർവ്വവൽ സുസാധിതമാകുന്നതിന് ആവശ്യം വേണ്ടതെന്തല്ലമെന്ന് അവഗാഢമായി ചിന്തിക്കണമെന്നുകൂടി തീർച്ചപ്പെടുത്തിയിരിക്കുന്നു. ഇതിലേക്കു കേരളത്തിൽ വിവിധ ശാഖകളായി ഭിന്നിച്ചുനില്ക്കുന്ന ക്രൈസ്തവസഭകളുടെ സൗഹാർദ്ദപൂർവ്വമായ പ്രാതിനിധ്യസഹകരണം അപേക്ഷിതമാണെന്നു



www.malankaralibrary.com



തോന്നുകയാൽ പുത്തൻകൂറ്റുപക്ഷത്തിൽ നില്ക്കുന്നവരായ സഭാമേല ദ്ധ്യക്ഷന്മാർ പ്രസ്തുത സമ്മേളനത്തിൽ പങ്കുകൊണ്ടാൽ കൊള്ളാ മായിരുന്നുവെന്നു താൻ ആഗ്രഹിക്കുന്നതായി ഡോക്ടർ മോട്ട് എല്ലാ മെത്രാപ്പോലീത്തന്മാരെയും അറിയിക്കുകയുണ്ടായി. തദനുസാരം മലങ്കര സുറിയാനിസഭ, മാർത്തോമ്മാ സഭ എന്നീ രണ്ടു സഭകളിലേയും തലവന്മാരായ മേല്പട്ടക്കാർ അവിടെ സന്നിഹിതരാവുകയും ചെയ്തു. നി.വ.ദി.ശ്രീ. മലങ്കര ഇടവകയുടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോ ലീത്താ തിരുമേനിയോടൊന്നിച്ചു നാമും കൂടി അന്നു സെറാമ്പൂർക്ക് പോയി.

സെറാമ്പൂർ കോളജിലെ പ്രിൻസിപ്പാളായ ഡോക്ടർ ഹവ്വൽസു മായി സമ്മേളനാവസരത്തിൽ നമുക്കു ലഭിച്ച പരിചയം നമ്മുടെ ജീവിത ഗതിയിൽ ഒരു പ്രത്യക്ഷമാറ്റത്തെ കൈവരുത്തുക തന്നെ ചെയ്തു. ഇൻഡ്യയിലെ ഏക ക്രിസ്തീയ സർവ്വകലാശാലയായി ലാലസിക്കുന്ന സെറാമ്പൂർ കോളേജിന്റെ അഭ്യുന്നതിക്കായി അശ്രാന്തം പരിശ്രമിച്ചി രുന്ന അദ്ദേഹം ഒരു ദിവസം ഭക്ഷണവേളയിൽ “സ്വദേശം വിട്ടു സെറാമ്പൂർ കോളേജിലെ പ്രൊഫസ്സറായി വരാൻ സാധിക്കുമോ? അതിനു മനസ്സു ണ്ടാകുന്ന പക്ഷം അതു കോളേജിനു വലിയൊരു ലാഭമായിരിക്കും” എന്നു പറഞ്ഞു.

“ഞാനല്ല, ഇതിനുത്തരം പറയേണ്ടത്. മെത്രാപ്പോലീത്താ തിരുമേനിയോടാവശ്യപ്പെട്ടാലും!” എന്നു നാം വലിയ തിരുമേനിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് കൃതജ്ഞതാപുരസ്സരം മറുപടി നൽകി.

അനന്തരം ഡോക്ടർ ഹവ്വൽസ്, തിരുമനസ്സിലെ നേരേ തിരിഞ്ഞു കൊണ്ട് തന്റെ അഭിലാഷത്തെ ഒരിക്കൽക്കൂടി വിശദപ്പെടുത്തി.

“കാര്യം നല്ലതാണ്. പക്ഷേ, അതു സാധിക്കുന്നതിൽ പല വിഷമതകളും കാണുന്നുണ്ട്. ആവട്ടെ; ആലോചിക്കാം” എന്നു തിരുമന സ്സുകൊണ്ടു മറുപടി അരുളി.

‘ആലോചിക്കാം’ എന്നു ലഭിച്ച ആനുകൂല്യത്തെ അവലംബിച്ചു കൊണ്ട് അദ്ദേഹം, നാം സെറാമ്പൂർനിന്നു മടങ്ങുന്നതിനു മുമ്പും

www.malankaralibrary.com



അതിൽ പിന്നീടും പലപ്പോഴായി നമ്മോടാവശ്യപ്പെട്ടു. ഇക്കാര്യത്തിൽ എന്താണു ചെയ്യേണ്ടതെന്നതിനെക്കുറിച്ച് അപ്പോൾ മുതൽ തന്നെ നാം ചിന്തിക്കാൻ തുടങ്ങി. സെറാമ്പൂർ കോളേജിലേക്കു പോവുക എന്നു പറഞ്ഞാൽ മലങ്കര സുറിയാനിസമുദായത്തിന്റെ തലസ്ഥാനനഗരിയിൽ ദീപ്തിമത്തായി പ്രശോഭിച്ചുയരുന്ന എം.ഡി. സിമ്മിനാരിയെ കൈയൊഴിഞ്ഞുവെന്നുതന്നെയർത്ഥം. നാം ഒരു വിദ്യാർത്ഥിയായിരുന്ന കാലത്തു നമ്മുടെ വിദ്യാഭ്യാസാവശ്യത്തിലേക്കായി പ്രോത്സാഹനാർത്ഥം പല തവണകളിലായി സ്വസമുദായം നല്കിയ 1844 രൂപയ്ക്കുപകരം, സമുദായത്തിന്റേതായ എം.ഡി.സിമ്മിനാരിക്കു കൃതജ്ഞതാപൂർവം 3300 രൂപാ നാം കൊടുത്തു കഴിഞ്ഞിരിക്കുന്നുവെങ്കിലും അതോടുകൂടി നമുക്ക് സിമ്മിനാരിയോടുള്ള കടമ ഒരിക്കലും അവസാനിച്ചിട്ടില്ലെന്നു തോന്നിയതിനാൽ ഉത്തരോത്തരമായ അതിന്റെ അഭിവൃദ്ധിയെ ലാക്കാക്കി നാം പലതും പിന്നെയും ചെയ്തുകൊണ്ടിരിക്കയായിരുന്നു. ഉൽകൃഷ്ടബിരുദധാരികളായ ഏതാനും വൈദികന്മാർ ഉണ്ടാകുന്ന പക്ഷം എത്രയും പ്രശസ്തമാംവിധം സിമ്മിനാരിയെ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കും എന്ന ആകാംക്ഷയോടുകൂടി സ്വന്തം കൈയിൽനിന്നും പണം ചെലവിട്ടുകൊണ്ടു മൂന്നു ശെമ്മാശന്മാരെ നാം തൃശ്ശിനാപ്പള്ളിയിലുള്ള എസ്. പി. ജി. കോളേജിൽ പഠിപ്പിച്ചുവന്നിരുന്നു. ഇന്റർമീഡിയറ്റ്, ബി. എ. എന്നീ ഉയർന്ന ക്ലാസുകളിൽ പഠിപ്പിച്ചുവരുന്ന അവരുടെ വിദ്യാഭ്യാസം പൂർത്തിയായാൽ അവരെ സിമ്മിനാരിയിൽ വാദ്ധ്യാന്മാരാക്കാവുന്ന സ്ഥിതിക്ക്, അചിരേണ നമ്മുടെ സിമ്മിനാരി അഭിവൃദ്ധിപ്പെടാതിരിപ്പാൻ നിർവാഹമില്ല – എന്നിങ്ങനെയുള്ള ആശയോടുകൂടി ഭാവികാലത്തെ സകൗതുകം പ്രതീക്ഷിച്ചുവന്ന നമുക്ക്, സിമ്മിനാരിയുമായുള്ള വേഴ്ച അവസാനിപ്പിക്കുക എന്നതു മർമ്മഭേദകമായി തോന്നാവുന്നതാണല്ലോ. എങ്കിലും ആയുശ്ശേഷം മുഴുവനും സെറാമ്പൂർ കോളേജിൽ കഴിച്ചുകൂട്ടണമെന്നുദ്ദേശമില്ലാത്തതിനാൽ, സിമ്മനാരിയുമായുള്ള വേർപാട് തല്കാലത്തേക്കു മാത്രമാണെന്നു സമാധാനപ്പെടാവുന്നതാണ്. അതിനേക്കാൾ ഗൗരവതരമായ വേറെയും ഒരു തടസ്സമില്ലയോ? മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയോടൊന്നിച്ചു താമസിച്ചുകൊണ്ട് സാമുദായികകാര്യങ്ങളിൽ അദ്ദേഹത്തെ

www.malankaralibrary.com



സഹായിപ്പാനും ശുശ്രൂഷിപ്പാനുമുള്ള ചുമതലയേയും അവസരത്തേയും അവഗണിക്കുക എന്നതോ? അതും നമുക്ക് ദുസ്സഹമായി തോന്നി. ഇങ്ങനെ മുന്നിൽ കാണായ ചില പ്രതിബന്ധങ്ങൾ നമ്മെ അഭിമുഖീക രിച്ചതിനോടൊപ്പം തന്നെ, സെറാമ്പൂർ കോളേജ് അദ്ധ്യക്ഷന്മാരുടെ ക്ഷണം തട്ടിക്കളയുകയെന്നതു ബുദ്ധിപൂർവ്വമായിരിക്കുമോ എന്നും നമ്മുടെ പ്രത്യേക ചിന്തയ്ക്കു വിഷയീഭവിച്ചു.

തദവസരത്തിൽ സമുദായത്തിന്റെ ഗതിവിഗതികളും നമ്മുടെ ആലോചനയെ ഹഠാദാകർഷിക്കാതിരുന്നില്ല. പല വിധത്തിൽ നാം സാമുദായികകാര്യങ്ങളിൽ ഇടപെടുകയുണ്ടായിട്ടുണ്ട്. തന്മൂലം അവ യുടെ ആഴം ഗ്രഹിപ്പാൻ നമുക്ക് ഇടയാവുകയും ചെയ്തിട്ടുണ്ട്. അബ്ദള്ളാ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ പ്രവൃത്തികൾ മെത്രാപ്പോലീത്താ തിരുമേനിക്കും സമുദായത്തിനും പലവിധത്തിൽ ക്ലേശകാരണങ്ങൾ തന്നെ. സമുദായപ്രധാനന്മാരെന്നഭിമാനിക്കുന്നവർ തമ്മിലുള്ള അസൂയയും മത്സരവും നാം വേണ്ടുവോളം കണ്ടു കഴിഞ്ഞിരിക്കുന്നു. പള്ളികളായ പള്ളികളിലെവിടെയും സമാധാനവും സന്തുഷ്ടിയും കാണപ്പെടുന്നില്ല. സംക്ഷിപ്തമായിപ്പറയുന്ന പക്ഷം സമുദായശരീരമാകവെ കീറിയും വ്രണപ്പെട്ടുമിരിക്കയത്രെ.

മെത്രാപ്പോലീത്താ തിരുമേനിക്കുണ്ടായ നിരവധി ക്ലേശങ്ങൾ, ആറ്റുപുറത്തു പാപ്പി (ആനപ്പാപ്പി) യുടെ അപ്രതീക്ഷിതമായ മരണം, നമ്മുടെ മുറിയിൽ ഘാതകന്മാർ കയറുകമൂലം നമുക്കു ശവക്കുഴിവരെ എത്താൻ ഇടയാക്കിയ കാരണങ്ങൾ എന്നിങ്ങനെ ഭൂതകാലസംഭവങ്ങ ളെക്കുറിച്ചുള്ള സ്മരണകൾ സമുദായകാര്യങ്ങളിൽ മുന്നിട്ടിറങ്ങിയതി ലുള്ള ഇച്ഛാഭംഗങ്ങളെ നമുക്ക് ചൂണ്ടിക്കാണിച്ചുതരികയും ചെയ്തു.

അതിനാൽ, സെറാമ്പൂർ കോളേജിലേക്കു പോവുകയോ പോവാതിരിക്കുകയോ, എന്താണു വേണ്ടതെന്നുള്ള കാര്യത്തിൽ വാസ്തവം പറയുന്നതായാൽ, നാം അസ്വസ്ഥനായിത്തീർന്നുകഴിഞ്ഞു. പലപ്പോഴും ഈ ഒരു വിചാരം തന്നെ നമ്മുടെ ഹൃദയത്തെ അലട്ടി ക്കൊണ്ടിരുന്നു. കുറെ ദിവസങ്ങളായിട്ടും രണ്ടിൽ ഏതെങ്കിലും ഒന്നു തീർച്ചപ്പെടുത്തുവാൻ കഴിയുന്നില്ലല്ലോ എന്നു നാം വിഷാദിച്ചിട്ടുണ്ട്.

www.malankaralibrary.com



മനസ്സിന്റെ ഈ ഒരു അസ്വാസ്ഥ്യം ഭക്ഷണത്തിനും പ്രവൃത്തിക്കും എന്ന പോലെ, ക്രമേണ ഉറക്കത്തിനും വിഘാതമായി തീരാൻ തുടങ്ങി. ഒരു റക്കം കഴിഞ്ഞാലുടൻ, നമ്മുടെ ഹൃദയഫലത്തിൽ ആവിർഭവിക്കുന്നത് സെറാമ്പൂർ കോളേജും ഡോക്ടർ ഹവ്വൽസുമായിരിക്കും. അനുക്ഷണം മെത്രാപ്പോലീത്താ തിരുമേനിയും എം.ഡി. സെമ്മിനാരിയും മറുവശ ത്തായി നമുക്കു ദൃശ്യമാവുകയും ചെയ്യും. കുറേക്കാലമായി മിക്കവാറും കാലത്ത് അഞ്ചുമണിക്ക് ഉറക്കമുണരുക തഴക്കമായിത്തീർന്നിരുന്ന നമുക്ക് അതിനേക്കാൾ എത്രയോ നേരത്തെ എണീക്കുവാൻ യാതൊരു വിഷമവും തോന്നുകയുണ്ടായില്ല. കണ്ണുംമിഴിച്ച് മലർന്നു കിടന്നുകൊണ്ട് മനോരാജ്യസഞ്ചാരം ചെയ്യുന്നതിനേക്കാൾ പരമസുഖം അടുത്തുള്ള ചാപ്പൽ മുറിയിൽ പ്രവേശിക്കുകയാണെന്ന് നമുക്കു തോന്നി. പ്രാർത്ഥി ക്കുകയോ ധ്യാനിക്കുകയോ എന്തുവേണമെങ്കിലും അവിടെവച്ചു യഥേഷ്ടം നടത്താവുന്നതുമാണല്ലൊ. ചിലപ്പോൾ 4 മണിക്കും മറ്റു ചിലപ്പോൾ അതിനുമുമ്പായിട്ടും അക്കാലംമുതൽ ഏതാനും നാൾ, ചാപ്പ ലിൽവച്ചു നടത്തപ്പെട്ടുവന്ന പ്രാർത്ഥനയ്ക്കും ധ്യാനത്തിനും സെറാ മ്പൂർ യാത്ര നമുക്കൊരു പ്രധാനവിഷയമായിരുന്നു. ഈവിധത്തിൽ ഓരോദിവസവും കടന്നുപോയതോടുകൂടി സെറാമ്പൂർകോളേജ് നമ്മെ പൂർവ്വാധികം ആകർഷിച്ചുവരുന്നതായിട്ടാണ് നമുക്കു തോന്നുമാറായ ത്. പിന്നെയും കുറെദിവസങ്ങൾ കൂടി കഴിഞ്ഞപ്പോൾ അതിനോടു ണ്ടായിത്തീർന്ന നമ്മുടെ ആകർഷണം വേർപെടുത്താൻ പാടില്ലാത്ത ഒരു ബന്ധമായിരിക്കുന്നു എന്നും നമുക്ക് അനുഭവമായി. എന്തെങ്കിലു മാവട്ടെ, ദൈവഹിതം അതായിരിക്കണം എന്നു നാം ഒടുവിൽ തീർച്ച പ്പെടുത്തി. പക്ഷേ, തദനുസാരം ഉടനെ വല്ലതും നമുക്കു ചെയ്യാവുന്ന തല്ലല്ലോ. മലങ്കരയിലുള്ള സർവ്വപ്രധാനനായ ഒരു മഹാപുരുഷവ്യ ക്തിക്ക് അധീനനാണ് നമ്മുടെ ശരീരമെന്നിരിക്കിൽ, സ്വയമേവ ചെയ്ത നമ്മുടെ തീരുമാനം വാസ്തവത്തിൽ ഒരു തീരുമാനമായിരിക്കാൻ ഇടയുള്ളതാണോ? ഒരു കാലത്തു താൻ ഏതിന്റെ പ്രിൻസിപ്പാളായി രുന്ന്, ഏതിനെ സ്വസമുദായത്തിന്റെ അഭിമാനസ്തംഭമായി ഉയർത്തി വെച്ചുവോ ആ വന്ദ്യതിരുമേനിക്ക് എം.ഡി.സിമ്മിനാരിയോടുള്ള പുത്രി നിർവ്വിശേഷമായ പ്രേമം എത്രയെന്നും, അതിന്റെ പുരോഗമനത്തിൽ

www.malankaralibrary.com



അവിടുത്തേക്ക് എന്തുമാത്രം ആകാംക്ഷയുണ്ടെന്നു നാം കണ്ടറിഞ്ഞിട്ടുള്ളതാണ്. ഡോക്ടർ ഹവ്വൽസിന്റെ അഭിവാഞ്ചയ്ക്ക് നാം അനുകൂലിക്കുന്നുണ്ടെന്നു വല്ല കാര്യത്തിലും കാണാൻ തുടങ്ങുന്നപക്ഷം, അപ്പോഴേ അതിന്റെ വേര് അറുത്തുകളയണമെന്നു കരുതിയിരിക്കാവുന്ന വലിയ തിരുമേനിയുടെ സന്നിധിയിൽചെന്ന്, അവഗാഢമായിട്ടാണെങ്കിലും സ്വയമേവ ചെയ്ത തീരുമാനത്തെക്കുറിച്ച് എങ്ങനെയാണുണർത്തിക്കുക എന്നു നാം വിഷാദിച്ചു. ശരംപോലെ വന്നുകൊണ്ടിരുന്ന ഡോക്ടർ ഹവ്വത്സിന്റെ എഴുത്തുകൾ എന്തെങ്കിലും ഉടനെ ചെയ്യണമെന്നുള്ളതിലേക്ക് നമ്മെ ഒരുക്കിനിർത്തി. അതിനാൽ ഒട്ടുംതന്നെ സമയം കളയാതെ ഡോക്ടർ ഹവ്വത്സിന്റെ ചില കത്തുകളുമായി നാം തിരുസന്നിധിയിൽ ചെന്നുനിന്നു. പലപല വർത്തമാനങ്ങളും വിശേഷങ്ങളും ഉണർത്തിച്ചതിന്റെ ശേഷം ഡോക്ടർ ഹവ്വത്സിന്റെ കത്തുകളെപ്പറ്റി പ്രസ്താവിച്ചുകൊണ്ട് തദ്വിഷയത്തിലുള്ള നമ്മുടെ അഭിനിവേശം ഇന്നതാണെന്ന് എത്രയും ശാന്തമായി തിരുമനസ്സുണർത്തിച്ചു. ഇടയ്ക്കിടയ്ക്കു ചിലതു കല്പിച്ചു ചോദിക്കയും ചിലപ്പോൾ മൗനം അവലംബിക്കയും ചെയ്തുവന്ന വന്ദ്യതിരുമേനി ഒടുവിൽ "എന്നാൽ അങ്ങനെതന്നെയാവട്ടെ; സന്തോഷപൂർവ്വം നാം അനുവദിച്ചിരിക്കുന്നു," എന്നു കല്പനയരുളി.

ഏറെ ദിവസങ്ങളായി നെഞ്ചിന്മേൽ വെയ്ക്കപ്പെട്ടിരുന്ന വലിയ ഒരു പാറക്കല്ല് പെട്ടെന്ന് എടുത്തു മാറ്റിയാൽ എങ്ങനെയോ, അതുപോലെ, അനുക്ഷണം നമുക്കു വലിയ ഒരു ആശ്വാസവും സുഖവും തോന്നി. എം.ഡി. സിമ്മനാരിയുടെ പ്രിൻസിപ്പാൾ ഉദ്യോഗം രാജിവെച്ച് സെറാമ്പൂർക്കായി യാത്രിപുറപ്പെടുവാൻ പിന്നെ അധികം ദിവസങ്ങൾ കഴിയേണ്ടതായി വന്നില്ല. അക്കാലത്ത് നമ്മോടൊന്നിച്ചു താമസിച്ചിരുന്ന കെ.എ.യാക്കോബ് ശെമ്മാശനും സെറാമ്പൂർക്കായി ഒപ്പം ഇറങ്ങി. (അന്നത്തെ ആ യാക്കോബ് ശെമ്മാശനാണ് ഇപ്പോൾ തിരുവല്ലാ ബഥനിയിൽ ഇരിക്കുന്ന നമ്മുടെ സഹോദരൻ മാർ തീയോപ്പിലോസ് എപ്പിസ്കോപ്പാ എന്നു വിശിഷ്യ പറയേണ്ടതായിട്ടില്ലല്ലൊ.) പ്രകൃത്യാ സൗമ്യശീലനും, വിനീതബുദ്ധിയും, ഏതു കാര്യത്തിലും നമ്മോടൊന്നിച്ചുസഹകരിപ്പാനും ബുദ്ധിമുട്ടുവാനും സന്നദ്ധനുമായി

www.malankaralibrary.com



കാണപ്പെട്ട അദ്ദേഹം പില്കാലത്ത് നമ്മുടെ കൂട്ടുവേലക്കാരനായി തീർന്നുകൊണ്ട് എപ്പിസ്കോപ്പാപദത്തിൽ ഉയർത്തപ്പെടാൻ ഇടയായ തിൽ ദൈവം നമ്മോടു ചെയ്ത ആനുകൂല്യവും കൃപയും അപരിമേയ മെന്നേ പറയാവതുള്ളു.

സ്വസമുദായത്തെ പാടെ അവഗണിക്കയും അതിനോടുള്ള നമ്മുടെ കടമയെ മുഴുവനോടെ വിസ്മരിക്കുകയും ചെയ്യത്തക്കവണ്ണം, ഇന്ത്യാസാമ്രാജ്യത്തിന്റെ തലസ്ഥാനനഗരിയോടുള്ള ഒരു ഒന്നാംഗ്രേഡ് കോളേജിലെ പ്രൊഫസർ ഉദ്യോഗം അക്കാലത്തു നമ്മെ ഒരു തര ത്തിലും വ്യാമോഹിതനാക്കിത്തീർക്കുകയുണ്ടായില്ല. സ്വസമുദായ ത്തിന്റെ അഭിവൃദ്ധിയും ഐശ്വര്യവും അതിലെ പട്ടക്കാരുടെ ഉന്നമന ത്തേയും അവരുടെ വൈദികശാസ്ത്രപാണ്ഡിത്യത്തേയും ഏറെക്കുറെ ആശ്രയിച്ചിരിക്കുവാൻ ഇടയുള്ളതിനാൽ വെറും അലങ്കാരത്തിനായി മാത്രമാവാതെ വാസ്തവത്തിൽ പ്രയോജനകരമായിരിക്കത്തക്കവണ്ണം, മലങ്കരയിൽ ഒരു വൈദികകോളേജ് ഉണ്ടായാൽ നന്നായിരിക്കുമെ ന്നുള്ളനമ്മുടെ ചിരകാലപ്രാർത്ഥിതമായ ആഗ്രഹം സാധിക്കുന്നതിന് യഥാവിധി പ്രവർത്തിക്കുവാൻ നമ്മുടെ സെറാമ്പൂർവാസം ഉപയോഗ പ്രദമായിത്തീർന്നേക്കാവുന്നതാണല്ലോ. വൈദികന്മാരുടെ ഉയർച്ചയാണ് സമുദായത്തിന്റെ ഉയർച്ചയെന്നും, അവരുടെ വിജ്ഞാനമാണ് സമുദാ യത്തിന്റെ മൂലധനമെന്നും, വൈദികകോളേജിന്റെ ആവശ്യകതയെ സൂചിപ്പിച്ചുകൊണ്ട് അവലോകനപടുവായ വലിയ തിരുമേനി നമ്മോട് പലപ്പോഴും അരുളിച്ചെയ്കയുണ്ടായിട്ടുണ്ട്. ആ ഒരു പുതിയ സ്ഥാപ നത്തെ എം.ഡി.സിമ്മനാരിയോടുകൂടി ഘടിപ്പിക്കുന്ന പക്ഷം അതും വൈദികവിദ്യാലയവും ശ്രേയസ്കരമായ വിധം നടന്നുപോകാൻ എളു പ്പമുണ്ടായിരിക്കുമല്ലോ. സമുദായോന്നമനത്തെ അഭിമുഖീകരിച്ചുള്ള തിരുമനസ്സിലെ ഈദൃശ്യമായ ആഗ്രഹങ്ങൾ സുസാധിതമാകുന്നതി നുള്ള പ്രധാനതടസ്സം, ഉൽകൃഷ്ടബിരുദധാരികളായ വൈദികന്മാരുടെ അഭാവം ഒന്നു മാത്രമാണെന്ന് ഏവരും സമ്മതിക്കുന്നതാണ്. സെറാ മ്പൂർ കോളേജിനെപ്പറ്റി നാം ഏറെക്കുറെയെല്ലാം മനസ്സിലാക്കിവെച്ചി ട്ടുണ്ട്. ഉൽക്കൃഷ്ടമായ ആംഗലഭാഷാഭ്യസനത്തിനെന്നതുപോലെ മഹ ത്തരമായ വൈദികശാസ്ത്രപഠനത്തിനും മതിയായ സൗകര്യവും, ഹിത

www.malankaralibrary.com



കരമായ പ്രോത്സാഹനവും നൽകുന്ന ഒരു പ്രോട്ടസ്റ്റണ്ട് പാശ്ചാത്യ സ്ഥാപനംതന്നെയാണ് അത്. പൗരസ്ത്യഭ്യാസംബന്ധമായ വേദോപദേശങ്ങൾ പഠിപ്പിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ നമുക്കുണ്ടായിരിക്കുമെന്നു സുറിയാനിസഭയുടെ പുരാതനവിശ്വാസത്തിനും രീതിക്കും അനുയോജ്യമാംവണ്ണം ദൈവാരാധന നടത്തുവാൻ സൗകര്യമുണ്ടായിരിക്കത്തക്കവിധം ഒരു ചാപ്പൽ ക്രമപ്പെടുത്തുവാൻ വേണ്ട ആനുകൂല്യങ്ങൾ ചെയ്യാമെന്നും, ഡോക്ടർ ഹവ്വൽസ് നമ്മോട് വാഗ്ദാനം ചെയ്തിരുന്നു. അതിനാൽ നമ്മെക്കൊണ്ടു പൊതുസമുദായം ആഗ്രഹിച്ചിരിക്കുവാൻ ഇടയുള്ളതോ, സമുദായത്തിന്റെ സ്ഥായിയായ നിലനില്പിനും ഐശ്വര്യത്തിനും നിദാനമായിരിക്കുന്നതും ഏതോ, അതിനെ മനസ്സിന്റെ ഇച്ഛയ്ക്കൊത്തവണ്ണം സാധിപ്പിക്കുന്നതിനു സെറാമ്പൂർവാസം നമുക്കിടയാക്കാതിരിക്കയില്ലാ നിശ്ചയം.

## വൈദികകോളേജും എം.ഡി.സിമ്മിനാരിയും വേണം.

സെറാമ്പൂർ കോളേജിലെ പ്രൊഫസർ ഉദ്യോഗം നാം കയ്യേറ്റു കഴിഞ്ഞു. നമ്മുടെ അഭീഷ്ടങ്ങൾക്കേതിനും പറ്റിയ ഒന്നാംതരം ഒരു സ്ഥാപനംതന്നെയാണ് അതെന്നു നാം തൃപ്തിപ്പെട്ടു. ദൈവാനുഗ്രഹത്താൽ പ്ലാനും ഒത്തു; സാഹചര്യങ്ങളും ശരിപ്പെട്ടു. വിദ്യാഭ്യാസവിഷയത്തിൽ തല്പരന്മാരായ ഏതാനും യുവവൈദികന്മാരെക്കൂടി ലഭിച്ചാൽ നമ്മുടെ മനോരാജ്യവിദ്യാലയത്തിന്റെ അടിത്തറ കെട്ടിത്തുടങ്ങാമല്ലോ എന്നു നമുക്കു സന്തോഷവുമായി. പഠിക്കുവാൻ സാമർത്ഥ്യവും ഉത്സാഹവുമുള്ള യുവവൈദികന്മാരെ അന്വേഷിക്കുന്ന പക്ഷം ലഭിക്കുമായിരിക്കണം. സെറാമ്പൂർ കോളേജിലെ സൗകര്യങ്ങൾ അവർക്ക് തുലോം അഭിലഷണീയങ്ങളായി തോന്നുകയേ ചെയ്കയുള്ളു. പക്ഷേ, കേരളത്തിൽ നിന്ന് അത്ര അകലെ എത്തി വിദ്യാഭ്യാസം ചെയ്യുന്നതിൽ വരാവുന്ന പണച്ചെലവിനെപ്പറ്റി ആലോചിക്കുമ്പോൾ അവർ പിന്മാറാവുന്നതല്ലയോ. അതിനാൽ ഉടനെ അതിനൊരു പരിഹാരം ഉണ്ടാക്കുകയാണ് അവശ്യം വേണ്ടിയിരിക്കുന്നത്. പണമുണ്ടെങ്കിൽ ആളുകളെ കിട്ടുമെന്നുള്ളതിനാൽ നമുക്ക് കിട്ടിവരുന്ന ശമ്പളം അതിലേക്കായി വിനിയോഗിക്കുകതന്നെ എന്നു നാം തീർച്ചപ്പെടുത്തി. അതുകൊണ്ടു മതിയാവാതെ വരുന്നതായാൽ കോളേജ് അധികൃതന്മാരോടും മറ്റും അപേക്ഷിച്ച് കുറേപ്പേർക്ക് നിവേദനം കൊടുപ്പിക്കാവുന്നതാണ്.

www.malankaralibrary.com



വേറെയും മാർഗങ്ങൾ കാണുമായിരിക്കണം. ഏതായാലും വിദ്യാഭ്യാസത്തിൽ അഭിരുചിയുള്ള ശെമ്മാശന്മാർ സെറാമ്പൂരിലേക്കു വരിക തന്നെ വേണമെന്നും പണദൗർലഭ്യത്തേക്കുറിച്ചുള്ള ചിന്തയാൽ അവർ ഭഗ്നോത്സാഹികളായിത്തീരുമാറാവരുതെന്നും കത്തുകുത്തുകൾ മുഖേന നാം പലരേയും അറിയിച്ചു. നമ്മുടെ ഈ പുതിയ പ്രസ്ഥാനത്തിൽ തനിക്കുള്ള അഭിരുചിയേയും അഭിമതത്തേയും പ്രകടിപ്പിച്ചതിൽ മാത്രമല്ലാ, നമ്മുടെ അഭീഷ്ടം സാധിക്കുന്നതിനായി ശെമ്മാശന്മാരെ പ്രേരിപ്പിച്ചയച്ചതിലും, ഇപ്പോഴത്തെ പൗരസ്ത്യകത്തോലിക്കാ ബാവായായ അന്നത്തെ കൊച്ചുമെത്രാൻ പ്രദർശിപ്പിച്ച സന്തോഷവും ഉത്സാഹവും ഇന്നും സ്മരണാർഹങ്ങൾതന്നെയാണ്. പട്ടിണിയെങ്കിൽ പട്ടിണി; സമൃദ്ധിയെങ്കിൽ സമൃദ്ധി; നമുക്കുണ്ടെങ്കിൽ നിങ്ങൾക്ക്; നിങ്ങൾക്ക് ഉണ്ടെങ്കിൽ നമുക്ക്, എന്നിങ്ങനെ സ്വസമുദായോന്നമനാർത്ഥം നാം നമ്മുടെ ഹൃദയത്തെ അക്കാലത്ത് ശെമ്മാശന്മാർക്കഭിമുഖമായി മലർത്തിവെച്ചു.

ഒരുതരത്തിലും നാം അപ്പോൾ നിരാശാഭരിതനായിത്തീരുകയുണ്ടായില്ല. ശെമ്മാശന്മാരും വൈദികവൃത്തിയിൽ പ്രവേശിപ്പാൻ ആഗ്രഹമുള്ളവരുമായ പലരും ക്രമേണ സെറാമ്പൂരിൽവന്നു ചേരുവാൻ തുടങ്ങി. ആ കാഴ്ച ഒരു സമുദായത്തിന്റെ ശുഭോദർക്കവും കൗതുകകരവുമായ ഭാവികാലചരിത്രത്തെ കാണിച്ചു തന്നതിനാൽ നാം സംതൃപ്തനായിത്തീർന്നു. പണമിടപെട്ട കാര്യങ്ങളിൽ അക്കാലത്തുണ്ടായിരുന്ന നമ്മുടെ വമ്പിച്ച വരവുചെലവിനെക്കുറിച്ച് ആലോചിക്കുമ്പോൾ, ദൈവം അന്ന് എന്തൊരു നീരുറവിനെയായിരുന്നു നമുക്കായി നൽകിയിരുന്നെന്നു നമുക്ക് അത്ഭുതം തോന്നുന്നുണ്ട്. ശമ്പളം എന്ന രൂപത്തിൽ ഗണ്യമായ ഒരു സംഖ്യ നമുക്ക് പ്രതിമാസം കിട്ടിപ്പോന്നിരുന്നുവല്ലോ. അതിനു പുറമെ സർവ്വകലാശാല പരീക്ഷിതന്മാരുടെ ഉത്തരക്കടലാസ്സു പരിശോധിച്ച വകയിൽ കിട്ടിപ്പോന്നിരുന്ന സംഖ്യയും നിസ്സാരമായിരുന്നില്ല. ഡോക്ടർ ഹവ്വത്സിന്റെ ശുപാർശപ്രകാരം മിസ്റ്റർ ലീച്ച്മാൻ ആദിയായ സുഹൃത്തുക്കളിൽനിന്നു വേറെ തരത്തിലുള്ള നിവേദനങ്ങളും ശെമ്മാശന്മാരെ ഉദ്ദേശിച്ചു ലഭിച്ചുകൊണ്ടിരുന്നു. ഇങ്ങനെ ശമ്പളമായിട്ടും പ്രതിഫലമായിട്ടും നിവേദനങ്ങളായിട്ടും 10,000 രൂപായിൽ കുറയാത്ത സംഖ്യ കിട്ടിപ്പോന്നിരുന്നുവെന്നു പറഞ്ഞാൽ

www.malankaralibrary.com



മാത്രമേ, എം.ഡി.സിമ്മനാരിയുടെയും വൈദികകോളേജിന്റെയും ഉന്ന മനത്തിനും സംസ്ഥാപനത്തിനുംവേണ്ടി അക്കാലത്ത് നാം ചെലവഴി ച്ചുപോന്ന സംഖ്യയെപ്പറ്റി വായനക്കാർക്ക് ഏകദേശമായ ഒരു അറി വ്ലഭിക്കുവാൻ ഇടയാകയുള്ളൂ. ഒരിക്കൽ വലിയ തിരുമേനി നമ്മുടെ സെറാമ്പൂർ വാസവൃത്താന്തങ്ങളും വരവുചെലവുകണക്കുകളും സവി സ്തരം ഗ്രഹിക്കുവാൻ ഇടയായപ്പോൾ വട്ടിപ്പണത്തോളം വരുന്ന ഒരു സംഖ്യയാണല്ലോ കൊല്ലംതോറും കിട്ടിവരുന്നതെന്നു വാത്സല്യാതി രേകംമൂലം കല്പിക്കുകയുണ്ടായി എന്നുള്ളത് ഇവിടെ വിശിഷ്യ പ്രസ്താവ്യം തന്നെയാണ്.

അക്കാലത്ത് സെറാമ്പൂരിൽ താമസിച്ചിരുന്ന ശെമ്മാശന്മാരും ശെമ്മാശന്മാരാകാനുള്ളവരുമായവരിൽ ചിലർ ഉപരിയായ ആംഗലഭാ ഷാഭ്യസനത്തിലും മറ്റു ചിലർ വേദശാസ്ത്രസംബന്ധമായ പഠനത്തി ലുമായിരുന്നു ഏർപ്പെട്ടിരുന്നത്. ഇത്തരക്കാരായവരുടെ എണ്ണം വർദ്ധി ച്ചുവന്ന കാലങ്ങളിൽ മുന്നുദ്ധരിച്ച വരുമാനംകൊണ്ട് മാത്രം ചെലവു നിർവഹിക്കപ്പെടുവാൻ ഇടയാകാതെ വന്നിട്ടുണ്ടെന്നുള്ളതും; അപ്പോ ഴെല്ലാം കോളേജ് അധികൃതന്മാരുടെ ദാക്ഷിണ്യംമൂലം കടമായി കിട്ടിയ പണം കൊണ്ടായിരുന്നു ആവശ്യങ്ങൾ നിർവിഘ്നം സാധിച്ചുപോന്നി ട്ടുള്ളതെന്നും ആ വിധത്തിൽ ഉണ്ടായിക്കൊണ്ടിരുന്ന കടം അവധിക്കാ ലത്തെ ശമ്പളംകൊണ്ടു നാം തട്ടിനികത്തുകയായിരുന്നു ചെയ്തു വന്നി രുന്നതെന്നും പ്രത്യേകം ഇവിടെ സ്മർത്തവ്യംതന്നെയാണ്. സെറാമ്പൂ രിൽ താമസിച്ചുവന്നിരുന്നവർക്ക് പുറമെ അലഹബാദ്, കല്ക്കത്താ, മദ്രാസ് എന്നീ സർവകലാശാലകളിലും നമ്മിൽനിന്നു ലഭിച്ച സഹായ ധനംകൊണ്ടു പഠിച്ചുവന്നിരുന്ന വേറെയും ചിലർ ഉണ്ടായിരുന്നതിനാ ലായിരുന്നു, ചിലപ്പോൾ കടംപോലും വാങ്ങിക്കുവാൻ നിർബന്ധിത നായിത്തീർന്നിട്ടുള്ളതെന്ന വാസ്തവത്തെ നമുക്കിവിടെ മൂടിവച്ചിട്ടാവ ശ്യമില്ലല്ലോ. കിട്ടിയതൊക്കെ ആദായവും ആദായത്തെക്കാൾ കവിഞ്ഞ ചെലവും എന്നുമാത്രമേ അക്കാലത്തുണ്ടായിരുന്ന നമ്മുടെ പ്രകൃതത്തേ പ്പറ്റി നമ്മുടെ ആത്മാർത്ഥസുഹൃത്തുക്കൾ ഗ്രഹിച്ചിരിക്കേണ്ടതുള്ളൂ.

നാമും ശെമ്മാശന്മാരും ആദ്യകാലത്തു കോളേജിലെ പ്രഫസറ ന്മാരുടെ ഉപയോഗാർത്ഥം പണിയിക്കപ്പെട്ടിട്ടുള്ള ബംഗ്ലാവുകളിൽ ഒന്നി ലായിരുന്നു താമസിച്ചുവന്നിരുന്നത്. വിദ്യാഭ്യാസാർത്ഥം ക്രമേണയായി

www.malankaralibrary.com



വേറെയും വിദ്യാർത്ഥികൾ സെറാംപൂരിൽ വന്നുചേരുവാൻ തുടങ്ങി. എല്ലാവർക്കും കൂടി ബംഗ്ലാവിൽ താമസിക്കുവാൻ സൗകര്യമില്ലാതിരുന്നതുകൊണ്ട് കോളേജ് അധികൃതന്മാർ ഒരു വീടുകൂടി വാടകയ്ക്കെടുത്തുകൊണ്ടു നമ്മെ ഏല്പിച്ചു. അപ്പോൾമുതൽ കുറേപ്പേർ നമ്മോടൊന്നിച്ചു ബംഗ്ലാവിലും മറ്റുള്ളവർ കോളേജുവക ഹോസ്റ്റലിലും താമസമാക്കി. നമുക്കാവട്ടെ ഭക്ഷണാദികാര്യങ്ങളിൽ യാതൊരുവക പ്രത്യേക ഏർപ്പാടുകളും സൗകര്യങ്ങളും ഉണ്ടായിരുന്നില്ല. പ്രത്യേകമായി നമുക്കു മടിശ്ശീലയുമുണ്ടായിരുന്നില്ല. ഖജാൻജിയുമായി നിയമിക്കപ്പെട്ട ശെമ്മശൻ നമ്മുടെ ആജ്ഞയനുസരിച്ച് എല്ലാവരുടെയും വരവുചെലവുകൾ നടത്തിപ്പോന്നു. തദ്വിഷയത്തിൽ കിട്ടുന്ന പണം മുഴുവനും നാം അയാളെ ഏല്പിക്കുകയും, ഇടയ്ക്കിടയ്ക്ക് കണക്കുകൾ പരിശോധിക്കുകയും ചെയ്യണമെന്നല്ലാതെ മറ്റൊരു ചുമതലയും ക്ലേശവും നമുക്കുണ്ടായിരുന്നില്ല. ഖജാൻജിയായി നിയമിക്കപ്പെട്ട ആളിന്റെ അതിസൂക്ഷ്മംകൊണ്ടും മറ്റും ഭക്ഷണാദിയേർപ്പാടുകൾ ഉയർന്ന നിലയിലായിരുന്നില്ലെങ്കിലും, എല്ലാവരും സുഖകരമായ നിലയിൽ കാലക്ഷേപം ചെയ്തുപോന്നിട്ടുണ്ടെന്നു തന്നെയാണ് നമ്മുടെ നിഷ്കൈതവമായ വിശ്വാസം. ദൈവത്തിന്റെ അളവറ്റ കൃപയാൽ അനുഗ്രഹമായി തീർന്ന ആ കുടുംബത്തിലെ അംഗമെന്ന നിലയിൽ കഴിച്ചുകൂട്ടിപ്പോന്ന ആ സൗഭാഗ്യകാലങ്ങളെപ്പറ്റി നാം പലപ്പോഴും സ്മരിക്കുമാറുണ്ട്. ഇങ്ങിനിവരാതെവണ്ണം കടന്നുപൊയ്ക്കളഞ്ഞ ആ സെറാംപൂർ ഗൃഹവാസം ഇന്നും നമുക്ക് ആഹ്ലാദജനകമായിരിക്കയും ചെയ്യുന്നു.

വാടകയ്ക്ക് എടുക്കപ്പെട്ട കെട്ടിടം ഒരു വമ്പിച്ച രണ്ടുനിലമാളികയായിരുന്നു. അതിലെ വിശാലമായ ഒരു മുറിയെ നാം ചാപ്പലാക്കി വേർതിരിച്ചു വിശുദ്ധ കുർബാന, ധ്യാനം, യാമപ്രാർത്ഥനകൾ ഇവയെല്ലാം നടത്തിപ്പോരുന്നത് ഈ ചാപ്പലിൽ വച്ചായിരുന്നുതാനും. സെറാമ്പൂർ കോളേജ് ഒരു പ്രോട്ടസ്റ്റണ്ട് സ്ഥാപനമാകയാൽ നമ്മുടെ ശെമ്മാശന്മാരിലോ സുറിയാനിക്കാരായ ഇതര വിദ്യാർത്ഥികളിലോ സത്യവിശ്വാസത്തിനെതിരായുള്ള ഉപദേശങ്ങൾ കടന്നുകൂടാതിരിക്കുമാറ് അവർ സത്യമായ പന്ഥാവിലൂടെ പ്രയാണം ചെയ്യത്തക്കവണ്ണം നാം പ്രത്യേക കരുതലോടുകൂടി ചെയ്തുവന്ന പരിശ്രമങ്ങളെപ്പറ്റി വിശേഷവിധിയായി ഒന്നുംതന്നെ ഇവിടെ പ്രസ്താവിക്കേണ്ടതായ ആവശ്യമില്ലല്ലോ. അവിടെ അക്കാലത്തു താമസിച്ചിരുന്ന ശെമ്മാശന്മാരും ശെമ്മാശന്മാരാകാനു

www.malankaralibrary.com



ള്ളവരും മലങ്കരസഭാപിതാവിന്റെ പ്രേമസന്താനങ്ങളായി, സമുദായോന്നമനദൃഷ്ട്യാ അതിന്റെ പണിക്കാരും സംരക്ഷകന്മാരുമായിരിക്കത്തക്കവണ്ണം, നമ്മെക്കൊണ്ട് അപ്പോൾ എന്തെല്ലാം ചെയ്‌വാൻ കഴിയുമായിരുന്നുവോ അതൊക്കെയും, നിഷ്കാമബുദ്ധ്യാ ചെയ്തിട്ടുണ്ടെന്നു തന്നേ നാം കൃതാർത്ഥപ്പെടുന്നു.

നമ്മുടെ സഭയുടെ ആരാധനക്രമങ്ങൾ, വേദാന്തതത്വരഹസ്യങ്ങൾ, ശാസ്ത്രീയമായ വ്യാഖ്യാനങ്ങൾ, ചരിത്രങ്ങൾ ആദിയായവ പലതും സുറിയാനിഭാഷയിൽ എഴുതപ്പെട്ട പല പുസ്തകങ്ങളിലായിട്ടാണ് നിക്ഷിപ്തമായിരിക്കുന്നതെന്നുള്ളത് ഏവർക്കും അറിവുള്ളതാണല്ലോ. അതിനാൽ ഏതൽവിഷയത്തിലുള്ള വിജ്ഞാനവും പാണ്ഡിത്യവും നമ്മുടെ വൈദികന്മാർക്ക് ഒഴിച്ചുകൂടാത്തതുതന്നെ. ആഗംലഭാഷാഭ്യാസനത്തിന്റെ പ്രചുരപ്രചാരത്തോടുകൂടി വൈദികന്മാർക്ക് വൈദികഭാഷയായ സുറിയാനിയോടുണ്ടായിക്കാണായ വിമുഖതയെ പരിഹരിച്ചില്ലെങ്കിൽ അതു സമുദായത്തിനു സ്ഥായിയായ ദോഷം ചെയ്തേക്കുമെന്നു സുറിയാനി ഭാഷാവൈയാകരണനും പണ്ഡിതാഗ്രേസരനുമായ വലിയ തിരുമേനി നമ്മോടു പലപ്പോഴും കല്പിച്ചിട്ടുള്ളതത്രെ. ആംഗലഭാഷാഭ്യാസനത്തിനുശേഷം കുറെക്കാലം സുറിയാനി ഭാഷാഭ്യസനത്തിനായിട്ടും ചെലവഴിക്കണമെന്നു വന്നാൽ, വൈദികന്മാർക്കു നിരുന്മേഷകരമായി തോന്നാവുന്നതാകയാൽ ഇംഗ്ലീഷിനോടുകൂടി അവർക്കു സുറിയാനിയും ഏതാണ്ടു കരസ്ഥമാകുന്നതിനുള്ള സുഗമമായ മാർഗ്ഗം, സുറിയാനിഭാഷ സർവ്വകലാശാല പരീക്ഷയ്ക്ക് ഐഛികവിഷയമായി എടുപ്പിച്ചു ശെമ്മാശന്മാരെ പഠിപ്പിക്കുകയാണെന്നു നാം കണ്ടുപിടിച്ചു. യാതൊരു ക്ലേശവും കൂടാതെ അക്കാര്യം മനോരഥമനുസരിച്ച് സാധിച്ചതിനെ തുടർന്ന്, കല്ക്കത്താ സർവ്വകലാശാലയുടെ വൈസ്ചാൻസിലറായ സർ ആഷട്ടോഷ് മുഖർജിയുടെയും ഡോക്ടർ ഹവ്വത്സിന്റെയും ആനുകൂല്യം നിമിത്തം അവിടെയും സുറിയാനിഭാഷയെ സ്വീകരിപ്പിക്കുന്നതിൽ നമുക്കു വലിയ പ്രയാസമൊന്നും നേരിടുകയുണ്ടായില്ല. സെറാമ്പൂർ കോളേജിനേയും കൽക്കത്താ സർവ്വകലാശാലയേയും അനുകരിച്ചുകൊണ്ട് മദ്രാസ് സർവ്വകലാശാലയും ഇപ്പോൾ സുറിയാനി ഭാഷയെ ഐഛിക വിഷയമായി സ്വീകരിച്ചിരിക്കയാണല്ലോ. ഇതിനാൽ സുറിയാനിഭാഷ ഐശ്ഛരികവിഷയമായി

www.malankaralibrary.com



എടുക്കുന്നവർക്ക് ഇപ്പോൾ ആ ഭാഷയിൽ ബി.എ., എം.എ. മുതലായ ഉൽകൃഷ്ടബിരുദങ്ങൾ സമ്പാദിപ്പാൻ കഴിയുന്നതാണെന്നു പറയേണ്ട തില്ലല്ലോ.

ദൈവത്തിന്റെ അളവറ്റ കൃപയാലും നമ്മുടെ സഹായാനു കൂല്യങ്ങൾ നിമിത്തവും സെറാമ്പൂർ, കൽക്കത്താ, അലഹബാദ്, മദിരാശി ആദിയായ പല സ്ഥലങ്ങളിലും താമസിച്ചു പഠിച്ചവരായ ശെമ്മാശന്മാരിൽ പലരും വിദ്യാഭ്യാസവിഷയത്തിൽ പ്രശസ്തമായ പദവികൾക്ക് അർഹരായിക്കാണാൻ ഇടയായതിൽ നമുക്കുള്ള സന്തോഷം അനിർവാച്യമെന്നേ പറയാവതുള്ളു. ആ നമ്മുടെ മക്കൾ ഇപ്പോൾ പലതരത്തിലുള്ള ഉൽകൃഷ്ട സോപാനങ്ങളിൽ കയറി നിന്നു കൊണ്ട് സുറിയാനി സമുദായത്തിന്റെ ദീപസ്തംഭങ്ങളായി പരിശോ ധിച്ചു വരുന്നുണ്ടെന്നു കാണുക നമുക്കെത്രയോ കൗതുകകരമായ ഒരു കാഴ്ചതന്നെയാണെന്നു പറയേണ്ടതില്ലല്ലോ. പ്രകൃതി ശാസ്ത്രത്തിൽ M.Sc. എന്നു പറയപ്പെടുന്നു ഉൽകൃഷ്ടബിരുദം സമ്പാദിച്ച കാട്ടുമങ്ങാട്ടു ജോൺ ശെമ്മാശനും, എം.എ.ബി.ഡി. പാസ്സായതിന്റെശേഷം സെറാ മ്പൂർ കോളേജിൽ അദ്ധ്യാപകനായിച്ചേർന്ന തച്ചേരിൽ വറുഗീസു ശെമ്മാശനും മാത്രമേ അക്കൂട്ടത്തിൽ ദേഹവിയോഗം ചെയ്തിട്ടുള്ളു എന്നാണ് നമുക്ക് ഓർമ്മയുള്ളത്. ബാക്കിയുള്ളവരിൽ പലരും വിദ്യാ ഭ്യാസാനന്തരം ലഭിക്കപ്പെട്ട ഉയർന്ന ഉദ്യോഗങ്ങളിൽ ഇരുന്നുകൊണ്ട്, അവരുടെ വിദ്യാഭ്യാസാർത്ഥം നാം ഒരു കാലത്തു ചെലഴിച്ച പണം തിരിയെ തന്നിട്ടുണ്ടെന്നും അതെല്ലാം ബഥനിക്കായി നാം മുതൽ കൂട്ടു കയാണ് ചെയ്തിട്ടുള്ളതെന്നും സന്തോഷപുരസ്സരം നാം പ്രസ്താവി ച്ചുകൊള്ളുന്നു.

## പ്രാർത്ഥന

വിജ്ഞാനോപരിസ്ഥനായ ദൈവമെ, അവിടുന്ന് സ്നേഹിക്കുന്ന സത്യം അവിടുന്നു തന്നെയാണല്ലോ. സത്യ വിജ്ഞാനമാകുന്ന പ്രഭകൊണ്ടു അവിടുന്ന് ലോകത്തെ പ്രകാശിപ്പിക്കേണമേ. അങ്ങേ കൂടുതലായി അറിയുന്നതിനു ഞങ്ങളെ പഠിപ്പിക്കേണമേ. അത്യുൽകൃഷ്ടമായ ചിന്തയാൽ ഞങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കണമേ.

www.malankaralibrary.com



## അതല്ലാ, മിഷനറി സമൂഹമാണത്യാവശ്യം

എം.ഡി. സിമ്മിനാരിയെ പൂർവ്വാധികം ഉയർത്തുക; അതിനോടു സംഘടിപ്പിച്ചുകൊണ്ടൊരു വൈദികവിദ്യാലയം സ്ഥാപിക്കുക - എന്നിവയ്ക്കു രണ്ടിനും എന്തെല്ലാം അത്യന്താപേക്ഷിതമായിരിക്കുന്നുവോ, അവയെ സംബന്ധിച്ചിടത്തോളം വേണ്ടതെല്ലാം ചെയ്തുതുടങ്ങിയിരിക്കുന്നുവെന്നതിൽ നാം കൃതകൃത്യനും ചാരിതാർത്ഥ്യനുമായി കഴിഞ്ഞു. സെറാമ്പൂരിലായിട്ടും കൽക്കത്തയിലായിട്ടും മറ്റും അധിവസിച്ചു പഠിക്കുന്ന നമ്മുടെ ശെമ്മാശന്മാർ അചിരേണ വേദശാസ്ത്രത്തിലും ആംഗലഭാഷാപരിജ്ഞാനത്തിലും പണ്ഡിതരായിത്തീരുമ്പോൾ ഉദ്ദേശിച്ച കാര്യങ്ങൾ നിഷ്പ്രയാസം സാധിക്കാമെന്നുള്ളതിൽ യാതൊന്നും ഇനി സംശയിക്കേണ്ടതായിട്ടില്ല. തദ്വിഷയത്തിൽ സ്വപ്നേപി നിരൂപിക്കാതിരുന്ന പല പല ആനുകൂല്യങ്ങളും ദൈവാധീനംകൊണ്ടു നമുക്ക് കിട്ടിക്കഴിഞ്ഞിട്ടുണ്ട്. ചിരകാലപ്രതീക്ഷിതമായ നമ്മുടെ മനോരഥമനുസരിച്ച് എന്തുദ്ദേശത്തോടുകൂടി നാം സ്വദേശം വിട്ടു സെറാമ്പൂരിലെത്തിയോ ആ ആദർശാനുസാരം, പള്ളിക്കൂടം ഉയർത്തുക വൈദികവിദ്യാലയം സ്ഥാപിക്കുക എന്നിവ ഇപ്പോഴത്തെ നിലയിൽ സാധ്യമാണോ? സാധിച്ചാൽ തന്നെയും അതു നിലനിൽക്കുമോ? നിലനിന്നാൽ അതുകൊണ്ടുമാത്രം സമുദായോന്നമനം കൈവരുമോ? സമുദായത്തിന്റെ യഥാർത്ഥമായ ഐശ്വര്യം ഇവയിൽ മാത്രം നിക്ഷിപ്തമോ? നമ്മോടുകൂടെയുള്ള വൈദികന്മാരായ വിദ്യാർത്ഥികളെ പള്ളിക്കൂടങ്ങളേക്കാൾ ഗുരുതരവും, ദൈവത്തിന് പൂർവ്വാധികം ഹിതകരവും, സമുദായോന്നമന ദൃഷ്ട്യാപ്രയോജനകരവുമായ വേറേ ഏർപ്പാടുകളിലേക്ക് ഉപയോഗപ്പെടുത്തുകയല്ലയോ അവശ്യം വേണ്ടിയിരിക്കുന്നത്? വിദ്യാർത്ഥികളായ ശെമ്മാശന്മാരിൽ പലരും പല തരക്കാരത്രേ. ഓരോരുത്തർക്കുമുള്ള പ്രകൃതം വിവിധങ്ങളുമാണ്, ദൈവവിളിയും വിഭിന്നങ്ങളായിരിക്കാം. എല്ലാവർക്കും അദ്ധ്യാപകവൃത്തിയിൽ അഭിരുചിയോ സാമർത്ഥ്യമോ ഉണ്ടാകാനും എളുപ്പമുള്ളതല്ല. വിദ്യാലയം സംബന്ധിച്ച കാര്യങ്ങളിലേക്കു കൊള്ളാവുന്നവരെ അതിലേക്കു പ്രേരിപ്പിക്കാമെന്നു വെക്കാം; മറ്റുള്ളവർക്കും സമുദായത്തിനും പ്രയോജനം വരുത്താവുന്ന മാർഗങ്ങൾ നിർദ്ദേശിക്കേണ്ടതാണ്.

www.malankaralibrary.com



പുണ്യശ്ലോകനായ മാർത്തോമ്മാശ്ലീഹയാൽ സംസ്ഥാപിതമെന്നും, പത്തിരുപതു നൂറ്റാണ്ടുകളോളം പഴക്കമുള്ളതെന്നും, അഭിമാനിച്ചുവരുന്ന മലങ്കരസുറിയാനി സമുദായം ഇക്കാലത്തിനകം, അതിന്റെ കർത്തവ്യകർമ്മമേതോ ആ വിഷയത്തിൽ - സ്ഥാപനോദ്ദേശ്യമേതോ ആ കാര്യത്തിൽ - ഇതഃപര്യന്തം ഗണ്യമായി യാതൊന്നും ചെയ്തിട്ടില്ലെന്നുള്ളത് വലിയൊരു അപരാധമായിത്തന്നെ കണക്കാക്കേണ്ടതെന്നുള്ളതാണ്. ക്രിസ്ത്വാബ്ദം 52-ാം ആണ്ടിൽ രക്ഷകനായ മിശിഹാതമ്പുരാന്റെ നിർദ്ദേശപ്രകാരം കൊളുത്തിവെക്കപ്പെട്ട ആ മഹാപ്രദീപം ഇന്നും അതേ നിലയിൽത്തന്നെ ഇരിക്കുന്നതല്ലാതെ, അതുകൊണ്ടു നിഷ്പ്രഭങ്ങളായ പരിസരങ്ങൾക്കു പ്രകാശവും പ്രസരിപ്പും ലഭിക്കുവാൻ ഇടയായിട്ടില്ലെന്നുള്ളത് സമ്മതിച്ചേ മതിയാകയുള്ളു. ഭാരതഭൂമിയുടെ ആത്മോൽക്കർഷാർത്ഥം അന്യരാജ്യങ്ങളിൽനിന്നു പലരും ഇവിടെ എത്തി. ആരോഗ്യവും ധനവും, പരിഗണിക്കാതെ സുവിശേഷപ്രചരണം ചെയ്തുവരുന്നത് കണ്ടുകൊണ്ടിരുന്നിട്ടും, പൂർവ്വികസഭയുടെ ക്ഷന്തവ്യമല്ലാത്ത ആലസ്യത്തേയും വിസ്മതൃതിയേയും കുറിച്ച് അവരിൽ ചിലർ അഭിമുഖമായി ചോദിക്കുകപോലുംചെയ്തിട്ടും ഉണരാതെയും എണീക്കാതെയുമുള്ള നമ്മുടെ ആ പഴയ കിടപ്പ് അത്യന്തം ലജ്ജാകരവും കുറ്റകരവും ആണെന്ന് മനസ്സിലാക്കിക്കൊണ്ട് ഇപ്പോഴെങ്കിലും അതിനെപ്പറ്റി പശ്ചാത്തപിക്കുവാൻ കഴിയുന്നില്ലെങ്കിൽ അതു വലിയ നിർഭാഗ്യമായിത്തന്നെ കരുതപ്പെടേണ്ടതാണ്. നിശ്ചയമായും. ഭാരതഭൂമിയുടെ അവിശ്വാസത്തിനും ആത്മീയമായ അതിന്റെ അജ്ഞാനത്തിനും ഒരു കാലത്തു മലങ്കര സുറിയാനി സമുദായം സമാധാനം പറയേണ്ടതായിത്തന്നെ വന്നുകൂടും. കർത്തവ്യകർമ്മബോധത്തോടുകൂടി പ്രവർത്തിച്ചിരുന്നുവെങ്കിൽ ഇൻഡ്യാസാമ്രാജ്യത്തിന്നാകവേ ഉണ്ടാകാമായിരുന്ന ആത്മീയാഭിവൃദ്ധിയെ നഷ്ടപ്പെടുത്തിയതിന് അന്നു തക്കതായ ഒരു കാരണവും നമുക്കു പറയാൻ ഉണ്ടാവുകയില്ല. ഈ വിഷയത്തിൽ ഭൂതകാലത്തിലെ ആലസ്യവും അശ്രദ്ധയും എങ്ങനെയുമിരിക്കട്ടെയെന്നു വെയ്ക്കാം. പ്രതികൂലങ്ങളായ സാഹചര്യങ്ങളാലും മറ്റും കഴിഞ്ഞുപോയ തലമുറകളിൽ ഉണ്ടായിരുന്നവർക്ക് തദ്വിവിഷയത്തിൽ കാര്യമായ വിധം ഒന്നും ചെയ്വാൻ കഴിഞ്ഞില്ലെങ്കിൽ അതിനാൽ വന്നിട്ടുള്ള അപരാധത്തെപ്പോലും പരിഹരിക്കത്തക്ക വിധത്തിൽത്തന്നെ മലങ്കര സുറിയാനി സമുദായം ഇപ്പോൾ ഉണർന്നു

www.malankaralibrary.com



പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. ക്രൈസ്തവസഭയുടെ സർവ്വപ്രധാനമായ ചുമതല സുവിശേഷപ്രചരണമത്രെ. രക്ഷകനായ മിശിഹാതമ്പുരാനെ ഏവർക്കും കാണിച്ചുകൊടുക്കുക എന്നുള്ളതാണ് അതിന്റെ മുദ്രാവാക്യം. സമുദായാഭിവൃദ്ധിയേയാണ് അത് ഗൗനിക്കേണ്ടിയിരിക്കുന്നത്. സുവിശേഷപ്രചരണത്തിന് സ്കൂളുകളുടെ അഭാവം വലിയ പ്രതിബന്ധങ്ങളായിരിക്കുന്നില്ല. എം.ഡി.സിമ്മിനാരിയോ, വൈദികവിദ്യാലയമോ, എന്തെല്ലാം ഉണ്ടായാലും ശരി സുവിശേഷപ്രചരണം ദൈവനാമം മഹത്വപ്പെടുന്നതിലേക്ക് അപരിഹാര്യമാണ്. സമുദായത്തിന്റെ കാലോചിതമായ അലങ്കാരത്തിനും സാമൂഹികമായ അതിന്റെ ഉന്നമനത്തിനും സഹായിക്കുമാറുള്ള സ്ഥാപനങ്ങളും പരിശ്രമങ്ങളും മറ്റൊരു വഴിയായി നടന്നുകൊള്ളാമെന്നു വിശ്വസിക്കാം. അതിനായി ആളുകളുമുണ്ട്. സൗകര്യങ്ങളും ഉണ്ട്. നമ്മുടെ സെറാമ്പൂർ വാസത്തെ മുൻ ഉദ്ധരിച്ച വിധത്തിലുള്ള സുവിശേഷപ്രചരണത്തെ ലാക്കാക്കി വേലക്കാരെ ഒരുക്കുന്നതിനുവേണ്ടി വിനിയോഗിക്കുകയാണ് വേണ്ടിയിരുന്നത്. സമുദായത്തിലുണ്ടായിട്ടുള്ള വ്രണങ്ങൾ കരിയുമാറ് ഇടവകകൾ തോറും സഞ്ചരിച്ച് പ്രസംഗങ്ങൾ നടത്തുക, അവിടവിടെയുള്ള ആത്മീയാസ്വാസ്ഥ്യങ്ങൾക്ക് പരിഹാരമുണ്ടാക്കുക; സണ്ടേസ്കൂളുകൾ വർദ്ധിപ്പിച്ച് ബാലികാബാലന്മാരിൽ ആത്മീയബോധം കൈവരുത്തുക; വിജാതിയരുടെ ഇടയിൽ സുവിശേഷം അറിയിച്ചുകൊണ്ട് അവരെ സത്യവിശ്വാസികളാക്കിത്തീർക്കുക മുതലായി സുവിശേഷവേലക്കാരായി ഇറങ്ങുന്നവരെക്കൊണ്ടും പലതും സാധിക്കാവുന്നതാണ്. ഈ വിഷയത്തിൽ അഭിരുചിയുള്ളവരായിക്കും ശെമ്മാശന്മാരിൽ അധികംപേരും എന്നു കണക്കാക്കാവുന്നതത്രേ. ഉദരം നിമിത്തം ബഹുകൃതവേഷമണിയുന്നവരെ ചേർക്കാതെ ദൈവികമായ പ്രബോധനമുള്ളവരേയും പ്രതിഫലേച്ഛയില്ലാത്തവരേയും ചേർത്തു രൂപീകരിക്കപ്പെടുന്ന ഒരു മിഷനറി സംഘം ഉണ്ടായാൽ; വാസ്തവത്തിൽ അതുതന്നെയായിരിക്കും, മലങ്കര സുറിയാനിസഭയുടെ ഭാവൈശ്വര്യങ്ങൾക്കു നിദാനമെന്നതിൽ പക്ഷാന്തരമുണ്ടാകാൻ ഇടയുള്ളതല്ല. സെറാമ്പൂരിലും മറ്റും വിദ്യാർത്ഥികളായിത്താമസിക്കുന്ന ശെമ്മാശന്മാരുടെ പഠനം അവസാനിച്ചാൽ അവരെക്കൊണ്ട് ഇത്തരത്തിലൊരു മിഷനറിമാരെ രൂപീകരിക്കുകതന്നെ വേണ്ടതാണ്. മലങ്കരയിൽനിന്നും പുറത്തേക്കുപോയി സുവിശേഷം അറിയിക്കാമെന്നുള്ളവർ അങ്ങനെയും, സഭയ്ക്കുള്ളിൽ വേല ചെയ്യാ

www.malankaralibrary.com



നൊരുക്കമുള്ളവർ അങ്ങനെയും വിദ്യാഭ്യാസവിഷയത്തിൽ ശ്രമിക്കാവുന്നവർ അങ്ങനെയും ഇറങ്ങട്ടെ എന്നു നിശ്ചയിക്കാം. മിഷനറി സംഘത്തിന്റെ അംഗങ്ങൾ ബോധിച്ചപോലെ ബോധിച്ച വഴിക്കു നടക്കാനോ നടത്തിക്കാനോ അനുവദിക്കപ്പെടരുത്. മിഷനറിസംഘത്തിന് അതിന്റെ ആദർശങ്ങൾക്കനുസരണമായ ഭരണഘടനയുണ്ടായിരിക്കണം. ആദർശത്തിൽ ഐകരൂപ്യവും സഹോദരബന്ധത്താൽ സുസംഘടിതവുമല്ലാത്ത സ്ഥാപനത്തിനു മനുഷ്യരെ നേർവഴിയിലേക്കു കൊണ്ടുവരാൻ എളുപ്പമുണ്ടായിരിക്കുകയില്ല.

സെറാമ്പൂർ വാസത്തിന്റെ മദ്ധ്യഘട്ടത്തോടുകൂടി നമ്മുടെ മനോഗതിക്ക് ഇങ്ങനെയൊരു മാറ്റം സംഭവിച്ചത് എന്തിനായിരുന്നു എന്ന് നമുക്ക് കണിശമായി പറവാൻ സാദ്ധ്യമല്ലെങ്കിലും, സമുദായാഭിവൃദ്ധിയെ അഭിമുഖീകരിച്ചുള്ള ചിന്തകളുടെ ഫലമായിട്ടാണ് അതുണ്ടായതെന്നു തോന്നുന്നുണ്ട്. വളരെ ദിവസങ്ങളോളം പ്രസ്തുത മിഷനറി സംഘത്തെക്കുറിച്ചുള്ള ആലോചനകൾ നമ്മുടെ ഹൃദയത്തിൽ സ്ഥലം പിടിച്ചിരുന്നുവെന്നു തന്നെ പറയാവുന്നതാണ്. നമ്മുടെ ഈ ഉദ്ദേശ്യസാദ്ധ്യത്തിനു പറ്റിയ ഉപകരണങ്ങളും, കരുക്കളും ആയിത്തീരത്തക്കവണ്ണം അനദ്ധ്യയ സമയങ്ങളിലെല്ലാം നാം ശെമ്മാശന്മാരെ അഭ്യസിപ്പിക്കുകയും പതിവായിരുന്നു. ദൈവത്തിന്റെ വിശ്വസ്ത ദാസന്മാരായിരിക്കത്തക്കവണ്ണം സ്വയമേവ പ്രതിഷ്ഠിക്കപ്പെട്ട വർഗത്തെക്കൊണ്ട്

## പ്രാർത്ഥന

ദൈവമേ, തിരുസഭയുടെ സുവിശേഷ പ്രചരണവേലക്കായി ആയുസ്സിനെ പ്രതിഷ്ഠിച്ചിട്ടുള്ളവരെ സന്നദ്ധരാക്കുന്നതിനും അഭ്യസിപ്പിക്കുന്നതിനുമുള്ള സർവ്വവിധ പ്രസ്ഥാനങ്ങളേയും അവിടുന്ന് അനുഗ്രഹിക്കണമേ. ഇവിടെയും എവിടെയുമുള്ള എല്ലാ മിഷനറിസമൂഹങ്ങളും തിരുവിഷ്ടം അറിയുന്നതിനും നിവൃത്തിക്കുന്നതിനുമായി അവിടുന്ന് ഇടയാക്കേണമേ. അവയിൽ ഗുരുഭൂതന്മാരായിരിക്കുന്ന ഏവരേയും അവിടുന്ന് ആശീർവദിക്കണമേ.

www.malankaralibrary.com



ദൈവഹിതത്തിനൊത്തവിധം പ്രവർത്തിക്കുവാൻ യത്നിക്കേണ്ടതു നമ്മുടെ കടമയാണല്ലോ. പലപ്പോഴുമുള്ള നമ്മുടെ ഏകാഗ്രചിന്തക്കു വിഷയീഭൂതമായ ഈ മിഷനറിസമൂഹക്കാര്യം ഉറക്കത്തിലും ഉണർവ്വിലും ഒരുപോലെ നമ്മെ ഉന്മേഷഭരിതനാക്കിത്തീർത്തു. ദൈവികമായ ഏതൊരു പ്രവൃത്തിയിലും ഏർപ്പെടുമ്പോൾ നാം അവിടുത്തേക്കായി സമർപ്പിക്കുന്നത് സമൂഹചിന്തയാൽ ഭാരപ്പെട്ടിരുന്ന നമ്മുടെ ഹൃദയത്തെയായിരുന്നു.

## അതുംപോരാ, സന്ന്യാസസമൂഹം വേണം

മിഷനറിസമൂഹരൂപീകരണത്തെ സംബന്ധിച്ചടത്തോളം ദൈവഹിതം എന്തെന്നു വിശദപ്പെടുവാൻ വേണ്ടി തീവ്രങ്ങളായ പല വ്രതങ്ങളും നിഷ്ഠകളും പാലിച്ചുവന്നതിന്റെ ഫലമായിട്ടോ എന്തോ അക്കാലം നമ്മുടെ മനസു മിഷനറി സമൂഹചിന്തയെന്ന പരിധിക്കുള്ളിൽ കറങ്ങിക്കൊണ്ടിരിക്കുക തന്നെയായിരുന്നു, അദൃശ്യമായ ഒരു പരാശക്തി നമ്മുടെ മനസ്സിനെ തൂക്കിപിടിച്ചുകൊണ്ട് മിഷനറിസമൂഹചിന്തയാകുന്ന വഴിയിലൂടെ വലിച്ചിഴച്ചുകൊണ്ട് പോകുന്നതു പോലെ നമുക്കു തോന്നിയിട്ടുണ്ട്. അപ്പോൾ ബലംപ്രയോഗിച്ചുകൊണ്ടു നാം നമ്മുടെ മനസ്സിനെ ഒരിടത്തു കുറ്റിതറച്ചുറപ്പിക്കാതെ യഥേഷ്ടം അതിനെ അയച്ചു വിട്ടുകൊണ്ട് എവിടെയാണ് അത് സ്വയമേവ ചെന്നുറയ്ക്കുന്നതെന്നും പ്രാർത്ഥനയോടുകൂടി നാം സശ്രദ്ധം വീക്ഷിച്ചു വന്നു. ആത്മീയദൃഷ്ട്യാ, സ്വസമുദായോന്നമനത്തിനു മിഷനറിസമൂഹം അപേക്ഷിതം തന്നെ. പക്ഷേ പ്രായോഗികമായ അതിന്റെ പ്രവർത്തനത്തെക്കുറിച്ചാലോചിക്കുന്നതായാൽ കാലാന്തരത്തിൽ അതിന്റെ ജീവശക്തിക്കു ഹാനി തട്ടിയേക്കാവുന്നതാണെന്നു സംശയിക്കേണ്ടതുണ്ട്. പൊതുജനാഭിനന്ദനത്തിനും എപ്പോൾ ഇടം ലഭിക്കുന്നുവോ, അപ്പോൾ മുതൽ മിഷനറി സമൂഹത്തിന്റെ അധോഗതി ആരംഭിച്ചുപോയി എന്നു നിർണ്ണയിക്കാവുന്നതത്രെ. മിഷനറി സമൂഹത്തിന്റെ അംഗങ്ങളായി ചേരുന്നവർ, എന്നും അതേ നിലയിൽ നിന്നുകൊണ്ട് ദൈവസേവനം ചെയ്യുമെന്നു പ്രതീക്ഷിക്കാവതല്ല. പ്രാപഞ്ചികമായ തിരമാലകൾ അവരുടെ കണ്ണുകളെ മഞ്ഞളിപ്പിക്കാവുന്നതാണ്. ഒരു ജഡവും അതിലെ അവയവങ്ങളുമെന്ന നിലയിൽ വർത്തിച്ചാൽ മാത്രം പ്രയോജനകരമായിത്തീർന്നേക്കാവുന്ന ആ സ്ഥാപനത്തിൽ അന്യോന്യമുള്ള തെറ്റിദ്ധാ

www.malankaralibrary.com



രണകൾ, മത്സരങ്ങൾ, ദുരഭിമാനം എന്നിവയ്ക്കു പ്രവേശനം ലഭിക്കപ്പെട്ടേക്കാം. സമൂഹാംഗങ്ങൾ വിവാഹിതരായിത്തീരുന്ന പക്ഷം ഊർജ്ജിതമായി സുവിശേഷപ്രചരണം നടത്തുവാൻ അവർക്കു സാധിക്കുന്നതല്ല. സമൂഹം എന്ന നിലയിൽ സംഘടനയില്ലാതെ സ്വാഭീഷ്ട പ്രകാരം, സുവിശേഷപ്രചരണം നടത്തിവരുന്ന സാധാരണന്മാരെപ്പോലെ, വിളവിന്റെ തോതനുസരിച്ച് കൊയ്യുവാൻ കഴിയാത്തവരായി, സ്വതന്ത്രന്മാരായ കുറെപ്പേരെ ഉണ്ടാക്കുന്നതുകൊണ്ട് കാര്യമായ ഫലം ലഭിക്കുമോ എന്നു സംശയിക്കേണ്ടതത്രേ.

ആദർശത്തിൽ ഐകരൂപ്യമുണ്ടായിരിക്കേണ്ടതുപോലെ ജീവിതചര്യയിൽ ദൃഢപ്രതിജ്ഞയും വേണമെന്നുള്ളവരായ ആളുകളെ കിട്ടിയില്ലെങ്കിൽ സമൂഹം രൂപീകരിച്ചതുകൊണ്ടും സംഘം സ്ഥാപിച്ചതുകൊണ്ടും സംതൃപ്തിയടയുവാൻ പാടുള്ളതല്ല. ദൈവസേവനത്തെ ജീവിതപ്രമാണമാക്കിയവരായി, ദൈവഭക്തിയിൽ പരിപോഷിപ്പിക്കപ്പെടുന്നവരായുള്ളവരെ തെരഞ്ഞെടുത്ത് രൂപീകരിക്കപ്പെടുന്ന ഒരു സ്ഥാപനംകൊണ്ടുമാത്രമേ സുറിയാനിസമുദായത്തിന്നു യഥാർത്ഥമായ അഭ്യൂദയവും സുവിശേഷപ്രചാരണവേലയ്ക്കു വാസ്തവമായ ഫലപ്രാപ്തിയും ഉണ്ടാകയുള്ളു. ഉയരത്തിൽ നിൽക്കുന്നവനല്ലാതെ കുഴിയിൽ കിടക്കുന്നവനെ രക്ഷപെടുത്തുവാൻ കഴിവുള്ളതല്ല. സുവിശേഷപ്രചരണം വാക്കുകളാലോ വാക്യങ്ങളാലോ മാത്രമല്ലാ; സുകൃതനടപടികളാലും പരോപകാർത്ഥമായ സ്നേഹവ്യാപാരങ്ങളാലും നിർവ്വഹിക്കപ്പെടേണ്ടതാണ്.

കൊമ്പുകളും ഇലകളും ഉള്ള വൃക്ഷത്തിന്റെ തണലിൽ വെയിലേറ്റു പൊരിയുന്നവരെല്ലാവരും സ്വയമേവ വന്നുചേർന്നുകൊള്ളുമല്ലോ. ഫലം കായ്ക്കുന്ന വൃക്ഷത്തിൽനിന്നു പാന്ഥന്മാരായവർ പഴങ്ങൾ പറിച്ചുകൊള്ളുകയും ചെയ്യും.

സുകൃതങ്ങൾ സുകൃതരിൽനിന്നു മാത്രമേ സംജാതമാവുകയുള്ളു. പുണ്യപ്രവർത്തികളേക്കാൾ പ്രാധാന്യം കൊടുക്കേണ്ടത് പുണ്യജീവിതത്തിന്നത്രെ. ലോകരെ ദൈവത്തിങ്കലേക്കു തിരിക്കണമെങ്കിൽ യഥാർത്ഥമായ ദൈവഭക്തിയും ദൈവസ്നേഹവുമുള്ള സുവിശേഷകന്മാർ ഉണ്ടായിരിക്കണം.

www.malankaralibrary.com





മിഷനറി സമൂഹംകൊണ്ടു പരിപൂർണ്ണമായ ആശയ്ക്കു മാർഗ്ഗമുണ്ടോ എന്നു പര്യാലോചിക്കുകയാൽ അവിടെയും മതിയായ ഉറപ്പു കിട്ടാതെ നമ്മുടെ മനസ്സു പിന്നെയും ഉഴറുവാൻ തുടങ്ങി. ഇക്കാര്യത്തിൽ നമ്മെത്തന്നെ മുഴുവനായി നാം ദൈത്തിനു സമർപ്പിച്ചിരിക്കുകയാൽ അവിടുന്ന് ഏതൊരു തരത്തിലാണ് അവിടുത്തെ ഇംഗിതം വെളിപ്പെടുത്തുക എന്നു നോക്കിയിരിക്കുകയേ നമുക്കാവശ്യമുണ്ടായിരുന്നുള്ളു. പ്രാർത്ഥനയിലും ധ്യാനത്തിലും സർവ്വപ്രധാനമായി വി.കുർബ്ബാനയിലും നാം ഈ വിഷയത്തിനു പ്രാമുഖ്യം നൽകി. ദൈവഹിതം എന്തുതന്നെയായിരുന്നാലും അതിന്നായി സ്വരാജ്യത്തേയോ സ്വജനങ്ങളേയോ ഉപേക്ഷിക്കേണ്ടി വന്നാൽപോലും അവയ്ക്കൊക്കെ

www.malankaralibrary.com



സന്നദ്ധനായി, സുവിശേഷപ്രചരണാർത്ഥം വരാവുന്ന ക്ലേശങ്ങളെല്ലാം അവഗണിച്ചു ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് ജീവിപ്പാൻ നമ്മെയും ശിഷ്യന്മാരെയും പ്രാപ്തരാക്കേണമേ എന്നായിരുന്നു നാം അപേക്ഷിച്ചു വന്നത്.

ഈ നിലയിൽ പിന്നെയും മാസങ്ങൾ കുറെ കഴിഞ്ഞുപോയി. ദൈവത്തിന്റെ തിരുമുമ്പിൽ കളിമണ്ണിനെയെന്നപോലെ കുഴച്ചു വെയ്ക്കപ്പെട്ടിരുന്ന നമ്മുടെ ഹൃദയത്തിന് ആദർശമാകുന്ന ആകൃതിയും ആശയമാകുന്ന ഭംഗിയും ക്രമേണ ഉണ്ടായി വരുന്നില്ലയോ എന്നു നമുക്കു തോന്നി തുടങ്ങി. നിശ്ചയമായും അവിടുന്ന് അതിനു രൂപം കൊടുക്കാതിരിക്കുകയില്ലെന്നു നാം വിശ്വസിച്ചു. അക്കാലം വരെ സ്വതന്ത്രമായിരുന്ന നമ്മുടെ ഹൃദയത്തെ അവിടെത്തന്നെ പ്രതിഷ്ഠിച്ചുവെച്ച് നാം മാറിയിരുന്നു. ഇക്കാര്യത്തിൽ പലപല പരീക്ഷകളെയും നമുക്കു വിജയിക്കേണ്ടതായി വന്നിട്ടുണ്ട്. സ്വയത്തെ പരിത്യജിക്കുക എന്നുള്ളതിൽ വരാവുന്ന ശാരീരികവും മാനസികവുമായ പ്രയാസങ്ങളെക്കുറിച്ച് അനുഭവസ്ഥന്മാർ മാത്രമേ മനസ്സിലാക്കിയിരിക്കയുള്ളുവല്ലോ.

ദൈവസേവനത്തേക്കാൾ അത്യുത്തമമല്ലയോ ദൈവസമ്പാദനമെന്നു നമുക്കു തോന്നി. മനുഷ്യരുടെജീവിതോദ്ദേശ്യം പല പ്രകാരത്തിലായിരിക്കും. സന്തോഷം അനുഭവിപ്പാൻവേണ്ടി പലരും ആയാസപ്പെടുന്നുണ്ട്. മറ്റുചിലർ ആരോഗ്യസമ്പാദനത്തിനായി ക്ലേശിക്കുന്നു. ക്ഷണഭംഗുരമായ കീർത്തിക്കായി പരിശ്രമിക്കുന്നവരും ചുരുക്കമല്ല. വേറെ ചിലർ നാണയം കൊണ്ടുള്ള കുന്നുകളുണ്ടാക്കുവാനായി ശ്രമപ്പെടുന്നുണ്ട്. കാലയാപനത്തിനായി പ്രയാസപ്പെടുന്നവരും അനവധിയത്രേ. വിവിധോദ്ദേശങ്ങളോടുകൂടിയാണെങ്കിലും ലോകത്തിൽ ഒരുത്തൻപോലും പ്രയത്നിക്കാതെ വെറുതെ ഇരിക്കുന്നതായി കാണപ്പെടുന്നില്ല. ക്രിസ്തീയജീവിതം നയിക്കുന്നവർക്കു തന്നെയും ലോകവുമായുള്ള ബന്ധത്തെ കേവലം ഉപേക്ഷിക്കാൻ നിവൃത്തിയില്ലെങ്കിലും അവരിൽ യഥാർത്ഥമായി ദൈവസേവനം ചെയ്യുന്നവർ കഴിവുള്ളപക്ഷം ദൈവസമ്പാദനാർത്ഥമായി തങ്ങളുടെ ശിഷ്ടായുസ്സിനെ വിനിയോഗിക്കയേ ചെയ്കയുള്ളു. ദൈവസമ്പാദനത്തേക്കാൾ മഹത്തരമായ മറ്റൊന്നും ചിതലകുളുടെ സങ്കേതമാകുന്ന ഈ ലോകത്തിൽ നിന്നു

www.malankaralibrary.com



ലഭിക്കാൻ ഇടയുള്ളതല്ലെന്നും ക്രിസ്തീയജീവിതത്തിൽ വിശ്രമമെന്യെ പ്രയാണം ചെയ്യുന്നവർക്കു ഗ്രഹിക്കാവുന്നതാണ്. വിശ്വാസത്താൽ മനുഷ്യൻ ദൈവവുമായി ബന്ധപ്പെടണം. ദൈവികമായ ശരണത്തിൽ മാത്രമേ അവൻ അവലംബിക്കപ്പെടുവാനും പാടുള്ളു. ദൈവസ്നേഹമല്ലാതെ മറ്റൊരു ചൈതന്യവുമവന്നുണ്ടായിരുന്നുകൂടാ. ഈ മനസ്ഥിതിയിലെത്തുന്നതിന്റെ മാർഗ്ഗദർശി ത്യാഗമായിരിക്കും. ത്യാഗംകൊണ്ടല്ലാതെ അനന്യസാധാരണമായ ദൈവസാമീപ്യം ലഭിക്കാവതല്ല. ദൈവവുമായി വളരെയടുത്തു നിൽക്കണമെന്നുള്ളവൻ സകലത്തിലും യേശുമിശിഹായെത്തന്നെ അനുകരിച്ചേ മതിയാവുകയുള്ളു. ഗോഗുൽത്താമലമേൽ കാണപ്പെടുന്ന സ്വയപരിത്യാഗത്തിന്റെ അച്ഛസ്ഫടികമയാമാതൃക അവന്റെ ഉള്ളിൽ പ്രതിഫലിക്കപ്പെടണം. സ്വകുടുംബത്തെയെന്നല്ല, സ്വരാജ്യത്തെയെന്നല്ല ലോകത്തെത്തന്നെ അവൻ ഉപേക്ഷിക്കണം. അവനെപ്പോലും പരിത്യജിക്കണം. ലോകത്തിനു മരിക്കയെന്നുള്ളതും സ്വയപരിത്യാഗമെന്നുള്ളതും, ഒന്നുതന്നെയാണ്. യേശുമിശിഹായുടെ ശ്ലീഹന്മാർ സ്വയപരിത്യാഗികളായിരുന്നു. “സകലതും ഉപേക്ഷിച്ചുകൊണ്ട് ഞങ്ങൾ നിന്റെ പിന്നാലെ വന്നിരിക്കുന്നു” എന്നുപറയാൻ തക്കവണ്ണം മനഃശക്തിയും ദൈവാനുഗ്രഹവും ലഭിച്ച അവരത്രെ ദൈവത്തെ സമ്പാദിച്ചവർ; അവരത്രെ യഥാർത്ഥസുവിശേഷകന്മാർ; അവരാലത്രെ ലോകത്തിനു യേശുമിശിഹായെ അറിയാൻ കഴിഞ്ഞിട്ടുള്ളതും. സന്ന്യാസപദം പ്രാപിക്കുന്ന ഒരാളാൽ ഇവയൊക്കെ സാധിക്കാവുന്നതാണ്. പരിത്യാഗത്തെ അതിന്റെ അക്ഷരപ്രകാരം അഭ്യന്തരമായും ബാഹ്യമായും നിവൃത്തിക്കുവാൻ അയാൾക്കു മാത്രമേ കഴിവുണ്ടാകയുള്ളു. ഒരു സന്ന്യാസിക്കു ധനം, ബഹുമതി, പൊതുജനസമ്മതം എന്നീ പദങ്ങൾ അപമാനം, ദാരിദ്ര്യം, ദുഷ്കീർത്തി എന്നിവയുടെ പര്യായങ്ങൾ മാത്രമത്രെ. ലോകദൃഷ്ടിയിൽ ബുദ്ധിഹീനനും ഭ്രാന്തനുമായിത്തീരുമ്പോൾ ഒരു സന്ന്യാസി പരമാനന്ദം അനുഭവിക്കുന്നു.

“ലോകം താത സഹോദരൻ ജാതിയതും തറവാടും

ആകെയുപേക്ഷിച്ചേശുവിനായ്” മരിക്കുവാനും ജീവിക്കുവാനും സന്നദ്ധരായവർക്കു ത്യാഗവും ദാരിദ്ര്യവും കണ്ഠാഭരണങ്ങളത്രെ.

www.malankaralibrary.com



സ്വയമേവ തങ്ങളെത്തന്നെ ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള സന്ന്യാസികളടങ്ങിയ ഒരു സമൂഹം തന്നായണ് വേണ്ടതെന്നും, ദൈവ തിരുവിഷ്ടം അതാണെന്നും, അതിനാൽ അതാണ് ജീവിതാദർശ മായിരിക്കേണ്ടതെന്നും, അതിനായിട്ടുവേണം ശിഷ്ടായുസ്സിനെ വിനി യോഗിപ്പാനെന്നും നാം ദൈവകൃപയെ അവലംബിച്ചുകൊണ്ടു നിശ്ചയിച്ചു. ഒട്ടധികം ദിവസങ്ങളിലേയും മാസങ്ങളിലേയും പര്യവേ ക്ഷണങ്ങളുടെയും പര്യാലോചനകളുടെയും പ്രാർത്ഥന വി.കുർബാന എന്നിവയുടെ ഫലമായി ദൈവത്തിൽനിന്നു ലഭിക്കപ്പെട്ട പ്രസ്തുത ആദർശത്തെ നാം ഒരു അമൂല്യനിധിയെന്നവണ്ണം വിലമതിക്കുകയും അതിനെ വ്യാപാരം ചെയ്യാനുള്ള പരിജ്ഞാനത്തെ തേടുവാൻ ഉദ്യ മിക്കുകയും ചെയ്തു.

## പ്രാർത്ഥന

മിശിഹാകർത്താവേ, ലോകത്തെ പരിത്യജിച്ച് അവിടുത്തെ അനുഗമിക്കുവാൻ ഒരുമ്പെടുന്നവരെ അവിടുന്ന് അനുകമ്പയോടുകൂടി കടാക്ഷിക്കണമേ! ജീവിതരണത്തിൽ അവരെ അഭിമുഖീകരിക്കുന്ന സർവ്വ ക്ലേശങ്ങളിൽനിന്നും അവരെ മോചിപ്പിക്കുവാൻ തിരുമനസ്സുണ്ടാവണമേ! സന്ന്യാ സത്വത്തിലേക്കായി അവിടുന്ന് പ്രേമപൂർവ്വം തിരഞ്ഞെടുക്കു ന്നവരെ സകലവിധമായ അന്ധതകളിൽ നിന്നും തടസ്സങ്ങ ളിൽ നിന്നും സ്വതന്ത്രരാക്കേണമേ! സംഭാഷണത്താലും സംസർഗ്ഗത്താലും അവിടുത്തെ സ്നേഹമാകുന്ന പരി മളത്തെ ലോകമെങ്ങും വ്യാപിപ്പിക്കുന്നതിനായി അവരെ നിയോഗിക്കണമേ! ത്യാഗത്തെ വസ്ത്രമായിട്ടും ദാരിദ്ര്യത്തെ ശിരോലങ്കാരമായിട്ടും സ്വീകരിക്കത്തക്ക സൽബുദ്ധി അവരിൽ ഉറപ്പിക്കണമേ! അവരുടെ ഹൃദയങ്ങളിൽ അവിടുത്തെ പ്രതിഛായ പ്രതിഫലിക്കുമാറാകണമെ.

www.malankaralibrary.com

## അദ്ധ്യായം ~ 4

# സന്ന്യാസിനീസമൂഹം

ഏതാണ്ടീഘട്ടത്തിൽ സമുദായോന്നമനദൃഷ്ട്യാ നമ്മുടെ പരിചിന്തത്തിൽ എത്തപ്പെട്ട ഒരു പ്രധാന കാര്യത്തെക്കുറിച്ചുകൂടി ഇവിടെ പ്രസ്താവിക്കേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. സമുദായികമായ ഐശ്വര്യം ഏതൽ സമുദായത്തിലുള്ള സ്ത്രീജനങ്ങളുടെ സ്വഭാവസംസ്കരണത്തെ ആശ്രയിച്ചായിരിക്കുമല്ലോ. സ്വസമുദായത്തിലെ സ്ത്രീവർഗം വിദ്യാഭ്യാസവിഷയത്തിൽ തുലോം താണ പടിയിൽ കിടക്കുകയാണ്. അതിൽനിന്ന് അവരെ ഉദ്ധരിക്കണമെങ്കിൽ ദൈവഭക്തിയും ജീവിതശുദ്ധിയും കൈവളർത്തുമാറ് വിദ്യാസമ്പാദനത്തിനു വേണ്ടുന്ന സൗകര്യങ്ങൾ ഉണ്ടാവുമാറാവണം. ഈ കാര്യം സർവ്വപ്രധാനമായി വിചാരിച്ച് അതിന്റെ ഉദ്ദേശസാദ്ധ്യത്തിനായി പ്രവർത്തിച്ചിട്ടുള്ള സമുദായാഭിമാനികളിൽവച്ച് പരേതനായ കണ്ടത്തിൽ വറുഗീസ് മാപ്പിളയ്ക്ക് നിശ്ചയമായും ഒരു മാന്യസ്ഥാനം കൊടുത്തേ മതിയാകയുള്ളൂ. നിരീക്ഷണചതുരനായ അദ്ദേഹത്തിന്റെ സ്ത്രീവിദ്യാഭ്യാസോന്മുഖമായ പരിശ്രമത്തിന്റെ പ്രത്യക്ഷലക്ഷ്യമത്രെ തിരുവല്ലായിൽ തിരുമൂലപുരത്തു സ്ഥാപിക്കപ്പെട്ടിട്ടുള്ള വിദ്യാലയം എന്നു പറയാം. പ്രകൃതിരമണീയമായ ഏതാനും സ്ഥലം ഇതിലേക്കു വിനിയോഗിച്ച് അവിടെ മനോഹരമായ ഒരു വിദ്യാലയമന്ദിരം കെട്ടിത്തീർക്കുവാനല്ലാതെ അഭിലാഷാനുസാരം അതൊരു പള്ളിക്കൂടമായിക്കാണുവാൻ അപ്രലോഭിതനായ ആ സമുദായസ്നേഹിക്ക് ഇടയായില്ല. തിരുമൂലപുരത്തു നിരുപയോഗമായി കിടക്കുന്ന ആ ബ്രഹ്മാണ്ഡകെട്ടിടം നാം പലപ്പോഴും കണ്ടിട്ടുള്ളതാണ്. ഏതൽ സ്ഥാപന കർത്താവിന്റെ മനോരഥമനുസരിച്ചും സ്വസമുദായത്തിന് അഭിമാനകരമായ വിധത്തിലും അതിനെ പരിഷ്കൃതരീതിയിലുള്ള ഒരു മഹിളാവിദ്യാലയമാക്കിത്തീർക്കേണ്ടത് ആവശ്യമാണെന്ന് നമുക്കു തോന്നി. അതിന്റെ അദ്ധ്യാപികമാരും ഭരണകർത്രി

www.malankaralibrary.com



കളും സ്വസമുദായാംഗങ്ങളായ സ്ത്രീകളായിരുന്നാൽ കുറേക്കൂടി ഉപകാരപ്രദവും പ്രയോജനകരവുമായിരിക്കുമെന്നുള്ളതുകൊണ്ട് അതിനു തക്ക പ്രാപ്തിയും വൈദൂഷ്യം തികഞ്ഞവരാണ് ഒന്നാമതായി ഉണ്ടാകേണ്ടതെന്നും, അതിന്നായിട്ടുവേണം പ്രഥമമായി ശ്രമിക്കുവാനെന്നും നാം നിശ്ചയിച്ചു. ഇൻഡ്യയുടെ ആംഗ്ലിക്കൻ മെത്രാപ്പോലീത്തായുടെ ആഭിമുഖ്യത്തിലും ഹൈച്ചർച്ച് വിശ്വാസാനുസാരികളായ യൂറോപ്യൻ കന്യാസ്ത്രീകളുടെ ഭരണത്തിലും പ്രശസ്തമായ നിലയിൽ നടത്തപ്പെട്ടുവരുന്ന കൽക്കത്തായിലെ ഡയോസിസൻ മഹിളാപാഠശാലയെപ്പറ്റി നാം കേട്ടിട്ടുള്ളതാണ്. ബി.എ., എം.എ. മുതലായ ഉന്നതബിരുദങ്ങൾ സമ്പാദിക്കത്തക്കവണ്ണം വേണ്ടുന്ന സർവ്വവിധ സൗകര്യങ്ങളും നൽകുന്ന പ്രസ്തുതകോളേജിന്റെ പ്രിൻസിപ്പാളിനെത്തന്നെ നാം ഒരു ദിവസം പോയിക്കാണുകയുണ്ടായി. എത്രയോ അനുഭാവത്തോടും അനുകമ്പയോടുംകൂടിയാണ് നമ്മുടെ അഭിവാഞ്ഛയെ സിസ്റ്റർ മേരി വിക്ടോറിയോ ശ്രവിക്കുകയുണ്ടായതെന്ന് നാം ഇപ്പോഴും ഓർക്കുന്നുണ്ട്. വിദ്യാഭ്യാസാർത്ഥം സുറിയാനിക്കാരായ പെൺകുട്ടികൾ വരുന്നതായാൽ അവരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചുകൊള്ളാമെന്നും നാലഞ്ചുകൊല്ലം കഴിഞ്ഞ് അവരുടെ വിദ്യാഭ്യാസം പൂർത്തിയായശേഷം അവർ നാട്ടിലേക്കു മടങ്ങുമ്പോൾ അവരോടൊന്നിച്ചു താനുംകൂടി തിരുവല്ലായിൽ താമസിച്ചുകൊണ്ട് തിരുമൂല സ്കൂൾ ആരംഭിച്ചുകളയാമെന്നും അവർ നമ്മോട് ആനുകൂല്യം, പ്രദർശിപ്പിച്ചു. ഈ വിഷയത്തിൽ അന്ന് കൽക്കത്തായിലുള്ള ബിഷപ്പ്സ് കോളേജിൽ വിദ്യാർത്ഥിയായി താമസിച്ചിരുന്ന ദിവ്യശ്രീ കണിയാന്ത്ര അലക്സന്ത്രയോസ് കത്തനാരും കൂടി ശ്രമിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഇവിടെ സ്മരണാർഹമാണ്.

ഒരിക്കൽ നാം അവധിക്കാലത്തു നാട്ടിൽ വന്നിരുന്നപ്പോൾ വലിയ തിരുമേനിയെ കാണുകയും സ്ത്രീവിദ്യാഭ്യാസോന്മുഖമായ നമ്മുടെ ആഗ്രഹങ്ങളെ അറിയിക്കുകയും, ഉൽകൃഷ്ടവിദ്യാഭ്യാസത്തിനായി പെൺകുട്ടികളെ കൊണ്ടുപോകുന്നതിന് അനുവാദമപേക്ഷിക്കുകയും ചെയ്യുകയുണ്ടായി. പരേതനായ വർഗീസുമാപ്പിളയുടെ ആഗ്രഹം സാധി

www.malankaralibrary.com



പ്പിച്ച്, സ്വസമുദായത്തിൽ സ്ത്രീവിദ്യാഭ്യാസത്തിനു കൂടുതൽ പ്രവേശനം നൽകുക എന്നുള്ളതിൽ സംതൃപ്തനായ തിരുമേനി നമ്മുടെ ആഗ്രഹങ്ങളെ അഭിനന്ദിക്കുകയും പെൺകുട്ടികളെ കൊണ്ടുപോകുന്നതിനായി അനുമതി നൽകുകയും ചെയ്തു. സ്വദേശം വിട്ട് ഉപരിപഠനത്തിനായി ആദ്യം നമ്മോടു കൂടിപ്പോരികയുണ്ടായത് മിസ്റ്റർ ഇ.ജെ. ജോൺ വക്കീലിന്റെ മകൾ അച്ചാമ്മ (മിസ്സസ് ജോൺ മത്തായി) ആയിരുന്നു. വിനീതബുദ്ധിയും ധൈര്യശാലിനിയുമായ ആ ബാലികയെ അനുകരിച്ചുകൊണ്ട്, ഏറെത്താമസിയാതെ വേറെയും പെൺകുട്ടികൾ കൽക്കത്തായ്ക്ക് വരുവാൻ തുടങ്ങി. കുറേപ്പേരെ നാം മുൻപറഞ്ഞ ഡയോസിസൻ കോളേജിൽ ചേർപ്പിച്ചു. കിഴക്കേ ബങ്കാളത്തുള്ള ബാറിസോളിയിലെ കന്യകാമഠത്തിൽ ആംഗലഭാഷാഭ്യാസനത്തിന് വേണ്ടുന്ന സൗകര്യങ്ങൾ ഉണ്ടാക്കുകയും അതിന്നു പുറമേ കന്യകാത്വപരിശീലനവും കൂടി നൽകുവാനും ഒരുക്കമുണ്ടെന്നു മഹതിയും, വിശാലഹൃദയയുമായ മദർ ഈഡിത്ത് വാദ്ഗാദം ചെയ്തതനുസരിച്ച് ചില പെൺകുട്ടികളെ അവിടെയും നാം ചേർപ്പിപ്പു. ഉൽകൃഷ്ട വിദ്യാഭ്യാസവും ക്രിസ്തീയ സന്ന്യാസവും ലഭിച്ചിട്ടുള്ളവരായ സ്ത്രീകളെക്കൊണ്ടു നമ്മുടെ നാട്ടിലുള്ള സ്ത്രീജനങ്ങൾക്ക് അദ്ധ്യാത്മീയമായും വിദ്യാഭ്യാസപരമായും സാമുദായികമായുമുള്ള ഉൽക്കർഷം ഉണ്ടാകുമെന്നു നാം പ്രതീക്ഷിച്ചു. അനദ്ധ്യയകാലങ്ങളിൽ നാം ഡയോസീസൻ കോളേജിലും ബാറിസോളിലും ചെന്ന് നമ്മുടെ പെൺകുട്ടികളുടെ ക്ഷേമത്തെക്കുറിച്ച് അന്വേഷിക്കുകയും, വിശ്വാസ സംബന്ധമായ കാര്യങ്ങളെക്കുറിച്ചു അവരെ പഠിപ്പിക്കുകയും, ആത്മീയജീവിതത്തിലേക്ക് അവരെ നയിക്കുകയും ചെയ്തുവന്നു. കൽക്കത്താ സർവ്വകലാശാല പരീക്ഷയ്ക്കു സുറിയാനിഭാഷ ഐശ്ചികവിഷയമായി എടുത്തിട്ടുള്ള പെൺകുട്ടികളും അക്കൂട്ടത്തിലുണ്ടായിരുന്നു. അതിനാൽ തദ്വിഷയത്തിലുള്ള അവരുടെ വിദ്യാഭ്യാസത്തിലും നാം ശ്രദ്ധിച്ചിരുന്നു.

ആയുശ്ശേഷം മുഴുവനും ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെടുന്ന പുരുഷന്മാരെപ്പോലെതന്നെ, സ്ത്രീകൾക്കും കന്യകകളായിരിപ്പാൻ ക്രിസ്തീയസഭയിൽ പുരാതനകാലംമുതലേ സൗകര്യം നൽകപ്പെട്ടിട്ട

www.malankaralibrary.com



ള്ളതിനാൽ ഇന്നും പൂർവ്വികങ്ങളായ പാശ്ചാത്യപൗരസ്ത്യസഭകളിൽ കന്യകാമഠങ്ങളെക്കൊണ്ട് സാധിച്ചുവരുന്ന മഹത്തരങ്ങളായ സുകൃത വേലകളെ ഗൗനിക്കുമ്പോൾ മലങ്കരസഭയിൽ കന്യകാമഠപ്രസ്ഥാന ത്തിനു സ്ഥാനമുണ്ടാക്കുക ആവശ്യമാണെന്നു നമുക്കു തോന്നി. സുവി ശേഷപ്രചരണാർത്ഥം സന്ന്യാസിമാരുടെ പ്രവേശനവും സഹകരണവും നിവൃത്തിയില്ലാത്തേടത്ത് സന്ന്യാസിനികൾക്ക് സൗകര്യമുണ്ടായിരിക്കു മെന്നുള്ളതിനാൽ മാത്രമല്ലാ, ഒരു ഗൃഹത്തിന്റേയും വിശുദ്ധസഭയു ടേയും ഉള്ളറയിൽ ദൈവത്തിനുള്ള സ്ഥാനം സ്ത്രീജനങ്ങളുടെ മനോ ഗതിയുടെ ആനുകൂല്യമനുസരിച്ചാകയാൽ, തങ്ങളെത്തന്നെ ദൈവത്തി നായി നൽകിയിട്ടുള്ള കന്യാസ്ത്രീകൾ ഉണ്ടായിരിക്കുന്നതു മലങ്കര സഭയുടെ പുരോഗതിക്ക് അത്യാവശ്യമാണെന്നു നാം വിചാരിച്ചു. കൽക്കത്തായിലും ബാരിസോളിലുമായി താമസിച്ചിരുന്ന പെൺകുട്ടി കളിൽ സന്ന്യാസിനികളായിരിപ്പാൻ ദൈവവിളിയും സന്നദ്ധതയുമുള്ള വർ ആരൊക്കെയുണ്ടോ അവരെയെല്ലാവരേയും അതിലേക്ക് പ്രോത്സാ ഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യണമെന്നു നാം നിശ്ചയിച്ചു.

## പ്രാർത്ഥന

'കൊയ്ത്തു വളരെയുണ്ട് വേലക്കാർ ചുരുക്കം' എന്ന രുളിച്ചെയ്ത കർത്താവെ, നിന്റെ വിളവിനെ ശേഖരിപ്പാൻ സന്ന്യാസിമാരും സന്ന്യാസിനിമാരുമായ അനേകരെ എഴു ന്നേല്പിക്കണമെ! പ്രാർത്ഥനാജീവിതംകൊണ്ടും പുണ്യപ്ര വൃത്തികൾകൊണ്ടും നിന്നെ മഹത്വപ്പെടുത്തുകയും ലോക ത്തിന്നു നിന്റെ വിശുദ്ധിയും സ്നേഹവും വെളിപ്പെടുത്തു കയും ചെയ്യുന്ന പുണ്യാത്മാക്കളായ അനേകം സ്ത്രീപുരു ഷന്മാരെ നീ തരണമേ! പിതാവേ, ഭൂമിയിൽ നിന്റെ തിരുനാമം സർവ്വോപരി പരിശുദ്ധമാക്കപ്പെടണമേ!

www.malankaralibrary.com

## അദ്ധ്യായം ~ 5

# ശൈശവാശ്രമം

നാമും നമ്മുടെ ആദർശത്തോട് അനുകൂലമുള്ളവരായ ശെമ്മാശന്മാരുമായി ഒരു സന്ന്യാസസമൂഹം തന്നെയാണ് രൂപീകരിക്കേണ്ടതെന്നു തീരുമാനിച്ച വിവരം മുന്നൊരദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. സന്ന്യാസപരമായ വ്രതാനുഷ്ഠാനങ്ങൾ, സന്ന്യാസസമൂഹഭരണഘടന ആദിയായി ഒരു ആശ്രമസ്ഥാപനപ്രതിഷ്ഠയ്ക്കാവശ്യമായ പരിചയവും പരിജ്ഞാനവും സമ്പാദിക്കേണ്ടതിന്നായിരുന്നു പിന്നീടുണ്ടായ നമ്മുടെ ശ്രമം മുഴുവനും എന്നു പറയാം. റോമൻ കത്തോലിക്കരുടെതായും ഹൈച്ചർച്ചുകാരുടെതായും, പലപല ആശ്രമങ്ങൾ ഉത്തരേന്ത്യയിൽ പലേടത്തും ഉണ്ടായിരുന്നവരെ പോയി കാണുകയും, ഏതൽ ആശ്രമങ്ങളിലെ അദ്ധ്യക്ഷന്മാരുമായി ഇതിനെപ്പറ്റി ആലോചിച്ച് അവരിൽനിന്നു പല കാര്യങ്ങളുംമനസ്സിലാക്കിവരികയും പതിവായിത്തീർന്നു. സന്ന്യാസപരമായ ജീവിതത്തേയും, സന്ന്യാസാശ്രമ നിബന്ധനകളേയും വിവരിക്കുന്ന പല പല പുസ്തകങ്ങളും നാം വരുത്തി വായിക്കുവാൻ തുടങ്ങിയതും ഇക്കാലത്തായിരുന്നു. ഈ വകയിൽ ഏതൊണ്ടൊരു പരിജ്ഞാനം ലഭിച്ചതോടുകൂടി, സന്ന്യാസാശ്രമത്തിലെ പ്രാരംഭനിയമങ്ങളെയും നിഷ്ഠാവ്രതങ്ങളെയും പാലിച്ചുകൊണ്ട് അവിടെവെച്ചുതന്നെ സന്ന്യാസജീവിതം സംബന്ധിച്ചുള്ള പ്രഥമ പരിശീലനങ്ങൾ തുടങ്ങണമെന്നു നാം ആഗ്രഹിച്ചു. ഇതിലേക്കു വലിയ തിരുമേനിയുടെ അനുവാദവും ആശീർവാദവും അപരിഹാര്യമാണെന്നു നമുക്കു തോന്നിയതിനാൽ ലഘുതരങ്ങളായി ചില സന്ന്യാസപരിശീലനചര്യകൾ തിരുമനസ്സിലെ പേർക്കു നാം എഴുതി അയയ്ക്കുകയും അവ അനുഷ്ഠിപ്പാൻ അനുവാദമപേക്ഷിക്കുകയും ചെയ്തു. തിരുമനസ്സുകൊണ്ട് അനുഗ്രഹപൂർവ്വം നമ്മുടെ അപേക്ഷയെ അനുവദിക്കയും ചെയ്തു.

ഉടൻതന്നെ നാമും ശെമ്മാശന്മാരും അവ അനുഷ്ഠിച്ചു തുടങ്ങി. സന്ന്യാസപരമായ ജീവിതത്തിൽ എത്രയോ നിസ്സാരങ്ങളും ലഘുതര

www.malankaralibrary.com



ങ്ങളായ ഏതാനും ചില അനുഷ്ഠാനങ്ങളും വ്രതങ്ങളും മാത്രമേ അപ്പോൾ പാലിച്ചുവന്നിരുന്നുള്ളു. കൃത്യസമയങ്ങളിലുള്ള നമസ്കാരത്തിന് ആരും ഉപേക്ഷവരുത്താൻ പാടില്ലെന്നും ധ്യാനം, ജീവിതശോധന – ഇവ ദിവസംതോറും നിർവിഘ്നം നടത്തിക്കൊള്ളണമെന്നും, സൂത്താറാ നമസ്കാരം കഴിഞ്ഞാൽ പ്രഭാതപ്രാർത്ഥനയും ധ്യാനവും കഴിഞ്ഞതിനുമേൽ മാത്രമേ പരസ്പരം സംസാരിക്കാവൂ എന്നും മറ്റും ആയിരുന്നു ശെമ്മാശന്മാർ അനുവർത്തിച്ചുവന്ന നിയമങ്ങളെന്നു പറയാം. ഇപ്രകാരമൊരു ശൈശവാശ്രമം നടത്തിത്തുടങ്ങിയ കാലത്ത് നിശ്ചിതങ്ങളായ നിഷ്ഠകളും മൗനവ്രതവും മാത്രം പാലിച്ചാൽ ആശ്രമപദത്തിനു മറ്റൊന്നും അപേക്ഷിതമല്ലെന്നുഗ്രഹിച്ചിരുന്നതുകൊണ്ടായിരിക്കാം. ആശ്രമ നിബന്ധനകളെ അക്ഷരപ്രകാരം അനുഷ്ഠിച്ചുകൊണ്ട് അവർ ഒരു ദിവസം ചെയ്തുപോയ കഠിനപ്രവൃത്തിയെപ്പറ്റി ഇവിടെ പറയുന്നത് അനുചിതമായിരിക്കാൻ ഇടയുള്ളതല്ല.

## കുറുക്കനെ തല്ലിക്കൊന്നു

മാസവും തീയതിയും ഓർക്കുന്നില്ല. ഏതോ ഒരു ദിവസം – എന്നു മാത്രം കണക്കാക്കിയാൽ മതി. സുത്താറാ നമസ്കാരം കഴിഞ്ഞ് എല്ലാവരും കൂർക്കം വലിച്ചുറക്കമാണ്. എങ്ങനെയാണെന്നിറിഞ്ഞില്ലാ, താഴത്തെ നിലയിൽ കിടന്നിരുന്ന ഒരാൾ ഉറക്കമുണർന്നു. എവിടെയോ ചില തട്ടും മുട്ടും എല്ലാം കേൾക്കുന്നുണ്ട്. തല പൊക്കി നോക്കി. മങ്ങിക്കത്തുന്ന മേശവിളക്കിന്റെ പ്രഭയേറ്റ് അടുത്തടുത്തായി രണ്ടു ഗോളമണികൾ കിടന്നു തിളങ്ങുന്നു. കണ്ണുതുടച്ച് ഒന്നുകൂടി നോക്കി. അല്ലല്ലാ, അതാര്? കുറുക്കനോ! ഉറക്കമുണർന്ന ആൾക്ക് സന്തോഷവും സംഭ്രമവും ഒന്നിച്ചുണ്ടായിക്കഴിഞ്ഞു. അവനോട് ഒറ്റയ്ക്കുനിന്ന് പൊരുതി ജയിക്കാൻ കഴിയുമോ എന്നു സംശയം. പിന്നെ കാണാം എന്നു പറഞ്ഞ് പുള്ളിയങ്ങ് കടന്നുകളഞ്ഞുവെങ്കിലോ! – അങ്ങനെ വരില്ലെന്നു ധൈര്യപ്പെട്ടുകൊണ്ട് മുന്നിൽ ചാടിയിട്ട് ഒടുവിൽ കാലോ കൈയോ പൊയ്പോയാലോ! തന്നെ കണ്ടുകഴിഞ്ഞ ആൾ ഇതെല്ലാം ആലോചിച്ചു കുഴങ്ങുകയാണെന്നു മനസ്സിലാക്കിയിട്ടായിരിക്കാം അവന്റെ നിലക്കും അവന്റെ നോട്ടത്തിനും യാതൊരു ഘനക്ഷയവും കാണപ്പെട്ടില്ല. സൂത്താറാ നമസ്കാരം കഴിഞ്ഞ് അർദ്ധരാത്രിയായ സ്ഥിതിക്ക് ചങ്ങാതികളെ വിളിച്ചുണർത്താനൊ സാദ്ധ്യമല്ല. മിടുമിടുക്കനെന്ന ഭാവത്തിൽ കുറുക്കൻ ഇറങ്ങിപ്പോകുന്നതു കാണുക അതി

www.malankaralibrary.com



ലേറെ പ്രയാസം. കിടന്ന കിടപ്പിൽ കൈകൾ രണ്ടും ഇടത്തോട്ടും വല ത്തോട്ടും നീട്ടി. തലമുടിയാണു കൈയിൽ കിട്ടിയത്. അതു പിടിച്ചു വലിയും തുടങ്ങി. തലമുടി പിടിച്ചു പറിച്ചാൽ ആരാണ് ഉണരാതിരി ക്കുക? മുക്കിയും മൂളിയും രണ്ടുപേർ കണ്ണുമിഴിച്ചു തലപൊക്കിയപ്പോൾ അവർക്കും അന്നു കുറുക്കനെയാണ് ശകുനം. സമീപത്തായി വേറെയും ചിലർ മൂടിപ്പുതച്ചു കിടക്കുന്നുണ്ടായിരുന്നു. അവരെയും തട്ടിയു ണർത്തി. സംസാരിക്കാൻ നിർവാഹമില്ലെങ്കിലെന്ത്? അഭിപ്രായങ്ങളും ആലോചനകളുമെല്ലാം കടാക്ഷവീക്ഷണങ്ങളാൽ നിറവേറ്റി. മുറിയിൽ ഒന്നുരണ്ടു വടികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. 4 മണി കഴിഞ്ഞുള്ള 'വാക്കി'ന്നായി വാങ്ങിച്ച അവ, കാണാനും കൈയിലിട്ട് കറക്കാനും മാത്രമേ പറ്റുകയുള്ളുവല്ലോ. ഒന്നുരണ്ടുപേർ അടുത്തുള്ള കുശിനി മുറി യിൽ പോയി കിടക്കുന്നു. അവിടെ വേണ്ടുംതരത്തിലുള്ള വിറകിൻ കമ്പു കൾ വലിയ ഒരു ചുമടുമായി അവർ തിരിയെ വന്നു. ഇനി, അതിന്റെ ദൂഷ്യമൊന്നും പറയാനില്ലല്ലോ. ഓരോരുത്തർ ഓരോന്നും ഈരണ്ടും കൈയിലാക്കി.

കാര്യം വട്ടത്തിലായിക്കഴിഞ്ഞുവെന്ന് കുറുക്കൻ ഗ്രഹിച്ചു. പതുക്കെ അവൻ ഒരു മൂലയിൽ ചെന്നു പതുങ്ങി. ഈവക അപകട ത്തെപ്പറ്റി അവൻ സ്വപ്നേപിനിരൂപിച്ചിരുന്നില്ല. രക്ഷപെടാനോ, പ്രയാസം. പരീക്ഷണാർത്ഥം ഒരു കൈ നോക്കാനാണെങ്കിൽ അതി ലേറെ വിഷമം. ഭിത്തിയോടു ചേർന്നുപറ്റിക്കൊണ്ടു പൂക്കുലപോലെ വിറയ്ക്കാൻ തുടങ്ങിയ അവൻ നേരിയ ചില ശബ്ദങ്ങളാൽ പ്രാണഭ യത്തെ വെളിപ്പെടുത്തി. സംസാരിക്കുന്നതിനുള്ള ശക്തി ദൈവം അവനു കൊടുത്തിട്ടില്ലല്ലോ. ഒരൊറ്റനോട്ടത്തിനു കോഴികളേയും മറ്റും കരണം കുത്തിക്കുന്ന തന്റെ കണ്ണുകൾക്കു തൽക്കാലം എന്തു പിണഞ്ഞു എന്ന് അവന്നു മനസ്സിലായില്ല. മാറി മാറി ഇരുകൈ കൾകൊണ്ടും അവൻ കൺപോളകളെ ഉഴിഞ്ഞുനോക്കി. ഫലം നാസ്തി. എല്ലാവരും വിറകിൻകമ്പുകൾ എടുക്കാൻ തുടങ്ങിയപ്പോൾ അവൻ അവന്റെ വാലിനെ കുറേക്കൂടി ചുരുട്ടിക്കൊണ്ടു മേലോട്ടു നോക്കി ഒന്നു നിലവിളിച്ചു. ആരെ മനസ്സിൽ ധ്യാനിച്ചുകൊണ്ടോ; അവൻ ചെയ്ത ആവലാതിക്ക് ഉടനെ ഉണ്ടായത് പൊക്കിപ്പിടിച്ച തലയ്ക്കിട്ടൊരു അല ക്കായിരുന്നു. ഡയനാമെറ്റുകൊണ്ടുള്ള ആകാശവെടിയെ തുടർന്നിട്ടെ ന്നപോലെ ഠെ, ഠെ ഠെ-ഠെ, എന്നു കതിനാവെടികളും പുറപ്പെട്ടു.

www.malankaralibrary.com



തിരിഞ്ഞും മറിഞ്ഞും പഠിച്ച വിദ്യ പതിനെട്ടും പരീക്ഷിച്ചു. അവയിൽ അഞ്ചാറെണ്ണം കൈയിൽതന്നെ! ‘സഹോദരങ്ങളായ മനുഷ്യരേ ഈ പാവത്തിനെ കൊല്ലരുത!’ എന്ന് അവൻ താണുവീണു പ്രാർത്ഥിച്ചു.

അവനാവട്ടെ, അവന്റെ പൂർവ്വികരാവട്ടെ, മനസ്സാ വാചാ കർമ്മണാ അവരോടു യാതൊരു ദ്രോഹവും ചെയ്കയുണ്ടായിട്ടില്ല. മുറിയിൽ കയറിവന്നത് ആരേയും ഉപദ്രവിക്കണമെന്ന ഉദ്ദേശത്തോടുകൂടിയുമല്ലായിരുന്നു. വയറ്റുപിഴപ്പിനുവേണ്ടി അവന്റെ സ്രഷ്ടാവ് അവന് പറഞ്ഞുകൊടുത്തവിധം അവൻ ശ്രമിച്ചുവെന്നുമാത്രം. ഒരുപക്ഷേ, ഒന്നും കിട്ടിയില്ലെങ്കിൽതന്നെയും അരിശംകൊണ്ടു വല്ലതും കാട്ടിക്കൂട്ടുന്ന പ്രകൃതക്കാരനുമായിരുന്നില്ല അവൻ. കോഴിമാംസത്തിനോട് അവനു കുറെ പത്ഥ്യമാണ്. സർവ സാധനത്തിനും വില കണക്കാക്കുന്ന മനുഷ്യരുടെ കഥയില്ലായ്മയെപ്പറ്റിയൊന്നും അവനാലോചിക്കേണ്ടതില്ലല്ലോ. വാങ്ങിച്ചാലും കൊള്ളാം വളർത്തിയാലും കൊള്ളാം - കോഴിയോടു കുറുക്കനുള്ള ബന്ധം ജന്മസിദ്ധമാണ്. ഇടയ്ക്ക് നാണയമിട്ടുകൊണ്ട് അതിനെ



www.malankaralibrary.com



അകറ്റുവാൻ മനുഷ്യനു സാദ്ധ്യമല്ലാ. കന്നുകാലികൾക്കു കോഴിയെ ആവശ്യമില്ലായിരിക്കാം. സസ്യങ്ങളും ഇലകളുമായി കഴിഞ്ഞു കൂടിക്കൊള്ളണമെന്നത്രെ അവയോടുള്ള ദൈവത്തിന്റെകല്പന. സർവ്വ ജീവജാലങ്ങൾക്കും ദൈവം ആഹാരം നിർദ്ദേശിച്ചിട്ടുണ്ട്. ഒരു കോഴി യുടെ പിറകെ ഒരു ആടോ ഒരു ആടിന്റെ പുറകെ ഒരുആനയോ ഓടി നടന്നിട്ടുള്ളതായി ഇതുവരെയും ലോകചരിത്രത്തിൽ കേൾക്കപ്പെട്ടിട്ടില്ല. കാക്കയുടെഭക്ഷണമല്ല കുതിരയ്ക്ക്. കുതിരയുടേതല്ല കുറുക്കന് എന്നി ങ്ങനെ വ്യത്യാസമുണ്ടായിരിക്കും. ചെറുമത്സ്യങ്ങൾ ഇരയെ തിന്നുന്നു. ആ മത്സയങ്ങളെ തവളകൾ ഭക്ഷിക്കുന്നു; അവരെ പാമ്പു പിടിക്കുന്നു; പാമ്പിനെ കീരി കടിക്കുന്നു; കീരിയെ പട്ടി പിടിക്കുന്നു; പട്ടിയെ കടുവാ പിടിക്കുന്നു – ഇങ്ങനെ.

ഒന്നുകൊണ്ടു മറ്റൊ–
ന്നുപജീവിക്കുന്നു സുഭിക്ഷമായ്
അറിയുന്നില്ലിതിൻ തത്വം
വിവേകമറ്റ മാനുഷൻ

അടിയും ഇടിയും, കുത്തും ചവിട്ടും ഏറ്റുതുടങ്ങിയതിനാലുള്ള പരമവേദന നിമിത്തം വീർപ്പുമുട്ടിക്കൊണ്ട് ‘അയ്യോ’ എന്ന നിലവിളി യോടേ അവൻ തലയ്ക്കുമീതെ ‘ഉം’ എന്നൊരു ചാട്ടം. വിറകിൻകമ്പു കളുമായി വിദ്വാന്മാർ പിറകെയും. രണ്ടുനാല് ഏറും ആഞ്ഞുകൊടുത്ത വീക്കും ആ പാവത്തിനെ നിലംപതിപ്പിച്ചു. വായിൽനിന്നും മൂക്കിൽ നിന്നും രക്തവും ഒഴുകിത്തുടങ്ങി. ആപാദചൂഡം വിറച്ചുകൊണ്ടു തല ചായിച്ചു കിടന്ന കിടപ്പിൽ, എല്ലാവരുടെയും മുഖത്തുനോക്കിക്കൊണ്ട് അവൻ കൺപോളകളടച്ചു. കൃത്യകൃത്യരായി, വിജയശാലികളായി, തിരിയെ വന്ന് കിടക്കകളിൽ ചുരുണ്ടു മടങ്ങിക്കിടന്ന അവരിൽ വല്ലവനും കുറുക്കന്റെ ആ നോട്ടത്തിലടങ്ങിയ സാരം ഗ്രഹിച്ചിരിക്കുമോ?

നാം ഇതൊന്നും തന്നെ അറിഞ്ഞിരുന്നില്ല. പ്രഭാതപ്രാർത്ഥനാ നന്തരം പുറത്തുവന്നപ്പോൾ ഒരു കുറുക്കൻ ചത്തു കിടക്കുന്നതായി മാത്രം കണ്ടു. അതിനെ തല്ലിക്കൊന്നവർ പറഞ്ഞുകേട്ടതത്രേ മുന്നുദ്ധ രിച്ച സംഭവകഥ. അന്യോന്യം ശബ്ദിക്കാതെ അവർ കുറുക്കനെ തല്ലി ക്കൊന്നതിനാൽ നാം വിസ്മയിച്ചു. കുറുക്കന്മാർ പിന്നീടും ബംഗ്ലാവിൽ പലതവണ വരികയുണ്ടായിട്ടുണ്ട്. അവരാരും ഈവിധത്തിൽ ഉപചരി ക്കപ്പെട്ടിട്ടില്ലെന്നാണ് നമ്മുടെ ഓർമ്മ.

www.malankaralibrary.com

## അദ്ധ്യായം ~ 6

# ആശ്രമസ്ഥാപനം

### ആശ്രമം എവിടെ വേണം

ദൈവത്തിന്റെ അപാരമായ കരുണയാൽ മാത്രം സെറാമ്പൂരിൽ തുടങ്ങിവെച്ച ശൈശവാശ്രമത്തെ എവിടെകൊണ്ടുപോയി വേണം പ്രതിഷ്ഠിക്കുവാനെന്നും ആ വിഷയത്തിൽ എന്തെല്ലാമാണ് മുൻകൂട്ടി പ്രവർത്തിക്കേണ്ടിയിരിക്കുന്നതെന്നും മറ്റുമായിരുന്നു നമ്മുടെ അനന്ത രചിന്തകൾക്കു വിഷയീഭവിച്ചത്. നിശബ്ദതതയും ഏകാന്തതയുമത്രേ സന്ന്യാസജീവിതത്തിനാവശ്യം. ദൈവകൃപയെ ഒഴിച്ചാൽ ഇവയ്ക്കു തന്നെയാണ് പ്രാമുഖ്യം നൽകേണ്ടതും. അതിനാൽ കോട്ടയം, കുന്നംകുളം ആദിയായി ജനങ്ങളാൽ നിബിഢീകൃതങ്ങളായ പട്ടണങ്ങളോ നഗരികളോ ഈ ചെടിയുടെ വളർച്ചയ്ക്ക് ഉപയുക്തമായിരിക്കുകയില്ല. അതിനാൽ ജനവാസമില്ലാത്തതായി, പ്രാപഞ്ചികത്തിരമാലകളുടെ ശബ്ദംപോലും കേൾക്കപ്പെടാൻ ഇടയില്ലാത്തതായി ഒരു ഭൂഭാഗം എവിടെയുണ്ടാകും എന്നു നാം അന്വേഷിക്കുവാൻ തുടങ്ങി. അതു സമ്പാദിക്കുന്നതിലേക്ക് ആവശ്യമുള്ള പണം എങ്ങനെയും ഉണ്ടാക്കാം എന്നു നാം ധൈര്യപ്പെട്ടു. ഏറിയാൽ ഒരു 100 ഏക്കർ സ്ഥലമേ വേണ്ടതുള്ളു. ഇലഞ്ഞിക്കൽ മിസ്റ്റർ ജോൺവക്കീലിന്റെ പേർക്കു നാം ഇതിനെപ്പറ്റി എഴുതിച്ചോദിച്ചു. നമ്മുടെ ഉപയോഗത്തിനു പറ്റിയ പ്രദേശം ഏതാണെന്നും, അവിടെ കുറെ സ്ഥലം വാങ്ങിക്കുന്നതിന് എന്താണു ചെയ്യേണ്ടിയിരിക്കുന്നതെന്നും മറ്റുമായിരുന്നു കത്തിലെ സാരം. തികഞ്ഞ സമുദായാഭിമാനിയായ മിസ്റ്റർ ജോൺവക്കീലിന്റെ ധർമ്മബുദ്ധിയെപ്പറ്റി നാമൊന്നും വിശിഷ്യാ പറയേണ്ടതില്ലല്ലോ. മറുപടി ലഭിക്കുവാൻ അധികം ദിവസങ്ങളൊന്നും കഴിയേണ്ടിവന്നില്ല. വടശ്ശേരിക്കരയ്ക്കടുത്തുള്ള മലനാട്ടിൽ അദ്ദേഹത്തിന്റേതായി കുറെ സ്ഥലം കിടപ്പുണ്ടെന്നും അതിൽനിന്നും ആവശ്യമുള്ളിടത്തോളം ഭാഗം എടുക്കുന്നതു സന്തോഷമാണെന്നും മറ്റും നമ്മെ പ്രോത്സാഹിപ്പിക്കത്തക്ക വിധത്തിൽ എഴുതപ്പെട്ട ഒരു കത്തായിരുന്നു അത്. ഏതോ ഒരു അവധിക്കു നാം സെറാ

www.malankaralibrary.com



മ്പൂർനിന്നു നാട്ടിലെത്തി. 100 ഏക്കൽ സ്ഥലമേ നമുക്കാവശ്യമുള്ളുവല്ലോ. മിസ്റ്റർ ജോൺ ദാക്ഷിണ്യപൂർവ്വം നമുക്കു നൽകാൻ നിശ്ചയിച്ചിട്ടുള്ള ആ മലനാടിന്റെ പ്രകൃതം, സ്ഥലത്തിന്റെ കിടപ്പ്, അവിടുത്തെ സാഹചര്യങ്ങൾ എന്നിവയെപ്പറ്റി യാതൊന്നുംതന്നെ നമുക്കറിവാൻ പാടില്ലായിരുന്നു. അതിനാൽ നമ്മോടുകൂടി ആ സ്ഥലമൊന്നു ചെന്നു കാണുന്നതിനും, സൗകര്യമുള്ളപക്ഷം വന്നാൽ നന്നായിരുന്നുവെന്നു മിസ്റ്റർ കെ.ജി. ചെറിയാനോട് ആവശ്യപ്പെട്ടു. നല്ല നല്ല കാര്യങ്ങളേതും പ്രവർത്തിപ്പാൻ സന്നദ്ധനായ അദ്ദേഹത്തോടൊന്നിച്ചു നാം വടശ്ശേരിക്കരയ്ക്കു സമീപമുള്ള മലമ്പ്രദേത്ത് എത്തിച്ചേർന്നു. ആ സ്ഥലത്തു യാതൊരു പരിചയവുമില്ലാതിരുന്ന ഞങ്ങൾക്കു വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കിത്തരികയും ആശ്രമസ്ഥാപനാർത്ഥം അന്നും പില്ക്കാലത്തും കഴിവുള്ള എല്ലാ സഹായങ്ങളും ചെയ്യുന്നതിന് സന്നദ്ധനായി കാണപ്പെടുകയും ചെയ്ത മിസ്റ്റർ ഐ.എം. ഇടിക്കുളയോടൊന്നിച്ചു ഞങ്ങൾ ആ കാട്ടുപ്രദേശം നടന്നു കണ്ടു. സന്ന്യാസാശ്രമത്തിനു എത്രയും പറ്റിയ ഒരു സ്ഥലം തന്നെയാണിതെന്നു ഞങ്ങൾക്കു ബോധ്യമായി. ആശ്രമസ്ഥരായി അവിടെ താമസിക്കുന്നവരുടെ ഉപജീവനാർത്ഥം കൃഷി ചെയ്യുന്നതിനു കൊള്ളാവുന്ന ഫലപ്രദമായ ഭൂഭാഗവുമാണ് അതെന്നു ഞങ്ങൾ കണ്ടു. മിസ്റ്റർ ജോൺ സൗജന്യമായിത്തരാൻ തീർച്ചപ്പെടുത്തിയിട്ടുള്ള 100 ഏക്കർ സ്ഥലം രണ്ടായി വിഭജിക്കപ്പെട്ടിട്ടുള്ളതാണ്. അവയ്ക്ക് മദ്ധ്യേ ഗവൺമെന്റുവക തരിശുഭൂമിയാണുള്ളത്. ഇടയ്ക്കുള്ള ആ സ്ഥലംകൂടി ലഭിച്ചാൽ എല്ലാംകൂടി ഒരു പുരയിടമാക്കാമെന്നുള്ളതുകൊണ്ട് അതിന്നായി വേണം ഉത്സാഹിക്കാനെന്നുള്ള മിസ്റ്റർ ചെറിയാന്റെ ഉപദേശം ആദരണീയമെന്നുതന്നെ നമുക്കു തോന്നി. ആ മലനാടിന്റെ പ്ലാൻ മിസ്റ്റർ ജോൺ നമ്മെ ഏല്പിച്ചിരുന്നതു കൈവശമുണ്ടായിരുന്നു. പ്രസ്തുത സ്ഥലം ഗവൺമെന്റിൽനിന്നു പതിപ്പിച്ചു വാങ്ങേണ്ടതിനു നാം എന്താണു ചെയ്യേണ്ടതെന്നുള്ളതിനെപ്പറ്റി യാതൊന്നും നമുക്ക് അറിയാൻ പാടില്ലായിരുന്നുവെന്നുതന്നെയല്ല അതിനുള്ള വില ഗവൺമെന്റിൽ കെട്ടിവയ്ക്കുവാൻ നമ്മുടെ കൈവശത്തിൽ അപ്പോൾ പണവും ഇല്ലായിരുന്നു. സമ്പാദ്യമെന്നുള്ള വിധത്തിൽ ഒന്നും തന്നെ കരുതിവെപ്പാൻ നമുക്കു കഴിവുണ്ടായിരുന്നില്ലല്ലോ. അതിനാൽ കുറെ രൂപാ കടമായി ആരോടെങ്കിലും വാങ്ങിക്കുകതന്നെ എന്നു നാം തീർച്ചപ്പെടുത്തി. ഗവൺമെന്റു വക തരിശുഭൂമി പതിച്ചു വാങ്ങേണ്ടതി

www.malankaralibrary.com



നുള്ള അപേക്ഷ കൊല്ലം പേഷ്ക്കാരുടെ അടുക്കലാണ് കൊടുക്കേണ്ട തെന്നു നാം ഗ്രഹിച്ചു. അദ്ദേഹവുമായി നമ്മുക്കു യാതൊരു പരിചയ വുമുണ്ടായിരുന്നില്ല. മിസ്റ്റർ കെ.സി. മാമ്മൻമാപ്പിള വിചാരിച്ചാൽ ഇതി ന്നേതും പ്രയാസമുണ്ടാവാൻ ഇടയില്ലാത്തതിനാലും, ആശ്രമസ്ഥാപനം സംബന്ധിച്ച കാര്യങ്ങളെപ്പറ്റി നിരീക്ഷണചതുരനായ അദ്ദേഹവുമായി ആലോചിക്കുന്നത് ഉചിതമെന്നു തോന്നുകയാലും, നാം മിസ്റ്റർ ചെറിയാനേയും കൂട്ടി ആലപ്പുഴയെത്തി. മിസ്റ്റർ മാമ്മൻമാപ്പിളയോട് ആശ്രമം സംബന്ധിച്ച നമ്മുടെ ആലോചനകളും ശ്രമങ്ങളുമെല്ലാം സവി സ്തരം പറഞ്ഞുകേൾപ്പിച്ചു. അതിൽ എത്രയും സന്തുഷ്ടനായി കാണ പ്പെട്ട അദ്ദേഹം തദ്വിഷയത്തിൽ പ്രോത്സാഹനാർത്ഥം എന്തു ചെയ്യ ണമോ അതിനെല്ലാറ്റിനും ഒരുക്കം തന്നെ എന്നു മറുപടി പറഞ്ഞു. താമസംവിനാ ഞങ്ങൾ മൂവരുംകൂടി കൊല്ലത്തെത്തി പേഷ്ക്കാരെക്കണ്ട് അപേക്ഷ സമർപ്പിച്ചു. മിസ്റ്റർ മാമ്മൻമാപ്പിള പേഷ്ക്കാരുമായി നമ്മെ പരിചയപ്പെടുത്തുകയും ഉദ്ദിഷ്ടസ്ഥലം പതിച്ചു കിട്ടുന്നതിൽ കഴിവുള്ള ആനുകൂല്യം ചെയ്താൽ നന്നായിരുന്നു എന്ന് അദ്ദേഹത്തോടപേക്ഷി ക്കുകയും ചെയ്തു. ഈ വിഷയത്തിൽ മി.കെ.കെ. ലൂക്കോസിന്റെയും സഹായം നമുക്കുണ്ടായിരുന്നുവെന്നുള്ളതും വിശിഷ്യാ പ്രസ്താവ്യ മാണ്.

അനന്തരം നാം സെറാമ്പൂരിലേക്കു മടങ്ങിപ്പോയി. ഗവൺ മെന്റിൽ നിന്ന് അനുകൂലമായ ഉത്തരവുണ്ടാകുവാൻ ഏറെ താമസമി ല്ലാത്തതുകൊണ്ട് പുതുവൽവില കെട്ടിവെക്കേണ്ടതിന്നായി ഉടനെ കുറെ രൂപാ ഉണ്ടാക്കിയേ മതിയാകയുള്ളുവല്ലോ. വല്ലവരുടെ പക്കൽനിന്നും നമുക്കുവേണ്ടി കുറെ രൂപാ കടം വാങ്ങിക്കണമെന്ന് നാം നമ്മുടെ അനു ജൻ മത്തായിപ്പണിക്കർക്കെഴുതി അയച്ചു. തദനുസാരം അവൻ മാവേ ലക്കരയിലുള്ള ഒരു തമ്പുരാനുമായി ഏർപ്പാടു ചെയ്യുകയും, ആവശ്യ മാകുമ്പോൾ അദ്ദേഹത്തിൽനിന്നു സംഖ്യ വാങ്ങിക്കാമെന്നു നമുക്ക് എഴുതുകയും ചെയ്തു. ഏതാനും ദിവസം കഴിഞ്ഞപ്പോൾ പുതുവ ലിന്റെ വില സർക്കാരിന് കെട്ടിവെക്കേണ്ടുന്ന സമയമടുത്തു. അപ്പോ ഴാണ് പണം തരാമെന്നു സമ്മതിച്ചിരുന്ന ആ തമ്പുരാൻ അകാലമരണം പ്രാപിക്കാൻ ഇടയായത്. തമ്പുരാന്റെ വിയോഗത്തെ സംബന്ധിച്ചും മറ്റും നമ്മുടെ അനുജൻ എഴുതിയതിൽ, തൽക്കാലം വേറേ എവിടെനിന്നും പണം കടം കിട്ടുമോ എന്നു തോന്നുന്നില്ലെന്നും, അപ്പനോടാവശ്യപ്പെ

www.malankaralibrary.com





ട്ടാൽ ചിട്ടിപിടിച്ചതിൽ കുടുംബത്തേക്കു കിട്ടാനുള്ള വകയിൽനിന്നു നമ്മുടെ ആവശ്യത്തിനു മതിയായ സംഖ്യ തന്നേക്കുമെന്നും സൂചിപ്പിച്ചിരുന്നു. എന്നുതന്നെയുമല്ല, അക്കാര്യത്തിൽ അപ്പനോടു താൻതന്നെ അപേക്ഷിച്ചുകൊള്ളാമെന്നും, നാം അപ്പന്റെ പേർക്ക് ഒരു കത്തയച്ചാൽമാത്രം മതിയാകുമെന്നും അവൻ ധൈര്യപ്പെടുത്തുകയും ചെയ്തിരുന്നു. വേറെ യാതൊരു നിർവ്വാഹവുമില്ലെന്നു ബോദ്ധ്യപ്പെട്ടപ്പോൾ അപ്പനെയാണു ശല്യപ്പെടുത്തുക തന്നെ എന്നു നിശ്ചയിച്ചുംകൊണ്ട് അപ്പന്റെ പേർക്ക് നാം ഒരു കത്തയച്ചു. തൽസമയം അനുജന്റെ പ്രേരണയും കൂടി ഉണ്ടായതിനാൽ അപ്പൻ രൂപയുമെടുത്ത് ചെങ്ങന്നൂർ എത്തി സർക്കാർ ഖജനാവിൽ അതു നിക്ഷേപിക്കുകയും ചെയ്തു.

നമ്മുടെ അനുജൻ ആശ്രമം സ്ഥാപിക്കാനായി നിശ്ചയിച്ച സ്ഥലം പോയിക്കണ്ടു. പുതുവൽസ്ഥലം അളപ്പിച്ച് ഒഴുകെഴുതിക്കുക, അതിനു സമീപത്തായി നമ്മുടെ അതിർത്തിക്കകത്തുള്ള സ്ഥലം വിലയ്ക്കു വാങ്ങിക്കുക, നാം സെറാമ്പൂരിൽനിന്നു മടങ്ങി നാട്ടിലെത്തുമ്പോഴേക്കും അവിടെ നമ്മുടെ താമസത്തിനുതകത്തക്ക കെട്ടിടം ഉണ്ടാക്കിക്കുക, മുതലായ കാര്യങ്ങൾ അനുജൻ സാധിപ്പിച്ചേ മതിയാകയുള്ളുവെന്നും, ദൈവനാമമഹത്വത്തിനനുസരണമായ വിധത്തിൽ ത്യാഗജീവിതം നയി

www.malankaralibrary.com



പ്പാൻ നാം നിഷ്ചയിച്ചിരിക്കക്കൊണ്ട് അതിലേക്കുവേണ്ട ആനുകൂല്യ ങ്ങൾ ചെയ്തുതരുന്നതിനുള്ള തക്കതായ പ്രതിഫലം സ്വർഗസ്ഥനായ ദൈവം നൽകാതിരിക്കുന്നതല്ലെന്നും നാം നമ്മുടെ അനുജനെ അറി യിച്ചിരുന്നു. നമ്മുടെ ഏവംവിധങ്ങളായ ആഗ്രഹങ്ങളെ സാധിപ്പിക്കേ ണ്ടതിന്നായി നമ്മുടെ അനുജനോടുകൂടി നമ്മുടെ ജ്യേഷ്ഠൻ തരിതു പണിക്കരും യഥാമതി പങ്കെടുത്തിട്ടുള്ള കാര്യം ഇവിടെ വിട്ടുകളയു ന്നത് അനുചിതമായിരിക്കുമല്ലോ. മലനാട്ടിൽ ചെന്നുചേർന്ന നമ്മുടെ അനുജന് ആ സ്ഥലം കൃഷിക്കുപറ്റിയ ഒന്നാന്തരം ഒരു ഭൂഭാഗം തന്നെ യാണെന്ന് ബോദ്ധ്യപ്പെട്ടു. അതിനാൽ ആശ്രമത്തിനായി വേർതിരി ക്കപ്പെട്ട സ്ഥലത്തിനടുത്ത് 100 ഏക്കർ സ്വന്തം വകയ്ക്കായി പതിപ്പി ച്ചാൽ നന്നായിരിക്കുമെന്ന് അവനു തോന്നി. ലൗകികവ്യാപാരത്തിൽ ബുദ്ധിപൂർവ്വമെന്നു പറയപ്പെടാവുന്ന അവന്റെ ആലോചനയെപ്പറ്റി അവൻ എഴുതി അറിയിച്ചപ്പോൾ മാത്രമേ നാം ഗ്രഹിക്കുകയുണ്ടായു ള്ളു. 100 ഏക്കർകൂടി അവിടെ വാങ്ങണമെന്നുള്ള നമ്മുടെ അനുജന്റെ ആഗ്രഹം ഏതു നിലയിലെങ്കിലും നിറവേറ്റിയാൽ മതിയായിരിക്കുമ ല്ലോ. ആശ്രമാവശ്യത്തിലേക്കായി പിന്നെയും ഒരു 100 ഏക്കർ കൂടി ഉണ്ടായതുകൊണ്ട് യാതൊരു തരക്കേടും വരാൻ ഇടയുമില്ല. പക്ഷേ, ആ 100 ഏക്കർ തറവാടുവകയായിത്തീരുന്നതിനെ സംബന്ധിച്ച് മാത്രമേ നമുക്ക് അഭിപ്രായഭേദമുണ്ടായുള്ളു. അനുക്ഷണം നാം ഒന്നും എഴു തീട്ടില്ലാത്ത ഒരുകടലാസെടുത്ത്, അതിൽ ഒപ്പുവച്ചുകൊണ്ട്, അതോ ടുകൂടി, "ആ 100 ഏക്കർ കൂടി എന്റെ പേരിൽ സമ്പാദിച്ചേക്കുക. ആ മലനാട്ടിൽ ഒരടിസ്ഥാനംപോലും നിനക്കുണ്ടാവരുത്" എന്നിങ്ങനെയെ ഴുതപ്പെട്ട ഒരു കത്തും നാം അയച്ചുകൊടുത്തു. നമ്മുടെ അനുജൻ പ്രത്യക്ഷരം നമ്മുടെ ആഗ്രഹം സാധിപ്പിച്ചുതരികയും ചെയ്തു. ഇങ്ങ നെയാണ് പത്തനംതിട്ട താലൂക്കിൽപ്പെട്ട റാന്നി പകുതിയിലുള്ള മല നാട്ടിൽ മിസ്റ്റർ ജോൺ സൗജന്യം ചെയ്തതുൾപ്പെടെ 400-ൽ ചില്വാനം ഏക്കർ സ്ഥലം ആശ്രമം വകയ്ക്കായി ലഭിക്കാൻ ഇടയായിട്ടുള്ളത്.

ആശ്രമം സ്ഥാപിക്കേണ്ടത് ഇന്ന പ്രദേശത്താണെന്നു നിശ്ചയി ക്കുകയും, അതിനുവേണ്ടുന്ന സ്ഥലം ലഭിക്കുകയും ചെയ്തുകഴിഞ്ഞ പ്പോൾ ആശ്രമത്തന്റെ പേർ എന്തായിരിക്കണമെന്നുള്ളതിനെപ്പറ്റിയും നാം ആലോചിച്ചുവന്നു. ആശ്രമത്തിന്റെ നാനാമുഖങ്ങളായ ആദർശ

www.malankaralibrary.com



ങ്ങളെ പ്രദ്യോതിപ്പിക്കുന്നതും, ദൈവത്തോടുള്ള ബന്ധത്തെ അനുസ്മരിപ്പിക്കുന്നതുമായ ഒരു പേരുവേണം അതിന്നിടുവാൻ എന്നു നാം ആഗ്രഹിച്ചു. ഒരു ദിവസം ഇതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കവേ നമുക്ക് വേദപുസ്തക നിഘണ്ടു എടുത്തു നോക്കേണ്ടതായി വന്നുകൂടി. അപ്പോൾ നമ്മുടെ ദൃഷ്ടിയിൽ പെട്ടത് 'ബഥനി' എന്ന പദമായിരുന്നു. തദവസരത്തിൽ ബഥനിയിലെ ലാസറിനെപ്പറ്റിയും, അയാളുടെ സഹോദരിമാരെപ്പറ്റിയും, അവർ മൂവരും ത്രിവിധങ്ങളിലായി മശിഹാ തമ്പുരാനെ ഉപചരിച്ചിരുന്നതിനെപ്പറ്റിയും മൂവരുടെയും ആദർശങ്ങളെയും പ്രകൃതങ്ങളെയും കുറിച്ചും ചിന്തിച്ചപ്പോൾ 'ബഥനി' എന്നതു നമ്മുടെ ആശ്രമത്തിന് അനുയോജ്യമായതും അർത്ഥവത്തായതുമായ നാമധേയമാണെന്നു നമുക്ക് പരിപൂർണമായ ബോദ്ധ്യം വന്നു. അതിനാൽ നമ്മുടെ ആശ്രമത്തിന് 'ബഥന്യാശ്രമം' എന്നു പേർ നാം സ്വീകരിക്കുകയും നമ്മുടേയും ആശ്രമസ്ഥന്മാരാവാൻ ഒരുങ്ങുന്ന ശിഷ്യന്മാരുടേയും അഭിമതപ്രകാരം സന്ന്യാസസമൂഹത്തിന്നു 'മിശിഹാനുകരണസമൂഹം' എന്ന് അഭിധാനം നൽകുകയും ചെയ്തു.

## മനോരാജ്യപര്യവസാനം

ബഥന്യാശ്രമം സംബന്ധിച്ച ആലോചനകളും പ്രാരംഭ പരിശ്രങ്ങളും നടന്നുവന്ന ആ കാലത്തായിരുന്നു തിരുവനന്തപുരം ജില്ലാക്കോടതിയിൽ പ്രമാദമായ വട്ടിപ്പണക്കേസിന്റെ പ്രഥമവിചാരണകൾ തുടങ്ങിയിരുന്നത് കാനോൻ സംബന്ധിച്ച വിഷയത്തിൽ നാം ആ കേസിലെ പ്രതിഭാഗം സാക്ഷിയായിരുന്നതിനാൽ സഭാചരിത്രം, കാനോൻ വ്യാഖ്യാനങ്ങൾ ആദിയായി സാക്ഷിമൊഴിക്കാവശ്യമായ പല പുസ്തകങ്ങളും വായിച്ചു നോക്കുകയായിരുന്നു സെറാമ്പൂർ വെച്ചുണ്ടായ കുറെനാളത്തെ ജോലിയെന്നു പറയാം. തദവസരങ്ങളിലും, അനന്തരം സാക്ഷിമൊഴി കൊടുക്കുവാനായി തിരുവനന്തപുരത്തു ചെന്നു താമസിച്ചിരുന്നപ്പോഴും, അതിൽ പിന്നീടും മലങ്കര സഭയുടെ ഭാവിയെ സംബന്ധിച്ച് പുനരാലോചനകളും പുനഃപുനരാലോചനകളും ചെയ്‌വാൻ നാം പ്രേരിതനായിത്തീർന്നു. പഴയകാലത്തിനപ്പുറം കൊല്ലം 1050-നു ശേഷമുള്ള മലങ്കര സുറിയാനിസഭയുടെ ഗതിവിഗതികളെ ആകമാനം ഒന്നു വീക്ഷിച്ചപ്പോൾ ദുസ്സഹമായ മനോവേദന

www.malankaralibrary.com



തന്നെയാണ് നമുക്കുണ്ടാകുമാറായത്. കടലിലെ തിരമാലകൾ കണക്കേ ഒന്നിനു പിറകെ മറ്റൊന്നായി കലഹങ്ങൾ, വ്യവഹാരങ്ങൾ, മത്സരങ്ങൾ, ദ്വന്ദയുദ്ധങ്ങൾ എന്നിവയുടെയെല്ലാം കേളീരംഗമായിത്തീർന്നിരിക്കുന്നു അതെന്നു നാം കണ്ടു. വി.സഭയുടെ സത്യമായ കാനോനകൾപോലും അവഗണിക്കപ്പെട്ടിരിക്കുന്നുവെന്നു നമുക്കു മനസ്സിലായി. ഇവയെല്ലാറ്റിനേയുംപറ്റി ആലോചിച്ചപ്പോൾ പുരാതനകാലത്തുതന്നെ കേരളത്തിൽ ക്രിസ്തുമതം സ്ഥാപിച്ചതിൽ ദൈവത്തിനുള്ള പരമോദ്ദേശ്യത്തെ നിറവേറ്റുന്നതിനോ, മലങ്കര പൊതുസമുദായത്തിന്റെ കാതലായ ആദർശത്തെ പുലർത്തുന്നതിനോ, അതിന്ന് ഉത്തരോത്തരമായ ഐശ്വര്യം വരുത്തുന്നതിനോ, എളുപ്പമാണോ എന്നു നാം സംശയിച്ചു. സ്വാർത്ഥലോലുപന്മാരായ ഒന്നോരണ്ടോ പേർ വിചാരിച്ചാൽ ഏതു നിലയിലെങ്കിലും കോട്ടിവളച്ചു പ്രാകൃതരൂപം നൽകുവാൻ ഏതും വിഷമമില്ലാത്ത പതനത്തിലാണ് മലങ്കര സുറിയാനി സമുദായത്തിന്റെ ആധുനികസ്ഥിതിയെന്നും നാം അറിഞ്ഞു. തിര നീങ്ങി കടൽ കാണാൻ പ്രയാസമെന്നതുപോലെ; കലഹങ്ങൾ നീങ്ങി, വ്യവഹാരങ്ങൾ ശമിച്ച് അതിൽ ഹൃദയസന്ദായകമായ പ്രശാന്തത ഉണ്ടാവുക ക്ഷണസാദ്ധ്യമല്ലെന്നും നമുക്കു തോന്നി. സമുദായാംഗങ്ങൾ തമ്മിൽ അന്യോന്യം പിണങ്ങിയാൽ അതിന്റെ ദൂഷ്യം പള്ളിക്ക്, പള്ളിയുടെ കേട് സമുദായത്തിന്. യഥാർത്ഥമായ ദൈവഭക്തിയും ക്രിസ്തുമതാനുസാരമായ പരിശുദ്ധിയും കൈവരുവാൻ ഇവയൊക്കെ പ്രതിബന്ധങ്ങളായിരിക്കുകയില്ലയോ?

നാടും വീടും വിട്ടു മിശിഹാതമ്പുരാനെ അനുകരിക്കുവാനായി ശ്രമിക്കുന്ന ആശ്രമസ്ഥന്മാർക്കു മലങ്കര സുറിയാനിസമുദായത്തിന്റെ വഴക്കിലോ വിപ്ലവത്തിലോ പ്രവേശിച്ചിട്ട് ആവശ്യമില്ലാത്തതുകൊണ്ടും, മലങ്കര (യാക്കോബായ) സുറിയാനിസമുദായത്തിന്റെ ഏതൽകാല നിലയിൽ സാരവത്തായ പലതും അവ്യക്തവും പരാധീനവുമായി കിടക്കുന്ന അവസ്ഥയിൽ ഇപ്പോഴത്തെ സമുദായസ്ഥാപനങ്ങളോടുള്ള ബന്ധത്തെ പാലിക്കുമാറ് അതിന്റെ ഘടനയ്ക്കുള്ളിൽ കാൽ ഉറപ്പിച്ചും അതിനു ക്ഷേമം വരുത്തുക എളുപ്പമല്ലായ്കയാലും, അവയിൽ നിന്നെല്ലാം തികച്ചും വേർപെട്ടുനിന്നുകൊണ്ട് "ദൈവത്തിന്റെ മഹത്വ

www.malankaralibrary.com



ത്തിന്നും പരോപകാരാർത്ഥങ്ങളായ സുകൃതങ്ങൾക്കും, സർവ്വോപരി സുവിശേഷപ്രചരണത്തിനുംവേണ്ടി യത്നിക്കുക അവശ്യം ആവശ്യമാകയാലും ആ വിധത്തിൽ പരിശ്രമിക്കുകതന്നെയാണ് വേണ്ടതെന്നു നാം തീരുമാനിച്ചു.''

ഒടുവിൽ നാം സകലതും ദൈവത്തിങ്കൽ ഭരമേല്പിക്കുകയും ചെയ്തു.

## പ്രാർത്ഥന

ദൈവമേ ഞങ്ങൾ നിന്റേതാകുന്നു, നിനക്കായി ഞങ്ങൾ വേർതിരിക്കപ്പെട്ടിരിക്കുന്നു. നിന്റെ ഹിതംപോലെ ഉപയോഗിക്കുവാനായിട്ടു ഞങ്ങൾ നിനക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. സ്നേഹമേറിയ പിതാവേ! പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും, പൂർണ്ണശക്തിയോടും നിന്നെ സ്നേഹിപ്പാൻ ഞങ്ങളെ അഭ്യസിപ്പിക്കണമേ. സ്വാർത്ഥപരമായ ചിന്തകൾ അശേഷം വെടിഞ്ഞ് ഞങ്ങൾ ഞങ്ങളെത്തന്നെ നിനക്കു തരുവാൻ അഭ്യസിപ്പിക്കണമേ. നീ ആഗ്രഹിക്കുന്നപ്രകാരം നിന്നെ സേവിപ്പാൻ ഞങ്ങളെ അഭ്യസിപ്പിക്കണമേ! എത്ര മുറിവുകൾ ഏറ്റാലും, അവയെ കൂട്ടാക്കാതെ നിനക്കുവേണ്ടി യുദ്ധം ചെയ്വാൻ ഞങ്ങളെ അഭ്യസിപ്പിക്കണമേ! എന്തു ചെലവുവരുമെന്നു കണക്കാക്കി നോക്കാതെ നിനക്കു തരുന്നതിനു ഞങ്ങളെ അഭ്യസിപ്പിക്കണമേ! നിന്റെ തിരുവിഷ്ടം ഞങ്ങൾ ചെയ്യുന്നു എന്നറിയുന്നതുതന്നെ, ഞങ്ങൾക്കു പ്രതിഫലമായിരിക്കട്ടെ. നിന്റെ അളവറ്റ സ്നേഹത്തിൽ നീ ഞങ്ങൾക്കായി ഒരുക്കീട്ടുള്ള ജീവിതം നയിച്ചു നിന്നെ സ്നേഹിപ്പാനും മഹത്വപ്പെടുത്തുവാനും ഞങ്ങളെ സഹായിക്കണമെ - ആമീൻ.

www.malankaralibrary.com

## രണ്ടാം ഭാഗം

# ആശ്രമവാസം



www.malankaralibrary.com

**അദ്ധ്യായം ~ 1**

# മുണ്ടൻമല

ശബരിമലയ്ക്കു പോയിട്ടുള്ളവരോട് മുണ്ടൻമല എവിടെയാണെന്നു പറഞ്ഞു മനസ്സിലാക്കേണ്ടതായിട്ടില്ല. ആ മലയുടെ ഒരു ചരിവിൽകൂടിയേ ശബരിമലയിലേക്കു പോകുവാൻ നിർവ്വാഹമുള്ളു. മുണ്ടൻമലയിൽ ഒരിടത്ത് അതിവിസ്താരമായ ഒരു പാറപ്പുറമുണ്ട്. അവിടെ ചുറ്റും രണ്ടുനാലടി ഉയരത്തിൽ പാറക്കല്ലുകൾ അടുക്കിവച്ചുണ്ടാക്കപ്പെട്ടിട്ടുള്ള മതിൽക്കെട്ടിന്നുള്ളിലായി ശിവലിംഗമെന്ന സങ്കല്പത്തിന്മേൽ രണ്ടടി ഉയരത്തിൽ നീളത്തിലുള്ള ഒരു പാറക്കഷണം ഭദ്രമായി ഉറപ്പിച്ചിരിക്കുന്നു. അതിന്റെ ഒരുവശത്തായി ഒരു വിളക്കും സ്ഥാപിച്ചിട്ടുണ്ട്. ശബരിമലയിലേക്കു പോകുന്നവർ ഈ വിളക്കു കത്തിച്ച് ശിവലിംഗത്തെ ആരാധിക്കുക പതിവാണ്. തേങ്ങ ഉടച്ച് അതിന്റെ വെള്ളം ശിവലിംഗത്തിന്റെ മൂർദ്ധാവിലൊഴിക്കും. ആ വെള്ളം പുറത്തേക്കൊഴുകിപ്പോകുന്നതിനായി പാറപ്പുറത്തൊരു ചാലും നിർമ്മിച്ചിട്ടുണ്ട്. തീർത്ഥയാത്രക്കാർ സ്വല്പനേരം വിശ്രമാർത്ഥം അവിടെ ഇരുന്ന് ഈശ്വരപ്രസാദത്തിനായി തേങ്ങാവെള്ളം അർച്ചിച്ചേ അവിടെ നിന്നു മേലോട്ടു കയറിപ്പോകുമാറുള്ളു.

പ്രസ്തുത മുണ്ടൻമല തന്നെയാണ് ഇപ്പോഴത്തെ ബഥനിമലയെന്നു വായനക്കാർ ഗ്രഹിച്ചിരുന്നാലും. ഈ വിധത്തിൽ ആ മലയ്ക്കുണ്ടായിട്ടുള്ള രൂപാന്തരം തന്നെയാണ് 'ഗിരിദീപ'ത്തിലെ പ്രതിപാദ്യവിഷയവും. മുണ്ടൻമലയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള പാഴ്കുടിലുകൾ നിമിത്തം അതു മറ്റൊരു പേരിൽ ഇപ്പോൾ പലേടത്തും അറിയപ്പെടുവാൻ സംഗതിയായിത്തീർന്നുവെന്നുമാത്രം.

നമ്മുടെ സെറാമ്പൂർവാസത്തിന്റെ അന്തിമഘട്ടത്തിലായിരുന്നു മുണ്ടൻമല നമുക്ക് അധീനമായതെന്നും അതിന്റെ അടിവാരത്തിലായി സത്രം പണി ചെയ്യപ്പെട്ടതെന്നും വായനക്കാർ മനസ്സിലാക്കിയിരിക്കേണ്ടതാണ്. അവധിക്കാലത്ത് നാം ഒരിക്കൽ കോട്ടയം പഴയസിമ്മനാരി

www.malankaralibrary.com



യിലെത്തി താമസിച്ചിരുന്നപ്പോൾ, മുണ്ടൻമലയിൽ പോയി അവിടെ അതിന്റെ താഴ്‌വാരത്തിലായി ഒരു കെട്ടിടം ഉണ്ടാക്കുന്നതിന് ഒരാളെ അയച്ചാൽ നന്നായിരുന്നു എന്നു വിചാരിച്ചു. പഴയസിമ്മനാരിയിൽ വന്ന്, പലപ്പോഴും നമ്മെ കാണുകയും സന്ന്യാസപരമായ ജീവിതാ ദർശം ഉള്ള ആളാണെന്നു നമുക്ക് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ള പള്ളിക്കൂടം വാദ്ധ്യാരായ ഒരു മിസ്റ്റർ ഉമ്മൻ അതിനു പറ്റിയ ആൾതന്നെ എന്നു നമുക്കു തോന്നി. ആ ഭാഗത്തെങ്ങാനും ഉള്ള പള്ളിക്കൂടത്തി ലേക്കു മാറ്റം ലഭിക്കുന്നപക്ഷം, സസന്തോഷം അങ്ങോട്ടുപോയി, ആവ ശ്യങ്ങൾ നിറവേറ്റിക്കൊള്ളാമെന്ന് അയാൾ നമ്മുടെ അഭിലാഷത്തെ അനൂകൂലിക്കുകയും ചെയ്തു. (ഈ മിസ്റ്റർ ഉമ്മൻ തന്നെ ആണ് ഇപ്പോൾ ഫാദർ ബർസ്കീപ്പാ എന്ന പേരിൽ അറിയപ്പെടുന്ന സന്ന്യാ സപ്പട്ടക്കാരൻ എന്ന് ഇവിടെ വിശദപ്പെടുത്തിക്കൊള്ളുന്നു).

പെരിനാട്ടിലുള്ള ഒരു പള്ളിക്കൂടത്തിൽ പ്രവേശനം ലഭിക്കുവാൻ മി.ഉമ്മനു യാതൊരു പ്രയാസവും നേരിടുകയുണ്ടായില്ല. മി.ഉമ്മൻ അവിടെ ചെന്നതോടുകൂടി നമ്മുടെ കത്തനുസരിച്ചു നമ്മുടെ അനുജനും അവിടെ ചെന്നുകയറി. സത്രത്തിന്റെ പണിആരംഭിക്കപ്പെ ട്ടതോടുകൂടി ഫാദർ അലക്സിയോസും ചെന്നുചേർന്നു.

സത്രത്തിന്റെ പണി ആരംഭിക്കപ്പെട്ട അന്നുതന്നെ, ദൈവഗത്യാ, സത്രത്തിനു സമീപത്തായി ഇപ്പോൾ കാണപ്പെടുന്ന റോഡും വെട്ടി ത്തുടങ്ങി എന്നുള്ളതത്രേ ഇവിടെ വിശിഷ്യാ സ്മർത്തവ്യമായിട്ടുള്ള ത്. പബ്ലിക് നിരത്തിനോടു ഘടിപ്പിച്ചിട്ടുള്ള ഒരു വഴിയില്ലെങ്കിൽ എന്തെല്ലാം ദുർഘടങ്ങളുണ്ടായിത്തീരാമെന്ന കാര്യം ചിന്തനീയമായി രുന്നു. കാടു കയറാനും മല കയറാനും എല്ലാവർക്കും സാധ്യമായി രുന്നാൽ തന്നേയും, ആവക സ്ഥലങ്ങളിലേക്കു വല്ലതുമൊരു സാധനം നാട്ടിൻപുറങ്ങളിൽ നിന്നു കൊണ്ടു വരുന്നതിൽ നേരിടാവുന്ന വിഷമ തകളെക്കുറിച്ച് ആലോചിക്കേണ്ടതാവശ്യമാണല്ലോ. റോഡ് വേണ്ടതു തന്നെ; പക്ഷേ, അതിലേക്കു പത്തുരണ്ടായിരത്തിലധികം രൂപാ വ്യയം ചെയ്യുക എളുപ്പമായിട്ടുള്ളതാണോ? രൂപാ ഇറക്കാതെയും ബുദ്ധി മുട്ടാതെയും അതിന്നൊരു പോംവഴി താനേതന്നെ ഉണ്ടായി എന്നു

www.malankaralibrary.com



പറഞ്ഞാൽ കഴിഞ്ഞുവല്ലോ. മുണ്ടൻമലയുടെ സമീപത്തായി രണ്ടു വലിയ റബർതോട്ടങ്ങൾ ഉണ്ട്. ഇവയിൽ, ളാഹയിലെ വക ആവശ്യങ്ങൾ കുറുങ്ങാലിത്തോട്ടംവക റോഡുകൾകൊണ്ടു നിർവ്വഹിക്കപ്പെട്ടുവന്നിരുന്നു. പ്രസ്തുതറോഡ് കാലാന്തരത്തിൽ നന്നാക്കേണ്ടിവന്നപ്പോൾ ളാഹത്തോട്ടക്കാർ കണ്ണടച്ചിരുന്നുകളഞ്ഞു. കുറുങ്ങാലിക്കാർക്ക് ഇത് അതൃപ്തിക്കു കാരണമായിത്തീർന്നതിനാൽ ഇരുപക്ഷക്കാർക്കും പ്രത്യേകം റോഡുകൾ ഉണ്ടായെ മതിയാവൂ എന്നു വന്നുകൂടി. ളാഹക്കാർക്കു പ്രത്യേകം പ്രത്യേകം വഴി വേണമെങ്കിൽ അതു മുണ്ടൻമലയുടെ അടിവാരത്തുകൂടി വേണ്ടിയിരുന്നു. ഇങ്ങനെയത്രേ, ഒരു കൊച്ചുകാശുപോലും ചെലവിടാതെ സ്വന്തം വകയെന്നുള്ള നിലയിൽ നമുക്കൊരു വഴി ഉപയോഗയോഗ്യമായിത്തീരുകയുണ്ടായത്.

ദീപംകൊണ്ടു പരിശോഭിക്കപ്പെടണമെന്നാണ് മുണ്ടൻമലയെ സംബന്ധിച്ചിടത്തോളമുള്ള അതിന്റെ തലയിലെഴുത്തെന്നു ചിലർ ഊഹിക്കുന്നതിൽ അർത്ഥമില്ലായ്കയില്ലെന്നു സമ്മതിക്കാം. ഒരുകാലത്തു ശിവലിംഗത്തിന്റെ സമീപത്തായി ജ്വലിച്ചിരുന്ന ഒരു ദീപത്താൽ അത് പ്രശോഭിതമായിരുന്നു. അതിന്റെ രൂപാന്തരത്തോടുകൂടി അഹോരാത്രം കത്തിക്കൊണ്ടിരിക്കുന്ന ഒരു ദീപത്താൽ അത് ഇപ്പോൾ സുപ്രശോഭിതവും സുപ്രസിദ്ധവുമായിത്തീർന്നിരിക്കയത്രെ. വിശുദ്ധകുർബാനയിൽ സന്നിഹിതനാകുന്ന നമ്മുടെ കർത്താവേശുമിശിഹായുടെ തിരുശരീരങ്ങൾ ഇരവുപകൽ ഒരുപോലെ നിക്ഷേപിക്കപ്പെടുന്ന സ്ഥലത്ത് ഒരു കെടാവിളക്കുണ്ടായേ മതിയാകയുള്ളുവല്ലോ. തിരുവല്ലായിലെ ബഥനിവക കന്യകാമഠവും ഇതുപോലെ ദൈവസാന്നിദ്ധ്യത്താൽ എപ്പോഴും പ്രശോഭിതമായിരിക്കുന്ന മറ്റൊരു ദീപഗിരിയാണെന്നു പറയാം.

www.malankaralibrary.com

അദ്ധ്യായം ~ 2

# ആശ്രമസ്ഥാപനം

മുണ്ടൻമലയുടെ പടിഞ്ഞാറെ താഴ്‌വാരത്തിലായി സത്രത്തിന്റെ പണി ആരംഭിച്ചിരിക്കുന്നുവെന്നു കത്തുമുഖേന അറിയാൻ കഴിഞ്ഞപ്പോൾ, അത് ശബരിമലയിലേക്കുള്ള ആറടിപ്പാതയോടു സമീപിച്ചായിരിക്കണമെന്നു നാം ഊഹിച്ചു. ചെട്ടികളുടേതായും മറ്റും ഏതാനും, കുറെ വീടുകൾ സമീപത്തുള്ള സ്ഥിതിക്ക്, ആ സ്ഥലത്തു സത്രം ഉണ്ടായാൽ വന്യമൃഗങ്ങളുടെ ശല്യത്തിനു കുറവുണ്ടായേക്കാവുന്നതാണല്ലോ. ഇരിക്കാനും കിടക്കാനും മാത്രമായിട്ടെങ്കിലും തൽക്കാലം അവിടെ ഒരു കെട്ടിടം ഉണ്ടായതിനുശേഷം മതിയല്ലോ, ആശ്രമം സ്ഥാപിക്കുക. ഉടനെ സെറാമ്പൂർ കോളേജ് വിട്ടു പോരുവാൻ നമുക്കെളുപ്പമല്ല. നമ്മുടെ അന്വേഷണത്തിലും പരിരക്ഷണത്തിലുമായി അവിടെ താമസിച്ചുവന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടെ കാര്യം അവഗണിക്കുവാൻ പാടുള്ളതല്ലല്ലോ. രണ്ടുകൊല്ലം കൂടി കഴിഞ്ഞാൽ  സെറാമ്പൂർ വിടുന്നതിന് നമുക്ക് പ്രയാസമുണ്ടാകുന്നതല്ല. അതുവരെയുള്ള കാലത്തിനുള്ളിൽ മുണ്ടൻമലയിൽ ചെയ്യേണ്ടതിന്നെല്ലാം മറ്റൊരാളെ ചുമതലപ്പെടുത്തിയേ മതിയാകയുള്ളു. നമ്മോടൊന്നിച്ചു താമസിച്ചുവന്ന മട്ടയ്ക്കൽ അലക്സന്ത്രയോസ് ശെമ്മാശൻ സന്ന്യാസവൃത്തിയിൽ അഭിരുചിയും അഭിനിവേശവും ഉള്ള ആൾതന്നെ. മുണ്ടൻമലയിൽ പോയി അത്യാവശ്യസംഗതികളെല്ലാം നിർവ്വഹിച്ചുകൊള്ളാം എന്ന് അയാൾ നമ്മോടു വാഗ്ദാനം ചെയ്തു. ശെമ്മാശൻ അവിടെച്ചെന്ന് ആശ്രമത്തിനുള്ള സ്ഥാനം കണ്ടുപിടിച്ച്, അവിടെയുള്ള കാടുമുഴുവൻ വെട്ടിനീക്കി, കെട്ടിടങ്ങൾ സ്ഥാപിച്ചു കഴിയുമ്പോഴേക്കും നമുക്കും അവിടെ ചെന്നു ചേരാവുന്നതാണല്ലോ. കാര്യം ഏതാണ്ട് ഇപ്രകാരമൊക്കെ നിശ്ചയിച്ചു ശെമ്മാശനെ അയപ്പാൻ തീർച്ചപ്പെടുത്തിയിരിക്കയായിരുന്നു. അപ്പോഴാണ്, നമുക്കൊരു വാതരോഗത്തിന്റെ ഉപദ്രവം തുടങ്ങിയത്. ആരംഭത്തിൽ നാം അതിനെ അത്ര കാര്യമക്കിയില്ല. ഇംഗ്ലീഷ് ചികിത്സ ഒരുവിധം ചെയ്തുനോക്കി. പ്രത്യക്ഷത്തിൽ യാതൊരു ഫലവും കാണാൻ

www.malankaralibrary.com



കഴിഞ്ഞില്ല. വാതരോഗത്തിനു നാട്ടുവൈദ്യമാണ് ഉത്തമം എന്നു പല സുഹൃത്തുക്കളും നമ്മോടുപദേശിച്ചു. അതിൽ ഏതാണ്ടു വാസ്തവം ഉണ്ടായിരിക്കാം എന്നു നമുക്കുംതോന്നി. പിന്നെ അധികനാൾ സെറാമ്പൂർ താമസിക്കുവാൻ നാം ഇഷ്ടപ്പെട്ടില്ല. ചികിത്സാർത്ഥം നാം കോട്ടയത്തെത്തി. മട്ടയ്ക്കൽ ശെമ്മാശനും നമ്മോടുകൂടെ ഉണ്ടായിരുന്നു. മുണ്ടൻമലയ്ക്കു സമീപത്തെങ്ങും പള്ളിയില്ലാത്തതുകൊണ്ട് കശ്ശീശാസ്ഥാനം കൊടുപ്പിച്ച് അയാളെ അങ്ങോട്ട് അയയ്ക്കുകയല്ലേ നന്നായിരിക്കുക എന്നു നാം വിചാരിച്ചു. കണ്ടനാട്ടിടവകയുടെ പരേതനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അപ്പോൾ പഴയസിമ്മനാരിയിൽ ഉണ്ടായിരുന്നു. നമ്മുടെ അപേക്ഷപ്രകാരം അദ്ദേഹം ശെമ്മാശനെ കത്തനാരാക്കി. അധികം താമസിയാതെ അലക്സ്ന്ത്രയോസ് കത്തനാരെ (ഫാദർ അലക്സിയോസ്) നാം മുണ്ടൻമലയിലേക്കു വിടുകയും ചെയ്തു.

അപ്പോഴും ചികിത്സയിലായിരുന്ന നാം ഫാദർ അലക്സിയോസിനെ മുണ്ടൻമലയിലേക്ക് അയച്ചപ്പോൾ, കുറെ രൂപകൂടി അദ്ദേഹം വശം ഏൽപ്പിച്ചിരുന്നതായി ഇവിടെ പറയേണ്ടതുണ്ട്. കാടുവെട്ടിത്തെളിക്കുന്നതിനും മറ്റും കുറെ പണം വ്യയം ചെയ്യാതെ നിവൃത്തിയില്ലല്ലോ. ആശ്രമം സ്ഥാപിക്കപ്പെടുന്ന സ്ഥലം മാത്രം ശരിപ്പെടുത്തിയാൽ മതിയെങ്കിൽ; അതിന്നധികം പണച്ചെലവില്ലെന്നു സമാധാനപ്പെടാം. ആശ്രമസ്ഥരായി അവിടെ താമസിക്കുന്നവരുടെ ഉപജീവനാർത്ഥം കൃഷി അത്യാവശ്യമാണല്ലോ. കാടു വെട്ടിത്തെളിക്കണമെന്നല്ലാതെ, അവിടുത്തെ ഭൂമിക്കു യാതൊരു തരക്കേടും പറയാൻ പാടുള്ളതല്ല. തേയിലയോ, റബ്ബറോ, കുരുമുളകോ, എന്തെങ്കിലും അവിടെ സമൃദ്ധിയായിട്ടുണ്ടാവും. ഇതിലേക്കു മതിയായ സംഖ്യയും ഏല്പിച്ചിട്ടാണ് നാം ഫാദറിനെ അങ്ങോട്ടയച്ചത്. ഇതിനുള്ള വക എവിടെ നിന്നുണ്ടായി എന്നും കൂടി വിശദപ്പെടുത്തേണ്ടിയിരിക്കുന്നു. ദൈവാനുകൂല്യംകൊണ്ടു സെറാമ്പൂരിൽ നിന്നു പോരുന്നതിനു മുമ്പായിത്തന്നെ ഈ വകയ്ക്കു കുറെ രൂപാ കരുതുന്നതിന് നമുക്ക് സാധിച്ചു. കോളേജുവക ശമ്പളമോ ദാക്ഷിണ്യമോ അല്ലായിരുന്നു അത്. കോളേജുവിട്ടാൽ ഉടൻ നാം ചെയ്യാൻപോകുന്നത് ഇന്നതാണെന്നു കോളേജിലുള്ള ചില

www.malankaralibrary.com



പ്രഫസർമാരും അറിഞ്ഞിരുന്നു. അതിൽ സന്തോഷവും സംതൃപ്തിയും പ്രദർശിപ്പിച്ചുവന്ന ആ സ്നേഹിതന്മാർവഴിയായി മിസ്റ്റർ ജെ. എച്ച്. ഫൗളർ എന്നുപേരായ ഒരു അമേരിക്കൻ നമ്മുടെ ആശ്രമസ്ഥാപനോദ്യമത്തെപ്പറ്റി കേൾക്കുവാൻ ഇടയായി. തദ്വിഷയത്തിൽ നമ്മെ പ്രോത്സാഹിപ്പിക്കാനോ അഭിനന്ദിപ്പാനോ ആയിരിക്കാം ഒരു ദിവസം മിസ്റ്റർ ഫൗളർ നമ്മെക്കാണുവാനായി വന്നു. അന്യോന്യമുണ്ടായ ഉപചാരത്തിനുശേഷം ആശ്രമസ്ഥാപനം സംബന്ധിച്ച കാര്യത്തിൽ താൻ വല്ല സഹായമോ ആനുകൂല്യമോ ചെയ്യേണ്ടതുണ്ടോ എന്നായിരുന്നു ആ സഹൃദയൻ നമ്മോടു ചോദിക്കുകയുണ്ടായത്. മുണ്ടൻമലയുടെ കുറെ ഭാഗമെങ്കിലും ശരിപ്പെടുത്തുന്നതിലേക്ക് എന്താണു പണത്തിനുള്ള മാർഗ്ഗമെന്നു നാം ആലോചിച്ചുവരുന്നതിനാൽ, ആ സഹൃദയന്റെ അനുകമ്പാസ്യൃണമായ പ്രസ്തുത വാക്കുകൾ നമ്മെ എന്തുമാത്രം കൃതാർത്ഥതപ്പെടുത്തിയിരിക്കണമെന്നുള്ളത് വായനക്കാർക്ക് ഊഹ്യമായിരിക്കുമല്ലോ.

“നിങ്ങളുടെ സ്തുത്യർഹമായ സൗഹാർദ്ദത്തിനു ഞാൻ നന്ദി പറയുന്നു. ആശ്രമസ്ഥാപനാർത്ഥം കുറെ പണം ആവശ്യമാണെന്നുള്ളതിനെ ഞാൻ ഇവിടെ മൂടിവെക്കുന്നില്ല. സുവിശേഷപ്രചരണാർത്ഥം അനവധി പണം യൂറോപ്യൻമാർ ഇൻഡ്യയിൽ ചെലവഴിച്ചുവരുന്നുണ്ടല്ലോ. ആ പണത്തിന്റെ ഒഴുക്കിന് എപ്പോൾ തടസ്സമുണ്ടാകുന്നുവോ, അപ്പോൾ ഏതൽ മാർഗ്ഗേണയുള്ള വേലയ്ക്കു ഹാനി തട്ടുമെന്നാണ് ഏറെക്കുറെ അനുഭവംകൊണ്ടു കണ്ടിട്ടുള്ളത്. സുവിശേഷപ്രചരണത്തിൽ സ്വദേശികൾക്കു ചുമതലാബോധം കൈവരുത്തണമെന്നാണ് ഞങ്ങളുടെ ഉദ്ദേശം. അതിനാൽ വിദേശികളോട് സഹായം അഭ്യർത്ഥിപ്പാൻ ഞങ്ങൾക്ക് ആഗ്രഹമില്ല. അതിനാൽ സുഹൃത്തുക്കളായി നിങ്ങളാരും ഞങ്ങൾക്ക് സൗജന്യം ചെയ്യേണ്ടതില്ല. ചുരുങ്ങിയ പലിശയ്ക്ക് എവിടെ നിന്നെങ്കിലും കുറെ രൂപ കടമായി വാങ്ങണമെന്നു വിചാരിച്ചിരിക്കുകയാണ്.”

“ഇതിനു വലിയ പ്രയാസമുണ്ടാവുമെന്നു ഞാൻ വിചാരിക്കുന്നില്ല. പരീക്ഷിക്കട്ടെ” എന്നു പറഞ്ഞതിനുശേഷം മിസ്റ്റർ ഫൗളർ മടങ്ങിപ്പോയി. മിസ്റ്റർ ഫൗളറിന്റെ അന്വേഷണഫലമായി കൽക്കത്തയിൽ താമ

www.malankaralibrary.com



സിക്കുന്ന സർ ഡാനിയേൽ ഹാമിൽട്ടനെ കാണുവാനാണ് നമുക്ക് ഉടൻ സംഗതിയായത്. ആശ്രമസ്ഥാപനാർത്ഥം എത്ര സംഖ്യ വേണമെങ്കിലും കടം കൊടുത്തേക്കാമെന്ന് അദ്ദേഹം മിസ്റ്റർ ഫൗളറിനോടു വാഗ്ദാനം ചെയ്തിരുന്നു. 7000 രൂപാ തന്നാൽ മതിയാകുമെന്ന് അദ്ദേഹം സർ ഡാനിയേൽ ഹാമിൽട്ടനോടു പറഞ്ഞു. എപ്പോൾ വേണമെങ്കിലുംഅതു തരാൻ ഒരുക്കമാണെന്നായിരുന്നു തൽക്ഷണം തന്നേ ആ മാന്യസുഹൃത്തു നൽകിയ മറുപടി. നമ്മുടെ മുണ്ടൻമല വെട്ടിത്തെളിക്കാനായും മറ്റും കുറെ രൂപ ആവശ്യമുണ്ടല്ലോ എന്നും അതിലേക്ക് 7000 രൂപ നിസ്സാരമായ പലിശയിന്മേൽ സർ ഡാനിയേൽ ഹാമിൽട്ടൺ തരാമെന്നു സമ്മതിച്ചിട്ടുണ്ടെന്നും, നാം സന്ദർഭവശാൽ മി.ജോൺ വക്കീലിനെ അറിയിച്ചിരുന്നു. അതിൽ സന്തോഷം പ്രദർശിപ്പിച്ചുകൊണ്ട് കടമായി വാങ്ങുന്ന സംഖ്യ ഒന്നായി കൊടുത്തു തീർത്തേക്കാമെന്ന വാഗ്ദാനം ചെയ്യരുതെന്നും കടം തരുന്ന സർ ഡാനിയേലിന്ന് പണയമായി താൻ നൽകിയ നൂറ് ഏക്കർ സ്ഥലം കൊടുക്കുന്നതു സമ്മതമാണെന്നും മിസ്റ്റർ ജോൺ മറുപടിയയച്ചു. നാം കത്ത് സർ ഡാനിയേൽ ഹാമിൽട്ടനെ കാണിച്ചു. "നിങ്ങളുടെ സൗകര്യംപോലെയും ഇഷ്ടം പോലെയും" എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. ഇങ്ങനെ വാഗ്ദാനം ചെയ്യപ്പെട്ട 7000-ൽ നിന്നു 1000 കയ്യിൽ വാങ്ങിക്കൊണ്ടായിരുന്നു നാം ചികിത്സാർത്ഥം കോട്ടയത്തു വന്നത്. കോട്ടയത്തെത്തിയതിൽ പിന്നീടും, സർ ഡാനിയേൽ ഹമിൽട്ടൻ നമുക്ക് തപാൽ മാർഗ്ഗം പണം അയച്ചുതരുവാൻ തുടങ്ങി. യാതൊരു പ്രമാണവും നൽകാതെ അദ്ദേഹത്തിന്റെ പണം മേലാൽ സ്വീകരിക്കുന്നത് അനൗചിത്യമായിരിക്കയില്ലയോ എന്നു നാം വിചാരിച്ചു. അദ്ദേഹം ഇങ്ങോട്ടൊന്നും ആവശ്യപ്പെട്ടിട്ടില്ലെങ്കിലും, നമ്മുടെ സത്യസന്ധതയ്ക്ക് അങ്ങനെ ചെയ്യേണ്ടത് ആവശ്യമാണല്ലോ. മറ്റൊരാൾ സൗജന്യമായി നൽകിയ ഭൂമിയെ പണയപ്പെടുത്തി കടം വാങ്ങിക്കുന്നതിൽ നമുക്ക് ഒട്ടും തന്നെ തൃപ്തിയും സന്തോഷവും തോന്നിയില്ല. സ്വന്തം വക പണംകൊണ്ടു വാങ്ങിയ ഭൂമിതന്നെ ആവശ്യത്തിലധികം പണയപ്പെടുത്തുവാൻ നമുക്ക് മടി തോന്നി. അതിനാൽ ആ കാലത്ത് കോട്ടയത്ത് അഭിഭാഷകവൃത്തിയിൽ താമസിച്ചിരുന്ന മിസ്റ്റർ എ.പീലിപ്പോസിന്റെ സഹകരണത്തോടുകൂടി, നമ്മുടെ സ്വന്തംവക ഭൂമിയുടെ ഏതാനും ഭാഗം പണയപ്പെടു

www.malankaralibrary.com



ത്തിക്കൊണ്ട് ആധാരം എഴുതി, രജിസ്റ്റർ ചെയ്യിച്ച്, നാം സർ ഡാനിയേലിന് അയച്ചു കൊടുത്തു. ഈവിധം സർ ഡാനിയേലിനോട് കടം വാങ്ങിയ രൂപയാണ് ഫാദർ അലക്സിയോസ് വശം നാം ഏല്പിക്കുകയുണ്ടായതെന്ന് വായനക്കാർക്ക് വ്യക്തമായല്ലോ.

മുണ്ടൻമലയുടെ അടിവാരത്തിൽ പണിയപ്പെട്ട സത്രത്തിൽ ഫാദർ അലക്സിയോസ് സക്ഷേമം എത്തിച്ചേർന്നു. സമീപത്തുള്ള ഒരു പള്ളിക്കൂടത്തിലെ വാധ്യാരായിരുന്ന മിസ്റ്റർ ഉമ്മൻ (ഇപ്പോൾ ഫാദർ ബസ്ക്കീപ്പാ) താമസിച്ചിരുന്നത് പ്രസ്തുത സത്രത്തിലായിരുന്നു. മല കയറി, കാടുവെട്ടി, ആശ്രമത്തിനുള്ള കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിലേക്കായി നമ്മുടെ നിർദ്ദേശപ്രകാരം നമ്മുടെ അനുജനും അവിടെ ചെന്നു താമസിക്കുന്നുണ്ടായിരുന്നു. ഒരു ദിവസംമൂവരുംകൂടി വടിയും കത്തിയുമായി മല കയറുവാൻ തുടങ്ങി. വൃക്ഷങ്ങളാൽ നിബിഡീകൃതവും സൂര്യരശ്മിയുടെ അഭാവത്തിൽ ഭയാനകവുമായ ആ കാട്ടിൽ സുഗമമായ വഴികളൊന്നും തന്നെ ദൃശ്യമായില്ല. വളഞ്ഞുപുളഞ്ഞുള്ള ഒരു ഒറ്റയടിപ്പാതമാത്രം ചിലേടങ്ങളിൽ കാണപ്പെട്ടു. മലയുടെ കുത്തനേയുള്ള നിലനിമിത്തം, നേരെ കയറിപ്പോവുക അസാദ്ധ്യമായിരുന്നതിനാൽ ചിലപ്പോൾ ഇടത്തോട്ടും ചിലപ്പോൾ വലത്തോട്ടുമായി, വൃക്ഷങ്ങളുടെ ഇടയിലൂടെ നൂന്നു കടന്നുപോകേണ്ടിയിരുന്നു. വിളിച്ചുകൂവി ശബ്ദമുണ്ടാക്കിയും കൈവശമുള്ള വടിശക്തിയോടെ നിലത്തടിച്ചും ആ കാട്ടിനുള്ളിലേക്ക് അവർ പ്രവേശിച്ചു. മാർഗ്ഗമദ്ധ്യേ കാണപ്പെട്ട കാട്ടുവള്ളികൾ വെട്ടിനീക്കാതെ അവർക്കു നടന്നുപോകാൻ നിർവ്വാഹമുണ്ടായിരുന്നില്ല. ചിലേടങ്ങളിൽ വലിയ പാറകളാണെങ്കിൽ അതിന്നടുത്തായി അഗാധമേറിയ കുഴികൾ കാണപ്പെടും. വൃക്ഷങ്ങളുടെ ഇലകൾ വീണ് നിലം മൂടപ്പെട്ടിരുന്നതിനാൽ, കീഴെ കുഴിയുണ്ടോ എന്നു വടികൊണ്ടു കുത്തിനോക്കി മാത്രമേ ഓരോ അടിയും മുന്നോട്ടുവെപ്പാൻ കഴിവുണ്ടായിരുന്നുള്ളു. ഒരാൾ ഉയരത്തിലുള്ള പുല്ലുകളെ വടികൊണ്ട് തല്ലിയമർത്തിയശേഷം അവമേൽ ചവിട്ടുവാൻ കാൽ പൊക്കുമ്പോൾ, മർദ്ദനമേറ്റു ശുണ്ഠിപിടിച്ചിരിക്കുന്ന പാമ്പിനേയും ഇതര ദുഷ്ടജന്തുക്കളേയും കുറിച്ചുള്ള ഓർമ്മയുണ്ടാകും. വൈഷമ്യത്തെപ്പറ്റി ആലോചിക്കാത്തവരുടെ കാലുകൾ മാത്രമേ ആവക സ്ഥലങ്ങളിൽ

www.malankaralibrary.com



മുന്നോട്ടു ചരിക്കുകയുള്ളുവല്ലോ? ഇടയ്ക്കുവെച്ചു വല്ല കാട്ടാന യേയോ പുലിയേയോ, കടുവായേയോ കാണാൻ ഇടയായാൽ വെട്ടു കത്തിയും വടിയുമായി ഇവർ എന്തൊരു പോരാട്ടം നടത്തുവാനാണ് ഇടയുള്ളതെന്ന് നമുക്കേവർക്കും ഊഹ്യമായിട്ടുള്ളതത്രെ. നിർഭാഗ്യ വശാൽ ആവക ക്രൂരജന്തുക്കളിൽ വല്ലതിനേയും ഇവർ കണ്ടിരുന്നു വെങ്കിൽ, ബഥന്യാശ്രമത്തിന്റെ സ്ഥാപനചരിത്രം ഹൃദയഭേദകമായ രൂപ ത്തിൽ രക്തമഷികൊണ്ടുതന്നെ എഴുതപ്പെടുമായിരുന്നു!

നടന്നുകയറിയും ഇഴഞ്ഞും ഇവർ സമുദ്രനിരപ്പിൽനിന്ന് 1000 അടി ഉയരത്തിൽ ചെന്നു പറ്റി. കഷ്ടിച്ച് 100 അടി വീതിയും നീളവും ഉണ്ടാ യേക്കാവുന്ന ഒരു സമനിരപ്പുള്ള സ്ഥലമായിരുന്നു അത്. കാട്ടുവള്ളിയും പുല്ലുമല്ലാതെ വലിയ വലിയ വൃക്ഷങ്ങളൊന്നും അവിടെ ഉണ്ടായിരു ന്നില്ല. ചുറ്റുമുള്ള ഭാഗങ്ങളെ അപേക്ഷിച്ച് അവിടെ യാതൊരു വൻ വൃക്ഷങ്ങളും ഉണ്ടാവാത്തതിനു കാരണമുണ്ട്. സത്രത്തിനു സമീപ ത്തായി താമസിക്കുന്ന ചെട്ടികൾ ചിലപ്പോഴൊക്ക മുണ്ടൻമലയിൽ കാടു വെട്ടി തീയിട്ടു നെൽകൃഷി ചെയ്യുക പതിവാണ്. മിക്കവാറും സമനിര പ്പുള്ളതായ സ്ഥലം കണ്ടാൽ, അവിടെയുള്ള വൃക്ഷങ്ങളെല്ലാം വെട്ടിയ കറ്റിക്കൊണ്ട് അവർ അതു കറ്റകൾ വെപ്പാനും മെതിക്കാനുമുള്ള കളമാക്കി ത്തീർക്കും. അഞ്ചും ആറും കൊല്ലം കഴിയുമ്പോഴൊരിക്കൽ മാത്രമേ ഒരേ സ്ഥലത്തുതന്നെ അവർ വീണ്ടും കൃഷി ഇറക്കുമാറുള്ളു. അതി നാൽ അപ്പോൾ മാത്രമേ സമീപത്തുള്ള കളംകൊണ്ട് ഉപയോഗവു മുള്ളുവല്ലോ. നമ്മുടെ കൂട്ടർ ആശ്രമത്തിനായി കണ്ടുപിടിച്ച സ്ഥലം ഈ തരത്തിലുള്ള ഒരു കളമായിരുന്നു എന്നു വായനക്കാർ മനസ്സിലാ ക്കേണ്ടതുണ്ട്. പ്രസ്തുത കളത്തിനു കിഴക്കുഭാഗം കീഴോട്ടു തൂക്കാ യുള്ള വലിയ ഇറക്കമാണ്. അപ്പുറത്തുള്ള വലിയ മലയിലേക്ക് പ്രവേ ശിക്കുവാൻ ഈ ഒരു ഇറക്കം ഇറങ്ങി കയറേണ്ടിയിരിക്കുന്നു. ആ മല യിൽ വേണം ആശ്രമം സ്ഥാപിക്കുവാനെന്ന് ഇവർ ആഗ്രഹിക്കുകയേ ഉണ്ടായില്ല. ഇപ്പോൾ കണ്ടുപിടിക്കപ്പെട്ട സ്ഥലത്തേക്കുതന്നെ സത്ര ത്തിൽ നിന്ന് അരമുക്കാൽ മൈൽ ദൂരമുണ്ടാവും. അത്രയും ദൂരം വലിയ കയറ്റവുമത്രെ. അവിടെനിന്നു പിന്നെയും താഴോട്ടിറങ്ങി മേലോട്ടു കയറുവാൻ ആർക്കും മനസ്സുണ്ടാകുന്നതല്ലല്ലോ. കിട്ടിയതുകൊണ്ടു

www.malankaralibrary.com



തന്നെ നമ്മുടെ കൂട്ടർ നന്നായി തൃപ്തിപ്പെട്ടു. കിഴക്കുവശത്ത് ഇറക്കത്തിനോടു ചേർന്ന്, പടിഞ്ഞാട്ടേയ്ക്കഭിമുഖമായി ആശ്രമം സ്ഥാപിക്കാമെന്നു തീർച്ചപ്പെടുത്തിയുംകൊണ്ട്, മൂവരും അന്നു തിരിയെ ഇറങ്ങിപ്പോന്നു.

ഏതാനും ദിവസങ്ങളിലെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി പ്രസ്തുത സ്ഥലത്ത് അവർ ഒരു ആശ്രമം കെട്ടിയുണ്ടാക്കി. അതിലേക്കു കാര്യമായ ചെലവൊന്നും തന്നേ അവർക്കുണ്ടായിക്കാണാൻ ഇടയുള്ളതല്ല. കെട്ടിടം തെക്കുവടക്കായി നീളത്തിൽ സ്ഥിതി ചെയ്യണമെന്ന് അവർ തീർച്ചപ്പെടുത്തി. മരത്തിനും മുളയ്ക്കും കാട്ടിൽ യാതൊരു ക്ഷാമവും ഉണ്ടാവാൻ ഇടയില്ലല്ലോ. ഇടത്തരം നാലഞ്ചു വൃക്ഷങ്ങൾ വെട്ടിക്കൊണ്ടുവന്ന് അവയുടെ കൊമ്പുകളും മറ്റും കളഞ്ഞ് നാലു മൂലകളിലും ഓരോ കുഴികൾ കുഴിച്ച്, അവയിൽ അവയെ ഒരേ ഉയരത്തിലായി നാട്ടിയുറപ്പിച്ചു. ആശ്രമത്തിന്റെ നാലു തൂണുകളായിത്തീർന്നു കഴിഞ്ഞിട്ടുള്ള അവമേൽ, ഉത്തരങ്ങളുടെ സ്ഥാനങ്ങളിൽ നാലു മുളകൾ കെട്ടി നിറുത്തി. ഇതിന് ആണിയും കയറും ഒന്നും ആവശ്യമില്ലായിരുന്നു. ‘ഇടംപിരിവലംപിരി’ എന്ന പേരിനാൽ അറിയപ്പെടുന്ന ഒരുതരം കാട്ടുചെടിയുടെ തോൽ ഉരിഞ്ഞാൽ അത് കയറിനോളം ബലമുള്ളതായിരിക്കും. കഴുക്കോലുകൾക്കു യാതൊരു പ്രയാസവുമില്ലല്ലോ. മുളകൾ വേണമെങ്കിൽ അവ; അതല്ലെങ്കിൽ ചൊവ്വുള്ള തടികൾ ധാരാളം. കഴുക്കോലുകളുടെ സ്ഥാനങ്ങളിൽ അവയും വെച്ചു. വാരികൾക്കു മുളകൾതന്നെ കീറിയുണ്ടാക്കി. ഇനി മേൽപ്പുര കെട്ടുകയേ ആവശ്യമുള്ളുവല്ലോ. തെങ്ങോലയും പനയോലയും കാട്ടിൽ കിട്ടുകയില്ല. പക്ഷേ, അവയേക്കാൾ പുര മേയുവാൻ നല്ലതായി വേറെ വല്ലതുമുണ്ടെങ്കിൽ, തെങ്ങോലതന്നെ വേണമെന്നു ശാഠ്യംപിടിച്ചിട്ടാവശ്യമില്ലല്ലോ. കച്ചി (വയ്ക്കോൽ) കൊണ്ടു ചോർച്ചകൂടാതെ പുര മേയാമെങ്കിൽ അതിനേക്കാൾ, മേൽത്തരമായ ഒരുതരം പുല്ലുവേണ്ടുവോളം കാട്ടിൽ കിട്ടാവുന്ന സ്ഥിതിക്ക് അക്കാര്യവും നിഷ്പ്രയാസം സാധിച്ചതായിത്തന്നെ വകവെക്കാം. ഇത്തരത്തിൽ തെക്കുവടക്കായി നീളത്തിലുണ്ടായിത്തീർന്ന ആശ്രമത്തിന് ഇനി വേണ്ടിയിരിക്കുന്നത് ചുവരുകൾ മാത്രമാണ്. ഇഷ്ടംപോലെ വണ്ണത്തിലുള്ള മുളകൾ കൊണ്ടുവന്ന് തല്ലി

www.malankaralibrary.com



പ്പരത്തി, അവയെ അടുക്കുവെച്ചു കെട്ടിയാൽ അതും ചുവരാണെന്നു പറയാവതല്ലയോ? ജനാലകൾ വേണമെങ്കിൽ ആവശ്യംപോലെ വേണ്ടുന്ന സ്ഥലത്ത് വെട്ടിയെടുത്താൽ മതിയാവുന്നതുമായിരിക്കും. അപ്പോൾ ഉണ്ടായിത്തീർന്ന കഷണങ്ങൾ എടുത്ത് യഥാസ്ഥാനങ്ങളിൽ കഴുക്കോലുകളിന്മേൽ കെട്ടി ഞാത്തിയിട്ടാൽ അവ ജനൽവാതിലുകളുമായി. തെക്കും, വടക്കും, കിഴക്കും ഭാഗങ്ങളിൽ ഈവിധം ചുവരുകൾ നിർമ്മിച്ചു. കിഴക്കുഭാഗത്തേക്കായി ആവശ്യമുള്ളിടത്തോളം ജനലുകളും ജനൽവാതിലുകളും ഉണ്ടാവുകയും ചെയ്തു. ഇനി വേണ്ടിയിരിക്കുന്നതു നെടുകെ നീളത്തിലുള്ള ആശ്രമ കെട്ടിടത്തെ പല പല മുറികളായി വേർതിരിക്കുക മാത്രമാണ്. ഓരോ ആശ്രമസ്ഥനും, ഓരോ മുറി ഉണ്ടാവത്തക്കവണ്ണം, ചാപ്പലിന്നായി പ്രത്യേകം കുറെ സ്ഥലം വേർതിരിച്ചുവെച്ച് ബാക്കിയുള്ളതിനെ പലതായി വിഭാഗിക്കുകയേ വേണ്ടു. സമനിരപ്പിൽനിന്നും കുറെക്കൂടി ഉയരമേറിയ വടക്കേ അറ്റം ചാപ്പലാവട്ടെ എന്നു തീർച്ചപ്പെടുത്തി. അനന്തരം മുറികളായി വേർതിരിക്കേണ്ടുന്ന സ്ഥാനങ്ങളിൽ ഈരണ്ടു തൂണുകൾ നാട്ടി. പടിഞ്ഞാറുവശത്തു വരാന്തയ്ക്കായി കുറെ സ്ഥലം ഒഴിച്ചിട്ടുംകൊണ്ട് ഇടയ്ക്കിടയ്ക്ക് മുളംചുവരുകളും കെട്ടിത്തീർത്തു. ഓരോ മുറിയുടേയും പടിഞ്ഞാറുവശം ഇപ്പോൾ മുഴുവനും തുറന്നു കിടക്കയാണല്ലോ. അവിടെ കട്ടിളയും വാതിലും കൂടാതെ മറ്റൊന്നിനാൽ ശരിപ്പെടുത്താമെന്നു കണക്കാക്കി. പടിഞ്ഞാറുവശം ഒരാൾ ഉയരത്തിൽ നെടുകെ ഒരു മുള വെച്ചുറപ്പിച്ചു. ആശ്രമസ്ഥന്റെ ഇഷ്ടംപോലെ അവമേൽ പുതപ്പോ വസ്ത്രമോ നിവർത്തിയിട്ടാൽ പടിഞ്ഞാറുവശം ഭദ്രമായി മൂടപ്പെട്ടിരിക്കുകയും ചെയ്യും. ഈ വിധത്തിൽ ആശ്രമത്തിന്റെ കെട്ടിടം പണിക്കുറവു തീർന്നു എന്നു കണക്കാക്കാം. ഇങ്ങനെയാണോ ആശ്രമം? ഇതാണോ അതിന്റെ പണി? എന്നിങ്ങനെ വായനക്കാരിൽ പലരും അത്ഭുതപ്പെടുന്നുണ്ടായിരിക്കും. വായനക്കാർ ഊഹിക്കുംപോലെ കേവലം നിസ്സാരമായതല്ല അത് എന്നു ഗ്രഹിച്ചാലും! മുളകൊണ്ടുള്ള ചുവരുകളോടുകൂടി പുല്ലുമേഞ്ഞ ഒരു പുര കാഴ്ചയ്ക്ക് ഒട്ടും തന്നെ വൃത്തിഹീനമായിരിക്കകയില്ല. മതിയായ ഉറപ്പില്ല എന്നു മാത്രമേ അതിന്നൊരു ദോഷം പറയാവതുള്ളു. ആശ്രമത്തിൽ കള്ളന്മാരെ ഭയന്നിട്ടാവശ്യമില്ലല്ലൊ? കട്ടുകൊണ്ടു പോവത്തക്കവണ്ണം വിലപിടിച്ച യാതൊരു സാധനവും ആശ്ര

www.malankaralibrary.com



മസ്ഥന്മാർക്കുണ്ടായിരിക്കുകയുമില്ലല്ലോ. ഈ വിധത്തിൽ വടക്കുവശത്തായി ഒരു കുശിനിയും കൂടിയായപ്പോൾ ആവശ്യത്തിനുള്ളതെല്ലാം തികഞ്ഞുകഴിഞ്ഞു.

പണച്ചെലവല്ല, കാര്യമായ ദേഹദ്ധ്വാനമാണ് ആശ്രമക്കെട്ടിടത്തിനു വേണ്ടിയിരുന്നതെന്നു പറഞ്ഞിട്ടുണ്ടല്ലോ. ഒരുപക്ഷേ, അതുകൊണ്ടോ, അതല്ലെങ്കിൽ കാട്ടിലെ കാറ്റും തണുപ്പും പിടിക്കാഞ്ഞിട്ടോ, ആശ്രമവും കുശിനിയും സുമാറായിക്കഴിഞ്ഞതോടുകൂടി ഫാദർ അലക്സിയോസ് കിടപ്പിലായിപ്പോയി. നിസ്സാരമെന്നു കരുതപ്പെട്ട പനി ക്രമേണ കൂടിക്കൂടിവരികയാണ്. പത്തുപതിനഞ്ചു നാഴികയകലെയല്ലാതെ സമീപത്തെങ്ങും വൈദ്യശാലയോ ആശുപത്രിയോ ഇല്ല. രോഗിയെ ശുശ്രൂഷിക്കാനും, ആശുപത്രിയിൽ പോയി മരുന്നു കൊണ്ടുവരുവാനും നമ്മുടെ ഉമ്മൻവാദ്ധ്യാർ മാത്രമേ സഹായത്തിനുള്ളുതാനും. ഫാദർ മൂടിപ്പുതച്ചു സത്രത്തിൽ കിടപ്പുമായി. ദീനം സ്വല്പം കൂടുതലാണെന്നുള്ള വിവരത്തിനു കത്തു കിട്ടിയപ്പോഴേ നാം ആ കാര്യം തന്നേ ഗ്രഹിച്ചതുള്ളു. അപ്പോൾ നാം മാവേലിക്കരയുള്ള സ്വഗൃഹത്തിൽ താമസിക്കുകയായിരുന്നു. വേഗംതന്നേ ഒരു വള്ളം ഏർപ്പാടുചെയ്ത് ഒരു വൈദ്യനേയും കൂട്ടി നാം യാത്രയൊരുങ്ങി. യാക്കോബു ശെമ്മാശനും (അബൂൻ മാർ തീയോഫിലോസ് എപ്പിസ്കോപ്പാ), സന്ന്യാസപരിശീലനം സ്വീകരിപ്പാൻ സന്നദ്ധരായ വേറേ രണ്ടുപേരും നമ്മോടൊന്നിച്ചു വള്ളത്തിൽ പോന്നു. ഞങ്ങൾ സത്രത്തിൽ ചെന്നപ്പോൾ ഫാദറിന്റെ കാര്യം ഊഹിച്ചിരുന്നതിലധികം കുഴപ്പത്തിലാണെന്നു മനസ്സിലായി. താൻ അതിൽ മരിക്കുകയേയുള്ളു എന്നു ഫാദർ തീർച്ചപ്പെടുത്തിയിരുന്നു. ഞങ്ങൾ അവിടെച്ചെന്നപ്പോൾ മുതൽ ചികിത്സയും ശുശ്രൂഷയും ക്രമമായിത്തുടങ്ങി. സ്വല്പദിവസത്തിനകം പനിയുടെ ഗതി കീഴ്പോട്ടായിത്തീർന്നു. പിന്നെയും കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഫാദറിന്റെ ദീനം മുഴുവനോടെ ശമിക്കുകയും ചെയ്തു.

മറ്റുള്ളവരെയെല്ലാവരേയും സത്രത്തിലാക്കിയുംവെച്ച് ചികിത്സാർത്ഥംവന്ന വൈദ്യനും നാമും തിരിയെപ്പോന്നു. നമ്മുടെ ചികിത്സയെല്ലാം കഴിഞ്ഞ് ഏതാനും ദിവസങ്ങൾക്കുശേഷം മാത്രമേ പിന്നീടു

www.malankaralibrary.com



നാം അവിടെ ചെന്നതുള്ളു. അപ്പോഴേക്കും അവരുടെ താമസമെല്ലാം ആശ്രമക്കെട്ടിടത്തിലേക്കു മാറ്റപ്പെട്ടിരുന്നു.

ഫാദർ അലക്സിയോസ് മുണ്ടൻമലയിലേക്കു പോയപ്പോൾ രണ്ട് അനാഥക്കുട്ടികളെക്കൂടെ അയച്ചിട്ടുണ്ടായിരുന്നു. അവരേയും തല്ക്കാലം ആശ്രമക്കെട്ടിടത്തിൽത്തന്നെ താമസിപ്പിച്ചു. ആദ്യകാലത്തുണ്ടായ അവിടുത്തെ താമസം എന്തുമാത്രം ക്ലേശകരമായിരുന്നുവെന്നറിയണമെങ്കിൽ, ഏതാനും കാലത്തേക്കു വേണ്ടുന്നതായ ഉമ്മിക്കരിയും ഈർക്കിലിയും മാവേലിക്കരനിന്ന് നമ്മുടെ അമ്മ എത്തിച്ചുതരേണ്ടിയിരുന്നു എന്നു പറഞ്ഞാൽ ഏകദേശം മതിയായിരിക്കുമെന്നു നാം വിചാരിക്കുന്നു. അരിയും കറിക്കുള്ള സാധനങ്ങളും അവിടെയെങ്ങും വില കൊടുത്താൽപ്പോലും കിട്ടുമായിരുന്നില്ല. ഈവക ആവശ്യങ്ങൾക്കായി ഒന്നോ ഒന്നരയോ രൂപാ കൊടുത്ത് ഒരു വള്ളക്കാരനെ അകലെയുള്ള ചന്തയിലേക്ക് അയക്കേണ്ടിയിരുന്നു.

ഭക്ഷണാദികാര്യങ്ങളിലുള്ള ഞെരുക്കം എങ്ങനെയുമാവട്ടെ. നല്ല പച്ചവെള്ളം കിട്ടാഞ്ഞാൽ എന്തു ചെയ്യും. സത്രത്തിലായിരുന്നുവെങ്കിൽ അവിടെ വെള്ളത്തിനു കുഴപ്പമില്ലെന്നു സമ്മതിക്കാം. അതിനു സമീപേ ഒരു അരുവിയുണ്ട്. അതല്ലെങ്കിൽ അവിടെനിന്ന് സ്വല്പം മുന്നോട്ടു നടന്നാൽ പമ്പാനദിയുടെ പോഷകനദിയായ കക്കാട്ടാറ്റിൽ എത്തും. സത്രത്തിൽനിന്ന് അരമുക്കാൽ നാഴിക ഉയരത്തിലേക്ക് കാട്ടിലൂടെ കിഴുക്കാംതൂക്കായ വഴിയിൽകൂടി, മലമുകളിലേക്കു വെള്ളം കൊണ്ടുവരിക എന്നുള്ളത് ക്ഷിപ്രസാദ്ധ്യമായിരിക്കയില്ലല്ലോ. കാട്ടുജന്തുക്കളുടെ ശല്യത്തേക്കുറിച്ച് ഭയപ്പെടേണ്ടതുമുണ്ടായിരുന്നു. ആശ്രമം സ്ഥാപിക്കപ്പെട്ട സ്ഥലത്ത് വെള്ളത്തിനിത്ര ക്ഷാമമായിരുന്നുവെങ്കിൽ അതു മുൻകൂട്ടി ആലോചിക്കാമായിരുന്നില്ലയോ എന്നും, പിന്നീടാണ് അക്കാര്യം ഓർമ്മവന്നതെങ്കിൽ ആശ്രമം അവിടെനിന്നു മാറ്റുകയല്ലയോ ആവശ്യമെന്നും വായനക്കാരിൽ ചിലർ അഭിപ്രായപ്പെടുന്നുണ്ടായിരിക്കും. ക്ഷമിക്കുക; സമീപത്തെങ്ങാനും വെള്ളം ഉണ്ടോ ഇല്ലയോ എന്ന് പരീക്ഷിക്കുംമുമ്പ് ഏതെങ്കിലും ഒന്നു തീരുമാനിക്കുവാൻ പാടില്ലല്ലോ. ഒരുദിവസം എല്ലാവരും കൂടി വടിയും തടിയും വെട്ടുകത്തിയുമെടുത്തു കീഴോട്ടിറങ്ങിപ്പോയി. കുറെ ചെന്നപ്പോൾ തെക്കുവടക്കായി ഒഴുകിപ്പോകുന്ന ഒരു

www.malankaralibrary.com



അരുവി കാണപ്പെട്ടു. അടുത്തായി വെള്ളം ഒഴുകി വീണുണ്ടായ ഒരു കുഴിയും ഉണ്ടായിരുന്നു. പാറയിടുക്കിലൂടെ ഇറങ്ങിയാൽ നല്ല വെള്ളം കിട്ടും. എല്ലാവരും കൃതാർത്ഥരായി. ബുദ്ധിമുട്ടിയാലും, അവിടെച്ചെന്നു കുളിക്കുവാനും അവിടെ നിന്ന് ആശ്രമത്തിലേക്കു വെള്ളം കൊണ്ടു വരുവാനും സാധിക്കുന്നതാണെന്നും ബോദ്ധ്യപ്പെട്ടു. ആശ്രമ ത്തിൽനിന്നു അരുവിയിലേക്കു കയറി ഇറങ്ങുവാനുള്ള വഴി മാത്രമെ ശരിപ്പെടുത്തേണ്ടതുള്ളു. അടുത്ത ശ്രമം അതിന്നായിരുന്നു. സ്വല്പദി വസത്തിനകം അതും ശരിപ്പെട്ടു. ആശ്രമത്തിൽ വെള്ളത്തിനുണ്ടായ ക്ഷാമവും പരിഹരിക്കപ്പെട്ടു. ഏതാനും കാലം അവിടെ നിന്നുതന്നെ യായിരുന്നു വെള്ളം കൊണ്ടുവന്നിരുന്നത്. വേനൽക്കാലമായപ്പോൾ അരുവിയിലെ വെള്ളം വറ്റിത്തുടങ്ങി. വെള്ളം വേറെയെങ്ങും ഇല്ലാതി രുന്നതിനാൽ അതിനെത്തന്നേ ആധാരമാക്കുകയേ നിർവാഹമുള്ളുവ ല്ലോ. ഒരു ദിവസം വെള്ളം കോരുവാനായി ഒരാൾ പാറയിടുക്കിലൂടെ കീഴോട്ടിറങ്ങിച്ചെന്നു. അപ്പോൾ വെള്ളത്തിന്നടിയിൽ കുറെ അസ്ഥിക ളാണു കാണപ്പെട്ടത്. വെള്ളം കുടിക്കാനായി വന്ന കാട്ടുമൃഗങ്ങളിൽ വല്ലതും കാൽവഴുതി പാറയിടുക്കിൽ കുരുങ്ങി ചത്തുപോയതിന്റെ അസ്ഥിക്കഷണങ്ങളായിരിക്കണം അവ എന്നു തോന്നുന്നു. ആ കുഴി യിലെ വെള്ളം പിന്നെയും പിന്നെയും വറ്റിത്തുടങ്ങിയതിനാലും, അടി യിൽ അസ്ഥിക്കഷണങ്ങൾ കാണപ്പെടുകയുണ്ടാകയാലും ആ അരു വിയുടെ മുകൾവശത്തായി വല്ല കുഴിയും ഉണ്ടോ എന്ന് അന്വേഷിക്ക ണമെന്നാണ് പിന്നെ തീർച്ചപ്പെടുത്തിയത്. മുൻപ് ഒരു ദിവസം ചെയ്ത വിധംതന്നെ എല്ലാവരും കൂടി വടിയും കത്തിയുമായി കാട്ടിലേക്കിറ ങ്ങി. അന്നത്തെ അന്വേഷണം വൃഥാവിലായില്ല. കുറെ ഉയരത്തിലതാ ഒന്നാംതരം ഒരു വെള്ളച്ചാട്ടം. കണ്ണുനീരുപോലെ തെളിഞ്ഞ വെള്ളം. കാടു വെട്ടിത്തെളിച്ച് വഴിയുണ്ടാക്കി. ഇറങ്ങുകയും മുങ്ങുകയും ആവ ശ്യമില്ല. വെള്ളം വീഴുന്ന സ്ഥലത്ത് കുടം പിടിച്ചുകൊണ്ടാൽ വേഗം അതു നിറഞ്ഞുകഴിയും. വെള്ളം കോരിക്കൊണ്ടിരുന്ന വർക്കിക്കു വളരെ സന്തോഷമായി. വെള്ളം എന്നു പറയുന്ന താമസമേ ഉണ്ടായിരുന്നുള്ളു അപ്പോഴേക്കും കുടവുമായി വർക്കി ഇറങ്ങിക്കഴിഞ്ഞു. ഒന്നര ഫർലോങ്ങ് വർക്കിക്കു തുലോ നിസ്സാരം. ഏതു പ്രവൃത്തിയിലും ആരം ഭത്തിൽ കാണപ്പെടുന്ന ഉത്സാഹം ദീർഘനാൾ നിലനിൽക്കുകയില്ലല്ലോ.

www.malankaralibrary.com



കുറേക്കഴിഞ്ഞപ്പോൾ വർക്കിക്കും ഒരമാന്തം കാണപ്പെട്ടു. വെറുതെ കയറുകയും ഇറങ്ങുകയും ചെയ്യുവാൻ തന്നെ പ്രയാസം. അതിനോടുകൂടി വെള്ളം കുടവുമായാലത്തെ കാര്യം ഊഹനീയമത്രെ. വർക്കിയെ കുറ്റം പറയേണ്ടതായ ഒരാവശ്യവും ഇതിലില്ല. വേറെ ഏതെങ്കിലും മാർഗ്ഗം കണ്ടുപിടിക്കാഞ്ഞാൽ കാര്യം കുഴയും എന്ന് ഏവർക്കും തോന്നി. ആശ്രമം നിലനില്ക്കുന്നതിനേക്കാൾ ഉയരമേറിയ സ്ഥലത്താണ് വെള്ളച്ചാട്ടമെങ്കിൽ നിഷ്പ്രയാസം ആ വെള്ളത്തെ സമീപമെത്തിക്കുന്നതിന്, ആലോചിക്കുന്നപക്ഷം, പോംവഴികൾ ഇല്ലാതിരിക്കുമോ. കല്ക്കത്താ പട്ടണത്തിൽ കുഴൽ വെള്ളത്തിന്റെ പ്രയോഗം കണ്ടിട്ടുള്ളവർക്കു അവശ്യം വേണ്ടതെന്താണെന്നു ഉടൻ ഓർമ്മവന്നു. മുളകൾ അവിടെ ധാരാളം. ഇരുമ്പുകുഴലുകൾക്കു പകരം അവ ധാരാളം മതിയാവും. ഓരോമുളയും രണ്ടായിപ്പൊളിച്ച് ഒന്നിനോടു മറ്റൊന്നു ഘടിപ്പിച്ച് ഇടയ്ക്കിടയ്ക്ക് കാലുകൾ നാട്ടി, അതിന്റെ ഒരറ്റം വെള്ളച്ചാട്ടത്തിനോടും, മറ്റേയറ്റം കുശിനിയുടെ മുറ്റത്തുവയ്ക്കപ്പെട്ട പാത്രത്തിനു മുകളിലായിട്ടും വെച്ചു. മൂന്നുനാലു ഫർലോങ്ങിനപ്പുറത്തുള്ള അരുവിയിലെ വെള്ളം ക്ഷണത്തിൽ നമ്മുടെ കുശിനിയിലെത്തി. വെള്ളം നിറച്ചുവെപ്പാൻ പാത്രങ്ങളിലാത്ത കുറവുമാത്രം.

കുറേനാൾ കഴിഞ്ഞപ്പോൾ കുഴൽവെള്ളത്തിന്റെ ഏർപ്പാടും ഉപയോഗശൂന്യമെന്നു ബോദ്ധ്യപ്പെട്ടു. മുളങ്കുഴലുകൾ കൂടക്കൂടെ കേടുവന്നു തുടങ്ങി. അതിനുള്ളിൽ വൃക്ഷങ്ങളുടെ ഇലകൾ പൊഴിഞ്ഞുവീഴുകയാൽ വെള്ളത്തിന്റെ ഒഴുക്കിനും തടസ്സം നേരിട്ടു. കാട്ടുമൃഗങ്ങളുടെ ശല്യംനിമിത്തം മുളങ്കുഴലുകൾ യഥാസ്ഥാനങ്ങളിൽ ഉറയ്ക്കാതെയുമായി. അതിനാൽ വേറെവല്ല ഭാഗത്തും ആശ്രമത്തിനു കൂറെക്കൂടെ അടുത്തായി, വെള്ളച്ചാട്ടമുണ്ടോ എന്നാണ് പിന്നെ നോക്കിയത്. അന്വേഷിച്ചുചെന്നപ്പോൾ വേറെയൊരു സ്ഥലം കാണപ്പെട്ടു. കാണാൻ എത്രയും കൗതുകകരമായ ഒരു വെള്ളച്ചാട്ടം തന്നെയാണത്. മൂന്നാൾ ഉയരത്തിൽ ശക്തിയോടുകൂടി ഒഴുകിവരുന്ന വെള്ളം തൂക്കിനു നിൽക്കുന്ന വലിയ ഒരു പാറമേൽ തട്ടുകയാൽ വൃത്താകൃതിയിൽ കുടവിരിഞ്ഞുകൊണ്ടാണ് അതിന്റെ വീഴ്ച. ഒന്നാന്തരം ഒരു Shower-bath നു പറ്റിയതുതന്നെ. വർഷത്തിൽച്ചെന്നുനിന്നു കുളിക്കുമ്പോഴേ പേടി

www.malankaralibrary.com



ക്കാനുള്ളൂ. പെട്ടെന്നു വലിയ വലിയ പറക്കല്ലുകൾ വെള്ളത്തോടൊപ്പം തലയിൽ വീണെന്നു വന്നേക്കാവുന്നതാണ്. വെള്ളം വീഴുന്നത് വലിയ പാറപ്പുറത്തത്രേ. അവിടെയുള്ള കുഴിയിൽനിന്ന് എപ്പോഴും വെള്ളം നിറഞ്ഞുകവിഞ്ഞൊഴുകുന്നതു കാണാം. മുളങ്കുഴലും മറ്റും വലിച്ചെ റിഞ്ഞ് ഏതാനുംകാലം ഈ വെള്ളച്ചാട്ടത്തിൽനിന്നുതന്നെയായിരുന്നു വെള്ളം കൊണ്ടുവന്നിരുന്നത്. വേലക്കാരൻ വർക്കിയുടെ ജോലിക്കു ലാഘവമുണ്ടാക്കിയ ഇതിന്നു പ്രേമപൂർവ്വം വർക്കി എന്നു നാമകരണം ചെയ്തു. ഒടുവിൽ ആശ്രമത്തിനു സമീപം ഒരു കിണർ കുഴിച്ചുനോ ക്കിയാലോ എന്നൊരാലോചന കയറി. വെള്ളം കാണുമെന്ന് ആർക്കും പ്രതീക്ഷയില്ല. ഒന്നു പരീക്ഷിച്ചുനോക്കാമെന്നു മാത്രം. ഇക്കാര്യം ഒരി ക്കൽ നമ്മുടെ അനുജൻ അവിടെ ചെന്നിരുന്നപ്പോൾ പറഞ്ഞു. കിണർ ഒന്നു കഴിച്ചുനോക്കുകതന്നെ എന്ന് എല്ലാവരും തീർച്ചപ്പെടുത്തി. എവി ടെയാണ് വേണ്ടതെന്നുള്ളതിൽ മാത്രമേ സംശയം ജനിച്ചുള്ളൂ. യാക്കോ ബുശെമ്മാശൻ ചൂണ്ടിക്കാണിച്ചുതരുന്ന സ്ഥലത്തു കിണറു കുഴിച്ചാൽ വെള്ളം കാണുമെന്നു താൻ ഒരു സ്വപ്നം കണ്ടിട്ടുണ്ടെന്ന വിവരം ഒരാൾ പ്രസ്താവിച്ചു. ഇതിനെപ്പറ്റി യാക്കോബുശെമ്മാശനോടു പറഞ്ഞപ്പോൾ അദ്ദേഹം ചിരിക്കയാണ് ചെയ്തത്. കളിയല്ല കാര്യമാണ് എന്നു നിർബ ന്ധിച്ചപ്പോൾ "എന്നാൽ അവിടെയാവട്ടെ," എന്ന് അദ്ദേഹം സ്ഥലം നിർദ്ദേശിച്ചു. അവിടെ അപ്പോൾ ഒരു പട്ടിയെ കെട്ടിയിരുന്നു. "പട്ടി വെള്ളം കാക്കുകയാണ്," എന്ന് യാക്കോബുശെമ്മാശൻ ഫലിതമായും പറഞ്ഞു. കിണർ കുഴിപ്പാൻ പിന്നെ ഏറെയൊന്നും താമസിച്ചില്ല. ആറേ ഴടി കുഴിച്ചപ്പോൾ വെള്ളം കണ്ടു. ഇപ്പോൾ ഈ കിണറാണ് കുശിനി യുടെ ഉപയോഗത്തിനായിട്ടുള്ളത്. വേനൽക്കാലത്തു വെള്ളം വറ്റിവ ന്നതിനാൽ പലപ്പോഴായി അതു പത്തിരുപതടി താഴ്ത്തിയിട്ടുണ്ട്. എന്നി രുന്നാലും കടുത്ത വേനലിനു ചിലപ്പോൾ കുടവിരിയൻ അരുവിയെ ത്തന്നെ ആശ്രയിക്കേണ്ടതായി വരും.

www.malankaralibrary.com

## അദ്ധ്യായം -3

# ആശ്രമഭൂവിൽ

### കൃഷി

ബഥനിമലയിലും, പരിസരങ്ങളിലുമായി ആകെ ഏകദേശം 400-ൽ ചില്വാനം ഏക്കർ ഉള്ളതിൽ കൃഷി വല്ലതും നടത്തീട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ എത്ര ഏക്കർ സ്ഥലം അതിനായി വിനിയോഗിച്ചിട്ടുണ്ടെന്നും, ഏതെല്ലാം തരത്തിലുള്ള കൃഷികളാണ് അവയിൽ നടത്തുകയും നടത്തിക്കയും ചെയ്തിട്ടുള്ളതെന്നും അറിയുവാൻ ബഥനിയുടെ അഭ്യുദയകാംക്ഷികൾ ആഗ്രഹിക്കുന്നുണ്ടായിരിക്കുമല്ലോ. കാട്ടിൽ കൃഷി ചെയ്താലത്തെ ഫലം നാട്ടിൽ കൃഷിചെയ്യുന്നതിനേക്കാൾ പതിന്മടങ്ങായി കൂടിയിരിക്കും എന്നുള്ളത് പലർക്കും അറിയാവുന്നതത്രെ. പക്ഷേ, നാട്ടിൽ കൃഷിചെയ്യുന്നതിനേക്കാൾ പതിന്മടങ്ങായി കാട്ടിൽ കൃഷിചെയ്യുന്നതിൽ വരാവുന്ന ക്ലേശങ്ങൾ, അനർത്ഥങ്ങൾ മുതലായവയെപ്പറ്റി അധികംപേരും അനുഭവിച്ചറിഞ്ഞു കാണുകയില്ലല്ലോ. കാടു വെട്ടിത്തെളിച്ച്, കൃഷിക്ക് ഉപയോഗയോഗ്യമാക്കിത്തീർക്കുക എന്നത് നിഷ്പ്രയാസം സാധിക്കാവുന്ന ഒരു കാര്യമായി ആരും വകവെക്കുമാറാവരുത്. അത്യദ്ധ്വാനമോ ഇരിക്കട്ടെ: പണച്ചെലവോ? ഇങ്ങനെയൊക്കെ കഷ്ടപ്പെട്ടും പണമിറക്കിയും കൃഷി ചെയ്യാമെന്നു വച്ചാൽതന്നെയും വായിൽ കൊടുക്കാൻനേരത്തു തട്ടിക്കളയുക, എന്ന സമ്പ്രദായത്തിൽ വരാവുന്ന അനർത്ഥങ്ങളെക്കുറിച്ചും കാര്യമായി ഗൗനിക്കേണ്ടതാണ്. നമ്മുടെ ബഥന്യാശ്രമം സ്ഥാപിക്കപ്പെട്ടിട്ടുള്ളത് മുണ്ടൻമലയുടെ ഏതു ഭാഗത്താണെന്ന് മുന്നൊരു ഘട്ടത്തിൽ നാം സുവിശദമാംവണ്ണം പ്രസ്താവിച്ചിട്ടുണ്ട്. പ്രസ്തുത ആശ്രമത്തിനു നാലുഭാഗത്തും ആദ്യകാലങ്ങളിൽ ഏറിയാൽ നാലഞ്ചുകോൽ വിസ്താരത്തിലധികം മുറ്റമുണ്ടായിരുന്നില്ല. ആ മുറ്റം കഴിഞ്ഞാൽ പകൽസമയത്തുപോലും സൂര്യരശ്മി കടക്കാവതല്ലാത്തവിധം വൃക്ഷസമൂഹങ്ങളാൽ നിബിഡീകൃതമായ കാടുതന്നെയായിരുന്നു. അതൊക്കെയും വന്യമൃഗങ്ങളുടെ വിളയാട്ടത്തിനുള്ള രംഗവുമത്രേ. കൃഷി ചെയ്തിട്ട് ഫലം എടുക്കാൻ തുടങ്ങുമ്പോഴേക്കും ഇക്കൂട്ടർ വന്ന് അവ മുഴവനോടെ വായിലാക്കുകയോ, ചവിട്ടി മെതിക്കുകയോ

www.malankaralibrary.com



ചെയ്താൽ കൃഷികൊണ്ട് ആദായമോ നഷ്ടമോ എന്താണുണ്ടാവുക എന്നു വായനക്കാർതന്നെ പരിഗണനം ചെയ്യുകയേ വേണ്ടതുള്ളു. ഒരിക്കൽ നടന്ന സംഭവംതന്നെ ഇവിടെ പറഞ്ഞുകളയാം. എങ്കിൽ മാത്രമേ അവിടത്തെ യഥാർത്ഥസ്ഥിതിഗതികളെപ്പറ്റി കാടു കണ്ടിട്ടി ല്ലാത്ത വായനക്കാർക്ക് സുഗ്രഹമാകയുള്ളുവെന്ന് നമുക്കു തോന്നുന്നു. എല്ലാ ദിവസവും രാത്രി 9 മണിക്കുള്ള സൂത്താറാ നമസ്കാരം കഴി ഞ്ഞാൽ ആശ്രമത്തിലുള്ളവരെല്ലാവരും മൗനവ്രതം പാലിച്ചു കൊള്ളണ മെന്നും, പിറ്റേന്ന് വി.കുർബാന കഴിഞ്ഞുള്ള പ്രാതലിനുശേഷം മാത്രമേ അതു ഭഞ്ജിക്കപ്പെടാവു എന്നുമാണ് ആശ്രമനിയമം. ഒരു ദിവസം സൂത്താറാ നമസ്ക്കാരത്തിനായി മണിയടിച്ചതോടുകൂടി എല്ലാവരും ചാപ്പലിൽ പ്രവേശിച്ചു. നമസ്കാരം കഴിഞ്ഞുള്ള ധ്യാനത്തിൽ എല്ലാ വരും നിമഗ്നരായിരിക്കുകയാണ്. അപ്പോൾ അതാ കേൾക്കപ്പെടുന്നു പുറത്തുനിന്ന് ഒരു ജന്തുവിന്റെ മുരൾച്ചയും ചീറ്റലും. എന്താണിതെ ന്നാലോചിക്കുമ്പോഴേയ്ക്കും ഒരാൾ വന്ന് കടുവായാണ് അത് എന്നു പറഞ്ഞു. ധ്യാനത്തിനു ശേഷവും എല്ലാവരും പതിവുപോലെ ബദ്ധ മൗനരായിത്തന്നെ നില. ഏതോ ദുഷ്ടമൃഗം പുറത്തു വന്നിരിക്കുന്നു വെന്നും അതാണു നമ്മുടെ അസാധാരണമായ നിലയുടെയും നോട്ട ത്തിന്റെയും പുറത്തുനിന്ന് കേൾക്കപ്പെടുന്ന ശബ്ദത്തിന്റെയും അർത്ഥ



www.malankaralibrary.com



മെന്ന് മനസ്സിലാക്കിയ അവരെല്ലാവരും, അന്യോന്യം മുഖത്തുനോക്കി ക്കൊണ്ടു നമ്മുടെ കല്പനയെ അക്ഷമരായി പ്രതീക്ഷിച്ചു നിന്നു. സന്ന്യാസ ശ്രേഷ്ഠനുള്ള സ്വതന്ത്രാധികാരമനുസരിച്ച് നാം മൗനംവ്രതം ഭഞ്ജിച്ചു കൊണ്ട്, "കടുവാ വന്നിരിക്കുന്നു ഇന്നു മൗനവ്രതം ഇല്ല" എന്നു മാത്രം പറഞ്ഞു. മലമുകളിലേക്കു കയറിപ്പോകുന്നതിനു വേണ്ടി നാം വാങ്ങിച്ച കുതിരയെ അക്കാലത്ത് കെട്ടിയിരുന്നത് ആശ്രമത്തിനടുത്താ യിരുന്നു. നിശ്ചയമായും അതിന്റെ ഗന്ധം അറിഞ്ഞുകൊണ്ടു വന്ന പുള്ളിയാണ് അതെന്ന് നം മനസ്സിലാക്കി. കുതിരയുടെ കഥ കഴിഞ്ഞി രിക്കണമെന്നും അതിനെത്തുടർന്ന് പിന്നെയെന്തെല്ലാമോ ഉണ്ടായിരി ക്കണമെന്നും വിചാരിച്ചതിനാൽ ആ പുള്ളിയെ ഉടനെ ഓടിച്ചേ മതി യാവൂ എന്നു നാം തീർച്ചപ്പെടുത്തി. ഒഴിഞ്ഞ ഒരു മണ്ണെണ്ണ ടിൻ അവിടെ കിടപ്പുണ്ടായിരുന്നതും, വലിയ മണിയും കൊട്ടിക്കൊണ്ട് എല്ലാവരും പുറത്തുകടക്കാം എന്നു നാം ആജ്ഞാപിച്ചു. അക്ഷണം നാം മറ്റുള്ള എല്ലാ ആശ്രമസ്ഥന്മാരുമായി പുറത്തുകടന്ന് ടിൻകൊട്ട് തിരുതകൃതി യായി നടത്തി. വലിയ ഒരു കാടിന്റെ നടുവിൽ എത്രയധികംപേരുടെ കൂട്ടോടുകൂടിയാണെങ്കിലും, ഒരു കടുവായുടെ നേരെ വെറും ഒരു തക രവുമായി നേരിടുകയെന്നത് എത്രമേൽ ബുദ്ധിഹീനമാണെന്നുള്ള പ്രശ്നത്തിനുത്തരം പറയാൻ നാം ഇപ്പോൾ ഉദ്യമിക്കുന്നില്ല. പുറത്തു ചെന്ന് ടിൻ കൊട്ടിയിരുന്നപ്പോഴും വന്ന ആൾ പോയിട്ടില്ലെന്നു മനസ്സി ലാകത്തക്കവണ്ണം അപ്പോഴും ചില ശബ്ദങ്ങൾ കേൾക്കാമായിരുന്നു. ടിൻകൊണ്ടുള്ള കൊട്ടു അവസാനിപ്പിച്ചില്ല. "നിങ്ങളെല്ലാവരും ഇവിടെ നിന്നോളിൻ, നാം പോയി സത്രത്തിൽനിന്ന് ആളുകളെ വിളിച്ചു കൊണ്ടുവരാം," എന്നു പറഞ്ഞതിനെ ആശ്രമസ്ഥന്മാർ സമ്മതിച്ചില്ല. നെടുനീളെ നടന്ന് കുറേനേരം കൊട്ടിയതിന്റെ ശേഷം ഞങ്ങളിൽ ചിലർ പുറത്തിറങ്ങി കുതിരയെ അന്വേഷിച്ചു. അത് ചെവിയും കൂർപ്പിച്ചു പിടിച്ചു നാലുപാടും നോക്കിക്കൊണ്ടു നിൽക്കുന്നു. "കുതിരയ്ക്കു തരക്കേടൊന്നും പറ്റിയില്ലല്ലോ- ആശ്വാസമായി." എന്നു പറഞ്ഞുതീർന്ന പ്പോഴെയ്ക്കും ആ ജന്തു അധികം അകലയല്ലാതെ ഒരിടത്തു നിൽപ്പു ണ്ടെന്നു ശബ്ദംകൊണ്ട് ഞങ്ങൾ മനസ്സിലാക്കി. എന്തു ചെയ്യും? സ്വല്പ നേരം ടിന്നിന്മേൽ അടിച്ചതിൽപ്പിന്നെ സകലതും ദൈവത്തിൽ ഭരമേൽപ്പിച്ചുകൊണ്ട് എല്ലാവരും നിശ്ചിതസ്ഥാനങ്ങളിൽ കിടന്നുറങ്ങി. പിറ്റേന്ന് വെളുത്തതിൽ പിന്നെ കാട്ടിലേക്കു കയറിപ്പോയിരുന്ന ഒരു മലയകൂലിക്കാരൻ അതിലൂടെ ഇന്നലെ കടുവാ പോയിട്ടുണ്ടെന്നും അതിന്റെ കാലടി കാണുന്നുവെന്നും കാഷ്ഠത്തിന്റെ മണമുണ്ടെന്നും

www.malankaralibrary.com



പറഞ്ഞു. അപ്പോഴായിരുന്നു നമ്മുടെ അനുജൻ സത്രത്തിൽനിന്നു കയറി വന്നത്. തലേ രാത്രി നടന്ന വൃത്താന്തങ്ങൾ മുഴുവനും നാം അവനെ ഗ്രഹിപ്പിച്ചു. “കടുവായാണോ എന്നു സംശയമാണ്. സത്രത്തിന്റെ സമീപത്തായി ഞാനും ഏതാണ്ടൊക്കെ കേൾക്കുകയുണ്ടായി. ചിലർ പറയുന്നു. അത് കാട്ടാനയായിരുന്നുവെന്ന്.”

നാം ഇവിടെ ഈ വാസ്തവസംഭവം ഉദ്ധരിച്ചത് ഈ വകക്കാരുടെ കേളീരംഗമാണ് കാട്ടുപ്രദേശം എന്നു വായനക്കാരെ ഗ്രഹിപ്പിക്കാൻവേണ്ടി മാത്രമാണ്. കടുവയും ആനയും വരുത്തുന്ന ശല്യങ്ങൾ എന്തൊക്കെയായിരിക്കുമെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതായിരിക്കും. അവയൊന്നും ഭൂമിക്കടിയിലുള്ള ചൊറിയുന്ന ചേനയും മൂക്കാത്ത കപ്പയും തുരന്നെടുക്കുമാറില്ലല്ലോ. കാട്ടുകൃഷിയിൽ കരുതേണ്ടത് പന്നിയെന്നു പറയപ്പെടുന്ന ഒരേ ഒരു ഇനത്തെയാണ്. വേണ്ടുന്നതായാലും വേണ്ടാത്താതായാലും ശരി, മനുഷ്യൻ ഉണ്ടാക്കിയതേതും നാനാ വിധമാക്കുന്ന ഒരു ജന്തുവാണ് പന്നി. ചേനയായാലും കാച്ചിലായാലും കപ്പയായാലും നേരം വെളുക്കുന്നതുവരെ അവയൊക്കെ വേരോടെ പിഴുതുകളയുക എന്ന ജോലി മാത്രമേ അവയ്ക്കുള്ളൂ.

ഈ വക കാരണങ്ങളാൽ കാട്ടുകൃഷിയിൽ വരാവുന്ന അനർത്ഥങ്ങൾ വായനക്കാർക്ക് സുവിശദമായിരിക്കുമെന്നു നാം വിശ്വസിക്കുന്നു. എങ്കിലും ഒന്നാന്തരം വളമുള്ള ഒരു പ്രദേശം വെറുതെ ഇട്ടുകളയുവാൻ ആർക്കെങ്കിലും തോന്നുന്നതല്ലല്ലോ. ആശ്രമത്തിന്റെ പടിഞ്ഞാറുവശത്തായി കുറേ സ്ഥലം വേർതിരിച്ച് എന്തെങ്കിലും കൃഷിചെയ്യുകതന്നെ എന്നു നാം തീർച്ചപ്പെടുത്തി. കഷ്ടിച്ചു മൂന്നുനാല് ഏക്കർസ്ഥലം കൃഷിക്കായി നിർദ്ദേശിച്ച് അതിന് ചുറ്റും കാട്ടുകമ്പുകൊണ്ട് വേലിയുറപ്പിച്ചു. പിന്നെ വേണ്ടത് അതിനുള്ളിലുള്ള കാട് വെട്ടിത്തെളിച്ച് അവിടം കിളച്ചു ശരിപ്പെടുത്തുകയാണല്ലോ. ആശ്രമസ്ഥന്മാർക്ക്, അവരുടെ വിശ്രമവേളകളിൽ, സ്വൽപനേരം മാത്രമേ വ്യായാമാർത്ഥം കൃഷിസംബന്ധമായ പ്രവൃത്തികൾ ചെയ്യാവു എന്ന് നിഷ്ഠയുള്ളതുകൊണ്ട് വെട്ടുവാനും കിളയ്ക്കാനും കുഴിക്കുവാനും കൂലിപ്പണിക്കാരെത്തന്നെ നിയമിച്ചു. സ്വല്പദിവസത്തിനകം മൂന്നുനാല് ഏക്കറിനകത്തുള്ള കാടെല്ലാം നീങ്ങി അതൊരു വെളിംപ്രദേശമായിത്തീർന്നു. അനന്തരം കിളയും തുടങ്ങി. കാച്ചിൽ, കപ്പ, ചേന മുതലായ ആശ്രമത്തിലെ ഭക്ഷണത്തിനാവശ്യമായ കായ്കനി കൃഷിയിലായിരുന്നു ഒന്നാമതായി മനസ്സുവച്ചത്. നിലം ശരിപ്പെട്ടാൽപ്പിന്നെ കൃഷിയിറക്കുകയേ വേണ്ടതുള്ളുവല്ലോ. കാല

www.malankaralibrary.com



വർഷമനുസരിച്ച് കൃഷിയും ഇറക്കി. ഏതാണ്ട് ഇലയും തണ്ടും ആയിത്തുടങ്ങിയതേയുള്ളൂ. അപ്പോഴേക്കും ഇറങ്ങിത്തുടങ്ങി, മതിലും കവച്ചുചാടിക്കൊണ്ട് ചില രാത്രിസഞ്ചാരന്മാർ. അവരിൽ പ്രധാനി പന്നി തന്നെ. മതിൽ കവച്ചുചാടുവാൻ ഒരു പ്രയാസവുമില്ലാത്ത അവൻ വന്നാലുടൻ കണ്ണിൽക്കണ്ട സകലതും തേറ്റകൊണ്ട് പിഴുതുനോക്കുകയായി. ഈ ഉപദ്രവങ്ങളിലിൽനിന്നു രക്ഷപെട്ടവകൊണ്ടു മാത്രമെ ആശ്രമത്തിലേക്കു വല്ലതും ലഭിക്കുവാൻ കഴിഞ്ഞിരുന്നുള്ളു. ആശ്രമസ്ഥന്മാരിൽ ഓരോരുത്തരും രാത്രി കാലങ്ങളിൽ ഓരോ മണിക്കൂർ ഇടയിട്ട്, ചുണക്കുട്ടികളായ പട്ടികളുടെ സഹായത്തോടുകൂടി കൃഷിസ്ഥലം കാവൽ ചെയ്തുകൊള്ളണമെന്ന നിയമം അക്ഷരംപ്രതി പാലിക്കാൻ തുടങ്ങിട്ടുണ്ടെന്നു മനസ്സിലായതിനാലോ എന്തോ, സൂത്താറാ കഴിഞ്ഞു അവരിൽ ഓരോരുത്തരും മണിക്കൂറൊപ്പിച്ച് പ്രത്യക്ഷപ്പെട്ടുതുടങ്ങുന്നതിനു മുമ്പായി, പന്നിയുടേയും മ്ലാവിന്റേയും സന്ദർശനവും റിമാർക്കുചെയ്യലും നേരത്തെ കഴിഞ്ഞിരിക്കും. സമയം മാറി, തക്കം തെറ്റി, പന്നിയോ, മ്ലാവോ കൃഷിസ്ഥലത്തിറങ്ങിയിട്ടുണ്ടെന്ന് പട്ടിയുടെ കുരകൊണ്ട് ബോദ്ധ്യപ്പെട്ടു. പുറത്തിറങ്ങാൻതുടങ്ങുമ്പോഴേക്കും അവൻ മതിൽ ചാടി പമ്പകടന്നിരിക്കുകയും ചെയ്യും. ഓടിക്കിതച്ച് ചെന്നതുമാത്രമേ മിച്ചമുണ്ടായിരിക്കുകയുള്ളൂ. കുഴിച്ചിടപ്പെട്ട കപ്പയുടേയും ചേനയുടേയും തണ്ടുകൾ മാത്രം അവിടവിടെ ചിന്നിച്ചിതറിക്കിടത്തുന്നതു കാണാം.

രാത്രിസഞ്ചാരന്മാരുടെ ഈ ഉപദ്രവം സഹിക്കവയ്യാതെ ആയപ്പോൾ കൃഷിസ്ഥലം ഒന്നുകൂടി വലുതാക്കുകയും ചുറ്റുമുള്ള മതിൽകുറേക്കൂടി ഉയർത്തുകയും ചെയ്തുകൊണ്ട്, വീണ്ടും കൃഷിയിറക്കി. രാത്രികാലങ്ങളിൽ ഓരോ മണിക്കൂർ ഇടയിട്ട് കാവൽ ചെയ്തുവന്ന പഴയ സമ്പ്രദായം മാറ്റി ഓരോ രാത്രി മുഴുവനും ഈ രണ്ടുപേർ എന്നു നിശ്ചയിച്ചു. രാത്രിയിലെ കിടപ്പ് കൃഷിസ്ഥലത്തുള്ള മാടത്തിലുമാക്കി. കൃഷിസ്ഥലം മുഴുവനും ചുറ്റിനടന്ന് പന്നിയോ മറ്റോ അവിടെ ഇറങ്ങിക്കഴിഞ്ഞെന്നു കണ്ടാൽ കുരച്ചുംകൊണ്ട് തൽക്ഷണം അവിടെയെ ത്തുന്ന പട്ടികളുടെ സഹായം അക്കാലത്ത് ഗണ്യമായ ഒരു സഹായമായിരുന്നു. ഒരിക്കൽ പട്ടികളെല്ലാം ഒരു വലിയ പന്നിയെ ചെവിപിടിച്ചു പറഞ്ഞപാട്ടിനു നിർത്തുകയുണ്ടായിട്ടുണ്ട്. ആശ്രമത്തിലേക്കു വരുന്നവർക്കു പടിഞ്ഞാറുവശത്തെ ഗേറ്റു കടന്ന് കൃഷിസ്ഥലത്തുകൂടിയാണ് കയറിപ്പോരേണ്ടിയിരിക്കുന്നത്. വളപ്പിനകത്ത് ആൾ കയറിയാൽ ഒരു തരം, പന്നി കടന്നാൽ മറ്റൊരുവിധം, ഇങ്ങനെ പലതരത്തിലുള്ള കൂരകൾ

www.malankaralibrary.com



കൊണ്ടുതന്നെ അവ ആശ്രമസ്ഥന്മാരെ തൽക്ഷണം വിവരം ഗ്രഹിപ്പി ച്ചുവന്നിരുന്നു. ഇപ്പോൾ പട്ടികളിൽ ഒന്നുരണ്ടെണ്ണമേ ബാക്കിയുള്ളൂ. മറ്റുള്ളവയെല്ലാം പന്നിയെപ്പിടിക്കാനായി ഓരോരുത്തർ കുഴിച്ച കുഴിയിൽ വീണുംമറ്റും ചത്തുപോയി.

പലപ്പോഴും ആശ്രമസ്ഥന്മാരുടെ ജീവരക്ഷയ്ക്കുപോലും പട്ടികൾ ഉപകരിക്കുകയുണ്ടായിട്ടുണ്ട്. ഒരു ദിവസം നാം രാത്രിയിൽ സൂത്താറാ കഴിഞ്ഞു കിടക്കാൻ തുടങ്ങിയപ്പോൾ ആശ്രമത്തിന്റെ വരാന്തയിൽ നിന്നുകൊണ്ട് ടൈഗർ (പട്ടി) അസാധാരണമട്ടിൽ കുരയ്ക്കുകയും ഓടിക്കൊണ്ട് നമ്മുടെ അടുക്കലേക്കു വരികയും, പിന്നെയും തിരിയെ വരാന്തയിലേക്കു മടങ്ങുകയും, വീണ്ടും കുരച്ചുകൊണ്ട് അടുക്കുകയും ചെയ്യുന്നതു കണ്ടപ്പോൾ ഇതിന്റെ താൽപ്പര്യമെന്തെന്നറിയാനായി നാം ഒരു വിളക്കുമെടുത്ത് വരാന്തയിലേക്കു ചെന്നു ചുറ്റും കണ്ണോടിച്ചപ്പോൾ വരാന്തയിലേക്കു കയറാനുള്ള ഒതുക്കിന്മേൽ കിടക്കുന്നു, വലിയ ഒരു മൂർഖൻ പാമ്പ്.

രണ്ടാമതായി വച്ചുകെട്ടിയ വളപ്പിലും കൃഷി ഇറക്കി നോക്കി. ആദ്യത്തേക്കാൾ ഗുണമല്ലാതെ ദോഷം നേരിട്ടില്ല. എപ്പോഴുമുള്ള കാവൽതന്നെയാണ് അതിനു കാരണമെന്നേ പറയേണ്ടു. ഇപ്പോൾ 60 ഏക്കർ സ്ഥലമാണ് കൃഷിക്കായി വേർതിരിച്ച് ഒരാൾ പൊക്കത്തിൽ കരിങ്കൽ മതിൽ കെട്ടി ഉറപ്പിക്കപ്പെട്ടിട്ടുള്ളത്. ഉയരമേറിയ ഈ മതിൽപോലും ചാടിക്കടന്നു പലപ്പോഴും പന്നികൾ കൃഷിക്കു പലവിധ നാശങ്ങൾ ചെയ്തുവരുന്നുണ്ട്. സൂക്ഷ്മമായ കാവൽകൊണ്ടു കുറേ യൊക്കെ കുറവുണ്ടായിട്ടുണ്ടെന്നുമാത്രം.

കാച്ചിൽ, ചേന, ഏത്ത, കറിനാരകം, കപ്പ, ചെറുനാരകം, കപ്പളം, കൈതച്ചക്ക, പച്ചമുളക്, കുരുമുളക്, മാവ്, പ്ലാവ്, തെങ്ങ്, പലതരം വാഴകൾ മുതലായവയാണ് പ്രധാന കൃഷി. ഇതിലേക്കു വേണ്ടിവരുന്ന കായക്ലേശം, പണച്ചെലവ് ആദിയായവയെ പരിഗണിക്കുമ്പോൾ കൃഷി കൊണ്ടു പറയത്തക്ക ആദായം ഇല്ലാ എന്ന് ഏവർക്കും ഊഹിച്ചാലറി യാവുന്നതാണ്. അവിടെ ചിലേടങ്ങളിൽ നെൽകൃഷിയും ചെയ്തുനോ ക്കാറുണ്ട്. ഇതിനാണു കൂടുതൽ പണം മുൻകൂട്ടി ചെലവുചെയ്യേണ്ടി യിരിക്കുന്നത്. ഇപ്പോൾ അടുത്ത കാലങ്ങളിലായി അധികം സ്ഥലത്തു നെൽകൃഷി ചെയ്യുമാറില്ല. അവയ്ക്കുപറ്റിയ തടങ്ങൾ വല്ലവർക്കും പാട്ട ത്തിനു കൊടുക്കുകയാണിപ്പോഴത്തെ പതിവ്. വിളവിൽ അഞ്ചിലൊന്ന്

www.malankaralibrary.com



ആറിലൊന്ന് ഇങ്ങനെ പാട്ടം നിശ്ചയിച്ചിരിക്കും. ഈ വകയിൽ ലഭിക്കപ്പെടുന്ന നെല്ല് ആശ്രമവാസികൾക്ക് എത്രനാളത്തെ ചെലവിനുണ്ടാകുമെന്നു വിശിഷ്യ പറയേണ്ടതില്ലല്ലോ. അതു കഴിഞ്ഞാൽ പിന്നെ അരി പണം കൊടുത്തു വാങ്ങേണ്ടിവരും. അരിയും ഉപ്പും ഒഴിച്ചു ബാക്കിയുള്ളതെല്ലാം ആശ്രമം വക കൃഷികൊണ്ടു നടന്നുപോകുമെന്നു കണക്കാക്കാം. ആശ്രമസ്ഥന്മാർ, അനാഥകുട്ടികൾ വേലക്കാർ ഇവർക്കെല്ലാവർക്കും കൂടി പ്രാതലും അത്താഴവും കഞ്ഞിയാക്കിയാലും, നിരന്തരം ഒരു കൊല്ലത്തിൽ എത്ര അരി വേണ്ടിവരുമെന്നു കണക്കാക്കുമ്പോൾ മാത്രമേ, ആ ഇനത്തിലേക്ക് ആകെ ചെലവഴിക്കപ്പെടേണ്ടിവരുന്ന പണം എത്രയെന്നു വിശദപ്പെടുകയുള്ളുവല്ലൊ. സ്ഥിരതാമസക്കാരായവരുടെ കാര്യമെ ഇവിടെ നാം കണക്കാക്കിയിട്ടുള്ളൂ. സന്ദർശനാർത്ഥം ദിവസം തോറും രണ്ടും, മൂന്നും, നാലും അഞ്ചും, പത്തും, പതിനഞ്ചും, ഇരുപതും, മുപ്പതുമായി വരുന്ന അതിഥികളുടെ കാര്യത്തിൽ ആശ്രമസ്ഥന്മാർക്കു കണ്ണടച്ചിരിക്കാവതല്ലല്ലോ.

60 ഏക്കറിനുള്ളിലും, അതിനു പുറത്തും കുറേ സ്ഥലങ്ങളിൽ റബർ, കുരുമുളക്, തെങ്ങ് മുതലായവ കൃഷിചെയ്യപ്പെട്ടിട്ടുണ്ട്. തെങ്ങുകൃഷിക്ക് അവിടെ പ്രധാനമായി കാണുന്ന ഉപദ്രവം, ഒരുതരം കാട്ടുവണ്ടിന്റെതാണ്. തെങ്ങിന്റെ മണ്ടമുഴുവനും കുത്തിത്തുളയ്ക്കുകയാണ് അവയുടെ പ്രവൃത്തി. അനവധി തെങ്ങുകൾ– നാലും അഞ്ചും കൊല്ലം പ്രായമായവ– ഈ വിധം നശിച്ചുപോയിട്ടുണ്ട്. കുരുമുളകു കൃഷിയിൽ നിന്ന് അടുത്ത ഒന്നു രണ്ടു കൊല്ലങ്ങളായി സ്വല്പമായി വല്ലതും കിട്ടിക്കൊണ്ടിരിക്കാൻ തുടങ്ങിയതേയുള്ളൂ. റബർ ഇപ്പോൾ ഏകദേശം പല പ്രായങ്ങളിലുള്ളവയായി 10000–ത്തോളം വരുമായിരിക്കണം. അവയിൽനിന്നു കറയെടുത്തു തുടങ്ങീട്ടില്ല. മുന്നൊരവസരത്തിൽ വളരെയധികം തൈകൾ വെച്ചു പിടിപ്പിച്ചതായിരുന്നു. അവ ഇപ്പോൾ ഉണ്ടായിരുന്നുവെങ്കിൽ ധനസംബന്ധമായ യാതൊരു ക്ലേശവും നേരിടാതിരിക്കത്തക്കവിധം, ആ ഒരിനത്തിൽനിന്നുതന്നെ ഗണ്യമായ ആദായം ലഭിക്കുമായിരുന്നു. തൈകൾ വെച്ച് ഒന്നു രണ്ടു കൊല്ലം കഴിഞ്ഞതോടുകൂടി റബറിന്റെ വില പെട്ടന്നങ്ങു താണുപോയി. സമീപമലകളിലുള്ള തോട്ടക്കാരായ യൂറോപ്യന്മാർ അവരവരുടെ തോട്ടങ്ങൾ കിട്ടിയ വിലയ്ക്കു വിറ്റ് കടന്നുകളയാനും തുടങ്ങി. നാം പല സ്ഥലങ്ങളിലും സഞ്ചരിച്ചു കിട്ടിയ പണത്തിന്റെ പ്രധാനഭാഗവും ചെലവിട്ടുണ്ടാക്കിയ കൃഷിയായിരുന്നു അത്. വലിയ മനോരാജ്യത്തിന്റെ ഫലമായിട്ടാണ്

www.malankaralibrary.com



ആ കൃഷിക്ക് ഒരുമ്പെട്ടിറങ്ങിയതും. റബറിന്റെ വില ക്രമേണ, ക്രമേണ കുറഞ്ഞുവരുന്നതായിക്കണ്ട് നമുക്കു വലിയ ഇച്ഛാഭാഗം തോന്നി. പുതു തായി ആരും റബർകൃഷിക്കു ഒരുമ്പെടാതെയുമായി. എങ്കിലും വെച്ചു പിടിപ്പിച്ച നമ്മുടെ റബർതൈകൾ, അങ്ങനെതന്നെ നിൽക്കട്ടെ എന്നു നാം നിശ്ചയിച്ചു. ചിലർ ചെയ്തുവന്നിരുന്നുപോലെ വിൽക്കുവാനായും ചില ഏർപ്പാടുകൾ നാം ചെയ്തിട്ടുണ്ടായിരുന്നു. റബറിന്റെ വില കുറ ഞ്ഞതിനാൽ അതിന്നായില്ല. അവയൊക്കെ പിഴുതുകളഞ്ഞ് മറ്റൊരു കൃഷി ഇറക്കിനോക്കാൻ നമുക്ക് മനസ്സുണ്ടായതുമില്ല. ഇക്കാലത്ത് കാട്ടു തീമൂലം ഉണ്ടായ നഷ്ടമാണു നമുക്ക് അത്യന്തം ഇച്ഛാഭംഗത്തിനിടയാ ക്കിത്തീർത്തത്.

കാട്ടുതീമൂലം മറ്റൊരവസരത്തിൽ അപ്രതീക്ഷിതമായി പേടിക്കു വാൻ ഇടയായി. 'തീ വരുന്നു' എന്നു കാവൽക്കാരൻ ഓടിവന്ന് ആശ്ര മസ്ഥന്മാരോട് പറഞ്ഞുതീരുമ്പോഴേക്ക് ആശ്രമത്തിനു മുമ്പിൽ തീ വന്നുകഴിഞ്ഞു. പലയിടങ്ങളിലായി തലയുയർത്തിപ്പിടിച്ചിരുന്ന കുരുമുളക് മുതലായ കൃഷികൾ ആകവേ കത്തിക്കരിഞ്ഞു ചാമ്പലായി പറക്കുന്നതു കണ്ടാൽ ആർക്കും സങ്കടം തോന്നുമല്ലോ. അവയൊക്കെ മുഴുവനോടെ ചുട്ടുദഹിപ്പിച്ചുകൊണ്ടായിരുന്നു അതിന്റെ വരവ്. കുരുമുളകു പോകട്ടെ: കപ്പയും നശിച്ചോട്ടെ. ആശ്രമത്തിനു തീ പിടി ക്കാതിരുന്നാൽ നന്നായിരുന്നു എന്നു മാത്രമേ അപ്പോൾ ആഗ്രഹിച്ചു ള്ളൂ. മുളകൊണ്ടും പുല്ലുകൊണ്ടും ഉണ്ടാക്കപ്പെട്ട ആശ്രമത്തിനു തീ പിടിച്ചാൽ വരാവുന്ന നഷ്ടവും ക്ളേശവും എന്താണെന്നു പറയേണ്ട തില്ലല്ലോ. പടിഞ്ഞാറുവശത്തുനിന്നാണ് തീ ആളിപ്പാഞ്ഞുവന്നിരുന്ന ത്. കാറ്റ് പടിഞ്ഞാറുനിന്നു കിഴക്കോട്ടും, ആ തരം നോക്കി ആശ്രമ ത്തിനു നാനാഭാഗത്തും ചെന്ന് അവിടെയുള്ള കാടുകളിൽ ആശ്രമസ്ഥ ന്മാർ തീ വെച്ചു. ആ തീ നേരെ കിഴക്കോട്ടും, പടിഞ്ഞാട്ടും, വടക്കോട്ടും തെക്കോട്ടും ചിന്നിച്ചിതറി. ആശ്രമം മേയുവാനായി പുല്ലരിഞ്ഞു ഒരിടത്തു കൂട്ടിയിരുന്നു. അതും തീയിലേക്കു വലിച്ചെറിഞ്ഞു. ആശ്രമ സ്ഥന്മാർ മാത്രമല്ല സമീപസ്ഥലങ്ങളിലുള്ള പലരും ഓടിവന്ന്, ഭഗീര ഥയത്നം ചെയ്തിരുന്നില്ലെങ്കിൽ, ഒരൊറ്റ പൊരി വീണ്, ആശ്രമ സ്ഥന്മാരും അനാഥകുഞ്ഞുങ്ങളും ലൈബ്രറിയും സാമാനങ്ങളും എല്ലാം വിളക്കത്തണഞ്ഞ പാറ്റപോല കരിഞ്ഞു പോകുമായിരുന്നു.

കാട്ടുതീ കൊണ്ടുള്ള ശല്യം പറഞ്ഞറിയിക്കാവതല്ല. പെട്ടെന്നാ യിരിക്കും അതിന്റെ വരവും പോക്കും. നിലത്തുവീണു കിടപ്പുള്ള കരി

www.malankaralibrary.com



യിലകൾ, ഉണക്കും തട്ടിയ പുല്ലുകൾ, പിഴുതു വീണ വൃക്ഷങ്ങൾ ഇവയൊക്കെ തീയുടെ ഒരുനാളം തട്ടിയാൽ കാട്ടിക്കൂട്ടുന്ന അനർത്ഥങ്ങൾ ആർക്കും ഊഹ്യമായിരിക്കുമല്ലോ. കാട്ടുമുളകൾ, കാറ്റിൽ അന്യോന്യം ഉരഞ്ഞിട്ടും മ്ലാവിനേയും മറ്റും വെടിവെച്ചു പിടിക്കാനായി വേടന്മാർ ചില സ്ഥലങ്ങളിൽ തീ വെച്ചുമാണ് കാട്ടിൽ തീ പിടിക്കുമാറുള്ളത്. അതിനാൽ, കാട്ടിൽ കൃഷി ചെയ്യുന്നവരും, അവിടെ താമസിക്കുന്നവരുമായവർ എല്ലാവരും കാട്ടുതീയുടെ വരവിൽ എപ്പോഴും ബദ്ധശ്രദ്ധരായിരിക്കുന്നതാണ്. ആശ്രമത്തിൽതന്നേ ഇക്കാര്യത്തിൽ ചില കരുതലുകൾ ചെയ്തുവരുന്നുണ്ട്. വേനൽക്കാലത്തു അടുത്ത മലകളിൽ തീ പിടിച്ചിട്ടുള്ളതായി കണ്ടാൽ, എല്ലാവരും ചാപ്പലിലേക്കു പോകയോ, മറ്റേതെങ്കിലും കാര്യങ്ങളിൽ ഏർപ്പെടുകയോ ചെയ്യുമ്പോൾ കാട്ടുതീ വരുന്നുണ്ടോ എന്നു നോക്കുവാനായി ഒരാളെ പ്രത്യേകം നിയോഗിച്ചിരിക്കും. കാറ്റിന്റെ ശക്തികൊണ്ടും ഉണങ്ങിക്കരിഞ്ഞ പുല്ലുനിമിത്തവും ഒരു മിനിറ്റിനകം തീ കാടാകെ വ്യാപിക്കുകയായി. അതിനാൽ ഈ ഭഗവാന്റെ വരവും നോക്കി ഒരാൾ ഇരുന്നേ മതിയാകയുള്ളുവല്ലോ.

ചുരുങ്ങിയ സ്ഥലത്ത് കൃഷി ചെയ്തുവന്ന ആദ്യകാലങ്ങളിൽ ആശ്രമസ്ഥന്മാർത്തന്നെയാണ് അവരുടെ വിശ്രമവേളകളിൽ അതു സംബന്ധമായ ജോലികൾ ചെയ്തുവന്നിരുന്നത്. അതിൽപ്പിന്നെ കൃഷിക്കുള്ള സ്ഥലം കൂട്ടുകയും അദ്ധ്വാനം ഇരട്ടിപ്പിക്കുകയും ചെയ്തപ്പോൾ മുതൽ കൃഷിക്കാരനായി ഒരാളെ പ്രത്യേകം നിയമിച്ചു. അയാൾക്കു മാസത്തിൽ നിശ്ചിതമായ പ്രതിഫലം കൊടുത്തുവന്നിരുന്നു. അയാൾ കൂലിവേലക്കാരെക്കൊണ്ട് ആവശ്യമുള്ള പ്രവൃത്തികൾ ചെയ്യിക്കുകയായിരുന്നു പതിവ്. ആശ്രമസ്ഥന്മാർ വ്യായാമാർത്ഥം ആശ്രമത്തിനു തൊട്ടുള്ള സ്ഥലങ്ങളിൽ വല്ലതും കൃഷി ചെയ്തുണ്ടാക്കുകയും ചെയ്യും. ഒരു കൊല്ലം കഷ്ടാനുഭവയാഴ്ചയിലെ ശുശ്രൂഷകളിൽ സംബന്ധിപ്പാനായി വയലത്തലനിന്ന് ഒരു വയസ്സൻ വന്നു താമസിച്ചിരുന്നു. ബഥനിയെ തന്നാൽ കഴിവുള്ള വിധത്തിൽ സഹായിച്ചേ മതിയാവൂ എന്ന് അവിടത്തെ താമസത്തിൽനിന്ന് അയാൾക്കു ബോദ്ധ്യം വരികയാൽ, യാതൊരു പ്രതിഫലവും കൂടാതെ ചെലവിനുള്ള വക വീട്ടിൽനിന്നു കൊണ്ടുവന്ന്, അവിടെ കൃഷിക്കാരനായി താമസിച്ചുകൊള്ളാമെന്ന് അയാൾ പറഞ്ഞു. നമ്മുടെ കൃഷിയിൽനിന്നു പറയത്തക്ക ആദായമൊന്നും കിട്ടിവരുന്നില്ലെന്ന് അയാൾ അറിഞ്ഞിരുന്നു. അതിനാൽ അതൊരു ആദായമാർഗ്ഗമാക്കിത്തീർക്കണമെന്നുതന്നെ ആയിരുന്നു

www.malankaralibrary.com



അയാളുടെ കരുതൽ. പറഞ്ഞതുപോലെതന്നെ അയാൾ വീട്ടിൽ പോയി ചെലവിനുള്ള അരിയും മറ്റുമായി മടങ്ങിയെത്തി. കൃഷിക്കാരനായി താമസവും തുടങ്ങി. ഇതത്രയും ഗണ്യവും പ്രശംസനീയവും നിസ്വാർത്ഥപരവുമായ സഹായമാണെന്നു നാം രേഖപ്പെടുത്തേണ്ടതി ല്ലല്ലോ. കുറേക്കാലം കൃഷിക്കാരനായിരുന്ന ആ ബഥനിബന്ധു. ഇപ്പോൾ പ്രായാധിക്യം നിമിത്തം അശക്തനായിത്തീർന്നിരിക്കയാൽ അയാൾ അയാളുടെ മകനെ കൃഷിക്കാരനാക്കി താമസിപ്പിച്ചിരിക്കുകയാണ്.

കൃഷിഡിപ്പാർട്ടുമെന്റിന്റെ മേധാവിയായി ഒരാശ്രമസ്ഥൻ ഉണ്ട്. ദൈനംദിനമുള്ള സന്ന്യാസവൃത്തികൾ കഴിഞ്ഞുള്ള നേരങ്ങളിൽ ഇയാളുടെ പ്രവൃത്തി മുഴുവനും അതു സംബന്ധമായിട്ടുള്ളവയാണ്. സഹായിയായി കൃഷിക്കാരനും ഉണ്ടല്ലോ. പ്രത്യേകം കൂലിക്കാരെ നിയ മിക്കേണ്ട ആവശ്യമില്ലെന്നു തോന്നുന്ന ചില ചില്ലറവേലകൾ ചെയ്വാ നായി കൃഷിയുടെ മേധാവിയായ ആശ്രമസ്ഥന്റെ അപേക്ഷപ്രകാരം ആശ്രമഗുരു സന്ന്യാസികളെ അയയ്ക്കാറുണ്ട്. പത്തു ചേനയ്ക്കുള്ള കുഴി ഉണ്ടാക്കണം. മുപ്പത് ഏത്തവാഴ പിരിച്ചുവെയ്ക്കണം ഇങ്ങനെ ഓർഡർ കിട്ടിയാൽ പണിയായുധവുമായി ചെല്ലുന്ന സന്ന്യാസികൾ നിശ്ചിതസമയംവരെ അതുമാത്രം ചെയ്ത് അവിടെനിന്നു പോന്നു കൊള്ളണമെന്നാണ് ആശ്രമനിയമം. ഒന്നിനോടും അവർക്കും പ്രത്യേക ബന്ധമോ ആഗ്രഹമോ ആകാംക്ഷയോ ഉണ്ടാവാൻ പാടില്ലല്ലോ.

## പശുക്കൾ

ബഥനിയിൽ ഇപ്പോൾ നാല്പതമ്പതു പശുക്കൾ ഉണ്ട്. ഇടയ്ക്കു പുലിയുടെയും കടുവയുടെയും മറ്റും ഉപദ്രവമില്ലായിരുന്നുവെങ്കിൽ, ഇക്കാലത്തിനകം അവിടെ വളരെയധികം പശുക്കൾ ഉണ്ടാകുമായിരു ന്നു. എന്തുമാത്രം കാവൽ ചെയ്തിരുന്നാലും ചിലപ്പോൾ പുലി വന്ന് ഇവയെ തട്ടിക്കൊണ്ടു കടക്കുന്നത് ആരും അറിയാൻ ഇടവരികയില്ല. പശുക്കളെ തീറ്റുവാൻ പ്രത്യേകം ചുമതലക്കാരെ നിശ്ചയിച്ചിട്ടുണ്ടെ ന്നുള്ളതു വാസ്തവം തന്നെ. 60 ഏക്കർ വിസ്തീർണ്ണമുള്ള കയ്യാല കെട്ടി ഉറപ്പിക്കപ്പെട്ടിട്ടുള്ള കൃഷിസ്ഥലത്തിനു പുറത്തു കൊണ്ടുപോ യിട്ടാണ് ഉച്ചഭക്ഷണവുമേന്തിപ്പോകുന്ന കാവൽക്കാർ പശുക്കളെ തീറ്റി ക്കായി കാട്ടിലേക്കു വിടുന്നത്. കാട്ടിനുള്ളിൽ കയറിയാൽ മഷിയിട്ടു നോക്കിയാൽപോലും അവയെ കാണാൻ പ്രയാസമായിരിക്കും., ഒരാൾ പൊക്കത്തിൽ കാട്ടുപുല്ലുകൾ പടർന്നു പിടിച്ചിട്ടുള്ള ഒരു സ്ഥലത്ത്

www.malankaralibrary.com



ഒരു പശു നിന്നാൽ കാണ്മാൻ എളുപ്പമല്ലല്ലോ. ചിലപ്പോൾ പശുക്കൾ പെട്ടെന്ന് അങ്ങോട്ടും ഇങ്ങോട്ടും പായുന്നതിന്റെ ശബ്ദം കേൾക്കാം. അങ്ങനെ ഉണ്ടാവുമ്പോൾ പശുക്കൾ പുലിയെ കണ്ടിട്ടാണെന്നു തീർച്ചപ്പെടുത്തുകയേ വേണ്ടു. ഉടൻ കാവൽക്കാർ കൂവുകയോ ഉച്ചത്തിൽ നിലവിളിക്കുകയോ മറ്റോ ചെയ്തില്ലെങ്കിൽ പുലി പശുവിനേയും കൊണ്ട് കടന്നുകളയും. ചില പുലികൾ ഈ വിധമുള്ള തന്ത്രങ്ങളൊന്നും വകവെയ്ക്കാതെ തങ്ങളുടെ കാര്യം സർക്കാർമുറപോലെ നടത്തിവരുകയും പതിവാണ്. ഒരിക്കൽ നമ്മുടെ കുശിനിക്കാരൻ മൂപ്പൻ കാര്യവശാൽ കാട്ടിലൂടെ പോകുകയായിരുന്നു. അപ്പോൾ ഒരു പുലി പശുവിന്റെ പുറത്തുകയറിയിരുന്നു അതിന്റെ കുരവള്ളി കടിച്ചുപറിക്കുന്നതായി കണ്ടു. മൂപ്പൻ നിലവിളിക്കുകയും കൂവുകയും എല്ലാം ചെയ്തു നോക്കീട്ടും പുലിക്കു യാതൊരു കൂസലും കണ്ടില്ല. മൂപ്പനു കോപമായി. അയാൾ പിറകോട്ടുപോകുമോ? മുമ്പിൽ കിടക്കുന്ന പാകത്തിനൊത്ത കരിങ്കൽകഷണം അതെടുക്കുകയും പുലിക്കിട്ടൊരേറും. ലക്ഷ്യം പിഴച്ചില്ല. ശരിക്കു തലയ്ക്കു തന്നെ. പുലി തൽക്ഷണം താഴെ ചാടിക്കൊണ്ടു മൂപ്പന്റെ നേരെ കണ്ണുരുട്ടിക്കൊണ്ടൊരു നില. കൈവശമുണ്ടായിരുന്ന വെട്ടുകത്തിയും പൊക്കിക്കൊണ്ടു മൂപ്പനും. ഇരുമ്പുകൊണ്ടുള്ള ആയുധം കണ്ടാൽ മൃഗങ്ങൾ അടുക്കുകയില്ലെന്നുള്ള പറച്ചിലിൽ എന്തുമാത്രം പതിരുണ്ടെന്നു നമുക്കു നിശ്ചയമില്ല. പുലി നേർക്കു ചാടിയാൽ ഒരു വെട്ടിനു കഷണം രണ്ടാക്കാൻതന്നെയാണ് മൂപ്പന്റെ ഭാവം. അത് എത്രത്തോളം സാധിക്കുമായിരുന്നു എന്ന് പറയണമെങ്കിൽ പുലി അവിടെനിന്ന് അനങ്ങിയിട്ടു വേണമല്ലോ. കുറേനേരം ഉരുട്ടിയും നീട്ടിയുമെല്ലാം നോക്കിക്കഴിഞ്ഞിട്ട് പുലി നേരെ ഒരു നട. അതുപോയതിൽപ്പിന്നെയാണു മൂപ്പൻ പശുവിനോടടുത്തത്. അന്നു കാലത്ത് നല്ല ചുണക്കുട്ടിയെപ്പോലെ വാൽ നിറുകയിൽ കുത്തി, തീറ്റിക്കായിട്ടു കാട്ടിലേക്കിറങ്ങിപ്പോയ ആ പശുവിനെ ഒന്നു രണ്ടുപേർ ചുമന്നാണ് ആശ്രമത്തിലേക്കു കൊണ്ടുപോന്നത്.

അമ്മച്ചി (ഒരു പശുവിന്റെ പേര്) ക്ക് ഇപ്പോൾ നടക്കാനും ഓടാനും വയ്യാത്ത കാലമായിപ്പോയി, സെറാമ്പൂർ നിന്നുപോന്ന് ചികിത്സാർത്ഥം കോട്ടയത്തു താമസിച്ചിരുന്നപ്പോൾ വാങ്ങിയതാണതിനെ. വയസ്സു കുറേ ആയിരിക്കുന്നു കാഴ്ച നന്നേ കുറവാണ്. അമ്മച്ചിയോട് അനാഥകുഞ്ഞുങ്ങൾക്കു മാതൃനിർവ്വിശേഷമായ ബഹുമാനമുണ്ട്. ഒട്ടധികം പച്ചപ്പാൽ അവൾ അവർക്കു കൊടുത്തിട്ടുണ്ടല്ലോ. ''അമ്മച്ചീ''

www.malankaralibrary.com





എന്ന് അനാഥകുഞ്ഞുങ്ങൾ അവളെ വിളിക്കുന്നതു കേട്ടാൽ ഉടനെ കിടന്നിടത്തുനിന്ന് അവളൊന്നു തലപൊക്കി നോക്കും. നല്ല ഇളം പുല്ല്, പഴത്തിന്റെ തൊലി, മാങ്ങാ മുതലായവയൊക്കെയാണ് കുഞ്ഞുങ്ങൾ അതിനു കൊണ്ടുവന്നു കൊടുക്കുക. ചിലപ്പോൾ അവളുടെ വയറ്റിന്മേൽ ചാരിക്കൊണ്ടു കുഞ്ഞുങ്ങൾ കിടക്കുന്ന കിടപ്പും അവരുടെ അപ്പോഴത്തെ പാട്ടും കേട്ടാൽ അമ്മച്ചിക്കുതന്നെയല്ലാ, മറ്റുള്ളവർക്കും ഏതാണ്ടൊരു വിശേഷവികാരം ഉണ്ടാവാതിരിക്കുകയില്ല.

അമ്മച്ചിയുടെ മക്കളും മക്കളുടെ മക്കളുമായി പല പശുക്കളും ബഥനിയിലുണ്ട്. പെറ്റു വീണാലുടനെ അനാഥകുഞ്ഞുങ്ങളായിരിക്കും ഓരോ പശുക്കിടാവിനും പേരിടുക. ഈ വിധത്തിൽ അവിടെ അമ്മിണിയും, അന്നക്കൊച്ചും, കൊച്ചുസീതയും, കൊച്ചുകോശിയും, കോശിയും എല്ലാമുണ്ട്.

"കോശി"യെപ്പറ്റി രണ്ടുവാക്കിവിടെ പറയുന്നതു വായനക്കാർക്കു രസകരമായിരിക്കും. ഒരു ദിവസം അനാഥകുഞ്ഞുങ്ങൾ കോശിയേയും കൊണ്ട് കാട്ടിലേക്കിറങ്ങി. അവന്റെ കഴുത്തിലിട്ട നീളമേറിയ കയർ അവർ പിടിച്ചിരുന്നു. ഓടാനാണു കോശിയുടെ ആഗ്രഹം. കുഞ്ഞുങ്ങൾ

www.malankaralibrary.com



അതു സമ്മതിക്കുന്നില്ല. അവരിൽ ഒന്നുരണ്ടുപേർ ആ കയറിന്മേൽ ബലമായി പിടിച്ചിട്ടുണ്ട്. കോശി അവരേയും വലിച്ചുകൊണ്ട് ഓട്ട മാണ്. തത്സമയം നാലഞ്ച് അതിഥികൾ ബഥനിയാശ്രമം കാണാനായി ഗേറ്റു കടന്നു വന്നിരുന്നു. അവർ അനാഥകുഞ്ഞുങ്ങളുടെ ഓട്ടവും ചാട്ടവും കണ്ട് സ്വല്പം നേരം അവിടെനിന്നു. "എടാ അവറാച്ചോ, ആ കയർ അവിടെയുള്ള പാറയെച്ചുറ്റിക്കൊണ്ടു കോശിയെ അവിടെ പിടിച്ചുകെട്ട്."

അതിഥികളിൽ ഒരാൾ ഒരു കോശിയായിരുന്നു. അയാൾ ഇതു കേട്ട് കൂടെയുള്ളവരുടെ മുഖത്തേക്കു നോക്കി. എന്താണ് തന്നെ കെട്ടാൻ കുഞ്ഞുങ്ങൾ ധൃതികൂട്ടുന്നതെന്നറിയാതെ അയാൾ അമ്പര ന്നു. പിന്നീട് ആശ്രമത്തിൽ വന്നു കയറിയപ്പോഴേ അയാൾക്കു കാര്യം മനസ്സിലായുള്ളൂ. "ഞാൻ അപ്പോൾ എന്തെല്ലാം വിചാരിച്ചുവെന്നോ" എന്നു പറഞ്ഞു അയാൾ ചിരിയും തുടങ്ങി.

എന്തൊരു പ്രവൃത്തി ചെയ്യുമ്പോഴും അതിൽ അദ്ധ്യാത്മികതത്വങ്ങൾ അന്തർലീനമായിരിക്കണമെന്ന പ്രമാണം സന്ന്യാസിസമൂഹങ്ങൾക്കുള്ളതാണ്. കന്നുകാലിത്തൊഴുത്തു വൃത്തിപ്പെടുത്തുന്നതിൽപോലും ഈ പ്രമാണം പ്രായോഗികമായിരിക്കും. ബേത്ലഹേമിലെ കാലിത്തൊഴുത്തിലെന്ന പോലെ വിശുദ്ധ മറിയാമും മിശിഹാതമ്പുരാനും നമ്മുടെ കാലിത്തൊഴുത്തിലും വരുന്നതായാൽ നമ്മുടെ കന്നുകാലികളും തൊഴുത്തും എത്രമാത്രം ശുചിയായിരിക്കേണ്ടതാണെന്നു കരുതുന്നപക്ഷം നിശ്ചയമായും നാം അവയെ വൃത്തിയായിതന്നെ സൂക്ഷിക്കുന്നതാണല്ലോ.

www.malankaralibrary.com

അദ്ധ്യായം - 4

# ദൈവപരിപാലനയുടെ തണലിൽ

## സുഭിക്ഷമായ കാലയാപനം

ബഥന്യാശ്രമസ്ഥന്മാർ, സന്ന്യാസപരിശീലനാർത്ഥികൾ, അനാഥകുഞ്ഞുങ്ങൾ ആദിയായവരടങ്ങിയ ഒരു കൂട്ടരും കന്യാസ്ത്രീകൾ, കന്യാത്വാപരിശീലനാർത്ഥികൾ എന്നിങ്ങനെ മറ്റൊരു കൂട്ടരുമായി, ബഥനിമലയിലും തിരുവല്ലായിലെ കന്യാസ്ത്രീമഠം, തിരുമൂലഗൃഹം എന്നിവയിലുമായി വളരെപ്പേർ താമസിച്ചുവരുന്ന സ്ഥിതിക്ക്, അവരുടെയെല്ലാം ഉപജീവനം എങ്ങനെ നടന്നുപോകുന്നു എന്നു കേൾക്കുവാൻ വായനക്കാർക്ക് ജിജ്ഞാസയുണ്ടാകുന്നതാണ്. ബഥന്യാശ്രമത്തിന്റെ നാനാമുഖങ്ങളായ ചെലവുകളെ ഉദ്ദേശിച്ചു ഒരു കാലത്തു നാം പലേടങ്ങളിലും ഭിക്ഷാടനവും ചെയ്തു വന്നിരുന്നുവല്ലോ. കരുവാറ്റ, കാർത്തികപ്പള്ളി, ചേപ്പാട്, പള്ളിപ്പാട്, മാവേലിക്കര, വെണ്ണിക്കുളം, കല്ലൂപ്പാറ, കവിയൂർ, പള്ളം, കുറിച്ചി, കുഴിമറ്റം, പഴഞ്ഞി, ആലപ്പുഴ, കൊച്ചി മുതലായ സ്ഥലങ്ങളിലാണ് നാം സഞ്ചരിക്കയുണ്ടായത്. അക്കാലത്തു നമ്മോടൊപ്പം തദ്വിഷയത്തിൽ വേണ്ടപോലെ സഹകരിച്ചവരായ പുത്തൻവീട്ടിൽ യാക്കോബ് കത്തനാരോടും കണ്ണങ്കോട്ടു ലൂക്കോസുകത്തനാരോടും ഓരോ സ്ഥലങ്ങളിലേയും പട്ടക്കാരോടും സുഹൃത്തുക്കളോടും ബഥനിക്കുള്ള നന്ദിയെ പ്രകടിപ്പിക്കുന്നതിനൊപ്പം തന്നെ, നമ്മുടെ അഭിലാഷപൂർത്തിക്കായി പലവിധത്തിലുള്ള സംഭാവനകളാലും സഹായങ്ങളാലും ആശംസകളാലും മറ്റും നമ്മേ നിഷ്കാമബുദ്ധ്യാ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുള്ള സർവ്വജനങ്ങളോടും നമ്മുക്കുള്ള അനിർവാച്യമായ കൃതജ്ഞതയേയും ഇവിടെ രേഖപ്പെടുത്തികൊള്ളുന്നു.

ഹിന്ദുക്കൾ, മുഹമ്മദീയർ, മാർത്തോമ്മാക്കാർ റോമൻ കത്തോലിക്കർ, ആംഗലേയർ, മലങ്കര സുറിയാനിക്കാർ, ആദിയായി ജാതിമതഭേദമെന്യേ പലരിൽനിന്നും ഗണ്യമായ ഒരു സംഖ്യ അന്നു നമുക്കു

www.malankaralibrary.com



ലഭിക്കയുണ്ടായിട്ടുണ്ട്. അത് നാം ഏതെല്ലാം കാര്യങ്ങളിലേക്കായി വിനിയോഗിച്ചു എന്നുള്ളത് ഇപ്പുസ്തകത്തിന്റെ പല ഭാഗങ്ങളിൽനിന്നു വായനക്കാർക്കു മനസ്സിലാക്കാവുന്നതത്രേ. അങ്ങനെയുള്ള പണപ്പിരിവ് അവസാനിപ്പിച്ചിട്ട് ആറു കൊല്ലമായി എന്ന് അറിവുള്ള എല്ലാവർക്കും, ബഥനിയുടെ ഇപ്പോഴത്തെ കാലയാപനരഹസ്യങ്ങളെപ്പറ്റി അറിവാൻ ആഗ്രഹം ഉണ്ടായിരിക്കാവുന്നതാണ്. ആശ്രമസ്ഥന്മാരായും മറ്റും ബഥനിയിൽ താമസിക്കുന്നവരുടെ സംഖ്യ അനുക്രമം വർദ്ധിക്കാൻ തുടങ്ങിയപ്പോഴായിരുന്നു നാം പണപ്പിരിവിനായുള്ള സഞ്ചാരം നിറുത്തിവെച്ചതെങ്കിലും, ദൈവത്തിന്റെ പ്രത്യേക അനുഗ്രഹത്താൽ, ബഥനിയുടെ കാലയാപനത്തിന് ഇന്നുവരെയും പറയത്തക്ക ക്ലേശങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ലെന്നും അത്ഭുതകരമാംവണ്ണം ഇന്നുവരെയും അതു നിർവഹിക്കപ്പെട്ടിട്ടുണ്ടെന്നും ഏവരേയും നാം സസന്തോഷം ഗ്രഹിപ്പിച്ചുകൊള്ളുന്നു.

നോയമ്പോ മറ്റേതെങ്കിലും വ്രതാനുഷ്ഠാനങ്ങളോ ഇല്ലാത്ത ദിവസങ്ങളിൽ മൂന്നുനേരത്തെ ഭക്ഷണമാണ് ആശ്രമസ്ഥന്മാർക്കുള്ളത്. ആദ്യകാലങ്ങളിൽ പ്രാതലായി കഞ്ഞിയും, മുത്താഴവും, അത്താഴവും ചോറുമായിട്ടായിരുന്നു കഴിഞ്ഞുകൂടിപ്പോന്നിരുന്നത്. ഈയിടെ കുറേ നാളായി അനാഥകുഞ്ഞുങ്ങളൊഴിച്ചുള്ളവർക്ക് അത്താഴം കഞ്ഞിയാക്കുവാൻ പിടിയരിയുടെയും മറ്റിനങ്ങളിലുള്ള പിരിവിന്റെയും കുറവ് ഇടയാക്കീട്ടുണ്ടെങ്കിലും കരുണയുള്ളവനായ ദൈവത്തിന്റെ പ്രത്യേക പ്രേരണയോ നിർദ്ദേശമോ ആണ് അതിനിടയാക്കിട്ടുള്ളതെന്ന് വിശ്വസിക്കുന്നവർക്ക്, തന്നിമിത്തം യാതൊരു വക ക്ലേശവും ഇച്ഛാഭംഗവും ഉണ്ടാവാൻ സംഗതിയുള്ളതല്ലല്ലോ. അത്താഴം കഞ്ഞിയാക്കിയിരുന്നാൽത്തന്നെയും, ഭക്ഷണച്ചെലവിനു ഗണ്യമായ ഒരു കുറവ് ഉണ്ടാകുന്നതല്ലാത്തതിനാൽ അത് എങ്ങനെ നടത്തപ്പെടുന്നുവെന്നറിയാൻ ആഗ്രഹിക്കുന്നവരോടു നമുക്കു പറയാനുള്ളത് ദൈവത്തെ ഓർത്ത് ബഥനിക്കായി ധർമ്മം ചെയ്യുന്നവരുടെ സംഖ്യ ഒട്ടും കുറവല്ലെന്നുള്ളതു മാത്രമാണ്. എന്നിരുന്നാലും, ചിലപ്പോൾ പ്രാതലിനും, മറ്റു ചിലപ്പോൾ മുത്താഴത്തിനും വേറെ ചിലപ്പോൾ അത്താഴത്തിനും വകയില്ലാതെ ഭക്ഷണശാലാധികൃതന്മാരായ ആശ്രമസ്ഥന്മാർ കുഴങ്ങിയ സന്ദർഭങ്ങളിൽ, ദൈവംതന്നെ കൊണ്ടുവന്നതാണെന്നു പ്രത്യക്ഷത്തിൽ വിശ്വസിക്കത്ത

www.malankaralibrary.com



വണ്ണം, ഉണ്ടായ ഒന്നുരണ്ടു സംഭവങ്ങളെ ഇവിടെ ഉദ്ധരിക്കുന്നത് അപ്ര കൃതമായിരിക്കയില്ല.

കാലത്തുള്ള പ്രാതൽ കഴിഞ്ഞ്, ഉച്ചയ്ക്ക് അല്പം മുൻപായി ആശ്രമസ്ഥന്മാരിൽ ഒരാൾ വന്ന് "മുന്നാഴിയരി മാത്രമേയുള്ളു. ഉച്ചഭ ക്ഷണത്തിനെങ്ങിനെയാണ്" എന്നു നമ്മോടു ചോദിച്ചു. ഒന്നോ രണ്ടോ നേരത്തെ ഭക്ഷണം ഉപേക്ഷിച്ചാൽ വരാവുന്ന കുഴപ്പങ്ങൾ എന്തെല്ലാ മെന്ന് അനുഭവം കൊണ്ടറിഞ്ഞിട്ടുള്ള ആശ്രമസ്ഥന്മാർക്ക്, ആശങ്കയ്ക്കു ഇടവരുത്തുമാറാവരുതല്ലോ എന്നു കരുതികൊണ്ട്, "സാരമില്ല: ആ അരി കൊണ്ട് അനാഥക്കുഞ്ഞുങ്ങൾക്കു കഞ്ഞിയോ മറ്റോ വെച്ചു കൊടുത്തേ ക്കുക: നമുക്കുകപ്പയുണ്ടല്ലോ" എന്നു നാം പറഞ്ഞു തീരുമ്പോഴേക്കു

"കപ്പയുമില്ല, അതും തീർന്നു കഴിഞ്ഞിരിക്കുന്നു."

"എന്നാൽ നമുക്കു പട്ടിണി കിടക്കാം. ഇതു ദൈവത്തിന്റെ കരുണയാണെന്നു വിചാരിച്ചാൽ മതി."

ആശ്രമസ്ഥന്മാർ മടങ്ങിപ്പോയി. കുറേ കഴിഞ്ഞ് ഉച്ചനമസ്ക്കാര ത്തിനായി എല്ലാവരും ചാപ്പലിൽ കൂടി. ഏകദേശം പന്ത്രണ്ടരമണി യോടുകൂടി പുറത്തു വന്നപ്പോഴുണ്ട്, ഒരു വൃദ്ധൻ തലയിൽ ഒരു ചുമടുമായി കുശിനിയുടെ മുമ്പിൽ നിൽക്കുന്നു. എന്താണെന്നു ചോദി ച്ചപ്പോൾ കുറേ വെള്ളയപ്പമാണ് എന്നു ആ വൃദ്ധൻ പറഞ്ഞു. ഉച്ചയ്ക്കു കൃത്യസമയത്തു തന്നെ എല്ലാവരും ഭക്ഷണശാലയിൽ പ്രവേശിച്ചു കൊണ്ട് അതു കഴിച്ചു. സന്ധ്യ കഴിഞ്ഞപ്പോൾ മറ്റൊരാൾ പിടിയരിയു മായിട്ടും അവിടെ വന്നു. അന്ന് ആർക്കും തന്നെ പട്ടിണി കിടക്കേണ്ട തായി വന്നില്ല.

മറ്റൊരു ദിവസം സൂത്താറാനമസ്കാരം കഴിഞ്ഞ്, എല്ലാവരും ഉറങ്ങാൻ തുടങ്ങിയ നേരത്താണ്, കാലത്തെ കഞ്ഞിക്ക് അരിയില്ല എന്ന വിവരം നമുക്ക് അറിവാൻ കഴിഞ്ഞത്.

'സാരമില്ല' എന്നു പറഞ്ഞ് അയാളെ നാം പറഞ്ഞയച്ചു.

നേരം വെളുത്തു തുടങ്ങിയതേയുള്ളു. യാതൊരു ശമ്പളവും വാങ്ങിക്കാതെ ബഥനിയുടെ കൃഷിവിചാരകനായി നിന്നിരുന്ന മൂപ്പീന്ന് തലയിൽനിന്ന് ഒരു ചാക്കു പിടിച്ചു താഴെ ഇറക്കി. സ്വദേശത്തേക്കു പോയപ്പോൾ ബഥനിക്കായി പലരിൽനിന്നും പിരിച്ചുണ്ടാക്കിയ അരിയും തേങ്ങയുമായിരുന്നു അതിൽ.

www.malankaralibrary.com



വേറൊരു ദിവസം അത്താഴത്തിനു വകയൊന്നുമില്ല എന്നു കേട്ടു. ഉച്ച തിരിഞ്ഞപ്പോഴെക്കും കുറേ പലഹാരവും അരിയും ഒരാൾ കൊണ്ടുവന്നു തന്നു.

ഓർത്തുനോക്കിയാൽ ഇങ്ങനെ പലതും പറയാൻ കാണുമായിരിക്കണം. പട്ടിണി കിടക്കാൻ ഇടയാവുക എന്ന പരമഭാഗ്യം നിശ്ചയമായും ഇന്ന് അനുഭവിക്കാം എന്നു കരുതപ്പെട്ടുവന്ന പല അവസരങ്ങളും വാസ്തവത്തിൽ നഷ്ടപ്പെട്ടു പോകയാണുണ്ടായിട്ടുള്ളത്. ഇവയ്ക്കുണ്ടായ പ്രധാന തടസ്സം ദൈവാനുഗ്രഹത്താൽ പലർക്കും ബഥനിയോടുള്ള അപാരമായ അനുകമ്പയായിരുന്നു എന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ.

ഭക്ഷണസാധനങ്ങൾ വഴിയായിട്ടല്ലാതെ, ബഥനിക്കു നാനാജാതിമതസ്ഥന്മാരിൽനിന്നുമായി വേറെയും പലതും കിട്ടിപ്പോരുന്നുണ്ട്. ഇവയെ തെളിയിപ്പാനായി ഒന്നുരണ്ടു സംഭവങ്ങൾ ഇവിടെ പ്രസ്താവിച്ചേക്കാം.

സന്ദർഭവശാൽ നാം ഒരു സ്ഥലത്തുവെച്ചു നടത്തിയ പ്രസംഗത്തിൽ ദീനാനുകമ്പ, പരോപകാര തല്പരത എന്നിങ്ങനെയുള്ള ബഥനിയുടെ ആദർശത്തെപ്പറ്റി എന്തെല്ലാമോ പറയുകയുണ്ടായി. ബഥനിക്കായി സഹായധനം നൽകണമെന്നുദ്ദേശിക്കുന്നവർക്കു ഡപ്പിയോ, പെട്ടിയോ, ഇഷ്ടംപോലെ കൊണ്ടുപോകാവുന്നതാണെന്നും നാം അപ്പോൾ സൂചിപ്പിച്ചു. കേൾവിക്കാരിൽ അന്യമതസ്ഥരിൽ പലരും അപ്പോൾ ഉണ്ടായിരുന്നു. പ്രസംഗം അവസാനിച്ചപ്പോൾ ഒരു ഈഴവ ബാലിക നമ്മുടെ സഹപ്രവർത്തകന്മാരോടായി പെട്ടികളിൽ ഒന്നു തനിക്കും കിട്ടിയാൽകൊള്ളാമെന്നാവശ്യപ്പെട്ടു.

“കുട്ടി, കുട്ടിക്കെന്തിനാണ് മരംകൊണ്ടുള്ള ഈ പെട്ടി? തകരം കൊണ്ടുള്ള ഡപ്പി മതി. അതുകൊണ്ടു പൊയ്ക്കൊള്ളൂ.”

“പോരാ: എനിക്കു മരപ്പെട്ടി തന്നെ കിട്ടണം”

സഹപ്രവർകന്മാരിൽ ഒരാൾ നമ്മുടെ അടുത്തു വന്നു, ഒരു ഈഴവബാലിക മരപ്പെട്ടിയാണ് ചോദിക്കുന്നത്; തകര ഡപ്പി കൊടുത്തിട്ടു പോരെന്നു പറയുന്നുവെന്നു പറഞ്ഞു.

www.malankaralibrary.com



"തകര ഡപ്പി മതി. കുഞ്ഞുങ്ങൾക്കും മറ്റും മരപ്പെട്ടി കൊടുക്കുന്നത് അനാവശ്യമാണ്."

തൽസമയം സമീപത്തെത്തിയ ഈഴവബാലിക മരപ്പെട്ടിതന്നെ എനിക്കുവേണം

"എന്നാൽ, അതിലൊന്നു കൊടുത്തേക്കു" എന്നു നാം പറഞ്ഞു.

മാസം 12 കഴിഞ്ഞു; ഒരാൾ ഡപ്പി, പെട്ടി എന്നിവയിലെ കാണിക്കകൾ ശേഖരിക്കാനായി പ്രസ്തുത സ്ഥലത്തു ചെന്നു. ഈഴവബാലിക അവളുടെ പെട്ടിയുമായി ഹാജരായി. തുറന്നു നോക്കിയപ്പോൾ അതിനകത്തു 14 രൂപായുണ്ടായിരുന്നു. കണ്ടു നിന്നവരെല്ലാം വിസ്മയിച്ചുപോയി. എങ്ങിനെയാണ് ഇത് സാധിച്ചതെന്നുള്ള ചോദ്യത്തിന് ആ ബാലിക പറഞ്ഞ മറുപടിയാണ് തുലോം രസകരമായിട്ടുള്ളത്.

"7-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിനിയാണ് ഞാൻ. ഞങ്ങൾക്ക് ഒരു പുരയിടമുണ്ട്. ഞാൻ അതികാലത്തെണീറ്റ് വാവൽ ചപ്പിയിട്ടിട്ടുള്ള പാക്ക്, പുന്നയ്ക്ക, മരവട്ടിക്കുരു, കാഞ്ഞിരത്തിൻ കുരു, ഓടൽക്കുരു എന്നിവ പെറുക്കി വെവ്വേറെ സ്ഥലങ്ങളിൽ സൂക്ഷിക്കും. ഇവ ഓരോന്നും നാഴിയോ ഇരുന്നാഴിയോ ആകുമ്പോൾ പള്ളിക്കൂടത്തിലേക്കു പോകുന്ന വഴിക്കിരിക്കുന്ന കച്ചവടക്കാർക്കു കൊടുത്തു വില വാങ്ങും. അതെല്ലാം ഇതിൽ കൊണ്ടുവന്നാണ് ഞാൻ സൂക്ഷിക്കുക. വീട്ടിൽനിന്ന് പെൻസിൽ വാങ്ങാനായി എനിക്കു ചക്രം തരും. H.B. പെൻസിലിനു വില ഒരു ചക്രമാണ്. ഞാൻ അതു വാങ്ങാതെ, 40-ാം നമ്പർ പെൻസിൽ കൊണ്ടു തൃപ്തിപ്പെടും. അരച്ചക്രം വീതം ആ വിധത്തിൽ പെട്ടിയിലിടാവുന്നതാണല്ലോ. മുണ്ടു വാങ്ങിക്കാനായി ചക്രം കിട്ടുമ്പോഴും ഞാൻ സ്വല്പം വില കുറഞ്ഞതേ വാങ്ങിക്കയുള്ളൂ. മിച്ചമുള്ള ചക്രവും ഇതിലിടും. പള്ളിക്കൂടത്തിൽ വർഷാന്ത്യ പരീക്ഷയ്ക്കുള്ള സമയമടുത്തപ്പോൾ, അനാഥകുഞ്ഞുങ്ങൾക്കായി വല്ലതും തരണമെന്നു ഞാൻ സഹപാഠികളോട് ആവശ്യപ്പെടുകയുണ്ടായി. അങ്ങനെ കിട്ടിയ ഒരു രൂപായും ഈ പെട്ടിയിൽ കാണണം. പായ് നെയ്യുവാൻ എനിക്കു കുറെ പരിചയമാണ്. ഒഴിവുള്ള സമയങ്ങളിൽ പായ് നെയ്തു കിട്ടിയ വക ഇതിൽ കാണും. ഒരു മുറം ചാരത്തിനു രണ്ടു ചക്രമാണല്ലോ വില. നാലുമണി കഴിഞ്ഞാൽ എനിക്കു വിശേഷിച്ചു ജോലിയൊന്നുമില്ല. പുര

www.malankaralibrary.com



യിടത്തിലുള്ള കരിയിലയെല്ലാം വാരിക്കൂട്ടി ഞാൻ തീയിടും. ഇങ്ങനെയൊക്കെ ഉണ്ടായിത്തീർന്ന മുതലാണിത്. എന്റെ വകയായി ബഥനിയിലെ അനാഥകുഞ്ഞുങ്ങൾക്കിതിരിക്കട്ടെ.''

രണ്ടാമത്തെ കൊല്ലത്തിൽ ഈഴവ പെൺകുട്ടി കാണിക്കപ്പിരിവുകാരന്റെ പക്കൽ 6രൂപാ കൊടുത്തിട്ടു ഇങ്ങനെയാണ് പറഞ്ഞത്;–

''ഇക്കൊല്ലം എനിക്ക് ഇതു തരാനേ സാധിച്ചുള്ളൂ, കേട്ടോ. ഒരു ദിവസം ആങ്ങള എന്റെ പെട്ടി കുത്തിപ്പൊളിച്ചു. അതിൽ 8 രൂപാ കാണുമായിരുന്നു. അതുമായി അവൻ  കടന്നു കളഞ്ഞു. അന്നുമുതൽ ചക്രമൊക്കെ ഞാൻ മണ്ണിലാണ് കുഴിച്ചിടുക പതിവ്. പെട്ടിയിലായിരുന്നുവെങ്കിൽ ഇതും മേല്പടിയായിത്തീരുമായിരുന്നു.''

മറ്റൊരിക്കൽ നാം ഒരിടത്തു ചെന്നിരുന്നപ്പോൾ (സ്ഥലത്തിന്റെയും ആളിന്റെയും പേർ ഇവിടെ പറയേണ്ടതില്ലല്ലോ) ഒരു മീൻചുമട്ടുകാരൻ വന്ന് 6രൂപാ നമ്മെ ഏൽപ്പിച്ചു, അവന്റെ സ്ഥിതിക്ക് അതൊരു കവിഞ്ഞ സംഭാവനയാണല്ലോ എന്നു കരുതി, ആ രൂപാ തിരികെക്കൊടുക്കാൻ തുടങ്ങിയപ്പോൾ അവൻ ഇങ്ങനെയാണ് നമ്മോടുപറഞ്ഞത്:''

''ഞാൻ ഇതു തിരിയെ വാങ്ങിക്കത്തില്ല. യാതൊരു ബുദ്ധിമുട്ടും കൂടാതെ ഉണ്ടാക്കിയതാണിത്. കായലിൽനിന്നു മീൻ ചുമന്നുകൊണ്ടുവന്നു വിറ്റാൽ എനിക്കു ദിവസം തോറും ചുരുങ്ങിയപക്ഷം അരരൂപാ വീതം നിശ്ചയമായും കിട്ടും. ആ സ്ഥിതിക്ക് ഒരു ഓട്ടത്തിന് അരരൂപാ എന്നു കണക്കാക്കാമല്ലോ. മേലിൽ മാസത്തിൽ ഒരോട്ടം ബഥനിക്കുതന്നെ. കൊല്ലത്തിൽ ഞാൻ 12 ഓട്ടം ഓടിയാൽ മതിയല്ലോ.''

ഒരിക്കൽ ഒരാളുടെ തകരഡെപ്പി പൊളിച്ചു നോക്കിയപ്പോൾ അതിനകത്തു കാൽചക്രത്തിന്റെ നാണയം മാത്രമായി 184 എണ്ണം ഉണ്ടായിരുന്നു. അയാളൊരു വെറ്റക്കച്ചവടക്കാരനാണ്. ''എന്താണ് മൂപ്പീന്നേ ഇതിൽ കാൽചക്രത്തിന്റെ തുട്ടുമാത്രം കാണുവാൻ?''

''അതോ, അതു പറയാം ദിവസംതോറും നമസ്കാരം കഴിഞ്ഞാൽ ഞാൻ ഒരു കാൽച്ചക്രത്തിന്റെ തുട്ടെടുത്ത് ഇതിൽ ഇടും. വെറ്റക്കച്ചവടത്തിനു പോകാത്ത ദിവസങ്ങളിൽ ഒന്നും തന്നെ ഇടാൻ ഒക്കത്തില്ല. ഈ വയസ്സന്റെ 'വിധവയുടെ കാശാ'യി ഇതെടുക്കണം.''

www.malankaralibrary.com



ആശ്രമസ്ഥന്മാരിൽ ഒരാൾ: ഒരിക്കൽ ഒരു വീട്ടിൽ കയറി ബഥനിക്കു വല്ലതും ഉണ്ടോ എന്നു ചോദിച്ചു. വീട്ടിലുള്ളവർ അന്യോന്യം നോക്കുകയും, മുഖം താഴ്ത്തുകയും പിറകോട്ടുമാറുകയും മറ്റും ചെയ്യുന്നതു കണ്ടപ്പോഴാണ് യാതൊരു ഗതിയുമില്ലാത്ത ഒരു വീടാണ് അതെന്ന് ആശ്രമസ്ഥന്മാർ ഗ്രഹിച്ചത്. "ഓ! ഒന്നും വേണ്ടായേ ബഥനിക്കായി പ്രാർത്ഥിച്ചോണ്ടാൽ മതി," എന്നുപറഞ്ഞ് ആശ്രമസ്ഥൻ എണീക്കാൻ ഭാവിച്ചപ്പോൾ ആ വീട്ടിലെ ഏഴെട്ടു വയസ്സായ ഒരാൺകുഞ്ഞ് ആശ്രമസ്ഥന്റെ മടിയിൽ കിടന്ന് ആശ്രമസ്ഥന്റെ ഉള്ളങ്കയ്യിൽ ഒരു കാൽരൂപാ നാണയം വെച്ച് അതിനെ മടക്കിക്കൊണ്ട്, "ആരും അറിയേണ്ട," എന്നു ചെവിയിൽ മന്ത്രിച്ചു. പ്രസ്തുത കാൽരൂപയെപ്പറ്റി ആശ്രമസ്ഥൻ പിന്നീടൊരിക്കൽ കുഞ്ഞിനോടു ചോദിച്ചപ്പോൾ അവൻ പറഞ്ഞത് ഇങ്ങനെയായിരുന്നു:

"ഞാൻ അപ്പോൾ മൂന്ന് ഏത്തവാഴ (നേന്ത്രവാഴ) വെച്ചിരുന്നു. അതിൽ ഒന്നിന്റെ കുലവിറ്റ വകയായിരുന്നു അത്. ബാക്കിയുള്ള രണ്ടു കുല അന്നു വിറ്റിട്ടില്ലായിരുന്നു. അപ്പച്ചന്റേയും അമ്മച്ചിയുടേയും വകയല്ല അത്. ഞാൻ തന്നത്താൻ കൃഷി ചെയ്തുണ്ടാക്കിയതാണ്."

ഒരിക്കൽ ആശ്രമസ്ഥന്മാരിൽ ഒരാൾ തകരഡപ്പികൾ വാങ്ങിച്ചിട്ടുള്ള വീടുകളിൽ കയറിയിറങ്ങിപ്പോവുകയായിരുന്നു. ഇടയ്ക്കുള്ള ഒരു പാവപ്പെട്ട വീടിന്റെ കാര്യം ആശ്രമസ്ഥൻ മറന്നുപോയി. അപ്പോൾ അവിടെ കാത്തിരുന്ന ഒരു വിധവ കരഞ്ഞുകൊണ്ട് ഡപ്പിയുമായി ആശ്രമസ്ഥന്റെ സമീപത്തുവന്ന് അതിനെ ഏല്പിച്ചു. തുറന്നുനോക്കിയപ്പോൾ അതിൽ 42 ചക്രമുണ്ടായിരുന്നു.

ഒരു സന്ദർഭത്തിൽ നാം ഒരു വഴിയിലൂടെ പോയപ്പോൾ നാട്ടുകാരുടെ ഇടയിൽ പിശുക്കനെന്നു പറയപ്പെട്ടുവന്ന ഒരു ധനികൻ, കണ്ണുനീരൊഴുക്കിക്കൊണ്ടു വന്ന് ഒരു തകരഡപ്പി നമ്മെ ഏല്പിച്ചു. നമ്മുടെ ആ തകരഡപ്പി ആ മനുഷ്യനിൽ എന്തോ മഹത്തരമായ ചില വികാരങ്ങൾ ഉൽപ്പാദിപ്പിച്ചിട്ടുള്ളതിന്റെ പ്രത്യക്ഷലക്ഷ്യമാണ് ആ കണ്ണുനീർ എന്നു നമുക്കു തോന്നി. പരാശ്രയം കൂടാതെ സുഖമായി കാലയാപനം ചെയ്യുന്നവരുടെ അനുകമ്പാസ്യൂണമായ കണ്ണുനീരൊഴുക്കലിനെ നാം വിലമതിക്കേണ്ടതാണ്. ഡപ്പിക്കുള്ളിൽ എന്തെങ്കിലും ആയിരിക്കട്ടെ–

www.malankaralibrary.com



ആ കണ്ണുനീർത്തുള്ളികളുടെ വില എത്രയെന്നു നമുക്കു പെട്ടെന്നു കണക്കാക്കാവുന്നതല്ലതന്നേ.

ഡപ്പി നാം തുറന്നു നോക്കിയപ്പോൾ അതിൽ വെള്ളിനാണയം മാത്രമായി പത്തിരുപത് രൂപായിൽ കൂടുതലുണ്ടായിരുന്നു.

ഇതരമതസ്ഥരിൽനിന്നുള്ള സഹായ സഹകരണങ്ങളെപ്പറ്റി വേറെയും ചിലതൊക്കെ പറയുന്നപക്ഷം, കൊച്ചിയിലെ ഒരു മുഹമ്മദീയപ്രവർത്തകന്റെ കാര്യം സ്മർത്തവ്യമത്രെ. 15 രൂപാ വീതം മൂന്നു കൊല്ലക്കാലം, അദ്ദേഹം നമുക്കയച്ചുതന്നു.

ബഥനിക്കായി തന്നത്താൻ പണപ്പിരിവു നടത്തിവന്നിരുന്ന കാലത്ത് ഒരു സ്ഥലത്തുള്ള പല വീടുകളിലും നാം കയറിയിറങ്ങിപ്പോവുകയായിരുന്നു. അക്കൂട്ടത്തിൽ ഇടയ്ക്കുകാണപ്പെട്ട ഒരു പാവപ്പെട്ട വീട്ടിലും നാം ചെന്നു കയറി. ഒരു തിണ്ണയും അതിനോടു ചേർന്നു മണ്ണുകൊണ്ടുള്ള ഒരു മുറിയും മാത്രമേ ആ വീടിനുണ്ടായിരുന്നുള്ളൂ. അതിലെ അധിവാസികൾ ഒരു തള്ളയും മകളും മാത്രം. നമ്മോടുകൂടെ അപ്പോൾ വേറെ പലരും അനുയായികളായിട്ടുണ്ടായിരുന്നു. നാം തിണ്ണയിൽ നിന്നു. തൽസമയം വരെയും അവിടെനിന്നിരുന്ന ആ തള്ള പെട്ടെന്ന് ഇരുളടഞ്ഞ മുറിക്കകത്തേക്കു കടന്ന് നെഞ്ചിന്മേൽ രണ്ടു മൂന്നിടി. അമ്മയെ അനുവർത്തിച്ചുകൊണ്ടു മകളും അങ്ങനെതന്നെ ചെയ്തു.

ആ തള്ളയുടെ നെഞ്ചിന്മേലുണ്ടായ അപ്പോഴത്തെ ഇടി എന്തിനെയാണ് സൂചിപ്പിക്കുന്നതെന്നു വായനക്കാർക്കു ഗ്രഹിക്കാവുന്നതല്ലയോ? അഭിമാനഭംഗത്തിന്റെ ഒരു പ്രകടനമായിരുന്നില്ല അത്. ബഥനിയുടെ പേരിൽ അതൃപ്തിയുണ്ടെന്നുമല്ല ആ ഇടികൾ സൂചിപ്പിച്ചത്. ദൈവത്തിനായി തനിക്കൊന്നും നൽകാൻ സാധ്യമാകുന്നില്ലല്ലോ എന്നുള്ള തന്റെ മനോദണ്ഡത്തെ കാണിക്കതന്നെയാണ് ആ തള്ള ചെയ്തത്.

“നിങ്ങൾ വേദനപ്പെടരുത്; സങ്കടപ്പെടരുത്. ഇവിടെ കയറിയില്ലെങ്കിൽ നിങ്ങൾ പാവപ്പെട്ടവരാകയാൽ കയറാതിരുന്നതാണെന്നു വിചാരിച്ചു നിങ്ങൾ വ്യസനിച്ചെങ്കിലോ എന്നു മാത്രമേ ഞാൻ വിചാരി

www.malankaralibrary.com



ച്ചുള്ളു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ! നിങ്ങളുടെ നല്ലമനസ്സു പണത്തേക്കാൾ വലുതാകുന്നു."

നാം അവിടെനിന്നു പോന്നു സ്വല്പദൂരം കഴിഞ്ഞപ്പോൾ പിറകെ ആ തള്ള ഓടി വന്നിരിക്കുന്നു, അഞ്ചാറു തുട്ടും കൊണ്ട്. "വേണ്ട തള്ളേ, കൊണ്ടുപോയ്ക്കൊൾക" എന്നു നാം പറഞ്ഞു.

തത്സമയം അധോമുഖിയായി നിന്നിരുന്ന ആ തള്ള മുഖമുയർത്തി നമ്മെയൊന്നു നോക്കി. പാവപ്പെട്ട ആ സ്ത്രീയുടെ കണ്ണിൽ അപ്പോൾ വെള്ളം നിറഞ്ഞിരുന്നു. യാതൊന്നും പറയാതെ തൽക്ഷണം നാം കൈനീട്ടി ആ തുട്ടുകൾ വാങ്ങിച്ചു. സന്തോഷപൂർവ്വം ആ തള്ള മടങ്ങിപ്പോകയും ചെയ്തു.

ഇങ്ങനെ നാനാവഴിക്കുമായി ദൈവം അവിടുത്തെ കൃപയെ ഒഴുക്കിത്തരുന്ന സ്ഥിതിക്ക് ബഥനിയുടെ കാലക്ഷേപം സുഖകരമെന്ന് പറയാവതല്ലയോ?

ബഥന്യാശ്രമത്തിൽ വന്നിട്ടുള്ള അതിഥികളെ യഥായോഗ്യം സൽക്കരിക്കുന്നതിലും ബഥനി സശ്രദ്ധയായിരുന്നിട്ടുണ്ടെന്നുതന്നെ യാണ് നമ്മുടെ വിശ്വാസം. ആശ്രമഗിരിക്കു താഴെ, അനാഥാശാലാ കെട്ടി ടത്തിൽ, അതിഥികൾക്കായി താമസത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാ ക്കീട്ടുണ്ട്. അവിടെ തൂക്കപ്പെട്ടിട്ടുള്ള മണിയടിച്ചാൽ അതിഥിനാഥനായ ആശ്രമസ്ഥൻ അവിടെ എത്തിക്കൊള്ളുന്നതാണ്, ആശ്രമവളപ്പിലോ ചാപ്പലിലോ പ്രവേശിക്കണമെങ്കിൽ അതിഥിനാഥന്റെ അനുമതി വേണ്ടി യിരിക്കും. ആവശ്യപ്പെടുന്നപക്ഷം, പ്രാർത്ഥനാസമയങ്ങളിൽ ചാപ്പലിൽ പ്രവേശിച്ചുകൊള്ളുന്നതിന് അയാൾ അനുവാദം നൽകുന്നതാണ്. സ്ത്രീകൾക്ക് ആശ്രമവളപ്പിലേക്കു പ്രവേശനാനുവാദമില്ല. ഭക്ഷണം അതാതു സമയങ്ങളിൽ ആശ്രമത്തിൽനിന്ന് അനാഥശാലക്കെട്ടിടത്തി ലുള്ള അതിഥി മുറിയിലേക്കു കൊണ്ടുവരുന്നതാണ്. അതിഥികൾ അനുവർത്തിക്കേണ്ടുന്ന നിബന്ധനകൾ എന്തെല്ലാമെന്ന് അവിടെ തൂക്കപ്പെട്ടിട്ടുള്ള വിജ്ഞാപനത്തിൽനിന്നു ഗ്രഹിക്കാം. ഭക്തി സംവർദ്ധ കങ്ങളായ പല പുസ്തകങ്ങളും അതിഥികളുടെ ഉപയോഗാർത്ഥം അവിടെ വച്ചിട്ടുണ്ട്. ബഥനിയിലെ ഏത്തപ്പഴം, കപ്പളങ്ങാ(കപ്പുക്കിൻകായ്), ചെറുനാരങ്ങാ, മാമ്പഴം, കാച്ചിൽ (കാവത്ത്), കപ്പ (കൊള്ളിക്കിഴങ്ങ്),

www.malankaralibrary.com



വാഴപ്പഴമിനങ്ങളിൽ കദളി, കരിങ്കദളി, പൂവൻകദളി, മുതലായവ പലതും ചേന, വെണ്ടയ്ക്ക, വഴുതനങ്ങ, ആദിയായവ പ്രധാനപ്പെട്ട പല ചന്തകളിലും കേൾവിപ്പെട്ടിട്ടുള്ളതത്രെ. ഇവയിൽ ഇന്നതു വേണമെന്നു പറഞ്ഞാൽ അതിഥിനാഥൻ അത് ശരിപ്പെടുത്തിത്തന്നുകൊള്ളും. ഇവയ്ക്കൊന്നിനും ഒരു കൊച്ചകാശുപോലും ചെലവഴിക്കേണ്ടതുമില്ലല്ലോ.

ബഥന്യാശ്രമസ്ഥാപനം സംബന്ധിച്ചുള്ള ആലോചനകൾ സെറാമ്പൂരിൽവച്ച് ആരംഭിച്ച കാലം മുതൽ ബഥനിയുടെ വാത്സല്യശിഷ്യനും സ്നേഹിതനുമായ ഫാദർ മാത്യൂസ് പാറേട്ട് അവർകൾ ബഥന്യാശ്രമത്തിന്റെ ആദർശത്തെ അനുകൂലിക്കുകയും ആശ്രമത്തെ പലേവിധത്തിൽ സഹായിക്കുകയും ചെയ്തിട്ടുണ്ടെന്നും മുണ്ടൻമല കാണ്മാൻ ഇദംപ്രദമായി നാം പെരുനാട്ടിൽ എത്തിയപ്പോഴും തദനന്തരം ഇന്നേയോളം ബഥനിക്കു വിവിധതരങ്ങളായ ആനുകൂല്യങ്ങൾ മിസ്റ്റർ ഐ. എം. ഇടിക്കുള ചെയ്തിട്ടുണ്ടെന്നും ബഥന്യാശ്രമസ്ഥന്മാർ കണക്കുകൾ ഓഡിറ്റു ചെയ്യുക മുതലായ കാര്യങ്ങൾ നിർവഹിക്കുന്നതിന് അപരിചിതന്മാരായിരുന്ന കാലത്തു ആ വിഷയത്തിൽ മെസ്സേഴ്സ് കെ.എം. മാത്തൻ മാപ്പിളയും, വാഴയിൽ ജോസഫും യഥാമതി സഹായിച്ചിട്ടുണ്ടെന്നും ഉള്ള സംഗതികൾ ഇവിടെ വിശിഷ്യാ പ്രസ്താവ്യമാകുന്നു.

## ഭക്ഷണശാലയിലെ പാമ്പ്

കാടിനെപ്പറ്റി അത്യധികമായ പരിജ്ഞാനമില്ലെങ്കിൽത്തന്നെയും അവിടെ വന്യമൃഗങ്ങളെക്കൂടാതെ പാമ്പ്, അട്ട, തേൾ ആദിയായ ദുഷ്ടജന്തുക്കളും ഉണ്ടായിരിക്കുമെന്ന് എല്ലാവർക്കും അറിയാവുന്നതാണല്ലോ. ഇതരകാടുകളിലെന്നപോലെ, ബഥനിമലയിലും പല തരത്തിലും വലിപ്പത്തിലുമുള്ള പാമ്പുകൾ ഉണ്ട്. വലിയ വലിയ മൂർഖൻപാമ്പുകളേയാണ് അധികവും കണ്ടിട്ടുള്ളത്. പെരുമ്പാമ്പുകളും ദുർല്ലഭമല്ല. ഒരു ദിവസം അനാഥകുട്ടികളിലൊരുത്തൻ നമ്മുടെ അടുക്കൽ ഓടിവന്ന്, “പിതാവെ ആശ്രമത്തിനു മുമ്പിലുള്ള വഴിയിൽ അതാ, ഒരു തടി കിടന്നനങ്ങുന്നു.” എന്നു പറഞ്ഞു. “കുട്ടി ഭ്രാന്തു പറയുകയാണോ” എന്നു ചോദിച്ചുകൊണ്ടു നാം ചെന്നു നോക്കിയപ്പോൾ വഴിയിൽ വിലങ്ങനെ കുട്ടി പറഞ്ഞവണ്ണം തന്നെ, ഒരു വണ്ണമേറിയ തടി കിടക്കുന്നു. ഇട

www.malankaralibrary.com



യ്ക്കിടയ്ക്കു അത് അനങ്ങുന്നുമുണ്ട്, ചെരിയുന്നുമുണ്ട്. എന്താണി തെന്നു സൂക്ഷിച്ചുനോക്കിയപ്പോൾ മാത്രമേ വിദ്വാന്റെ തല കാണാൻ കഴിഞ്ഞുള്ളൂ.

പെരുമ്പാമ്പിന്റെ ഇരയെടുക്കൽ ഒരു പ്രത്യേക സമ്പ്രദായത്തി ലാണെന്നു നാം പറഞ്ഞു കേട്ടിട്ടുണ്ട്. മ്ളാവ്, മാൻ, കാട്ടാട് എന്നിവ നടന്നുപോകുന്ന വഴിയിൽ പെരുമ്പാമ്പ് വാലും തലയും നിലത്തുകുത്തി വളഞ്ഞു നിൽക്കുമത്രേ. കടന്നു പോകുന്ന മൃഗം അതിനുനേരെ കീഴി ലാവുമ്പോൾ, പെട്ടെന്നു പാമ്പ് അതിന്മേലങ്ങു വീണുകളകയും ചെയ്യും. അനന്തരം അതു മൃഗത്തിന്റെ ദേഹത്തിൽച്ചുറ്റി അതിനെ താഴെ തള്ളി യിടുന്നു. പിന്നെയാണ് അതിനെ വിഴുങ്ങുവാനുള്ള പുറപ്പാട്. ഇങ്ങനെ പെരുമ്പാമ്പ് ഇരയെടുക്കുന്നത് ആശ്രമസ്ഥന്മാരിൽ ചിലരൊക്കെ കാണു കയുണ്ടായിട്ടുണ്ട്. ഒരിക്കൽ ഒരാടിനെത്തന്നെ ഒരു പെരുമ്പാമ്പിന്റെ വായിൽനിന്ന് അവർ വലിച്ചെടുത്തു.

രാത്രിയായാലും പകൽസമയത്തായാലും, മൂർഖൻപാമ്പിനേയും മറ്റും ആശ്രമത്തിലെവിടെയും കാണാൻ കഴിയും. നാട്ടിലുള്ളവയെ അപേക്ഷിച്ചു കാട്ടിലുള്ള പാമ്പുകൾക്കു മനുഷ്യരെ ഉപദ്രവിക്കണമെ ന്നില്ലെന്നു തോന്നുന്നുണ്ട്. കാട്ടിലുള്ള പാമ്പുകൾ ദംശിച്ചിരുന്നാൽ തന്നെയും വലിയ വിഷം ഉണ്ടാവില്ലെന്നു പറയപ്പെടുന്നതിന്റെ പരമാർത്ഥത്തെക്കുറിച്ചൊന്നും നമുക്കറിവാൻ പാടില്ല.

ഒരു ദിവസം ഭക്ഷണശാലയിൽവെച്ച് കാണപ്പെട്ട പാമ്പാണ്, നാം അതിനു മുമ്പും പിമ്പും കണ്ടിട്ടുള്ളവയിൽവെച്ച്, ശൗര്യമേറിയതെന്നു പറയാം. ആ പാമ്പിനെ സംബന്ധിച്ചു വിസ്തരിക്കുന്നതിനുമുമ്പു ഭക്ഷ ണശാലയിലെ ചടങ്ങുകളെക്കുറിച്ചുതന്നെ ഇവിടെ സ്വല്പം വിസ്തരി ക്കേണ്ടതാവശ്യമാണ്. കാലത്തും, ഉച്ചയ്ക്കും, വൈകുന്നേരവും ആശ്ര മസ്ഥന്മാർ ഭക്ഷണം കഴിക്കുന്നത് അവിടെവെച്ചത്രെ. എല്ലാ ദിവസവും പ്രഭാത പ്രാർത്ഥനയെ തുടർന്നുള്ള വിശുദ്ധകുർബാനയും ധ്യാനവും കഴിയുന്നതോടുകൂടി, ഭക്ഷണശാലയിൽനിന്നു കഞ്ഞിക്കുള്ള മണി കിലുക്കം കേൾക്കും. ഉടൻ ആശ്രമസ്ഥന്മാർ ഭക്ഷണശാലയിലേക്കു പ്രവേശിക്കുന്ന വാതിലിനു മുമ്പിൽ, പുറത്ത് അണിനിരന്നു നിൽക്കു

www.malankaralibrary.com



കയായി. പിന്നിൽ നിൽക്കുന്ന ആശ്രമശ്രേഷ്ഠൻ ലഘുവായ ഒരു പ്രാർത്ഥന ചൊല്ലി തികയ്ക്കുന്നതോടുകൂടി, ഓരോരുത്തരും അണി മുറിയാതെ അകത്തു പ്രവേശിച്ചു കിഴക്കെ അറ്റത്തു പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള കുരിശിനു മുമ്പാകെ വണങ്ങിക്കൊണ്ട്, ക്രമാനുസരണം നിലത്തു ചട്ടികളിൽ വിളമ്പിവെച്ചിട്ടുള്ള കഞ്ഞിക്കു പിറകിലായി നില കൊള്ളുന്നു. അപ്പോഴെയ്ക്കും പാചകവേലയ്ക്കായി ഓരോ ദിവസവും വീതമുറപ്രകാരം നിയോഗിക്കപ്പെട്ടിട്ടുള്ള ആശ്രമസ്ഥനും വേലക്കാരനും കഞ്ഞിയും കൂട്ടാനും വെച്ച് ഭക്ഷണശാലയിൽ വിളമ്പി വെച്ചിട്ടുണ്ടായിരിക്കും. അനന്തരം ആശ്രമശ്രേഷ്ഠൻ ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥന ചൊല്ലി അവസാനിപ്പിക്കുമ്പോൾ എല്ലാവരും 'ആമ്മീൻ' എന്നു പ്രത്യുത്തരം പറഞ്ഞുകൊണ്ടിരിക്കുന്നു. ഉടൻ കേൾക്കാം, വീണ്ടും ഒരു മണികിലുക്കം. അപ്പോൾ മാത്രമേ കഞ്ഞികുടിച്ചുതുടങ്ങുവാൻ അനുവാദമുള്ളൂ. ഓരോ ആശ്രമസ്ഥന്റെയും കയ്യിൽ ഓരോ പുസ്തകമുണ്ടായിരിക്കും. ധ്യാനത്തെ വിഷയീകരിച്ചുള്ള ആ പുസ്തകത്തിൽ നോക്കി വായിച്ചുകൊണ്ടിരിക്കവേ വേണം കഞ്ഞികുടിക്കുവാൻ. കഞ്ഞികുടിക്കാൻ ആരംഭംമുതൽ, അതവസാനിച്ചു കൈകഴുകി തോർത്തുന്നതുവരെ, എല്ലാവരും മൗനവ്രതം പാലിച്ചുകൊള്ളേണ്ടതാണ്. വീണ്ടും കഞ്ഞിവിളമ്പുന്നതും മറ്റും, അന്നത്തെ പാചകവേലയ്ക്കായി നിയോഗിക്കപ്പെട്ട ആശ്രമസ്ഥൻ ചെയ്തുകൊള്ളും. എല്ലാവരുടേയും കഞ്ഞികുടി ഏതാണ്ടവസാനിച്ചു എന്നു കാണുമ്പോൾ, ആശ്രമശ്രേഷ്ഠൻ പിന്നെയും മണി കിലുക്കുന്നു. പിന്നെ ഒരുത്തർക്കും കഞ്ഞി കുടിക്കുവാൻ പാടുള്ളതല്ല. എല്ലാവരും അപ്പോൾ നിശ്ശേഷ്ടരായിരുന്നുകൊള്ളേണ്ടതാണ്. ഉടനെ കേൾക്കപ്പെടുന്ന മണികിലുക്കത്തോടുകൂടി, 'ദൈവത്തിനു സ്തോത്രം' എന്നു പറഞ്ഞു എല്ലാവരും എണീക്കുന്നു. തത്സമയം ആശ്രമശ്രേഷ്ഠൻ ഭക്ഷണാനന്തരമുള്ള പ്രാർത്ഥന കഴിക്കും. അതോടുകൂടി, അണിതെറ്റാതെ ക്രമപ്രകാരം, ഓരോരുത്തരും അവരവരുടെ ചട്ടികളെടുത്തു വീണ്ടും കുരിശിന്റെ മുമ്പിൽ വന്നു വണങ്ങി. പുറത്തുപോയി അവിടെ സംഭരിച്ചു വച്ചിട്ടുള്ള വെള്ളംകൊണ്ടു മുഖവും കൈയും കഴുകി ചട്ടികൾ വൃത്തിയായി മെഴക്കി, മുറപ്രകാരം ഭക്ഷണശാലയിലുള്ള പ്രത്യേകസ്ഥാനങ്ങളിൽ അടുക്കി വെയ്ക്കുന്നു.

www.malankaralibrary.com



ഉച്ചനേരത്തെ ഊണിന്റെയും സന്ധ്യയ്ക്കുള്ള അത്താഴക്കഞ്ഞിയുടെയും സമ്പ്രദായം, മിക്കവാറും ഇതുതന്നെയാണ്. ഉച്ചയ്ക്കുള്ള ഊണിന് ഭക്തിജനകമായ ഏതെങ്കിലും ഒരു പുസ്തകവും, അത്താഴനേരത്ത് വേദപുസ്തകമോ പരിശുദ്ധന്മാരുടെ ജീവചരിത്രമോ പ്രത്യേകം ഒരാൾ ഉച്ചത്തിൽ വായിച്ചുകൊണ്ടിരിക്കുമെന്ന വ്യത്യാസമേയുള്ളൂ.

കാലത്തുള്ള കഞ്ഞിക്കായി എല്ലാവരും ഭക്ഷണശാലയിൽ പ്രവേശിച്ച് "ആമ്മീൻ" പറഞ്ഞ് ഇരുന്നുകഴിഞ്ഞു. മണികിലുക്കത്തോടു കൂടി കഞ്ഞികുടിയും ആരംഭിച്ചു. നാം യാദൃഛികമായി മേലോട്ടു നോക്കിയപ്പോൾ അതാ ഭക്ഷണശാലയുടെ ഉത്തരത്തോടു ചേർന്ന് നെടുനീളെകിടന്നും കൊണ്ടൊരു പാമ്പ് തലപൊക്കി നോക്കുന്നു! പാമ്പിന്റെ നിറവും വണ്ണവും മറ്റും കൊണ്ട് പുള്ളി സാമാന്യനല്ലെന്നു മനസ്സിലായി. ഭക്ഷണ നേരത്തു മൗനവ്രതം ഭഞ്ജിക്കപ്പെടാവുന്നതല്ലല്ലോ. കഞ്ഞികുടി അവസാനിപ്പിച്ചിട്ട് എല്ലാവരും പുറത്തേക്കു കൈ കഴുകുവാൻ പോയിത്തുടങ്ങിയപ്പോഴേക്കും, വിദ്വാൻ കിടന്നിടത്തുനിന്നു മേലോട്ടു കയറിത്തുടങ്ങി. നേരെ അതു കാട്ടിലേക്കു കയറിപ്പോവുകയാണെങ്കിൽ തരക്കേടൊന്നും ഇല്ലായിരുന്നു. അതല്ലാതെ അവിടെത്തന്നെയോ ആശ്രമത്തിലോ അധിവാസമുറപ്പിക്കുകയാണെങ്കിൽ കാര്യം വലിയ കുഴപ്പത്തിലാവുമല്ലോ എന്നു നാം വിചാരിച്ചു. എപ്പോഴായാലും ഭക്ഷണശാലയിൽവെച്ചു സംസാരിക്കാൻ പാടില്ലെന്നാണ് സാമാന്യ നിയമം. എങ്കിലും അത്യാവശ്യത്തിന് ആശ്രമാദ്ധ്യക്ഷന്റെ ഹിതംപോലെ അതിനു നീക്കുപോക്കുണ്ടാക്കാവുന്നതാണ്. ആശ്രമസ്ഥരോട് നാം വിവരം പറഞ്ഞു പാമ്പിനെ ചൂണ്ടിക്കാണിച്ചു കൊടുത്തു. നാക്കു നീട്ടിക്കൊണ്ട് അതു കീഴോട്ടു നോക്കുന്നു. എങ്ങോട്ടെയ്ക്കെങ്കിലും പൊയ്ക്കൊള്ളട്ടെയെന്നു കരുതി ചുമരിന്മേലും മറ്റും അടിച്ചു ശബ്ദമുണ്ടാക്കി. അതുകൊണ്ടൊന്നും യാതൊരു കൂസലും പാമ്പിനുണ്ടായതായി കണ്ടില്ല. അടിച്ചു കൊന്നുകളയുകതന്നേ എന്ന് എല്ലാവരും കൂടി നിശ്ചയിച്ചു. പക്ഷേ, അതെങ്ങനെ സാധിക്കുവാനാണ്? ദേഹത്തിലെവിടെയെങ്കിലും ഒന്നു തൊട്ടാൽ പുള്ളിയുടെ വേഷം മാറുമെന്നുള്ളതു കണിശം. അതിനാൽ തൊട്ടാൽ തൊട്ടതുപോലെ ഇരിക്കണെ

www.malankaralibrary.com



മെന്ന് ഒരാൾ അഭിപ്രായപ്പെട്ടു. "ശരി അതിനു വിദ്യയുണ്ട്" എന്നും പറഞ്ഞു പുറത്തേയ്ക്കു പോയ ആൾ വണ്ണമുള്ള ഒരു മുളയുമായി എത്തി. ആ സന്ദർഭത്തിൽ താഴെക്കാണും വിധം സംഭാഷണം ഏറെക്കുറെ നടന്നിരിക്കും.

"എന്തെങ്കിലും ചെയ്യുന്നതു പറഞ്ഞിട്ടു വേണം കേട്ടോ!"

എന്ന് ഒരാൾ.

"അതുതന്നെ; പുള്ളി ചില്ലറക്കാരനല്ല" മറ്റൊരാൾ

"വല്ലതും കാട്ടിക്കൂട്ടീട്ട്, ഒടുവിൽട്ര്" എന്ന് വേറൊരാൾ.

"നിങ്ങളൊക്കെക്കൂടി ബഹളമുണ്ടാക്കാതെ! ആളേറെക്കൂടിയാൽ പാമ്പു ചാവില്ലെന്നാണ് പ്രമാണം." എന്നു നാലാമതൊരാൾ.

"എന്നാൽ അസ്സലായി. ഈ വിദ്വാൻ ചാവാതെ താഴത്തെത്തിയാൽ ആരെയെല്ലാം കടിച്ചു കിറുമോ ആവോ?" എന്ന് ഒരുത്തൻ.

"ഈ മുളകൊണ്ട് പാമ്പിനെ പെട്ടെന്ന് കഴുക്കോലിനോടു ചേർത്തു കുത്തിപ്പിടിച്ചാൽ പറ്റുകയില്ലേ?" എന്നു മുളയുമായി എത്തിയ ആൾ പറഞ്ഞു.

"അതുതന്നേയാണ് അവസരോചിതമായ ബുദ്ധി. പാമ്പിനെ ആവിധം കുത്തിനിറുത്താൻ സാധിച്ചാൽ അവിടെവെച്ചു തന്നെ അവന്റെ കഥകഴിക്കാം." എന്നു മറ്റൊരുത്തൻ പറഞ്ഞു.

"കാര്യമൊക്കെ ശരി, ചങ്ങാതികളേ, നിങ്ങളുടെയൊരു കയറ്റുപിടുത്തവും കുത്തിപ്പിടുത്തവും! കുത്തുന്ന കുത്ത് പാമ്പിന്റെ നടുക്കോ തലയ്ക്കോ അല്ലെങ്കിൽ" എന്നു വേറെയൊരാൾ

"ഓഹോ! അങ്ങനെയൊക്കെ നോക്കിയാൽ ഗൗളിശാസ്ത്രം പഠിച്ചതുപോലെയിരിക്കും. സംശയിച്ചും ആലോചിച്ചും ഇരിക്കാനേ ഒക്കുകയുള്ളു" എന്നു മറ്റൊരാൾ.

"എന്നാൽ ഇതാ കുത്തുന്നേ-" എന്നു മുളയും പൊക്കിപ്പിടിച്ചുംകൊണ്ടൊരാൾ ശബ്ദം ഉയർത്തി.

www.malankaralibrary.com



“മുളയുടെ തല സ്വല്പം കൂടി ഇടത്തോട്ടു മാറട്ടെ....ഇപ്പോൾ ശരിയായി. എല്ലാവരും മാറിക്കോണേ ഉം-” ഭാഗ്യവശാൽ കുത്തു കണക്കിനുതന്നേ പറ്റിപ്പോയി.

“സാധൂ, വിടരുതെ! കുത്തിപ്പിടിച്ചോണേ!”

“അമ്പമ്പോ അതിന്റെ പത്തി കണ്ടോ!”

“നോക്കിനിൽക്കാതെ, വല്ലതുമെടുത്തു തല്ലിൻ!”

“അതാ, അതു കിടന്നു പുളയുന്നു!”

“മുളയെ ആ നിലയിൽ ഉറപ്പിച്ചുപിടിച്ചുകൊണ്ട് കീഴ്ത്തല അടുപ്പിച്ചു നിലത്തു കുത്തിയുറപ്പിച്ചേക്കുക.”

‘ഫൂ - ഫൂ -ഫൂ’ എന്ന് ഫണമുയർത്തിക്കൊണ്ട് പാമ്പു കിടന്നു ചീറ്റുകയാണ്. തല്ലു കൊള്ളുന്തോറും ശൗര്യം കൂടിക്കൂടി വരുന്നു. പത്തി മേലുള്ള V. തെളിവായി കാണാം. തൃശ്ശിവപേരൂർ കാഴ്ചബങ്കളാവിലുള്ള മൂർഖരാജൻ തന്നെ (king cobra)

“വിടരുത് കേട്ടോ!”

“ഞാനല്ലെ പറഞ്ഞത്. ചത്താലും വിടത്തില്ല. നിങ്ങൾ നിങ്ങളുടെ ജോലി നോക്കിക്കോളിൻ.”

തല്ലും കുത്തും മുറയ്ക്കു നടക്കുന്നുണ്ട്. തലയും വാലും ഇളക്കാമെന്നല്ലാതെ പാമ്പിനു നടുവെടുത്തനങ്ങാൻ വയ്യ. കുത്തിനിറുത്തിയ മുളയിന്മേൽ അത് ആഞ്ഞുപിടിച്ചൊരു കൊത്ത്! ഉടനെ അതിന്റെ തലയ്ക്കിട്ടൊരടിയും. പത്തി മടങ്ങി; കണ്ണുമടഞ്ഞു. പാമ്പ് കുഴഞ്ഞു, ഞാന്നു കുത്തിയ മുളയെടുത്തപ്പോൾ അതു നിലത്തുമെത്തി.

മുളകൊണ്ടുള്ള കുത്തു പിഴച്ചിരുന്നുവെങ്കിൽ എന്തെല്ലാം അനർത്ഥങ്ങൾ ഉണ്ടാകുമായിരുന്നു എന്നു ചത്തുവീണ പാമ്പിനേയും നോക്കി കുറേനേരം എല്ലാവരും എണ്ണിയെണ്ണിപറഞ്ഞു.

www.malankaralibrary.com

## അദ്ധ്യായം - 5

# അനാഥശാല

ബഥന്യാശ്രമം വകയായി ഒരു അനാഥശാല നടത്തപ്പെട്ടുവരുന്നുണ്ടെന്നു വായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ. ആശ്രമസ്ഥരുടെ പരോപകാരാർത്ഥമുള്ള പ്രവൃത്തികളിൽവെച്ച് ഇതിന്നൊരു ഗണ്യമായ സ്ഥാനം നൽകണമെന്നു നാം സെറാമ്പൂരിൽവെച്ചുതന്നെ കരുതിയിരുന്നതാണ്. ആശ്രമകെട്ടിടം സ്ഥാപിക്കപ്പെട്ട് ആശ്രമസ്ഥരായി ഏതാനും ചിലർ അതിൽ താമസം തുടങ്ങിയപ്പോൾത്തന്നേ, അനാഥശാലയും സംസ്ഥാപിതമായി എന്നു പറയാം. മാതാപിതാക്കളില്ലാത്തവരേയും, അനാഥരായും, അശരണരായും, കാണപ്പെട്ട കുട്ടികളെ ജാതിവ്യത്യാസമന്യേ ബഥനിയുടെ അഭ്യുദയകാംക്ഷികൾ പലപ്പോഴായി ആശ്രമത്തിൽ കൊണ്ടുവന്നേല്പ്പിക്കാൻ തുടങ്ങി. ഇങ്ങനെ പല മാർഗ്ഗത്തിൽ ലഭിച്ച കുട്ടികളുടെ നിലയനമത്രെ ഇപ്പോഴുള്ള അനാഥശാല എന്നു പറയേണ്ടതില്ലല്ലോ. ഇവരിൽ പലരുടേയും രസാവഹങ്ങളായ പൂർവ്വചരിത്രങ്ങൾ കേൾക്കുമ്പോൾ വായനക്കാർക്ക് ഒരു പ്രത്യേക സന്തോഷവും ബഥനിയുടെ അനാഥശാലയോടു വിശേഷാൽ പ്രേമാനുകമ്പയും ഉണ്ടാകാൻ ഇടയായേക്കുമെന്നു നാം വിശ്വസിക്കുന്നു.

നാം പലേടങ്ങളിലും ചുറ്റിനടന്ന് ബഥന്യാശ്രമം വകയ്ക്കായി പണപ്പിരിവു നടത്തിക്കൊണ്ടിരിക്കയായിരുന്നു. ഒരിക്കൽ നാം ഒരു പള്ളിയിൽ ചെന്നു ചേർന്നു. അവിടെ സുവിശേഷപ്രസംഗങ്ങൾ, പ്രാർത്ഥനകൾ, ധ്യാനങ്ങൾ മുതലായവ നടത്തിത്തുടങ്ങി. ബഥനിയുടെ നാനാമുഖങ്ങളായ ആദർശങ്ങളെപ്പറ്റി എവിടെയും എന്നപോലെ അവിടെയും നാം വിശദമാക്കി. അപ്പോൾ അനാഥശാലാ പ്രസ്ഥാനത്തെയും നാം വിട്ടുകളഞ്ഞില്ല. ഒരു ദിവസം പത്തുപതിന്നാലുവയസ്സു പ്രായമായ ഒരു പെൺകുട്ടി ഒരു കുഞ്ഞിനേയും വഹിച്ചുകൊണ്ടു നമ്മെ കാണുവാനായി വന്നു. താൻകൊണ്ടുവന്ന കുഞ്ഞിനെ അനാഥശാലയിലെടുത്തു രക്ഷിക്കണമെന്നു ആ പെൺകുട്ടി നമ്മോടു അഭ്യർത്ഥിച്ചു. ആരുടെ കുട്ടിയാണ് രക്ഷാകർത്താക്കളില്ലയോ എന്നിങ്ങനെ അന്വേഷിച്ച

www.malankaralibrary.com



തിൽനിന്നു മനസ്സിലാകാൻ കഴിഞ്ഞത്, കുട്ടിയുടെ പിതാവു നാടുവിട്ടുപോയിരിക്കുന്നു എന്നും, അമ്മ മരിച്ചിരിക്കുന്നുവെന്നും, മൂന്നാമത്തെ കെട്ടിലുണ്ടായ കുട്ടിയാണ് തോളിൽ ഇരിക്കുന്നതെന്നും അതിനെ വഹിച്ചവൾ ഒന്നാമത്തെ കെട്ടിലുണ്ടായവളാണെന്നുമായിരുന്നു.

“രക്ഷകർത്താക്കളുള്ള കുട്ടികളെയൊന്നും ഇവിടെ എടുക്കാൻ പാടുള്ളതല്ല. ആരുമേവരുമല്ലാത്തവരായ കുട്ടികളാണെങ്കിൽ വിരോധമില്ലായിരുന്നു. വാസ്തവം പറഞ്ഞാൽ, നീ ഈ കുഞ്ഞിന്റെ പെങ്ങളാണ്. ഇപ്പോഴും ഇത് നിന്റെ സംരക്ഷണത്തിലായിരിക്കുന്നു താനും. മേലിലും നീ തന്നെ നോക്കിക്കൊള്ളണം. അതാണു വേണ്ടത്; നിനക്കും അതാണു നല്ലത്.”

ആ പെൺകുട്ടി അധികനേരം പിന്നെ അവിടെ നിന്നില്ല. അവൾ ആ കുഞ്ഞിനേയും വഹിച്ചു മടങ്ങിപ്പോയതിന്റെശേഷം, നാം ഈ കാര്യം മറ്റു ചിലരോടായി പറയുകയുണ്ടായി. ആ പെൺകുട്ടി വല്ലാതെ വിഷമിച്ചിട്ടാണു കുഞ്ഞിനേയും കൊണ്ടിവിടെ വന്നതെന്ന് അവർ പറഞ്ഞു. വല്ലവരുടേയും വീട്ടിൽ ജോലിക്കുനിന്നാണ് അവളുടെ അഹോവൃത്തി കഴിഞ്ഞുപോരുന്നതെന്നും, എപ്പോഴും കരഞ്ഞുകൊണ്ടിരിക്കുന്ന ആ കുഞ്ഞിനേയും കൊണ്ടു ചെന്നാൽ ഇപ്പോളാരും അവളെ വീട്ടുജോലിക്കു നിറുത്തുകയില്ല എന്നും, അതിനാൽ അവളും കുഞ്ഞും കുറെനാളായി പിച്ചതെണ്ടിയാണ് ഉപജീവിക്കുന്നതെന്നും മറ്റും അവരിൽനിന്നു വിശദമായി നമുക്കു കേൾക്കുവാൻ സാധിച്ചു. “ഇതൊന്നും നാം അറിഞ്ഞില്ലല്ലോ” എന്ന് ആത്മഗതം ചെയ്തുകൊണ്ട് “നിങ്ങളാരെങ്കിലും ആ പെൺകുട്ടിയെ കണ്ടാൽ അവളോടു കുഞ്ഞിനേയും കൊണ്ടവിടെ വരാൻ പറയണം,” എന്ന് ഏല്പിച്ചു.

ഒന്നുരണ്ടു ദിവസം കഴിഞ്ഞെന്നു തോന്നുന്നു. അവൾ ആ കുഞ്ഞിനേയുംകൊണ്ട് പള്ളിയിൽ വന്നു. തദ്ദേശീയരായ പലരോടും നാം അപ്പോൾ സംസാരിച്ചുകൊണ്ടിരുന്നതിനാലായിരിക്കാം അവൾ കുഞ്ഞിനേയും വഹിച്ചു പള്ളിയിൽ പ്രവേശിക്കുകയാണുണ്ടായത്. ആളുകളെല്ലാം പിരിഞ്ഞുപോയി. നാം ഈ കഥയും വിട്ടു. കുറേനേരം കഴിഞ്ഞ് പ്രാർത്ഥനയ്ക്കായി പള്ളിയിൽ പ്രവേശിച്ചപ്പോൾ, അതാ പള്ളിയുടെ തറയിൽ ഒരു കുഞ്ഞു കിടക്കുന്നു! സമീപത്തായി ആരെയും കണ്ടതുമില്ല. നിശ്ചയമായും ആ പെൺകുട്ടിയുടെ കുഞ്ഞുതന്നെയാ

www.malankaralibrary.com



യിരിക്കണം ഇത്. അവളെന്തായിരിക്കാം ഒന്നും പറയാതെ കുഞ്ഞിനെ ഇവിടെ ഇട്ടുംവച്ചു പോകുവാൻ എന്നു നാം തിരക്കം ചെയ്തു.

"അവിടുന്നു വീണ്ടും കുഞ്ഞിനെ തിരസ്കരിച്ചെങ്കിലോ എന്നു കരുതി ആ പെൺകുട്ടി ബുദ്ധിപൂർവ്വമായി കണ്ടുപിടിച്ച സൂത്രമായിരിക്കും ഇത്" എന്നായിരുന്നു അവർ പറഞ്ഞ മറുപടി.

പള്ളിയിൽ കിടന്നിരുന്ന കുഞ്ഞിനെ നമ്മുടേതായിത്തന്നേ നാമിങ്ങെടുത്തു.

പണപ്പിരിവു സംബന്ധിച്ചു നാം ഒരു സ്ഥലത്തു താമസിക്കുകയായിരുന്നു. അക്കാലത്ത് അവിടെ ശക്തിമത്തായ വിഷൂചികാ ബാധയുണ്ടായി. ഒരു പാവപ്പെട്ട വീട്ടിൽ വിഷൂചിക നിമിത്തം അപ്പനും അമ്മയും മരിച്ചുപോകയാൽ നിസ്സഹായരായിത്തീർന്ന അഞ്ചു കുഞ്ഞുങ്ങൾ വല്ലാതെ കിടന്നു കഷ്ടപ്പെടുന്നുവെന്ന് നാം കേട്ടു. ഒട്ടും താമസിയാതെതന്നെ ആ വീടന്വേഷിച്ചുകൊണ്ട് നാമും നമ്മോടുകൂടി വേറെ ചിലരുമായി അവിടെ ചെന്നു. അതൊരു ക്രിസ്ത്യൻ ഭവനമായിരുന്നിട്ടും നമ്മുടെ പ്രവേശനമുണ്ടായതോടുകൂടി മൂത്ത കുട്ടി പേടിച്ചോ പരിഭ്രമിച്ചോ, എന്തിനാലാണെന്ന് നമുക്കു നിശ്ചയമില്ല. വാതിൽ കടന്ന് പുറത്തേക്കോടിക്കളഞ്ഞു. മറ്റവൻ വേറൊരിടത്തും പോയി. ബാക്കി മൂന്നു പേരെയും നാമിങ്ങെടുത്തുകൊണ്ടുപോരുകയും ചെയ്തു.

മറ്റൊരു കുഞ്ഞിനെ നമുക്കു നമ്മുടെ മാവേലിക്കരയുള്ള സ്വഗൃഹത്തിന്റെ തിണ്ണയിൽനിന്നാണ് കിട്ടിയത്. ആരോ അതിനെ അവിടെ ഇട്ടുംവെച്ചു പോയതായിരുന്നു. കുറേനാൾ വീട്ടുകാർ അതിനെ സംരക്ഷിച്ചശേഷം ബഥനിയിലെത്തിച്ചു. മിക്കപ്പോഴും വയറ്റിൽനിന്ന് ഒഴിച്ചിലായിരുന്നു അതിന്. ഭക്ഷണത്തിനുള്ള ആർത്തിയോ പറയേണ്ടതുമില്ല. അസമയത്തുള്ള അമിതമായ ആഹാരമാണതിന്നു കാരണമെന്നു ഒരാഴ്ച കഴിഞ്ഞപ്പോഴേക്കും മനസ്സിലായി. പ്രസ്തുതകുഞ്ഞ് ഏതാണെന്നും, ഒരാൾ അതിനെ തിണ്ണയിലിട്ടുംവെച്ചു പോകാൻ കാരണമെന്തായിരുന്നുവെന്നും മറ്റും വളരെക്കാലം കഴിഞ്ഞതിന്റെ ശേഷമാണ് അറിയാൻ കഴിഞ്ഞത്. കുഞ്ഞിന് അപ്പനും അമ്മയും ഇല്ല. ഇരുവരും മരിച്ചുപോയി. ഉണ്ടായിരുന്ന സ്വത്തും നശിച്ചു. അഞ്ചുവയസ്സായ ഒരു ജ്യേഷ്ഠനും ഒരു ചെറിയ പെങ്ങളും കുഞ്ഞിനുണ്ട്. കുഞ്ഞിനെ ചാർച്ചയിലുള്ള ഒരു സ്ത്രീ കൊണ്ടുപോയി വളർത്താൻ തുടങ്ങി. ആ

www.malankaralibrary.com



സ്ത്രീക്കും വലിയ ഗതിയൊന്നുമില്ലായിരുന്നു. അവർ വല്ല സ്ഥല ത്തേക്കും പോകുമ്പോൾ കുഞ്ഞിനെ ഒറ്റാലിൽ (ഒറ്റൽ) ഇട്ടുമൂടി, മീതെ വല്ലഘനമുള്ള പലകയോ മറ്റോ എടുത്തുവെയ്ക്കും. ഒരു ദിവസം ഇങ്ങനെ ചെയ്യാതെ, കുഞ്ഞിനെ വള്ളികൊണ്ടു വാഴയിൽ കെട്ടിയിട്ടും കൊണ്ടാണ് വളർത്തമ്മ പുറത്തേക്കു പോയത്. തിരിയെ വന്നുനോ ക്കിയപ്പോൾ അവൻ വള്ളിപൊട്ടിച്ചു ചാരത്തിൽ കിടന്നുരുളുന്നു. തിണ്ണ യിൽ ചട്ടിയിൽ മൂടിവച്ചിരുന്ന പച്ചമത്തിയും കാണാനുണ്ടായിരുന്നില്ല. അതെല്ലാം കുഞ്ഞ് മുതലാക്കി കഴിഞ്ഞിരുന്നു. അനന്തരം കുഞ്ഞ് ദീന ക്കാരനായിപ്പോയി. വളർത്തമ്മ വിഷമിച്ചു. അപ്പോൾ അവളിൽനിന്നു മറ്റൊരു സ്ത്രീ കുഞ്ഞിനെ സംരക്ഷിപ്പാനായി കൊണ്ടുപോയി. ഒരു ദിവസം പ്രസ്തുത സ്ത്രീയുടെ ഭർത്താവ് കുഞ്ഞിനെയുമെടുത്ത് നമ്മുടെ തിണ്ണയിൽ കൊണ്ടുവന്നിട്ടുംവെച്ചു കടന്നു കളഞ്ഞു.

കുഞ്ഞ് മഹാവാശിക്കാരനാണെന്ന് ബഥനിയിൽ വന്ന പ്പോൾത്തന്നെ മനസ്സിലായി. വല്ല കാര്യത്തിലും അതൃപ്തിയോ അനിഷ്ടമോ തോന്നിയാൽ ഉടനെ വാഴത്തോട്ടത്തിലോ കപ്പക്കാട്ടിലോ പോയി അവൻ കറങ്ങിക്കൊണ്ടു നിൽക്കും. ചോദിച്ചാൽ ഒന്നും മിണ്ടു കയുമില്ല. ഒറ്റാലിൽ കിടന്നു വളർന്നതിനാലാണ് ഈ കറക്കമെന്ന് അവനെ സംബന്ധിച്ച പഴങ്കഥകൾ കേട്ടപ്പോഴെ ഊഹിക്കാൻ കഴിഞ്ഞുള്ളൂ.

ഒരിക്കൽ നമ്മുടെ ഫാദർ അലക്സിയോസ് ബഥനിയുടെ അഭ്യു ദയകാംക്ഷികളായ പലരിൽ നിന്നും സഹായധനം പിരിച്ചുകൊണ്ടു നെടുനീളെ സഞ്ചരിക്കുകയായിരുന്നു. ആ കാലത്തു കാര്യവശാൽ അദ്ദേഹം മുണ്ടക്കയത്തും ചെന്നുചേർന്നു. അവിടെ അദ്ദേഹത്തിനു സുഹൃത്തുക്കളായ പലരുമുള്ളതിൽ ഒരാളോടായി ബഥനിക്കു വല്ലതു മുണ്ടോ എന്നു ഫാദർ ചോദിച്ചു.

"ഉവ്വ് ഇരിക്കണം. ഇപ്പോൾ കൊണ്ടുവരാം" എന്നു പറഞ്ഞ് അയാൾ അടുത്ത മുറിയിലേക്കുപോയി.

സ്വല്പസമയത്തിനകം ഒരു കുഞ്ഞിനേയും കൊണ്ടാണ് അയാൾ വന്നത്.

"ഇതിനെ അവിടുത്തേക്കു തന്നിരിക്കുന്നു. ആരുമേതുമില്ലാത്ത തായി വഴിയിൽ കിടന്നു കിട്ടിയതാണ്. നാലഞ്ചു ദിവസംകൊണ്ടു ഞാൻ

www.malankaralibrary.com





വലഞ്ഞു കഴിഞ്ഞു. എന്തുകിട്ടിയാലും വാങ്ങുന്നവരാണല്ലോ ബഥനിക്കാർ. അച്ചൻ വരട്ടെ എന്നു ഞാൻ കാത്തിരിക്കയായിരുന്നു. കൊണ്ടുപൊയ്ക്കൊള്ളുക."

"വളരെ വളരെ സന്തോഷം" എന്നു പറഞ്ഞു ഫാദർ അതിനെ കയ്യിൽ വാങ്ങി ബഥനി അനാഥശാലയിലെത്തിച്ചു.

കുറേ നാളത്തേക്ക് ഈ കുഞ്ഞ് ഒരക്ഷരം ശബ്ദിച്ചിരുന്നില്ല. പിന്നീട് അവിടെ പരിചയിച്ചപ്പോൾ ചങ്ങാതികളൊന്നിച്ചു കളിക്കാനും ചിരിക്കാനും തുടങ്ങി. അനാഥശാലയുടെ നടത്തിപ്പുകാരനായി ഒരു ആശ്രമസ്ഥൻ ഉണ്ട്. അയാൾ കുട്ടികൾക്കു വിനോദാർത്ഥം പല കഥകളും നേരമ്പോക്കുകളും പറഞ്ഞുകൊടുക്കുക സഹജമാണ്. ഒരവസരത്തിൽ ഓരോരുത്തരും ഓരോ പാട്ടുപാടിയാൽ സമ്മാനം തരാം എന്ന് ആശ്രമസ്ഥൻ പറഞ്ഞു. ക്രമപ്രകാരം ഓരോരുത്തരും പാടാനും തുടങ്ങി. നമ്മുടെ മുണ്ടക്കയം വിദ്വാന്റെ തവണ വന്നപ്പോൾ അവൻ

www.malankaralibrary.com



കൈകൊണ്ടു വാരിഭാഗത്തു കൊട്ടി താളം പിടിച്ചിട്ടു ചില അവ്യക്ത സ്വരങ്ങൾ പുറപ്പെടുവിച്ചു.

അവന്റെ പാട്ടും കൊട്ടും താളവും മേളവും കേട്ടപ്പോഴാണ് സംഗീതം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന 'കൊട്ടിയാൻ' ജാതിയിൽപെട്ട ഒരു സ്ത്രീയുടെ മകനായിരിക്കാം ആ കുഞ്ഞെന്ന് ഊഹിപ്പാൻ ഇടയായത്.

ഇങ്ങനെ പലവിധത്തിൽ ബഥനി അനാഥശാലയുടെ അംഗങ്ങളായിത്തീർന്ന എല്ലാവരുടേയും പൂർവ്വചരിതങ്ങൾ നാമിവിടെ ഇനിയും വിസ്മരിക്കുന്നില്ല. അനാഥകുഞ്ഞുങ്ങളുടെ അക്ഷരാഭ്യാസം, സ്വഭാവ സംസ്കരണം, കലാവിദ്യാസമ്പാദനം മുതലായവയിൽ ആശ്രമസ്ഥന്മാർ പ്രത്യേകം ശ്രദ്ധിച്ചുവരുന്നുണ്ട്. തൻമൂലം അവർക്കുണ്ടായിട്ടുള്ള ഗുണങ്ങളെന്തെന്നു സംക്ഷേപമായി ഇവിടെ എഴുതുന്നത് അസംഗതമാവാൻ ഇടയില്ലെന്നു വിചാരിക്കുന്നു.

ഒരു കാലത്ത് അനാഥകുഞ്ഞുങ്ങളിൽ ചിലരെ തിരുവല്ലായിലുള്ള കന്യകാമഠത്തിൽ പരിരക്ഷിച്ചുവന്നിരുന്നു. സന്ന്യാസപരിശീലനാർത്ഥം മഠത്തിൽ താമസിച്ചുവന്നവരിൽ പലരും അവധിക്കാലത്തു സ്വഗൃഹത്തിലേക്കു പോയപ്പോൾ ഓരോരുത്തരും ഓരോ അനാഥക്കുഞ്ഞിനേയുംകൊണ്ടാണ് തിരിക്കുകയുണ്ടായത്. ഇങ്ങനെ കൊണ്ടുപോയ ഒരു അനാഥകുഞ്ഞിന്റെ സ്വല്പകാലത്തെ പ്രകൃതം പലരുടേയും അഭിനന്ദനത്തിനു പാത്രീഭവിക്കയുണ്ടായിട്ടുണ്ട്. സന്ന്യാസിനിയുടെ വീട്ടിൽ ചെന്നപ്പോൾ അവനു പരിപൂർണ്ണമായ സന്തോഷം തോന്നി. ബോധിക്കുന്ന സമയത്തെല്ലാം പാൽ കുടിക്കത്തക്കവണ്ണം കറവയുള്ള ഒരു പശുവിനെത്തന്നെ അവനായി ആ വീട്ടുകാർ സുമാറാക്കി നിർത്തി. തനിക്കു പാൽ തരുന്ന അതിന്റെ കിടാവിന്റെ കയറും പിടിച്ച് പറമ്പിലാകെ നടന്നു. അതിനെ തീറ്റിക്കുകയാണ് കുഞ്ഞിന്റെ പ്രധാന ജോലിയായിരുന്നതെന്നു പറയാം. മാങ്ങായായാലും മീനായാലും ചക്കയായാലും തേങ്ങായായാലും തനിക്കു കിട്ടിയതിന്റെ ഒരംശം ആ കുഞ്ഞ് പശുവിൻ കിടാവിനു കൊടുത്തുപോന്നു. അതിനെ തലോടുക, ചുംബിക്കുക, അതിനെ പാട്ടുപാടി കേൾപ്പിക്കുക, കഥ പറഞ്ഞുകൊടുക്കുക, ഇതിലൊക്കെ കുഞ്ഞിനു വളരെ താല്പര്യമായിരുന്നു. ഒരു ദിവസം കുഞ്ഞ് നമസ്കരിച്ചു കൊണ്ടിരുന്ന നേരത്ത് അതിനെ ആരോ അഴിച്ചു മറ്റൊരിടത്തു കൊണ്ടുപോയി കെട്ടി. നമസ്കാരം കഴിഞ്ഞു വന്നു

www.malankaralibrary.com



നോക്കിയപ്പോൾ, ശ്വാസോച്ഛ്വാസം വിടാൻ പാടില്ലാത്ത വണ്ണം കഴുത്തിൽ കയറ് കുരുങ്ങിയതിനാൽ അതു നിലത്തു കിടന്നുരുളുന്നു. അതു കണ്ടപ്പോൾ കുഞ്ഞ് എല്ലാവരെയും വിളിച്ചുകൊണ്ടുവന്നു കരയാൻ തുടങ്ങി. കയറെല്ലാം അഴിച്ചു മാറ്റിയെങ്കിലും അതിനാൽ നേരിട്ട ഹേമം കൊണ്ടോ മറ്റോ പിറ്റേന്നു പശുകിടാവു ചത്തു പോകയാണു ചെയ്തത്. കുഞ്ഞിനു അതു പരമസങ്കടമായിത്തീർന്നു. എപ്പോഴും കണ്ണുനീരൊഴുക്കി കരച്ചിൽ തന്നെ. പ്രാർത്ഥിക്കുമ്പോഴൊക്കെയും പശുക്കിടാവിനെപ്പറ്റി കുഞ്ഞ് എന്തോ ചിലതെല്ലാം ദൈവത്തോടായി പറയുക സാധാരണമായിരുന്നു.

മറ്റൊരു ദിവസം അപരിചതരായ ചിലർ വീട്ടിൽ കയറിവന്ന് രാത്രിയിൽ കിടന്നുറങ്ങുവാൻ അനുവദിക്കണമെന്നപേക്ഷിച്ചു. തിണ്ണയിൽ കിടന്നോളിൻ എന്നു പറഞ്ഞ് വീട്ടുകാർ രണ്ടോ നാലോ പായ് അവർക്കായി ഇട്ടുകൊടുത്തു. നമ്മുടെ കുഞ്ഞ് അപ്പോൾ തിണ്ണയിൽ കിടന്നുറങ്ങുന്നുണ്ടായിരുന്നു. ഒരരികിലേക്കു മാറ്റിക്കിടത്തുവാനായി അവർ കുഞ്ഞിനെ തട്ടിയുണർത്തി. എണീറ്റപ്പോൾ വിവരം ഗ്രഹിച്ച് കുഞ്ഞ് ഒരക്ഷരവും പറയാതെ പായും തെറുത്ത് ഒരു ഭാഗത്തേയ്ക്കു മാറ്റിയിട്ടു കിഴക്കുവശം തിരിഞ്ഞുനിന്ന് മൂന്നു പ്രവാശ്യം കുരിശു വരച്ച് കുമ്പിട്ടു പ്രാർത്ഥിച്ചതിന്റെ ശേഷം കിടന്നു. ഈ കാഴ്ച അപരിചിതന്മാരെ വിസ്മയഭരിതരാക്കിത്തീർത്തു. നേരം വെളുത്തപ്പോൾ അപരിചിതരും ഗൃഹാധിപനുമായി ഇങ്ങനെ സംഭാഷണം നടന്നു:

“ഈ കുഞ്ഞ് ഏതാണ്? വളരെ ദൈവഭയം ഉള്ളതായി കാണുന്നുണ്ടല്ലോ?”

വാസ്തവം തന്നെ. ഇവൻ ബഥനിയിലെ അനാഥക്കുഞ്ഞാണ് (കുഞ്ഞിനോടായി) “കുഞ്ഞ് എന്തായിരുന്നു ഇന്നലെ വിളിച്ചുണർത്തിയപ്പോൾ ഞങ്ങൾ ചോദിച്ചതിനൊന്നിനും ഉത്തരം പറയാഞ്ഞത്?”

കുഞ്ഞ്: “ഞങ്ങൾ, ബഥനിക്കാർ ശൂത്താരാ കഴിഞ്ഞാൽ മിണ്ടത്തില്ല”

ഒരു ദിവസം ആശ്രമസ്ഥന്മാർ ഉച്ചതിരിഞ്ഞ് അരുവിയിലേക്കു കുളിക്കാൻ പോകയായിരുന്നു. അപ്പോൾ വഴി മദ്ധ്യേ ഒരു അനാഥ കുഞ്ഞ് കുളികഴിഞ്ഞ് മടങ്ങിവരുന്നതു കണ്ടു.

www.malankaralibrary.com



“കുഞ്ഞേ! അരുവിയിൽ വല്ലവരും കുളിക്കുന്നുണ്ടോ?” എന്നു ഗുരു കുഞ്ഞിനോടു ചോദിച്ചു.

സ്വല്പസമയം ഘനഭാവം അവലംബിച്ച് മൗനമായി നിന്നതിന്റെ ശേഷം,

“ആരുമില്ല - ഒരാളുണ്ട്- രണ്ടുപേരുണ്ട്- മൂന്നുപേരുണ്ട്- എല്ലാവരും ഉണ്ട്. ഇല്ലെങ്കിൽ ആരുമില്ല.” എന്ന് കുഞ്ഞ് ഉത്തരം പറഞ്ഞു നടന്നുപോയി.

വിസ്മയഭരിതരായി കുഞ്ഞിന്റെ അഹങ്കാരബുദ്ധിയിൽ പെട്ടെന്നു കാലുഷ്യം തോന്നിയവരായ ആശ്രമസ്ഥന്മാർക്ക് കുഞ്ഞു പറഞ്ഞത് എന്തോന്നിനെ സൂചിപ്പിച്ചായിരുന്നുവെന്ന് പിന്നീടാണ് മനസ്സിലായത്.

തലേദിവസം നാം ത്രിത്വത്തെപ്പറ്റി ആശ്രമസ്ഥന്മാരെ പഠിപ്പിച്ചിരുന്നു. തത്സമയം കുഞ്ഞ് വരാന്തയിൽ ഉണ്ടായിരുന്നുവത്രേ. ആരുമില്ലാത്തെടത്തു ദൈവമുണ്ടെന്നും, ദൈവം ഒരാൾ അല്ലെന്നും, പിതാവും പുത്രനും വി. റൂഹായും അതിൽ അടങ്ങിയിട്ടുണ്ടെന്നും, ദൈവമുള്ളേടത്തു മാലാഖമാർ പരിശുദ്ധന്മാർ മുതലായി എല്ലാവരും ഉണ്ടെന്നും മറ്റും പഠിപ്പിച്ചിരുന്നതു കേട്ടിട്ട്, തനിക്കും വേദതത്വശാസ്ത്രം അറിയാമെന്നു ഭാവിക്കുകയായിരുന്നു കുഞ്ഞു ചെയ്തത്. തന്റെ ആ തത്വജ്ഞാനക്കലവറയെ ഗുരുവിന്റേയും ആശ്രമസ്ഥന്മാരുടേയും മുമ്പിലല്ലാതെ മറ്റാരുടെ മുമ്പിലാണ് കുഞ്ഞു പ്രദർശിപ്പിക്കേണ്ടത്.

അനാഥശാലയിലെ ഒരു കുഞ്ഞിന് പള്ളിയോടും പള്ളി സാമാനങ്ങളോടും കുരിശിനോടും മറ്റും വലിയ ഭക്തിയാണ്. റോസാപ്പൂ വിരിഞ്ഞാലുടൻ അതു പറിച്ചുകൊണ്ടുവന്ന് “ഇതു കർത്താവിനു കൊടുക്കണേ,” എന്നു പറഞ്ഞ് അവൻ അനാഥശാലാദ്ധ്യക്ഷനെ ഏല്പിക്കും. ഒരിക്കൽ അവിടെ ഒരാശാരി വന്നപ്പോൾ അയാളെക്കൊണ്ടുണ്ടാക്കിയ ഒരു മരംകൊണ്ടുള്ള കുരിശ് ഇവൻ കിടന്നുറങ്ങുമ്പോഴൊക്കെയും തലയിണയുടെ കീഴിൽ വെയ്ക്കും. എണീക്കുമ്പോൾ ഭദ്രമായി അതു പായിൽ തെറുത്തു സൂക്ഷിക്കുകയും ചെയ്യും. കിടന്നിടത്തുനിന്നു മറ്റൊരിടത്തേക്ക് മാറിക്കിടക്കണമെന്ന് അനാഥശാലാദ്ധ്യക്ഷൻ പറഞ്ഞാൽ കുരിശിനെ നെഞ്ചത്തടക്കിപ്പിടിച്ചുകൊണ്ടേ ഇവൻ പായ് എടുക്കുകയുള്ളൂ. ഒരിക്കൽ ഇവൻ രോഗം പിടിച്ചു കിടപ്പിലായി. അനാഥശാലാദ്ധ്യക്ഷൻ എപ്പോഴും അടുത്തിരുന്നുകൊണ്ട് പല പല ചിത്രങ്ങൾ,

www.malankaralibrary.com



പൂക്കൾ മുതലായവ കാണിച്ചുകൊടുക്കുകയും ഓരോ കഥകൾ പറ ഞ്ഞുകേൾപ്പിക്കുകയും ചെയ്തിരുന്നു. എന്നിരുന്നാലും മിക്കപ്പോഴും “അയ്യോ” എന്നിവൻ നിലവിളിക്കും. ഒരു ദിവസം അവിടെ ചെന്നപ്പോഴും ഇവൻ അയ്യോ എന്നു നിലവിളിച്ചതായി നാം കേട്ടു.

“മകനേ, ‘അയ്യോ’ എന്നു നിലവിളിക്കരുത് കർത്താവേ എന്നു വിളിച്ചുകൊള്ളണം, കേട്ടോ. കർത്താവ് കുഞ്ഞിന്റെ വേദനയെല്ലാം മാറ്റും,” എന്നു പറഞ്ഞു നാം മടങ്ങിപ്പോന്നു.

പിറ്റേദിവസം “ഗുരു!ഗുരു!” എന്നുള്ള കുഞ്ഞിന്റെ വിളി കേട്ട് അനാഥശാലദ്ധ്യക്ഷൻ അവിടെ കയറിച്ചെന്നു. അപ്പോൾ കുഞ്ഞു കിടന്നു ചിരിക്കുകയാണ്.

“എന്താ കുഞ്ഞേ വിളിച്ചത്?” എന്ന് അനാഥശാലാദ്ധ്യക്ഷൻ ചോദിച്ചതിന്, “ഇപ്പോൾത്തന്നെ അമ്മയും കുഞ്ഞും ഇവിടെ വന്നിരു ന്നു. ഞാൻ കുഞ്ഞിന് ഈ പൂവു കൊടുത്തു. കുഞ്ഞ് അതു വാങ്ങി ച്ചൊന്നു മണത്തിട്ടു തിരിയെത്തന്നു.” പിറ്റേന്ന് അത്ഭുതകരമാംവണ്ണം ഇവന്റെ രോഗം സുഖപ്പെടുകയും ചെയ്തു.

അനാഥകുഞ്ഞുങ്ങളിലൊരുവൻ ഒരിക്കൽ രോഗം പിടിച്ചു മരി ച്ചുപോയി. അവനെ ബഥനിയിലെ ശവക്കോട്ടയിൽ സംസ്കരിച്ചു. എല്ലാ



www.malankaralibrary.com



മരിച്ചുപോയവരുടേയും ഓർമ്മദിവസത്തിൽ ശവക്കോട്ടയിൽവച്ച് പ്രത്യേക ശുശ്രൂഷകൾ നടത്താറുമുണ്ട്. അവിടെ മേശ, കുരിശ്, മെഴുകുതിരിക്കാലുകൾ മുതലായവ കൊണ്ടുചെന്നു വെയ്ക്കുക എന്നത് അനാഥകുഞ്ഞുങ്ങൾക്കു വളരെ സന്തോഷകരമായ പ്രവൃത്തിയാണ്. എല്ലാ ആണ്ടിലും ഈ ദിവസത്തിൽ ഇവരുടെ ചങ്ങാതിയായിരുന്നവനെ സംസ്കരിച്ചിട്ടുള്ള സ്ഥലം കൊടികൾ, പൂക്കൾ മുതലായവ കൊണ്ട് ഇവർ അലങ്കരിക്കും.

അനാഥകുഞ്ഞുങ്ങളിൽ പലരും പല പ്രകൃതക്കാരായിട്ടാണ് കണ്ടിട്ടുള്ളത്. ചിലർക്കു സംഗീതത്തിലാണ് വലിയ ഭ്രമം. ഒരിക്കൽ ഒരു പാട്ടു കേട്ടാൽ, ഉടൻ അതു മനഃപാഠമാക്കിക്കഴിയും. ചിലരുടെ രസം കൃഷിയിലാണ്. മറ്റു ചിലർക്കു ചിത്രമെഴുത്തിലാണ് അഭിരുചി. വേറെ ചിലർക്കു പശു, ആട്, കോഴി എന്നിവയെ വളർത്തുന്നതിലാണ്. ഇപ്പറഞ്ഞവയിലൊന്നിലും ശ്രദ്ധയില്ലാത്ത വിഃകുർബാന, പ്രാർത്ഥന, ധ്യാനം മുതലായവയിൽ താല്പര്യമുള്ളവരും ഉണ്ട്.

എല്ലാവരും സത്രത്തിനു സമീപമുള്ള മലയാളം സ്കൂളിൽ ചേർന്നു പഠിക്കുന്നു. അനാഥശാലയിൽനിന്നു സ്കൂളിലേക്കു പോകുമ്പോൾ ഓരോരുത്തരും അവരവരുടെ ഉച്ചയ്ക്കുള്ള ഭക്ഷണവും കൊണ്ടായിരിക്കും പോകാറുള്ളത്. വേദകഥകൾ, പരിശുദ്ധന്മാരുടെ ചരിത്രങ്ങൾ, പ്രാർത്ഥന എന്നിവയെല്ലാം ഇവരെ അനാഥശാലാദ്ധ്യക്ഷൻ പഠിപ്പിച്ചുവരുന്നുണ്ട്.

## പ്രാർത്ഥന

സർവ്വമനുഷ്യർക്കും വേണ്ടി സ്വരക്തത്തെ ഒഴുക്കിയവനായ യേശുമിശിഹായെ, അടിമത്തത്തിലും കഷ്ടപ്പാടിലുമിരിക്കുന്നവരെ തൃക്കൺപാർക്കണമേ. പീഡിതരുടെ നിലവിളിയും, വിധവവമാരുടെ സങ്കടവും, അനാഥരുടെ ദുഃഖവും, ബലഹീനരും നിസ്സഹായരുമായവരുടെ ബുദ്ധിമുട്ടും, ദരിദ്രരുടെ വിശപ്പും ദാഹവും, രോഗികളുടേയും വൃദ്ധരുടെയും ക്ഷീണവും അവിടുന്നു കരുണയോടുകൂടി ദർശിക്കണമേ! പാവപ്പെട്ടവരുടെ മേൽ ദയവുണ്ടാവണമേ! അഗതികളെ സംരക്ഷിക്കണമേ!

www.malankaralibrary.com

## അദ്ധ്യായം ~ 6

# ചില ആദ്യകാല അനുഭവങ്ങൾ

### മദാമ്മയെ കാണ്മാനില്ല

നേരം രാത്രി എട്ടുമണി കഴിഞ്ഞിരിക്കുന്നു. കാടാകവേ തിരഞ്ഞു നോക്കീട്ടും മദാമ്മയെ കാണ്മാനില്ല! പുലി പിടിച്ചുവോ, പാമ്പു കടിച്ചുവോ, ആന കുത്തിയോ, കുഴിയിൽ വീണുവോ എന്തോ!!

വലിയ നോമ്പിന്റെ ഹാശാദിവസങ്ങളിൽ സംബന്ധിപ്പാനായി കൊല്ലംതോറും വളരെപ്പേർ ബഥനിയിൽ വന്നുചേരുക സാധാരണമാണ്. ആദ്യകാലങ്ങളിൽ അധികംപേർ ഇങ്ങനെ വരുമാറുണ്ടായിരുന്നില്ല. കാലാന്തരങ്ങളിൽ പുറമേനിന്നുള്ള ജനങ്ങളുടെ വരവു കൂടിക്കൂടി വന്നു. മുൻകാലങ്ങളിൽ ദുഃഖ വെള്ളിയാഴ്ചയിലെ കഞ്ഞി ആശ്രമത്തിൽനിന്നായിരുന്നു നൽകിപ്പോന്നിരുന്നത്. ഏറിയാൽ ഒരു പറ അരി വച്ചാൽ എല്ലാവർക്കും അന്നു സുഭിക്ഷമായിരുന്നു. ഇപ്പോൾ ആ ഒരൊറ്റദിവസത്തെ കഞ്ഞിക്കുതന്നെ 40-50 പറ അരി വേണ്ടി വരുന്നുവെന്നു പറ



www.malankaralibrary.com



ഞ്ഞാൽ ജനങ്ങളുടെ അധികത്വം ഏതാണ്ട് ഊഹ്യമായിരിക്കും. ഹോശാന ഞായറാഴ്ചയുടെ തലേദിവസം മുതൽതന്നെ, നോമ്പു വീടുന്നതുവരെ താമസിക്കാനുള്ള ഒരുക്കത്തോടുകൂടി, നാനാഭാഗത്തുനിന്നും ജനങ്ങൾ വന്നുതുടങ്ങും. ഹോശാന ഞായറാഴ്ച, പെസഹാ വ്യാഴാഴ്ച, ദുഃഖവെള്ളിയാഴ്ച എന്നീ മൂന്നു ദിവസങ്ങളിലും ശുശ്രൂഷാനന്തരം എല്ലാവർക്കും കഞ്ഞികൊടുക്കുക പതിവുണ്ട്. ഇതു സംബന്ധിച്ചുള്ള ചെലവ് ഓരോരുത്തർ തനിച്ചോ, അല്ലെങ്കിൽ പലരിൽനിന്നുമായി പിരിച്ചോ ആണ് ഏതാനും കൊല്ലങ്ങൾക്കിപ്പുറമായി നടത്തിവരാറുള്ളത്. സ്ഥിരതാമസക്കാരായവരുടെ ഇതര നേരങ്ങളിലുള്ള ഭക്ഷണാദി സൗകര്യങ്ങൾ അവിടെ തല്ക്കാലം കുടിൽകെട്ടി താമസിക്കുന്ന ഹോട്ടലുകാർ ഗൗനിച്ചുകൊള്ളും. ബഥനിമലയുടെ അടിവാരത്തിലുള്ള ഇടവകപ്പള്ളിയിൽ വച്ചത്രേ ഹാശാ ദിവസങ്ങളിലെ പ്രാർത്ഥനകൾ, ധ്യാനങ്ങൾ, ശുശ്രൂഷകൾ, പ്രസംഗങ്ങൾ ആദിയായവയെല്ലാം നടത്തിവരാറുള്ളത്. ഇവയിൽ സംബന്ധിക്കാനായി വരുന്നവരിൽ കഴിവുള്ളവരൊക്കെയും നിശ്ചിത സമയങ്ങളിലുള്ള പ്രാർത്ഥനയിലും ധ്യാനത്തിലും പങ്കെടുത്തുകൊണ്ടു നോമ്പു വീടുന്നതുവരെ മൗനവ്രതം പാലിച്ചുകൊള്ളണമെന്നാണ് നിയമം.

1096-ാമാണ്ടിലെ ഹാശാദിവസങ്ങളിലുള്ള കർമ്മാനുഷ്ഠാനങ്ങളിൽ പങ്കുകൊള്ളുവാനായി തിരുവല്ലാ ബഥനി കന്യകാമഠത്തിലെ അംഗങ്ങളും അവരോടുകൂടി അവർക്കു സന്ന്യാസപരമായ പരിശീലനം നൽകിവന്ന രണ്ടു യൂറോപ്യൻ സന്ന്യാസിനികളും വന്നിരുന്നു. ഇവരെല്ലാവരും ഇടവകപ്പള്ളിയിൽ നിന്ന് അരമൈൽ ദൂരത്തിലുള്ള സത്രത്തിൽ താമസമുറപ്പിച്ചു. പകൽസമയങ്ങളിൽ മിക്കപ്പോഴും ഇവർ പള്ളിയിൽ തന്നെയായിരുന്നു കഴിച്ചുകൂട്ടിപ്പോന്നിരുന്നത്. യാമം തോറുമുള്ള പ്രാർത്ഥനയിൽ സംബന്ധിപ്പാനും പ്രസംഗം കേൾക്കുവാനും ധ്യാനിക്കുവാനും പള്ളിയിലുള്ള താമസം സൗകര്യപ്രദമായിരിക്കുമല്ലോ. സന്ധ്യയാകുന്നതോടുകൂടി ഇവർ സത്രത്തിലേക്കു മടങ്ങുകയും ചെയ്യും. ഇങ്ങനെയായിരുന്നു അവരുടെ ദിനചര്യ എന്നു പറയാം. പ്രസ്തുത ആണ്ട് ഹാശാ ആഴ്ചയിലെ ചൊവ്വാഴ്ചനാളിൽ (1096 മേടം 14) പതിവുപോലെ ഇവരെല്ലാവരും പള്ളിയിൽ വന്നുചേർന്നു. ഇരുപത്തിരണ്ടിരയുടെ പ്രാർത്ഥനാനന്തരം ധ്യാനമാണ്. അതു കഴിഞ്ഞാൽ പ്രസംഗവും ഉണ്ടാവും. മദാമ്മമാരിൽ സിസ്റ്റർ ഹെലൻ മലയാളഭാഷ

www.malankaralibrary.com



ഒരു വിധം പഠിച്ചിട്ടുണ്ടായിരുന്നു. മറ്റേ മദാമ്മയ്ക്ക് അതറിഞ്ഞുകൂടാ യിരുന്നുതാനും. മലയാളം അറിഞ്ഞുകൂടായ്ക എന്നതു പ്രാർത്ഥ നായ്ക്കും ധ്യാനത്തിനും തടസ്സം വരുത്തുന്നതല്ലല്ലോ. ഇരുപത്തിരണ്ട രയുടെ നമസ്കാരവും ധ്യാനവും കഴിഞ്ഞു. അപ്പോഴാണ് പ്രസംഗത്തി നുള്ള സമയം. നാം അതിനായി പടിഞ്ഞാട്ടു തിരിഞ്ഞിരുന്നു. ഭാഷ അറിഞ്ഞു കൂടായെങ്കിൽ പ്രസംഗം കേട്ടുകൊണ്ടിരിക്കുവാൻ ആർക്കും താല്പര്യം ഉണ്ടാകുന്നതല്ലല്ലോ. അതിനാൽ പ്രസംഗം തുട ങ്ങിയപ്പോഴെയ്ക്കും ആ മദാമ്മ പുറത്തേക്കിറങ്ങി. നേരെ സത്രത്തിൽ ചെന്ന് പുസ്തകങ്ങളെല്ലാം അവിടെ വച്ചു. ഏകാകിനിയായി അവിടെ യിരിക്കുവാൻ മനസ്സുണ്ടായില്ല. എറെനേരം ധ്യാനനിമഗ്നയായി ഇരു ന്നതിനാൽ ദേഹത്തിന്നൊരു ഉന്മേഷം ഉണ്ടാകുന്നതിനോ മറ്റോ വേണ്ടി സ്വല്പമൊന്നു നടക്കാം എന്നു തീർച്ചപ്പെടുത്തിക്കൊണ്ടു പതിവു പോലെ അവർ മലമുകളിലേക്കു കയറിപ്പോയി.

പ്രസംഗവും പ്രാർത്ഥനയും കഴിഞ്ഞു സിസ്റ്റർ ഹെലൻ സത്ര ത്തിൽമടങ്ങിവന്നു. അപ്പോൾ സമയം ഏകദേശം അഞ്ചരമണിയായി ക്കാണണം.

"സിസ്റ്റർ–എവിടെ?" എന്നു അവർ കുശിനിക്കാരനോടു ചോദി ച്ചു. പള്ളിയിൽനിന്നു വന്നിട്ട് അവർ അതിലേകയറിപ്പോയി എന്ന് അവൻ പറഞ്ഞു.

കഷ്ടിച്ച് അരമുക്കാൽ മണിക്കൂർ കഴിഞ്ഞിട്ടും സിസ്റ്റർ മടങ്ങി എത്തിയില്ല. "എന്താണിത്ര താമസിക്കാൻ" എന്ന് ആത്മഗതം ചെയ്തു കൊണ്ട് സിസ്റ്റർ ഹെലൻ പുറത്തേയ്ക്കിറങ്ങി. സമീപത്തെങ്ങും സിസ്റ്ററിനെ കണ്ടില്ല. അവർ പിന്നെയും വന്നു സത്രത്തിൽ ഇരുന്നു. മണി ഏഴോളമായി. എന്നിട്ടും സിസ്റ്ററിന്റെ നിഴൽപോലും അവിടെ കാണപ്പെട്ടില്ല. സിസ്റ്റർ ഹെലൻ അസ്വസ്ഥയായിത്തീർന്നു. ഇരുപ്പുറ യ്ക്കാതെ അവർ കസേരമേൽ നിന്നെണീറ്റുകൊണ്ടു വീണ്ടും കുശിനി ക്കാരനോടായിട്ട്,

സിസ്റ്റർ എതിലെപോയി? എങ്ങോട്ടു പോയി? ആ കാണുന്ന ഒറ്റ യടിപ്പാതവഴി കയറിപ്പോകുന്നതാണ് കണ്ടത്.

സിസ്റ്റർ ഹെലൻ പരിഭ്രമിച്ചു. അവരുടെ വിളറിത്തുടങ്ങിയ മുഖം മനസ്സിലുള്ള ആശങ്കകളെ പ്രസ്പഷ്ടീകരിച്ചു. ആ ഒറ്റയടിപ്പാതയെ

www.malankaralibrary.com



ആധാരമാക്കികൊണ്ട് അവർ തനിയെ കയറിപ്പോയിരിക്കാം! അവിടെയെല്ലാം ഒന്നോടിച്ചു നോക്കിക്കൊണ്ട്, 'സിസ്റ്റർ സിസ്റ്റർ' എന്ന് അവർ ഉച്ചത്തിൽ വിളിച്ചു. അതിന്റെ പ്രതിദ്ധ്വനിയല്ലാതെ മറ്റൊന്നും അവർക്കും കേൾക്കപ്പെട്ടില്ല. ശരംപോലെ അവർ കീഴോട്ടിറങ്ങി സത്രത്തിൽ വന്നു. ചിന്താവിഷ്ടയായ അവർ ഒരക്ഷരവും ഉരിയാടിയില്ല. ഇടത്തോട്ടും വലത്തോട്ടും തിരിഞ്ഞും മറിഞ്ഞും നോക്കിക്കൊണ്ട് ആ ഇരുട്ടത്ത് അവർ റോഡിലേക്കിറങ്ങി. വിസ്മയഭരിതനായിത്തീർന്ന വേലക്കാരൻ തൽക്ഷണം ഒരു റാന്തൽവിളക്കും കത്തിച്ചുകൊണ്ട് പിറകെ ചെന്നു. സിസ്റ്റർ ഹെലൻ അതു വാങ്ങിച്ചും വെച്ചു തിരികെ പൊയ്ക്കൊള്ളാൻ വേലക്കാരനോട് ആംഗ്യം കാണിച്ചു. ഇടവകപ്പള്ളിയിലേക്കായി അവർ ധൃതഗതിയിൽ നടന്നു പോകയും ചെയ്തു.

സിസ്റ്റർ ഹെലന്റെ പരിഭ്രമം, അങ്ങോട്ടുമിങ്ങോട്ടുമുണ്ടായ അവരുടെ ഓട്ടം, വേലക്കാരനോടു നടത്തിയ ചോദ്യങ്ങൾ, അവയ്ക്കുണ്ടായ മറുപടി ഇവയെല്ലാം കണ്ടും കേട്ടുമിരുന്ന ആശ്രമസ്ഥകൾ "എന്താണിത്" എന്ന അർത്ഥത്തിൽ അന്യോന്യം ഒന്നു നോക്കി. മൗനവ്രതസ്ഥരായിരുന്ന അവർക്കു അപ്പോൾ സംസാരിപ്പാൻ നിർവ്വാഹമില്ലായിരുന്നു. അതിനാൽ കടാക്ഷവിക്ഷേപങ്ങൾ മൂലം അവർ തമ്മിൽ തമ്മിൽ കാര്യം ഗ്രഹിച്ചു. ഉടൻതന്നെ ഒന്നു രണ്ടു പേർ സിസ്റ്ററിന്റെ മുറിയിൽ കയറി. അവിടെ സിസ്റ്ററിന്റെ ഹാറ്റ് നിലത്തു ഭിത്തിമേൽ ചാരിവച്ചിരുന്നു. അവർ വിവിധങ്ങളായ ആപൽശങ്കകളാൽ സംഭ്രമാകുലരായിത്തീർന്നു. ഉടനെ അവർ എല്ലാവരും കാടിനെ അഭിമുഖീകരിച്ചുള്ള കിഴക്കേ വാതിലിലൂടെ പുറത്തേക്ക് ഇറങ്ങി, വിലപിടിച്ച ഏതോ ഒരു സാധനം കളഞ്ഞു പോയാലെന്നതുപോലെ തിരഞ്ഞുനോക്കിക്കൊണ്ട് അവർ കാട്ടിലേക്കു കയറിപ്പോയി. വഴിയിലെങ്ങും ചോരയാവട്ടെ, ആരെയെങ്കിലും വലിച്ചിഴച്ചു കൊണ്ടുപോയതിന്റെ ലക്ഷ്യമാവട്ടെ കാണപ്പെട്ടില്ല. ചാടുരുട്ടിയാലെന്നവിധം അനുക്ഷണം അവർ സത്രത്തിലേക്കു മടങ്ങി. മിണ്ടുവാൻ പാടില്ലാതിരുന്നതിനാൽ അവരുടെ പരിഭ്രമം ഒന്നുകൂടി ഇരട്ടിക്കുകയാണു ചെയ്തത്. ഒരിടത്തു നിൽക്കാനും ഇരിക്കാനും കഴിയാതെ നെഞ്ചത്തു കൈവച്ചുകൊണ്ടും കണ്ണുതിരുമ്മിക്കൊണ്ടും അവർ ഓരോരുത്തരും മുറിയിൽനിന്നു വരാന്തയിലേക്കും വരാന്തയിൽനിന്നു മുറിയിലേക്കുമായി നടന്ന് മനസ്സിന്റെ അസ്വാസ്ഥ്യത്തെ വെളിപ്പെടുത്തി. കൂട്ടത്തിൽ ഒരാൾ വിളക്കുമായി പുറത്തേക്കിറങ്ങി.

www.malankaralibrary.com



അപ്പോൾ എല്ലാവരും അയാളെ അനുഗമിച്ചുകൊണ്ട് വീണ്ടും കാട്ടിലേക്കു കയറി. വൃക്ഷശിഖരങ്ങളാൽ ആവൃതമായ ഒരു അരുവിയിലേക്കായിരുന്നു അവർ പോയത്. സാധാരണയായി അവർ കുളിക്കാറുള്ള ആ സ്ഥലത്തും സിസ്റ്ററിനെ അവർ കണ്ടില്ല. കയറിയതുപോലെ ഇറങ്ങുവാൻ ശക്തരാകാതെ അവർ തേടിക്കുഴഞ്ഞിഴഞ്ഞു തുടങ്ങി. മുഖത്തോടു മുഖം നോക്കുവാൻ അവരുടെ കണ്ണുകളും കണ്ഠങ്ങളും അപ്പോൾ അവരെ അനുവദിച്ചില്ല. ഒരാൾ കണ്ണുരണ്ടും പൊത്തിക്കൊണ്ടു ദീർഘമായി ഒന്നു നിശ്വസിച്ചു. മറ്റൊരാളുടെ കണ്ണിൽനിന്നു രണ്ടുനാലു ബാഷ്പബിന്ദുക്കൾ നിലത്തു വീണു. വേറെയൊരാളുടെ കണ്ഠനാളത്തിൽനിന്നു ഒരു ദയനീയമായ ശബ്ദം കേൾക്കപ്പെട്ടു. ഇവയെത്തുടർന്നു വലിയ ഒഴുക്കുണ്ടാകുമ്പോൾ ചിറകൾ പൊട്ടിപ്പൊളിയുന്നതെങ്ങനെയൊ: അതുപോലെ, കൂട്ടത്തിലൊരാളുടെ “അയ്യോ” എന്ന ആക്രന്ദനത്തോടുകൂടി വലിയ ഒരു നിലവിളിയും ഉണ്ടായി. നിശ്ശബ്ദതയുടെ ഇരിപ്പിടമായ ആ കാട്ടിൽ ഉടനെ കണ്ണുനീർപ്രവാഹത്തോടുകൂടിയ ഒരു ഇരച്ചിലാണ് കേൾക്കപ്പെട്ടത്. “മക്കളേ കരയാതെ” എന്നു സിസ്റ്റർ സുപ്പീരിയർ അവരെ സാന്ത്വനപ്പെടുത്തി.

തൽക്ഷണം എല്ലാവരും സത്രത്തിലേക്കു മടങ്ങി. തദനന്തരം സിസ്റ്റർ സുപ്പീരിയർ എല്ലാവരേയും വിളിച്ചു, സിംഹക്കുഴിയിൽനിന്നു ദാനിയേലിനെ രക്ഷിച്ചവനായ ദൈവം നമ്മുടെ സിസ്റ്ററിനെയും നമുക്കു തരും, നമുക്കു പ്രാർത്ഥിക്കാം. എന്നു പറഞ്ഞു.

ആശ്രമസ്ഥന്മാരിൽ പലർക്കും ധ്യാനമായിരുന്നതുകൊണ്ട് നാം അപ്പോഴും പള്ളിയിലായിരുന്നു. മുന്നുദ്ധരിച്ച കാര്യങ്ങളൊന്നും തന്നെ നാം അറിഞ്ഞിരുന്നില്ല. സിസ്റ്റർ ഹെലൻ ഒരു റാന്തൽ വിളക്കുമായി പള്ളിക്കകത്തേക്കു കടന്നുവന്നു. അസമയത്തുള്ള അവരുടെ വരവ് പ്രത്യേകം എന്തോ ഉദ്ദേശത്തോടുകൂടിയായിരിക്കുമെന്നൂഹിച്ചുകൊണ്ട് നാം അവരെ സമീപിച്ചു. “സിസ്റ്റർ– പോയി –വന്നിട്ടില്ല– കാണാനില്ല” എന്ന് എന്തൊക്കെയോ അവർ ഇംഗ്ലീഷിൽ പറഞ്ഞു. ഒന്നും തന്നെ നമുക്കു വ്യക്തമായില്ല. പള്ളിയിൽനിന്നു പുറത്തേക്കു കടന്ന് നാം വീണ്ടും അവരോട് സംഗതികൾ വിവരമായി ചോദിച്ചറിഞ്ഞു. അപ്പോഴാണ് വസ്തുതയെല്ലാം നാം ഗ്രഹിച്ചത്. റാന്തലുമായി വന്ന സിസ്റ്റർ ഹെലൻ നേരെ കാട്ടിലേക്കു കയറിപ്പോയി. തത്സമയം വരാന്തയിൽ നിന്നിരുന്ന ഒന്നോ രണ്ടോ പേർ അവരെ അനുഗമിക്കുകയും ചെയ്തു.

www.malankaralibrary.com



ധ്യാനത്തിലിരുന്നവരും അല്ലാത്തവരുമായ ആശ്രമസ്ഥന്മാരിൽ ചിലരെ നാം പുറത്തേക്കു വിളിച്ചു ഈ രണ്ടും മൂന്നും പേരായി ഉടനെ കാട്ടിൽ പോയി സിസ്റ്ററിനെ തിരയുക; കണ്ടുകിട്ടിയാൽ തൽക്ഷണം മലമുകളിലുള്ള ആശ്രമചാപ്പലിൽ എത്തി അവിടുത്തെ വലിയമണി അടിച്ചു കൊള്ളണം. ബാക്കിയുള്ളവർക്ക് അന്വേഷണം അവസാനിപ്പിച്ചുകൊണ്ട് മടങ്ങാമല്ലോ.

സിസ്റ്റർ ഹെലന്റെ അപ്രതീക്ഷിതമായ വരവും, അവരുടെ അമ്പരപ്പും, മറ്റുള്ളവരുടെ സംഭ്രമവും, വിളക്കും പിടിച്ചുകൊണ്ടുള്ള ചിലരുടെ ഓട്ടവും നമ്മുടെ അസ്വസ്ഥതയും എല്ലാകൂടി കണ്ടതിനാൽ അന്ധരായിത്തീർന്ന മറ്റുള്ള ആശ്രമസ്ഥന്മാരോടായി യാതൊന്നും പറയാതെ, ഒന്നുരണ്ടു അനുയായികളോടുകൂടി നാമും ഇറങ്ങി അന്വേഷണം തുടങ്ങി. എവിടെയെല്ലാമാണ് തിരഞ്ഞത് എങ്ങോട്ടെല്ലാമാണു പോയത്– ഇവയെപ്പറ്റിയൊന്നും നമുക്കിപ്പോൾ ഓർമ്മയില്ല. പള്ളിയുടെ പരിസരങ്ങളിൽ അന്വേഷണം നടത്തിയതിന്റെ ശേഷം കാടിന്റെ മറ്റൊരു ഭാഗത്തേക്കായി സത്രത്തിനു സമീപത്തൂടെ നാം തിരിച്ചു. സന്ന്യാസികൾ നമ്മുടെ നിറം കണ്ടതേയുള്ളു, തൽക്ഷണം എല്ലാവരുംകൂടെ ഒരു നിലവിളി. 'അരുതരുത്!' എന്നു കൈകാണിച്ചുകൊണ്ടു നാം സത്രത്തിനോടടുത്തു. നേരിയ ശബ്ദത്തിലായി തേങ്ങൽ കേൾക്കപ്പെട്ടിരുന്നു. എന്തിനു കരയുന്നു? നാം എല്ലാവരും ദൈവത്തിന്റെ ഉള്ളം കൈയ്യിലല്ലയോ? സിസ്റ്ററിനേ ഇപ്പോൾ കൊണ്ടുവരാം എന്നു പറഞ്ഞ് നാം കാട്ടിലേക്കു കയറി. സ്ഥലപരിചയമില്ലായ്കയാൽ ആ മദാമ്മ കാൽ വഴുതി വല്ല പാറയിടുക്കിലും വീണിരിക്കുമോ? അഗാധമേറിയ വല്ല കുഴിയിലും നിലം പതിക്കപ്പെട്ടിരിക്കുമോ? വിഷബാധയേറ്റു മോഹാലാസ്യപ്പെട്ടിരിക്കുമോ? വന്യമൃഗങ്ങളുടെ വായിൽ അകപ്പെട്ടിരിക്കുമോ? ഈ വിധങ്ങളായ വിചാരവീഥികൾ നമ്മുടെ ഹൃദയാന്തർഭാഗത്തുനിന്നും തള്ളിപ്പുറപ്പെട്ടു.

വേലക്കാരൻ പറഞ്ഞതൊക്കെ വാസ്തവം തന്നെ. സിസ്റ്റർ ഹെലന് അവൻ ചൂണ്ടിക്കാണിച്ചുകൊടുത്ത വഴിയിലൂടെത്തന്നെയായിരുന്ന മറ്റെ സിസ്റ്റർ മലമുകളിലേക്കു കയറിപ്പോയതും. വിവിധങ്ങളായ ആദ്ധ്യാത്മികചിന്തകളാൽ ആകൃഷ്ടയായ അവർ എങ്ങനെയൊക്കെയോ കയറിപ്പോയി ഒരു പരന്നുകിടന്ന പാറുപ്പുറത്തെത്തിച്ചേർന്നു.

www.malankaralibrary.com



പ്രശാന്തപൂരിതമായ പാറപ്പുറം! മന്ദപവനന്റെ ആട്ടുതൊട്ടിലിൽ കിടന്നുല്ലസിക്കുന്ന വൃക്ഷശാഖകളുടെ താളംപിടിക്കലിനൊപ്പിച്ചുള്ള പക്ഷികളുടെ കളകള സങ്കീർത്തനാഘോഷം സിസ്റ്ററിന്റെ ഹൃദയ പേശികളെ തൊട്ടുഴിയുവാൻ തുടങ്ങി. ചുറ്റും കാണായ വൃക്ഷശാഖ കളെ അവർ ഒടിച്ചുമടക്കിക്കൊണ്ട് ആകാശമണ്ഡലത്തെ ദർശ നീയമാക്കിത്തീർത്തു. ഏകാന്തമായ ആ നിശബ്ദതയിൽ അവർ കുറേ നേരം ധ്യാനനിമഗ്നയായി മുട്ടിന്മേൽ നിന്നു. അനന്തരം അവർ എണീറ്റു പിന്നെയും മുന്നോട്ടു കയറി മറ്റൊരു പാറപ്പുറത്തെത്തി. അതിനപ്പു റത്തു കിഴുക്കാംതൂക്കായ വലിയൊരു കുഴിയാണ്. തൽക്ഷണം അടി യിൽനിന്നൊരു ഭയങ്കര ശബ്ദം. ഉടൻതന്നെ അവർ കാൽപിറകോട്ടു വെച്ചു. ആ ശബ്ദം പിന്നെയും കേൾക്കുമാറായി. എന്തിന്റെ ശബ്ദ മാണെന്നു യാതൊരു നിശ്ചയവുമില്ല. ഏതായാലും അതൊരു ഭയ ങ്കര ജന്തുവാണെന്നു തന്നെ അവർ അനുമാനിച്ചു. ഞാൻ എവിടെ? എന്ന് ആത്മഗതം ചെയ്തുകൊണ്ട് അവർ ചുറ്റുംപാടും ഒന്നുനോ ക്കി. തന്നെ അന്ധകാരം വളഞ്ഞുകഴിഞ്ഞിരിക്കുന്നു. എങ്ങോട്ടാണു പോകേണ്ടതെന്ന് അവർക്കു യാതൊരു വിവരവുമില്ല. തെക്കുവടക്കു നിശ്ചയമില്ലായ്കയാൽ അവർ കുഴങ്ങി. വഴിയുമില്ല. വെളിച്ചവുമില്ല. ആ അന്ധകാരഭയങ്കരതയിൽ താഴെനിന്നു കേൾക്കപ്പെട്ടിരുന്ന ശബ്ദം ക്രമേണ അടുത്തടുത്തു വരുന്നില്ലയോ എന്ന് അവർ ഭയപ്പെട്ടു. നിസ്സ ഹായയായി, അശരണയായി രാത്രിസമയം കാട്ടിലകപ്പെട്ട സിസ്റ്ററിന്റെ ചെവിയിൽ ആ ഭയങ്ക ശബ്ദം അസഹനീയമായ വേദനയെ ഉണ്ടാ ക്കി. അവരുടെ ദേഹമാകവെ മരവിച്ചുപോയി. കൈകാലുകൾ തളർന്നു. ദൈവത്തേക്കുറിച്ചല്ലാതെ മറ്റൊരു ചിന്തയും അവരുടെ മനസ്സിൽ അപ്പോൾ സ്ഥലം പിടിച്ചില്ല. കരുണാവാരിധിയായ അവിടുത്തെ മുമ്പിൽ അവരുടെ കൈമുട്ടുകൾ താനേ മടങ്ങിപ്പോയി. തണുത്തു വിറയ്ക്കുന്ന കൈകളിൽ സ്വശിരസ്സിനെ വച്ചു കുമ്പിട്ടുകൊണ്ട് അവർ പ്രാർത്ഥിച്ചു. സർവ്വസാക്ഷിയായ മിശിഹാ തമ്പുരാനല്ലാതെ മറ്റാരും ആ നിശബ്ദ മായ അഭയപ്രാർത്ഥനയെ കേട്ടിട്ടുണ്ടായിരിക്കുകയില്ല. ഹൃദയം നുറു ങ്ങിക്കൊണ്ടു അവരുടെ പ്രാർത്ഥന, ഒരു പക്ഷേ ഈ വിധമായിരുന്നി രിക്കാവുന്നതാണ്.

www.malankaralibrary.com



ദയാനിധിയായ ദൈവമേ, കരുണയേറിയ കർത്താവേ, സ്വർഗ്ഗസ്ഥനായ പിതാവേ, അശരണയായ ഈ ദാസിയെ അവിടന്നു തൃക്കൺപാർത്താലും ! തിരുസന്നിധിയിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്ന ഈ പെണ്ണാടിന്റെ ദയനീയമായ നിലവിളിയിൽ അവിടന്നു ചെവി ചായിച്ചാലും. ബലഹീനദാസിയുടെ ആത്മാവിനെ അവിടന്നു വിസ്മരിച്ചുകളയരുതേ. തൃക്കാലുകൾ കെട്ടിപ്പിടിച്ചു കരയുന്ന ഇവളെ അവിടന്നു ഉപേക്ഷിക്കരുതേ. കണ്ണുനീരിൽ കുളിക്കുന്ന ഈ പെൺപ്രാവിന് അവിടന്നു കുരിശിന്റെ നിഴലിൽ അഭയം നൽകണമേ. രക്ഷകനായ മിശിഹാതമ്പുരാനെ, അവിടുത്തെ ഭക്തിപൂർവ്വം ഉപചരിക്കുകയും സൽക്കരിക്കുകയും ചെയ്ത ലാസറിന്റെ ഗൃഹത്തെ അവിടുന്ന് ഓർക്കുന്നുണ്ടായിരിക്കുമല്ലോ. ലാസറിന്റെ സഹോദരിയായ മറിയത്തെപ്പോലെ അവിടുത്തെ ദാസിയിതാ തൃപ്പാദത്തിങ്കൽ കിടന്നുകൊണ്ട് അഭ്യപ്രാർത്ഥന ചെയ്യുന്നു. ആസന്നമരണമായ ഈ ദാസിയുടെ ഒരപേക്ഷയെ മാത്രം അവിടുന്നു ചെവിക്കൊണ്ടാലും. അടുത്തുള്ള ഭയങ്കരജന്തുവിനാൽ ഈ ദാസി മരിക്കണമെന്നാണ് തിരുവിഷ്ടമെങ്കിൽ പരിപൂർണ്ണമനസ്സോടുകൂടി അടിയൻ ഇതാ അതിനായി ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു. പക്ഷേ, അരുമയേറിയ രക്ഷകാ, പ്രിയപ്പെട്ട അപ്പാ, നിന്റെ ഈ ദാസിയുടെ മൃതശരീരം വന്യമൃഗങ്ങളാൽ ചീന്തികളയുമാറാവരുതേ. ബഥനിയിലെ മറിയയോടെന്നപോലെ അനുകമ്പതോന്നി ഇവളുടെ മൃതശരീരത്തെ അവിടുന്ന് ഈ ബഥനിയിൽ സ്വീകരിച്ചാലും.

നാടും വീടും വിട്ട് മാതാപിതാക്കന്മാരെയും സഹോദരസഹോദരിമാരേയും ഉപേക്ഷിച്ച് അവിടത്തെ സുവിശേഷം അറിയിപ്പാനായി എത്രയോ നാഴിക അകലെ വന്നിട്ടുള്ള ഈ ദാസിയുടെ ആത്മാവിനെ ഈ ബഥനിയിൽ വച്ചു സ്വീകരിപ്പാൻ അവിടുത്തേക്കു തിരുമനസ്സായല്ലോ. അതിനാൽ പുനരുത്ഥനാനാൾവരെ അതു ബഥനിയിലുള്ള ശവക്കോട്ടയിൽത്തന്നെ വിശ്രമിക്കുമാറാവട്ടെ. നികൃഷ്ടമായ ഈ ലോകത്തിൽനിന്ന് അടിയനെ വേർപെടുത്തുവാൻ കരുണ തോന്നിയവനായുള്ളോവേ അങ്ങേയ്ക്കു സ്തുതി. ബഥനിയിൽ കിടന്നുകൊണ്ട് ഈ ദാസിയുടെ ആത്മാവിനെ തൃക്കൈയിൽ ഭരമേല്പിക്കുവാൻ അനുകമ്പ നൽകിയവനായുള്ളാവേ, അങ്ങേയ്ക്കു സ്തുതി.

www.malankaralibrary.com



കാടിന്റെ നാനാവശത്തുകൂടിയും കയറിപ്പോയ അന്വേഷകന്മാർ "സിസ്റ്റർ സിസ്റ്റർ" എന്നു നീട്ടിവിളിച്ചുകൊണ്ടു കാടുനീളെ നടന്നു തിരഞ്ഞു. മണി ഒൻപതോളമായിക്കാണണം. അന്വേഷകന്മാരിൽ ചിലരുടെ ബുദ്ധി മന്ദിക്കാൻ തുടങ്ങി. ചിലർ ഇതികർത്തവ്യതായ മൂഢന്മാരായി നിന്നു. മറ്റു ചിലർ കാടിന്റെ അതിഭയങ്കരമായ ഭാഗത്തേക്കായി കയറിപ്പോയി. പള്ളിയിൽനിന്നുള്ള മണിയടി കേൾക്കായ്കയാൽ എല്ലാവരുടേയും മുഖം നിരാശയോടും മനോദണ്ഡനത്തേയും സൂചിപ്പിച്ചു. 'സിസ്റ്റർ! - സിസ്റ്റർ!' എന്ന വിളിയുടെ പ്രതിധ്വനിയല്ലാതെ യാതൊരുത്തരവും കേൾക്കപ്പെട്ടില്ല. സി-സ്റ്റേ-ർ-ർ-ർ എന്നു പൂർവ്വാധികം ഉച്ചത്തിലുള്ള ഒരു വിളി കാടിന്റെ ഒരു ഭാഗത്തായി ചെന്നലച്ചു. തൽക്ഷണം കമന്നുവീണു പ്രാർത്ഥിച്ചിരുന്ന സിസ്റ്റർ തലപൊക്കി ചെവിയോർത്തു. എന്തോ ഒരു 'ർ' ശബ്ദം മാത്രം കേട്ടതായിട്ടേ അവർക്കു തോന്നിയുള്ളു. പിന്നെയും അവർ കവിണുവീണു. 'സി-സ്റ്റ-ർ എന്നു ആരോ തന്നെ വിളിക്കുന്നുണ്ടെന്നു മനസ്സിലാക്കിയ അവർ പെട്ടെന്ന് എണീറ്റു നിന്നു. സമീപത്തുണ്ടെന്ന് തോന്നിയ ജന്തുവിനെ ഭയന്ന് ദൂരെ നിൽക്കുന്നവരോടായി വിളിച്ചുപറയുവാൻ അവർക്ക് അപ്പോൾ ധൈര്യമുണ്ടായില്ല. സ്വല്പം അകലെയായി അതാ ഒരു വെളിച്ചം കാണപ്പെടുന്നു. ഉടൻതന്നെ സി-സ്റ്റ-ർ എന്ന വിളി പൂർവ്വാധികം വിശദമാവുകയും ചെയ്തു. "ആം-ഹ്യർ-ആം ഹ്യർ" എന്ന സിസ്റ്ററിന്റെ കൂർത്ത സ്വരം അന്വേഷകന്മാരുടെ ചെവിയിലലച്ചു. ശബ്ദം കേട്ട സ്ഥലത്തേക്ക് കുന്നും കുഴിയും നോക്കാതെ അവർ ഓടിച്ചെന്നു. കൃതജ്ഞതാവികാരാധിക്യം നിമിത്തം സിസ്റ്ററിന് ഒന്നും അപ്പോൾ പറയാൻ കഴിഞ്ഞില്ല. കണ്ണിൽനിന്നൊഴുകിയ ബാഷ്പധാര ചുണ്ടുകളെ വിറപ്പിച്ചുകൊണ്ടിരുന്നു.

പള്ളിയിൽനിന്നതാ, മണിയടിശബ്ദം കേൾക്കപ്പെടുന്നു. തൽക്ഷണം അന്വേഷണം മതിയാക്കിക്കൊണ്ടു നാം പള്ളിയിലേക്കു നടന്നു തുടങ്ങി. ഇടയ്ക്കുവെച്ച്, മുകളിൽ നിന്നു ചിലർ ഇറങ്ങി വരുന്നതായിട്ടാണ് കണ്ടത്. സിസ്റ്ററല്ലേ ആ വരുന്നത്? എന്നു നാം കൂടെയുള്ളവരോടു ചോദിക്കുമ്പോഴേക്കും അവർ സമീപത്തെത്തി. തദവസരത്തിൽ സന്തോഷവും വ്യസനവും പരിഭ്രമവും ഒന്നും നാം അവരുടെ മുഖത്തു കാണുകയുണ്ടായില്ല. കൃതജ്ഞതയെ വമിപ്പിക്കുന്ന

www.malankaralibrary.com



കണ്ണുകളാൽ നമ്മെ ആദരപൂർവ്വം വീക്ഷിച്ചുകൊണ്ട് അവിടുത്തെ വേദനിപ്പിച്ചതിലുള്ള കുറ്റത്തെ ക്ഷമിക്കണേ എന്ന് ഇംഗ്ലീഷിൽ പറഞ്ഞു.

ഞങ്ങളെല്ലാവരും കൂടി സത്രത്തിൽ ചെന്നുചേർന്നു. സിസ്റ്റർ ഹെലൻ അവിടെ അപ്പോൾ മണിയടി ശബ്ദം കേട്ടു വന്നുകഴിഞ്ഞതേയുള്ളൂ "സിസ്റ്റർ, സിസ്റ്റർ" എന്നു ഇരുവരും ഏകശബ്ദത്തിൽ പറഞ്ഞുകൊണ്ട് കണ്ണീരോടുകൂടി നടത്തിയ ആ ആശ്ലേഷം സഹോദരീനിർവ്വിശേഷമായ സ്നേഹത്തിന്റെ പ്രതിച്ഛായതന്നെ എന്നു നാം സന്തോഷിച്ചു. അപ്പോൾ സന്ന്യാസികൾ എല്ലാവരിൽനിന്നുമായി പൊട്ടിപ്പുറപ്പെട്ട ആനന്ദാശ്രുപ്രവാഹം 'മേലിൽ സൂക്ഷിച്ചോണേ!' എന്നുണ്ടായ നമ്മുടെ സാന്ത്വനോക്തിയോടുകൂടി പെട്ടെന്നു ശമിക്കുകയും ചെയ്തു.

ബഥന്യാശ്രമത്തിനു ചുറ്റും ഇപ്പോഴും വലിയ കാടുതന്നെയായിരിക്കുമെന്നു വായനക്കാർ അന്യഥാ ഊഹിക്കേണ്ടതില്ല. പത്തിരുന്നൂറേക്കറിനകത്തുള്ള കാടെല്ലാം ഇപ്പോൾ വെട്ടിത്തെളിച്ചിരിക്കുകയാണ്.

## പ്രാർത്ഥന

സർവ്വശക്തനായ ദൈവമേ, പരിശുദ്ധറൂഹ എവിടെയുണ്ടോ അവിടെ സ്വാതന്ത്ര്യമുണ്ട് എന്ന് അവിടുന്ന് ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ടല്ലോ. പ്രേമപൂർവ്വം അവിടുന്നു പ്രത്യേകം വിളിച്ചിട്ടുള്ളവരെ സകല ദുർഘടങ്ങളിൽ നിന്നും, അന്ധതകളിൽനിന്നും തടസ്സങ്ങളിൽനിന്നും രക്ഷപെടുത്തണമേ. സർവ്വവും ഉപേക്ഷിച്ചുകൊണ്ട് അങ്ങയിൽ സങ്കേതപ്പെടുവാൻതക്കവണ്ണം അവർക്കു ധൈര്യവും സമാധാനവും പ്രദാനം ചെയ്യണമേ. ലൗകികമായ ഞെരുക്കങ്ങൾ അങ്ങയിൽ നിന്ന് അവരെ അകറ്റുമാറാവരുതെ. എപ്പോഴും അവിടുത്തെ ഭജിക്കുവാനും സേവിപ്പാനും അവർക്കിടയാകുമാറകണമേ.

www.malankaralibrary.com

അദ്ധ്യായം -7

# സന്ന്യാസ പ്രതിഷ്ഠ

ആശ്രമത്തിന്റെ പ്രാരംഭകാലങ്ങളിൽ എപ്പോഴും നമുക്കു ആശ്രമസ്ഥന്മാരൊന്നിച്ചു താമസിക്കുവാൻ ചില കാരണങ്ങളാൽ സാദ്ധ്യമായിരുന്നില്ല. അവരുടേയും അനാഥശാലയിലെ കുഞ്ഞുങ്ങളുടേയും ഉപജീവനത്തെ ഉദ്ദേശിച്ചു മാത്രമല്ലാ, കൃഷി സംബന്ധമായുള്ള ഇതര ചെലവുകളും നിർവിഘ്നം നടന്നുപോകുന്നതിനു വേണ്ടത്തക്ക മൂലധനമില്ലാതിരുന്നതിനാൽ നമുക്കു പലേടങ്ങളിലും ചുറ്റി സഞ്ചരിച്ച് പണം ഉണ്ടാക്കേണ്ടിയിരുന്നുവല്ലോ. അതിനാൽ ചില കാലങ്ങളിൽ ഭിക്ഷാടനാർത്ഥം നമുക്ക് ആശ്രമത്തിൽനിന്ന് ഇറങ്ങിപ്പോരേണ്ടിവന്നിരുന്നു. അല്ലാത്ത കാലങ്ങളിൽ എല്ലാം നാം ആശ്രമത്തിലായിരിക്കുകയും ചെയ്യും. നാം അവിടെ ഇല്ലാത്ത സന്ദർഭങ്ങളിൽ ആശ്രമസ്ഥന്മാർക്കു സന്ന്യാസപരമായ പ്രാരംഭപരിശീലനങ്ങൾ നൽകുകയും തദ്വിഷയത്തിൽ അവർക്കു വേണ്ടുന്ന ഉപദേശങ്ങൾ കൊടുക്കുകയും ചെയ്തു വന്നത് ഫാദർ അലക്സിയോസും യാക്കോബുശെമ്മാശനുമായിരുന്നു. ഓരോരുത്തരുടേയും ബലഹീനതകളെ നിരീക്ഷിച്ചും അവയെല്ലാം നിശ്ശേഷം പരിഹരിക്കപ്പെടുമാറ് അവയ്ക്കു പ്രതികൂലമായ സുകൃതങ്ങളിലൂടെ ആശ്രമസ്ഥന്മാരെ വഴി നടത്തിക്കൊണ്ടു പോകയും ചെയ്യുന്നതിൽ നമ്മുടെ നിർദ്ദേശാനുസാരം ആശ്രമാദ്ധ്യക്ഷൻ നന്നായി ശ്രദ്ധപതിപ്പിച്ചുവന്നു. കൃഷിസംബന്ധമായോ അല്ലാതെയോ ലൗകികമായ ഏതു കാര്യത്തിലും ഏർപ്പെടുമ്പോൾ, അതിൽനിന്നു ലഭിക്കാവുന്ന പ്രതിഫലത്തെക്കുറിച്ച് യാതൊന്നും ഗൗനിക്കേണ്ടതില്ലെന്നും, ആ വിധത്തിൽ പ്രതിഫലേച്ഛയെ നിശ്ശേഷം ഹനിച്ചുകളയണമെന്നും ആശ്രമസ്ഥൻ പ്രത്യേകം ഉപദേശിക്കുകയും ചെയ്തിരുന്നു. ആശ്രമസ്ഥന്മാരുടെ ശാരീരികമായ ആരോഗ്യസ്ഥിതിയെ ഗൗനിക്കാതെ അവരെക്കൊണ്ടു തീവ്രങ്ങളായ വ്രതങ്ങൾ, അനുഷ്ഠാനങ്ങൾ, പ്രവൃത്തികൾ മുതലായവയൊന്നും ചെയ്യിച്ചുവന്നിരുന്നില്ല. പ്രാർത്ഥന, ധ്യാനം, ജീവിതശോധന, വി: കുമ്പസാരം, വി: കുർബാനാർപ്പണം, വി: കുർബാനാനുഭവം, സന്നിധിബോധപരിശീലനം, ഇന്ദ്രിയനിഗ്രഹം,

www.malankaralibrary.com



കൃത്യശുദ്ധീകരണം, സുകൃതപരിശീലനം മുതലായവയിൽക്കൂടി നാമും നമ്മുടെ ആശ്രമസ്ഥന്മാരും ദൈനംദിനം ദൈവകൃപയിൽ ജീവിച്ചിരുന്നു വെന്നു സംക്ഷിപ്തമായി പറയുകയല്ലാതെ അതിനെ ക്കുറിച്ചു സവിസ്തരം എഴുതുവാൻ നമ്മെക്കൊണ്ടു പ്രയാസ മാണെന്നു ള്ളതിൽ വായനക്കാർക്ക് അസുഖം തോന്നുമാറാവരുത്.

95-ാമാണ്ടിലെ പെന്തിക്കുസ്തിക്കുള്ളിലായി ആശ്രമസ്ഥന്മാ രായിച്ചേർന്ന എട്ടുപത്തുപേരിൽ ആശ്രമത്തിലെ പ്രഥമസന്താന ങ്ങളായ നമുക്കും ഫാദർ അലക്സിയോസിനും യാക്കോബു ശെമ്മാശനും പ്രഥമ സന്ന്യാസപ്രതിഷ്ഠക്കുള്ള കാലവും പരിശീല നവും തികഞ്ഞിരുന്നു. അതിനാൽ കുറെക്കാലം അതിന്നായുള്ള ഒരുക്കത്തിനുവേണ്ടി നാം സഞ്ചാരം നിറുത്തിവെച്ച് ആശ്രമത്തിൽ അധിവാസമുറപ്പിച്ചു. തങ്ങളെ ത്തന്നെ തങ്ങൾ മുഴുവനായി ആശ്രമപിതാവുമുഖേന ദൈവ തൃക്കൈ കളിൽ സമർപ്പിച്ചിരിക്കുകയാണെന്നും അതിനെ പ്രതിജ്ഞകളാൽ ഉറ പ്പിച്ചു ദൈവാനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനുള്ള അവസരത്തെ പ്രതീ ക്ഷിച്ചിരിക്കുകയാണെന്നും അവർ നമ്മോടു പറഞ്ഞപ്പോൾ നമുക്ക് അനിർവചനീയമായ സന്തോഷവും സമാധാനവും ഉണ്ടായി. യാതൊരു പ്രേരണയും വശീകരണവും കൂടാതെ, സ്വമേധയായി ദൈവത്തിനു തങ്ങളെത്തന്നെ ഏല്പിച്ചുകൊടുക്കാ ത്ത വരെക്കൊണ്ടു സമൂഹത്തിനു നാശമല്ലാതെ ഗുണം ഉണ്ടാവാൻ ഇടയുള്ളതല്ലല്ലോ.

ഈ സന്ദർഭത്തിൽ മറ്റൊരു കാര്യം ഇവിടെ പറയുന്നത് അനുചിത മായിരിക്കയില്ല. ഒരിക്കൽ നാം ആശ്രമത്തിൽ ചെന്നിരുന്നപ്പോൾ ആശ്രമ സ്ഥന്മാർ എല്ലാവരും കൂടി ഒരു പ്രത്യേകസംഗതിയെ സംബന്ധിച്ചു ആലോചിച്ചുവെച്ചിരിക്കുന്നുവെന്നു നമുക്കറിയാൻ കഴിഞ്ഞു. തദ്വിഷയ ത്തിൽ നമ്മുടെ ആഗ്രഹവും ആജ്ഞയും എന്തെന്നറിയാൻ അവർ ഉൽക്കണ്ഠിതരായിരിക്കുകയു മായിരുന്നു. സംക്ഷിപ്തമായിപ്പറയുന്ന പക്ഷം ആശ്രമത്തിന് ആദായം ഉണ്ടാവത്തക്കവിധത്തിൽ വല്ലതും ആവശ്യമാണോ എന്നായിരുന്നു അവരുടെ സംശയം. കരയുന്ന കാക്ക ക്കുഞ്ഞുങ്ങളെ പോറ്റുകയും വയലിലെ സസ്യങ്ങൾക്ക് അനുയോജ്യ മായ വസ്ത്രാലങ്കാരങ്ങൾ നൽകുകയും ചെയ്യുന്നവനായ ദൈവം തങ്ങൾക്ക് ആഹാരം ആവശ്യമാണെങ്കിൽ അതിനെയും പ്രദാനം ചെയ്യാ തിരിക്കയില്ലെന്നുള്ള തിനാൽ, മലയും കൃഷിയും എല്ലാം പരിത്യജിച്ചു കൊണ്ട് ദൈവസേവനത്തിനും ദൈവസമ്പാദനത്തിനുമായി തങ്ങളെ

www.malankaralibrary.com



ത്തന്നെ ദൈവത്തിനു സമർപ്പിക്കുകയല്ലേ വേണ്ടതെന്നായിരുന്നു അവർ ആലോചിച്ചുവെച്ചിരുന്നത്. നിസ്വാർത്ഥപരവും നിഷ്കാമപൂരിതവുമായ അവരുടെ ഹൃദയഗതികളെക്കണ്ട് നാം അത്യന്തം കൃതാർത്ഥനായിത്തീർന്നു. എല്ലാം ഉപേക്ഷിച്ച് സകലവും കൈവെടിഞ്ഞ്, ദൈവത്തെ അഭിമുഖീകരിക്കുകയാണ് വേണ്ടതെന്നുള്ള തിലും, ഭാവിയെപ്പറ്റി ഗൗനിക്കുകയേ ആവശ്യമെന്നുള്ളതിലും നമുക്ക് യാതൊരു അഭിപ്രായഭേദവും തോന്നുകയുണ്ടായില്ല. സന്ന്യാസത്തിൽ എത്രയോ ഉയർന്ന ഒരവസ്ഥയാണതെന്നും നാം ഗ്രഹിച്ചിരുന്നു. "ഒന്നിലും ധൃതഗതിയരുത്;" ആലോചിക്കട്ടെ എന്നുമാത്രം നാം അവരോട് സമാധാനം പറഞ്ഞു. മറ്റൊരിക്കൽ അവരുടെ ഏതാദൃശ ചിന്തയുടെ ഭവിഷ്യൽഫലത്തെപ്പറ്റി നാം അവരെ പ്രബോധിപ്പിക്കാതിരുന്നില്ല. ഇപ്പോൾ ഉള്ളവരെക്കൂടാതെ തുടരെത്തുടരെ വേറെയും ആളുകൾ ദൈവകൃപയുണ്ടായി സന്ന്യാസത്തിലേക്കു വരുന്നപക്ഷം അവരുടെ പരിശീലനകാലത്തെ ഉദ്ദേശിച്ച് ഉപജീവനം നൽകുന്നില്ലെങ്കിൽ, സന്ന്യാസസമൂഹമെന്നു പറയപ്പെടാവതല്ലെന്നു നാം വ്യക്തപ്പെടുത്തി. ഇതിനും പുറമേ ആശ്രമം കൈക്കൊണ്ടിട്ടുള്ള അനാഥശാലാസ്ഥാപനം, സാധുസംരക്ഷണം എന്നീവക പരോപകാര പ്രസ്ഥാനങ്ങളുടെ നിലനിൽപ്പിനും പ്രതിഫലേച്ഛ കരുതാതെയുള്ള സുവിശേഷപ്രചരണത്തിനും മാർഗം നോക്കേണ്ടതു കടമയല്ലയോ എന്നും, സന്ന്യാസപരിശീലനത്തിനായി സ്വൈര്യമായ ഒരു ആശ്രമം എവിടെയങ്കിലും തനതുവകയായി ഉണ്ടാക്കേണ്ടത് ആവശ്യമല്ലയോ എന്നും, നാം അവരോടു ചോദിച്ചു. ബഥന്യാശ്രമത്തിന്റെ ഉദ്ദേശങ്ങൾ നാനാമുഖങ്ങളാണല്ലോ. ദരിദ്രരായി, അനാഥരായി, രോഗികളായി, പരസഹായം അപേക്ഷിതമായിരിക്കുന്നവർക്കെതിരായി ബഥന്യാശ്രമത്തിന്റെ കതകുകളെ അടച്ചുകളയാൻ പാടുള്ളതല്ല.

പെന്തിക്കുസ്തി ദിവസം അടുത്തടുത്തു വന്നു. സന്ന്യാസ പ്രതിഷ്ഠ നടത്തേണ്ടിയിരുന്നവർ തത്സംബന്ധമായ ഭജനത്തിൽ ജാഗരൂകരായി. എത്രയോ ഗൗരവമേറിയ ഒരു കാര്യത്തിനാണു തങ്ങൾ സമർപ്പിക്കപ്പെടുകയും നിയോഗിക്കപ്പെടുകയും ചെയ്യുന്നതെന്ന് അവർക്കു പരിപൂർണ്ണ ബോദ്ധ്യമുണ്ടായിരുന്നു. ഒരിക്കൽ കൈവിട്ടാൽ തിരിച്ചെടുക്കാൻ പാടില്ലാത്തവണ്ണമുള്ള അവസ്ഥയിലേക്കു തങ്ങളെ തന്നെ തങ്ങൾ പരിത്യജിക്കയാണെന്നും, ദൈവതിരുവഷ്ടപ്രകാരമുള്ള ഏതുതരം കഷ്ടപ്പാടിനും മരണത്തിനും തങ്ങൾ പാത്രവാന്മാരായിരിക്കേണ്ടതാണെന്നും അവർക്കറിയാമായിരുന്നു. ലോകത്തിനു മരിക്കുന്ന

www.malankaralibrary.com



വനത്രേ ഒരു സന്ന്യാസി. ലൗകികമായ ബഹുമതിയും ജനസമ്മിതിയും സന്ന്യാസിക്കാവശ്യമില്ല. ദൈവത്തിനായി സകലവും ത്യജിച്ചിരിക്കുന്നു എന്നതിലുള്ള സൗഭാഗ്യമല്ലാതെ മറ്റൊന്നിലും സൗഭാഗ്യം ഉള്ളതായി സന്ന്യാസി കരുതിപ്പോകരുത്. സന്ന്യാസ പ്രതിഷ്ഠമൂലം ഒരു സന്യാസി ദാരിദ്ര്യത്തെ ശിരോലങ്കാരമായി സ്വീകരിക്കുന്നു. സന്ന്യാസിയുടെ പൗരാവകാശം സ്വർഗ്ഗത്തിലത്രെ. സന്ന്യാസിയുടെ ജീവിതപ്രമാണം ദൈവസ്നേഹം എന്നായിരിക്കണം. ദൈവഹിതം നിറവേറ്റുന്നതിൽ യാതൊരു വ്യവസ്ഥയും സന്ന്യാസിക്കു പാടുള്ളതല്ല: മത്സ്യം വെള്ളത്തി ലെന്നപോലെ, സന്ന്യാസി ദൈവസം സർഗത്തിൽ ജീവിക്കേണ്ടവനാ കുന്നു. ഈ വക ആശയങ്ങളത്രെ ഭജനത്തിലെ ധ്യാനങ്ങൾക്കു വിഷയീ ഭൂതങ്ങളായിരു ന്നത്.

പെന്തിക്കുസ്തി ഞായറാഴ്ചദിവസം നേരം പുലർന്നു. ആശ്രമ സ്ഥന്മാർ എല്ലാവരും മലയുടെ അടിവാരത്തിലുള്ള ഇടവകപ്പള്ളിയി ലേക്കു പോകുന്നതിനു മുമ്പായി, ആശ്രമത്തിലെ പ്രാർത്ഥനാമുറിയിൽ വെച്ച് എല്ലാവരും ചേർന്ന് "ലിലിയാ" നമസ്ക്കാരം കഴിച്ചു. അനന്തരം ആശ്രമസ്ഥരും അനാഥക്കുഞ്ഞുങ്ങളുമായി ഓരോ രുത്തരും, വിവിധ സാധനങ്ങളുമൊത്ത് അടിവാരത്തിലേക്കായി ഇറങ്ങിത്തുടങ്ങി. ഒരുത്തൻ കുർബാനപ്പെട്ടി ചുമന്നു. ചേങ്ങല, കിലുക്കുമണി, മർബാസാ മതുലായവ വേറെ ചിലർ; ഏവൻഗേലിയോൻ പ്രാർത്ഥനാ പുസ്തക ങ്ങൾ എന്നിവ മറ്റു ചിലർ; വെള്ളം വാഴ്ത്തുവാനുള്ള പാത്ര ങ്ങൾ അതു തളിപ്പാനുള്ള തണ്ട്, ശുദ്ധജലം എന്നിവയുമായി മറ്റാളുകൾ; ത്രോണോ സിനെ അലങ്കരിക്കത്തക്കവണ്ണം മനോഹര ങ്ങളായ പുഷ്പങ്ങളുമായി ചില കുഞ്ഞുങ്ങൾ – ഇങ്ങനെ തദ്ദിനത്തിലെ ശുശ്രൂഷ യ്ക്കാവശ്യമായ സകലതും മലമുകളിൽ നിന്നു കീഴോട്ടിറക്കിക്കൊണ്ടു അണി നിരന്നു പോകുന്ന കാഴ്ച മുകളിൽ നിന്നു നോക്കുന്ന ഒരാൾക്കു കൗതുകകരം തന്നെയാണ്. അവരോടൊന്നിച്ചു കിഴുക്കാം തൂക്കായ ആ ഇറക്കം ഇറങ്ങിപ്പോവുക നമ്മാൽ പ്രയാസമായിട്ടുള്ളതായിരുന്നു. അതിനാൽ മലകയറുവാനും ഇറങ്ങു വാനുമുള്ള ഉപയോഗത്തിനുവേണ്ടി നാം വാങ്ങിച്ചിട്ടുള്ള കുതിരയുടെ പുറത്തു കയറിക്കൊണ്ടു നാമും സാവകാശത്തിൽ ഇടവകപ്പള്ളിയിൽ എത്തിച്ചേർന്നു. പതിവുള്ള മൗനത്തെ ഭഞ്ജിക്കാതെ, ഓരോരുത്തരും പള്ളിയിൽ വേണ്ടുന്നതായ സർവ്വ ഒരുക്കങ്ങളും ചെയ്തു. പ്രഭാത പ്രാർത്ഥനാനന്തരം നാം വി. കുർബാന യാരംഭിച്ചു. ബസ്മലക്കായുടെ നേരത്തു പെന്തിക്കുസ്തി

www.malankaralibrary.com



ദിവസത്തിലെ ശുശ്രൂഷ കൾ നടത്തി വി. കുർബാനയവസാനിപ്പിച്ചു. അതിന്റെശേഷം ആശ്രമസ്ഥന്മാരോ ടായി പ്രതിഷ്ഠാകർമ്മത്തിന്റെ ഗൗരവത്തെപ്പറ്റി ചെറുതായ ഒരു പ്രസംഗം ചെയ്തു. അതിന്റെ സംക്ഷേപം ഇതായിരുന്നുവെന്നു പറയാം.

“സന്ന്യാസം യാഗപശു തന്നെ. യാഗപശു നാല് അവസ്ഥാന്തര ങ്ങളിൽകൂടി കടന്നുപോകുന്നുണ്ട്. ഒന്നാമതായി യാഗപശുവിനെ കൂട്ടത്തിൽനിന്നു വേർതിരി ക്കുന്നു. രണ്ടാമതായി അതിനെ, ദൈവാലയ ത്തിനു പുറത്തു കെട്ടുന്നു. മൂന്നാമതായി, യാഗദിവസത്തിൽ ആരാധ കൻ വന്ന് അതിന്റെ കഴുത്തുവെട്ടി തോൽ ഉരിച്ച് പല കഷണങ്ങളാക്കി അതിനെ ഖണ്ഡിക്കുകയും, അതിൽ നിന്നു ചീത്തഭാഗങ്ങളെ ഉപേക്ഷി ക്കുകയും, രക്തം ഒരു പ്രത്യേക പാത്രത്തിലാക്കി ആചാര്യനെ ഏല്പി ക്കുകയും മാംസവും രക്തവും ദൈവാലയത്തിലുള്ള യാഗപീഠത്തി ലേക്കു കൊണ്ടുപോകയും ചെയ്യുന്നു. നാലാമതായി ആചാര്യൻ മാംസ കഷണങ്ങളെ യാഗപീഢത്തിന്മേൽ വെച്ചു ഹോമിക്കുകയും രക്തത്തെ പീഠത്തിന്മേൽ ഒഴിക്കുകയും ചെയ്യുന്നു. യഹൂദന്മാർക്കു പല യാഗ ങ്ങളും ഉള്ളതിൽ അതിശ്രേഷ്ഠമായത് സർവ്വാംഗഹോമ യാഗമത്രെ. മറ്റുള്ള യാഗങ്ങളിൽ ആരാധകനും മറ്റും ചില ഓഹരികൾ ഉണ്ട്. ഒരു ഭാഗം മാത്രമേ യാഗപീഠത്തിന്മേൽ വെച്ചു ഹോമിക്കുകയുള്ളു. എന്നാൽ സർവാംഗഹോമയാഗമെന്നത് അങ്ങനെയല്ല. എല്ലാം, ദൈവത്തിനു മാത്രമായി ഹോമിക്കപ്പെടുന്നു. അതത്രേ സന്ന്യാസം.”

“യാഗപശുവിനു തുല്യനായ സന്ന്യാസി സ്വയമേവ വേർതിരി ക്കപ്പെടുന്നു. സ്വയമേവ അയാൾ ദൈവാലയത്തിന്റെ പരിസരപ്രദേശ മെന്നു പറയപ്പെടാവുന്ന ആശ്രമത്തിലേക്കു വന്നുചേരുന്നു. അവിടെ അയാൾ യാഗദിവസത്തേയും പ്രതീക്ഷിച്ച് ദിവസം തോറും തന്റെ മാലിന്യങ്ങളെയെല്ലാം കണ്ണുനീരിൽ കഴുകിക്കൊണ്ട് താമസിക്കുന്നു. യാഗദിവസത്തിൽ സന്ന്യാസി, ദൈവാലയത്തിന്റെ വാതിൽക്കൽ വെച്ച് കണ്ഠച്ഛേദം ചെയ്യപ്പെടേണ്ടതാണ്. അയാളുടെ കഴുത്തിനെ അയാൾ തന്നെ ഛേദിച്ചുകളയുന്നു. വെട്ടുകത്തി വ്രതത്രയങ്ങളത്രെ. അനന്തരം ആചാര്യനാകുന്ന ധർമ്മാദ്ധ്യക്ഷന് അയാൾ തന്നെത്തന്നെ ഏൽപിക്കു കയും ധർമ്മ്യാദ്ധ്യക്ഷൻ അയാളെ ദൈവത്തിനായി സമർപ്പിച്ചു ദൈവനാമത്തിൽ സ്വീകരിക്കുകയും ചെയ്യുന്നു. സന്ന്യാസിയുടെ തോൽ ഉരിയപ്പെടണം. ദേഹം പല കഷണങ്ങളായി ഖണ്ഡിക്കപ്പെടണം. അതിൽ

www.malankaralibrary.com





ചീത്തയായ ഭാഗങ്ങൾ അറുത്തു നീക്കണം. വ്രതാനുഷ്ഠാന നിർവഹണങ്ങളാൽ മാത്രം ഒരാൾ പരിപൂർണ്ണ സന്ന്യാസിയായി ത്തീരുന്നില്ല. സന്ന്യാസി യാഗപീഠത്തിന്മേൽ കിടന്നു ഹോമിക്കപ്പെടുക തന്നേ വേണം. അയാൾ യേശുമിശിഹായോടൊപ്പം യാഗപീഠത്തിന്മേൽ കിടക്കുന്നു. ആയുഷ്പര്യന്തം ഈ യാഗം അർപ്പിക്കപ്പെടുന്നു."

പ്രസംഗത്തിന്റെ ശേഷം നാമും മറ്റുള്ളവരും രഹസ്യപ്രാർത്ഥനാ നന്തരം വി. ത്രോണോസിന്റെ മുമ്പിൽ മുട്ടുകുത്തിക്കൊണ്ടു പ്രതിജ്ഞകൾ ചെയ്തു. ഇങ്ങനെയുള്ള പ്രതിജ്ഞകൾ അവിടെ പിന്നീടും നടക്കുകയുണ്ടായിട്ടുണ്ട്.

ആദ്യകാലങ്ങളിൽ ആശ്രമക്കെട്ടിടത്തിന്റെ വടക്കേ അറ്റത്തെ മുറിയായിരുന്നുവല്ലോ ചാപ്പലായി ഉപയോഗിച്ചു വന്നിരുന്നത്. കുറേ

www.malankaralibrary.com



ക്കഴിഞ്ഞപ്പോൾ പ്രത്യേകം ഒരു ചാപ്പൽ ആശ്രമത്തിന്റെ വടക്കു പടിഞ്ഞാറായി നിർമ്മിക്കപ്പെട്ടു. കാട്ടുകമ്പുകൊണ്ടും കാട്ടുപുല്ലു കൊണ്ടും ഉണ്ടാക്കപ്പെട്ട ഈ ചാപ്പലിന്റെ ഭിത്തി മരപ്പലകകളെക്കൊണ്ടു ണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. പണ്ട് അനാഥക്കുഞ്ഞുങ്ങൾക്കായി പ്രത്യേകം കെട്ടിടം ഉണ്ടായിരുന്നില്ല. അനന്തരം പഴയ ചാപ്പൽമുറിയുടെ വടക്കു പടിഞ്ഞാറെ ഭാഗത്തായി ഒരു അനാഥശാലയുണ്ടാക്കി. പിന്നീട് കുറേകഴിഞ്ഞപ്പോൾ, താഴെ ഇടവകപ്പള്ളിക്കു സമീപമായി നല്ലതായ ഒരു കെട്ടിടം തന്നെ നിർമ്മിച്ചു. അനാഥക്കുഞ്ഞുങ്ങൾ ഇപ്പോൾ താമസി ക്കുന്നത് ഈ പുതിയ കെട്ടിടത്തിലാകുന്നു. പഴയ അനാഥശാലാ കെട്ടിടം സന്ന്യാസാർത്ഥികൾ ഉപയോഗിച്ചു വരുന്നു. പുതുതായി ഉണ്ടാക്കപ്പെട്ട ചാപ്പലിന്റെ തെക്കുവശത്തായി രോഗികളെ ഉദ്ദേശിച്ച് ആശ്രമത്തിനു തെക്കു കിഴക്കായി ഒരു ആതുരശാലയും ഇപ്പോൾ ഉണ്ടാക്കിയിട്ടുണ്ട്.

## ആശ്രമഘടന

സന്ന്യാസപരിശീലനാർത്ഥം ബഥന്യാശ്രമത്തിൽ ചേർന്നിട്ടുള്ളവ ർക്കു യഥാകാലം, യഥാക്രമം 'ആയാതൻ' 'അർത്ഥി' ധർമ്മ ശിഷ്യൻ, തൽക്കാലവ്രതസ്ഥൻ, നിത്യവ്രതസ്ഥൻ എന്നിങ്ങനെ സ്ഥാനങ്ങൾ ലഭിക്കപ്പെടുന്നു. നമ്മുടെ നാഥനായ മിശിഹാതമ്പുരാന്റെ സന്ന്യാസ പരമായ ഉപദേശങ്ങൾക്കും പുറമെ, പൗരസ്ത്യസഭയിൽ സന്ന്യാസ സമൂഹം ഏർപ്പെടുത്തിയ പുണ്യശ്ലോകൻ മാർ ബസ്സേലിയോസ് ബാവായുടെ സന്ന്യാസ നിബന്ധനകളത്രെ പ്രാധാന്യമായി ബഥന്യാ ശ്രമത്തിൽ സ്വീകരിക്കപ്പെട്ടിട്ടുള്ളത്.

ബഥന്യാശ്രമസ്ഥന്മാരെല്ലാവരും കാഷായവസ്ത്രം ധരിച്ചു കൊള്ളണമെന്നുള്ളത് നിർബന്ധിതമാകുന്നു. ഇതിനാൽ കേവലം മണ്ണുതന്നെയാണെന്ന് എപ്പോഴും ഒരു സന്ന്യാസി അനുസ്മരിക്കു ന്നതിനു പുറമെ, താൻ ദൈവത്തിനുവേണ്ടി നിന്ദിക്കപ്പെടുവാനും ചവിട്ടപ്പെടുവാനുമുള്ളവനാകുന്നു എന്നുള്ള തത്വം ഗ്രഹിക്കുകയും ചെയ്യുന്നു. സുവിശേഷപ്രചരണസൗകര്യത്തേയും ആദായത്തേയും ഗൗനിക്കുമ്പോഴും കാഷായവസ്ത്രം ഉത്തമവുമാണല്ലോ.

ഒനുവായ സന്ന്യാസപദ്ധതിയനുസരിച്ച് നാം റമ്പാൻ സ്ഥാന മേറ്റത് 1925 മകരമാസം 15-ാം തീയതിയായിരുന്നു. അനന്തരം യാദൃച്ഛിക

www.malankaralibrary.com



മായ ചില കാരണങ്ങളാൽ മാത്രം നമുക്ക് എപ്പിസ്ക്കോപ്പാ പദത്തിൽ കയറുവാൻ സംഗതിയായിത്തീർന്നു. മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ രണ്ടാമത്തെ പൗരസ്ത്യ കാതോലിക്കയായി അവരോധിക്കുന്നതിനെപ്പറ്റി ആലോചിപ്പാൻ വേണ്ടി പരുമല വെച്ച് എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കൂടുകയുണ്ടായി. അപ്പോൾ നാമും അവിടെ ഉണ്ടായിരുന്നു. തദവസരത്തിൽ നാം എപ്പിസ്ക്കോപ്പയായാൽ നന്നായിരുന്നുവെന്നു തിരുമേനികൾ കൽപിച്ചു. ദൈവം നമ്മെ വിളിക്കുന്നുണ്ടെന്നു തിരുമേനികൾക്കു ബോദ്ധ്യമുള്ളപക്ഷം മാത്രം നമുക്ക് ആ സ്ഥാനം മതിയെന്നു മറുപടി പറഞ്ഞു. ബഥനിയുടെ എപ്പിസ്ക്കോപ്പായായി ഇരിപ്പാൻ സ്ഥാനം ഏൽക്കണമെന്നു വീണ്ടും കൽപ്പിച്ചു. തദനുസാരമാണ് 1925 മേടമാസം 19-ാം തീയതി നമുക്ക് എപ്പിസ്ക്കോപ്പാ സ്ഥാനാഭിഷേകം പ്രാപിപ്പാൻ ഇടയായത്.

രണ്ടാമത്തെ കാതോലിക്കാബാവായുടെ നിര്യാണത്തിനുശേഷം 1928 ധനു 5-ാം തീയതി വീണ്ടും എപ്പിസ്ക്കോപ്പൽ സുന്നഹദോസു കൂടപ്പെട്ടു. അതിൽ വെച്ചു നിരണം മുതലായ ഇടവകകളുടെ മാർഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ മൂന്നാമത്തെ പൗരസ്ത്യ കാതോലിക്കായായിട്ടും, എപ്പിസ്ക്കോപ്പായായ നമ്മെ മെത്രാപ്പോലീത്തായായിട്ടും, ബഥനിയിലെ യാക്കോബു റമ്പാനെ ബഥനിയുടെ എപ്പിസ്ക്കോപ്പായായിട്ടും വാഴിക്കേണ്ടതാണെന്നും നിശ്ചയിക്കുകയും അപ്രകാരം 1929 കുംഭം 2-ാം തീയതി, കാതോലിക്കാവാഴ്ച ദിവസത്തിൽ, നമ്മെ മെത്രാപ്പോലീത്തായായി അവരോധിക്കുകയും പിറ്റേദിവസം യാക്കോബുറമ്പാനെ ബഥനിയുടെ എപ്പിസ്ക്കോപ്പായായി വാഴിക്കുകയും ചെയ്തു.

കൊയ്യുവാനായി വേലക്കാർ വളരെ ആവശ്യമായിരിക്കുന്ന ഈ കാലത്ത് ബഥനിയെ സംബന്ധിച്ചിടത്തോളം കൊയ്ത്തുകാർ വളരെ ചുരുക്കമാണെന്നു പറയേണ്ടതില്ലല്ലോ. ബഥനിയുടെ ആദർശാനുസാരം വേലക്കാരെ ആവശ്യമത്രേ. ഈ വിഷയത്തിൽ ദൈവമക്കളായ ഏവരുടേയും പ്രാർത്ഥനാ സഹായങ്ങളും സഹകരണവും നമുക്കെത്രയോ അപേക്ഷിതമായിരിക്കുന്നുവെന്നുള്ള വിവരം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

www.malankaralibrary.com

## അദ്ധ്യായം – 8

# കന്യകാമഠം

നാം സെറാമ്പൂരിൽ താമസിച്ചിരുന്നപ്പോൾ വിദ്യാഭ്യാസാർത്ഥമായും മറ്റും വന്നുചേർന്ന പെൺകുട്ടികളിൽ ചിലരെ ബാരിസോളിലുള്ള കന്യകാമഠത്തിലും മറ്റുചിലരെ ഡയോസിസൻ കോളേജിലും ചേർത്തു വന്നിരുന്നുവെന്നു മുന്നൊരവസരത്തിൽ നാം പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇങ്ങനെ രണ്ടു സ്ഥലങ്ങളിലായി പഠിച്ചുവന്നവരാലാണ് ഇന്നിപ്പോൾ തിരുവല്ലായിൽ കാണപ്പെടുന്ന കന്യകാമഠം ഉണ്ടായിത്തീർന്നതെന്നു പറയാം.

കന്യകാമഠങ്ങൾ സമുദായത്തിന്റെ ആത്മീയ വളർച്ചയ്ക്കും വിദ്യാഭ്യാസോന്മുഖമായ അതിന്റെ അഭിവൃദ്ധിക്കും അത്യന്ത്യാപേക്ഷിതമത്രെ. നാനാമുഖങ്ങളായ അവയുടെ പ്രയോജനാതിരേകത്തെ പ്രധാനപ്പെട്ട പല പൗരസ്ത്യപാശ്ചാത്യസഭകളും വേണ്ടവണ്ണം മനസ്സിലാക്കുകയും, അനുഭവിച്ചറിയുകയും ചെയ്തിട്ടുണ്ട്. ആതുരശുശ്രൂഷയിൽ പുരുഷന്മാരേക്കാൾ സ്ത്രീകൾക്കാണു കഴിവും മിഴിവും ഉള്ളതെന്നുള്ളത് അവിതർക്കിതംതന്നെ. സ്ത്രീവിദ്യാഭ്യാസ വിഷയത്തിലും പുരുഷന്മാരേക്കാൾ പതിന്മടങ്ങു ഫലം സ്ത്രീകൾക്കു പറപ്പെടുവിക്കാൻ കഴിയും. അങ്ങനെയുള്ള സ്ത്രീകൾ തങ്ങളുടെ ആയുശ്ശേഷത്തെ മുഴുവനോടെ ദൈവത്തിനായി പ്രതിഷ്ഠിച്ചുകൊണ്ട് എന്നും കന്യകാത്വം പാലിക്കാൻ നിശ്ചയിച്ചിട്ടുള്ളവരാണെങ്കിൽ അവരേക്കൊണ്ട് സാമൂഹികമായും ആത്മീയമായും ലഭിക്കാവുന്ന ഐശ്വര്യലാഭത്തെ നാം ഇവിടെ വിശദപ്പെടുത്തേണ്ടതായിട്ടില്ലല്ലൊ.

ഡയോസിസൻ കോളേജിൽ ഉള്ളവരുടെയെന്നപോലെ ബാരിസോളിൽ താമസിച്ചിരുന്നവരുടെയും കാര്യത്തിൽ നാം ഒരുപോലെ ബദ്ധശ്രദ്ധനായിരുന്നു. രണ്ടിൽനിന്നും നമ്മുടെ ഉദ്ദിഷ്ടകാര്യത്തിനുതകാവുന്നവരെ ലഭിക്കാവുന്നതാണെന്നു നാം പ്രതീക്ഷിച്ചു. കന്യകാമഠ

www.malankaralibrary.com





ത്തിൽ താമസിച്ചിരുന്നവർക്കു നിശ്ചയമായും ഒരേ ഒരു ഉദ്ദേശ്യമേ ഉണ്ടായിരിപ്പാൻ തരമുള്ളുവല്ലോ. ആ ഒരു ഉദ്ദേശ്യസാദ്ധ്യത്തിനായി അവർ യഥാവിധി ഉത്സാഹിക്കുകയും യത്നിക്കുകയും ചെയ്തുവരുന്നുണ്ടെന്ന് ആ കന്യകാമഠത്തിലെ അധികൃതകൾ യഥാവസരം നമ്മെ ഗ്രഹിപ്പിച്ചുവന്നിരുന്നു.

മദർ ഈഡിത്ത് എന്ന പേരിൽ അറിയപ്പെടുന്ന കന്യകാരത്നത്തിന്റെ ആഭിമുഖ്യത്തിലും പരിരക്ഷണത്തിലും നടത്തപ്പെട്ടുപോരുന്ന ഒന്നത്രെ ബാരിസോളിലെ കന്യകാമഠം. നമ്മുടെ പെൺകുട്ടികൾ എന്തുദ്ദേശത്തോടുകൂടി അവിടെ ചേർക്കപ്പെടുന്നതെന്നു ബുദ്ധിമതിയായ അവർ നന്നായി ഗ്രഹിച്ചിരുന്നു. ആത്മീയ വിഷയത്തിലെന്നല്ല

www.malankaralibrary.com



സാന്മാർഗ്ഗിക നിലയിലും താണുപൊയ്ക്കൊണ്ടിരുന്ന ഒരു സമുദായത്തെ ഉയർത്തുന്നതിലേക്ക് ഉപകരിക്കേണ്ടവരത്രെ അവർ എന്ന് ആ മദർ സുപ്പീരിയർ നന്നായി മനസ്സിലാക്കിയുമിരുന്നു. അതിനാൽ നമ്മുടെ പെൺകുട്ടികളുടെ കാര്യത്തിൽ പ്രത്യേകിച്ചും അവർ ശ്രദ്ധപതിപ്പിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവമത്രെ.

കന്യകാമഠം കൊണ്ടു പലപല കാര്യങ്ങൾ സാധിക്കാൻ കഴിയുമെന്നു നാം തീർച്ചപ്പെടുത്തി. തിരുമൂലപുരത്ത് അടച്ചു പൂട്ടപ്പെട്ടു കിടക്കുന്ന പെൺപള്ളിക്കൂടത്തെ അതിന്റെ സ്ഥാപനകർത്താവ് ഉദ്ദേശിച്ച രീതിയിൽ പുനഃസ്ഥാപിക്കുക എന്നതു സമുദായോദ്ധാരണത്തിന് അത്യന്താപേക്ഷിതമായിരിക്കുമല്ലോ. സ്ത്രീജനങ്ങളെ അദ്ധ്യാത്മിക കാര്യങ്ങളിലേക്കു പൂർവ്വാധികം ഉണർത്തുവാനും, രോഗാതുരശുശ്രൂഷകൾ നടത്തുവാനും വിജാതിയരായ സ്ത്രീജനങ്ങളുടെയും കുഞ്ഞുങ്ങളുടെയും ഇടയിൽ സുവിശേഷപ്രചരണവേല ചെയ്വാനും പലേ വഴികളിൽകൂടി ദൈവനാമത്തെ മഹത്വപ്പെടുത്തുവാനും തങ്ങളെതന്നെ മുഴുവനായി ദൈവത്തിനു പ്രതിഷ്ഠിച്ചിട്ടുള്ള സ്ത്രീകൾക്കു കഴിയുന്നതായിരിക്കും. സ്ത്രീജനങ്ങളെക്കൊണ്ടു വേറെയും പല കാര്യങ്ങൾ സാധിക്കാവുന്നതാണ്. ഈ വക സുകൃതവേലകൾ ബഥന്യാശ്രമസ്ഥകളെക്കൊണ്ട് അനുക്രമം സാധിപ്പിക്കാമെന്നു നാം പ്രതീക്ഷിച്ചു. നമ്മുടെ ആവക പ്രതീക്ഷകളുടെ മേൽ ഇന്നുവരെയും യാതൊരുവക മൂടൽമഞ്ഞുപോലും വ്യാപിച്ചു കാണുവാൻ ഇടയായിട്ടില്ലാത്തതിനാൽ കരുണാനിധിയായ ദൈവത്തെ നാം ഹൃദയപൂർവ്വം സ്തുതിച്ചുകൊള്ളുന്നു.

കന്യകാപരിശീലനം നടന്നുകൊണ്ടിരിക്കുമളവിൽ തിരുമൂലപുരം പെൺപള്ളിക്കൂടത്തെ ഉദ്ധരിക്കുന്നതിനെപ്പറ്റിയുള്ള ചിന്തകൾ നമ്മുടെ മനസ്സിൽ സ്ഥലം പിടിച്ചിരുന്നു. സ്വസമുദായത്തിൽ ഉൽകൃഷ്ടബിരുദധാരിണികൾ എത്രതന്നെ ഉണ്ടായാലും, സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ വിജ്ഞാനവും പരിജ്ഞാനവും തികഞ്ഞ ഒരു യൂറോപ്യൻ മഹിളാരത്നത്തെ കിട്ടുകയാണ് വേണ്ടിയിരിക്കുന്നതെന്നും, അതിന്നായിട്ടാണ് ഉടൻ മനസ്സിരുത്തേണ്ടതെന്നും നമുക്കു തോന്നി. നമ്മുടെ ഉദ്ദേ

www.malankaralibrary.com



ശത്തെ പ്രശസ്തമാംവിധം സാധിപ്പിക്കാൻ കഴിവുള്ള ഒരു വിദുഷിയെ എളുപ്പത്തിൽ കിട്ടുവാൻ സാധ്യമായിട്ടുള്ളതല്ലല്ലോ. മദർ ഈഡിത്ത് ഇക്കാര്യത്തിൽ നമുക്ക് വലിയ ഒത്താശകൾ ചെയ്തുതന്നിട്ടുള്ളവരാണെന്നുള്ളതിൽ നമുക്കവരോട് അപാരമായ കൃതജ്ഞതയുണ്ട്. അവരുടെ പ്രത്യേകാനുകൂല്യമുണ്ടായിരുന്നില്ലെങ്കിൽ ഒരിക്കലും തിരുമൂലപുരം ബാലികാമഠത്തിന് മിസ്ഹോംസിനേയും മിസ്ബ്രൂക്ക്സ്മിത്തിനേയും ലഭിക്കാനിടയുള്ളതല്ലായിരുന്നു.

നാം ഒരു കന്യകാമഠം സ്ഥാപിക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നുവെന്നും അതിലേക്കു ദൈവനിയോഗവും മനസ്സും ഉള്ളവര് വന്നു ചേരുന്നതായാൽ അവർക്കെല്ലാവർക്കും സന്ന്യാസപരിശീലനം ലഭിക്കുമാറ് നാം ചില ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നുമുള്ള വർത്തമാനം പ്രാരംഭകാലത്ത് പലേടത്തും പ്രചരിക്കുവാൻ ഇടയായിത്തീർന്നു. ഇങ്ങനെ വന്നുചേർന്നവരിൽ ഒരാളാണ് ഇപ്പോൾ ബഥനി കന്യകാമഠത്തിന്റെ സുപ്പിരിയറായിരിക്കുന്ന മൂക്കഞ്ചേരിൽ പത്രോസ് കത്തനാരുടെയും മറ്റും സഹോദരിയായ സ്ത്രീരത്നമെന്ന് ഇവിടെ വിശിഷ്യാ പ്രസ്താവ്യമാണ്.

സിസ്റ്റർ ഹെലൻ എന്ന പേരായ ഒരു യൂറോപ്യൻ കന്യകാരത്നത്തോട് ബഥനി കന്യാസ്ത്രീമഠത്തിന് എന്നും കൃതജ്ഞതപ്പെടാൻ അവകാശമുള്ളതാണ്. ബാരിസോൾ കന്യാസ്ത്രീമഠത്തിലെ അധികൃതകളിൽ ഒരാളായ ഇവരാണ് നമ്മുടെ കന്യാസ്ത്രീ മഠസ്ഥാപനത്തിനായി അത്യുത്സാഹത്തോടുകൂടി അശ്രാന്തം പണിപ്പെട്ടവർ. സന്ന്യാസപരിശീലനത്തിൽ ഇവരുടെ മേൽനോട്ടവും സഹകരണവുമാണ് അധികം ഉണ്ടായിട്ടുള്ളതും. ഒരു കന്യാസ്ത്രീമഠം നടത്തിക്കൊണ്ടു പോകാനുള്ള മുറകൾ, സന്ന്യാസിനികൾ അനുവർത്തിക്കേണ്ട ചുമതലകൾ എന്നിവ ബാരിസോളിലെ നമ്മുടെ പരിശീലനാർത്ഥികളെക്കൊണ്ട് ഒരു കന്യാസ്ത്രീമഠം രൂപീകരിച്ചുതന്നെ അഭ്യസിപ്പിച്ചിരുന്നു. അങ്ങനെ ബാരിസോളിൽ വെച്ചു രൂപീകരിക്കപ്പെട്ടതായ കന്യകാമഠത്തെ പിന്നീടു തിരുവല്ലായിൽ കൊണ്ടുവന്നു പ്രതിഷ്ഠിക്കുകയേ ആവശ്യമുണ്ടായിരുന്നുള്ളൂ.

www.malankaralibrary.com



സിസ്റ്റർ ഹെലൻകൂടി വന്നപ്പോൾ വിശേഷാൽ അതിന് ഒരു ജീവനുമുണ്ടായി.

കന്യാസ്ത്രീകൾ സന്ന്യാസ്യസമൂഹരൂപീകരണാർത്ഥം തിരുവല്ലായിൽ വരുന്നതിനു മുമ്പായി കന്യാസ്ത്രീമഠത്തിന്റെ കെട്ടിടങ്ങളെല്ലാം പണിചെയ്യപ്പെട്ടിരുന്നു. പള്ളിക്കൂടത്തിനു തൊട്ടു പടിഞ്ഞാറുവശത്ത് കുറെ സ്ഥലം വാങ്ങി കെട്ടിടങ്ങൾ പണിയിച്ചു. ഈ വിഷയത്തിൽ ദിവ്യശ്രീ ചിറയ്ക്കാട്ട് മാത്യൂസ് കത്തനാർ സൗഹാർദ്ദപൂർവ്വം ചെയ്തു തന്നിട്ടുള്ള എല്ലാ ഒത്താശകൾക്കും നാം കൃതജ്ഞനായിരിക്കുന്നു. കന്യാസ്ത്രീമഠംകൊണ്ട് പള്ളിക്കൂടത്തിനും, പള്ളിക്കൂടം കൊണ്ടു കന്യാസ്ത്രീമഠത്തിനും അന്യോന്യം സഹായസഹകരണങ്ങൾ ലഭിക്കുവാൻ ഈ ഏർപ്പാടു പര്യാപ്തമായിരിക്കുമല്ലൊ. താമസിക്കുവാനായി ഒരു കെട്ടിടം, ശിഷ്യപരിശീലനത്തിനായി മറ്റൊന്ന്, അതിഥികൾക്കായി വേറൊന്ന്, ദൈവാരാധനകൾക്കായി പ്രത്യേകം ഒരു ചാപ്പൽ - ഇവയെല്ലാമാണ് യഥാകാലം പണിയിക്കപ്പെട്ട കന്യാസ്ത്രീമഠം വകയായ കെട്ടിടങ്ങൾ.

കന്യാസ്ത്രീമഠത്തിൽ ഇപ്പോൾ 11 പേർ അംഗങ്ങളായിട്ടുണ്ട്. പരിശീലനക്രമമനുസരിച്ചും സ്ഥാനനിലയനുസരിച്ചും ഇവർ പല സ്ഥിതിയിലുള്ളവരാണ്. ആ വക കാര്യങ്ങളെപ്പറ്റിയൊന്നും ഇവിടെ പ്രസ്താവിക്കേണ്ടതായ ആവശ്യമില്ല. സന്ന്യാസത്വത്തിലേക്കു പ്രവേശിക്കുമ്പോൾ, സ്ത്രീകൾക്കും പുരുഷന്മാർക്കെന്നപോലെ ദയറായൂസ പട്ടം കൊടുക്കാറുണ്ടെന്ന കാര്യം സാധാരണന്മാർ അറിഞ്ഞു കാണുകയില്ലായിരിക്കാം.

കന്യകാമഠത്തിൽ താമസിക്കുന്ന സന്ന്യാസിനികൾക്കു ഭക്തസംവർദ്ധകങ്ങളായ നിത്യനിഷ്ഠകൾക്കു പുറമേ, വേറെയും പല ജോലികൾ അവരാൽ നിർവഹിക്കപ്പെട്ടുപോരുന്നുണ്ട്. തിരുമൂലപുരം പെൺപള്ളിക്കൂടത്തിൽ അദ്ധ്യാത്മീയസഹായം ചെയ്തുകൊടുക്കുന്നത് ഇവരാണ്. ഇതിനുപുറമേ, അവിടെയുള്ള പ്രൈമറിസ്കൂളിലും ഇവർക്കു അതേ ജോലിതന്നെ നിർവഹിപ്പാനുണ്ട്. പുലയക്കുട്ടികളടങ്ങിയ ഒരു

www.malankaralibrary.com



പള്ളിക്കൂടത്തിന്റെ സർവവിധ ചുമതലകളും ഇവർക്കുള്ളതത്രെ. പുലയ വിദ്യാർത്ഥികൾക്ക് അക്ഷരാഭ്യാസം നൽകുക, നെയ്ത്ത്, പാചക വൃത്തി, തയ്യൽ ആദിയായ കൈത്തൊഴിലുകൾ പഠിപ്പിക്കുക മുതലായവയാണവ. ഈ വിദ്യാർത്ഥികൾക്കു പുസ്തകം, സ്ളേറ്റ് ആദിയായ ഉപകരണങ്ങൾക്കു പുറമെ. ഉച്ചഭക്ഷണവും വസ്ത്രവും സൗജന്യമായി നൽകിവരുന്നു. ഇവയെല്ലാം സൗജന്യങ്ങളാൽ നടത്തപ്പെടുന്നതത്രേ.

വിദൂഷികളായവരും സന്ന്യാസിനികളിൽ ഉണ്ടെന്നുള്ളതുകൊണ്ട് പ്രത്യേകം അവരുടെ നേതൃത്വത്തിൽതന്നേ ഒന്നു രണ്ടു പെൺ പള്ളിക്കൂടങ്ങൾ എവിടെയെങ്കിലും സ്ഥാപിച്ചാൽ കൊള്ളാമെന്ന് അവർ ആഗ്രഹിക്കുന്നുണ്ട്. വിദ്യാദാനത്തിനു പുറമേ സാമുദായികമായും സാമൂഹികമായും അവർക്കപ്പോൾ പൂർവ്വാധികം പ്രവർത്തിയെടുപ്പാൻ കഴിവുണ്ടാകുമല്ലോ.

ചില പ്രത്യേക നിബന്ധനകൾ അനുസരിച്ച് സ്ത്രീവർഗ്ഗത്തിൽപ്പെട്ടവർക്കെല്ലാവർക്കും മഠത്തിൽ പ്രവേശനം നൽകണമെന്നാണ് അവർ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സന്ന്യാസിനിമാർക്കുള്ളതും അവരാൽ ഉണ്ടാക്കപ്പെടുന്നതുമായ ധനം അവർ തന്നെ സൂക്ഷിച്ചു ഇഷ്ടാനുസരണം വ്യയം ചെയ്യുന്നു. ഇക്കാര്യത്തിൽ കന്യകാമഠം പരിപൂർണ്ണ സ്വതന്ത്രമത്രേ.

"നല്ലയിടയന്റെ" സ്കൂൾ എന്ന പേരിനാൽ അറിയപ്പെടുന്ന മുൻപറഞ്ഞ പുലയപള്ളിക്കൂടം മുഖേന അപ്രതീക്ഷിതവും ആശാതീതവുമായ ഫലം കാണുന്നുണ്ടെന്നുള്ളത് വിശിഷ്യാ പ്രസ്ത്യാവ്യമാണ്. രക്ഷകനായ മിശിഹാതമ്പുരാനെ അറിയാൻ കഴിയുന്ന അതിലെ വിദ്യാർത്ഥികൾക്കു തങ്ങളുടെ മാതാപിതാക്കളെ ക്രിസ്തുമാർഗത്തിൽ ചേർക്കുവാൻ കഴുയുന്നുണ്ട്. ഈ തരത്തിൽ പല പുലയരും ക്രിസ്ത്യാനികളീയിത്തീർന്നുവരുന്നു.

www.malankaralibrary.com

## അദ്ധ്യായം ~ 9

# വിജാതീയമിഷ്യൻ

"നിങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും പോയി സർവജാതികളോടും ഏവൻഗേലിയോൻ പ്രസംഗിപ്പിൻ" എന്നുള്ള നമ്മുടെ രക്ഷകനായ മിശിഹാ തമ്പുരാന്റെ അന്ത്യശാസനത്തെ നിറവേറ്റുന്നതിൽ യഥാമതി ബഥനിയും ഉത്സാഹിക്കുന്നുണ്ട്. വിജാതീയ സുവിശേഷപ്രചരണത്തിൽ നാനാവകുപ്പുകളിൽപെട്ട ക്രിസ്ത്യാനികൾക്കും അഭൂതപൂർവമായ ഉണർച്ചയും ഉത്സാഹവും കണ്ടുവരുന്നുണ്ടെന്നുള്ളതു സന്തോഷകരം തന്നെ. അതുകൊണ്ടുള്ള ഫലവും നിസ്സീമമാണെന്നു പറയാം. അടുത്ത ചില കൊല്ലങ്ങൾക്കിപ്പുറം മതപരിവർത്തനം മൂലം ക്രിസ്ത്യാനികളായിത്തീർന്നിട്ടുള്ളവരുടെ ഭീമമായ സംഖ്യതന്നെ ഇതിനെ പ്രസ്പ്ഷ്ടീകരിക്കുന്നുണ്ടല്ലോ.

"ഉയർന്നവൻ", "താണവൻ" എന്നവിധം, മനുഷ്യവർഗ്ഗത്തെ, ദുരഭിമാനപ്രസക്തന്മാർ രണ്ടു പ്രധാന വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. ഒരു കൂട്ടർ മറ്റൊരു കൂട്ടരുടെ അസ്വതന്ത്രരായ സേവകരായിട്ടോ അടിമകളായിട്ടോ കാലയാപനം ചെയ്തുകൊള്ളണമെന്ന് സിദ്ധാന്തിക്കുന്നതായ ഈ തരം തിരിക്കൽ ഏതുനിലയിൽ നിന്നു നോക്കിയാലും അഭിലഷണീയമായിട്ടുള്ളതല്ല. താണവൻ എന്നു പറയപ്പെടുന്നവൻ താണവൻ തന്നെയാണെന്നു സമ്മതിക്കാത്തേടത്തോളം അവർണ്ണസവർണ്ണസങ്കരം നീണ്ടുനിൽക്കുകതന്നെ ചെയ്യും. തന്നിമിത്തം, ശ്വസംമുട്ടാൻ ഇടയാവുന്ന താണവർഗ്ഗക്കാർക്കു സാമൂഹികമായി പല അനർത്ഥങ്ങളും നേരിടാൻ സംഗതിയാകുന്നുണ്ട്. സ്വതസിദ്ധമായ സ്വാതന്ത്ര്യത്തെ യഥേഷ്ടം പ്രയോഗിപ്പാൻ ഒരാൾക്കു സാദ്ധ്യമാവുന്നില്ലെങ്കിൽ അതൊരു ദുസ്സഹമായ അവസ്ഥയാണെന്നേ പറയാവതുള്ളൂ. അതിൽ നിന്നു വിമോചനം പ്രാപിക്കേണ്ടതിനുവേണ്ടി വിവിധമാർഗങ്ങൾ തേടുവാൻ ഒരു താണവൻ നിർബന്ധിതനായിത്തീരുകയും ചെയ്യുന്നു. ഈ നിലയിൽ ഒരു താണവന്നു ക്രിസ്തുമതം പലവിധത്തിലും ആകർഷണീയമായിരിക്കുന്നതാണ്. മതസംബന്ധമായ ശുദ്ധവായുവിനെ ശ്വസിക്കാൻ മനസ്സുവയ്ക്കാതെ, അവൻ ക്രിസ്തുമതത്തിന്റെ വിസ്തൃതമായ മതിൽക്കെട്ടിനകത്തേക്ക് ഏതു വിധമെങ്കിലും


www.malankaralibrary.com



കടന്നുകൂടിയാൽ മതി എന്ന് ആഗ്രഹിക്കുന്നു. സാമൂഹികനിലയിൽ ക്രിസ്തുമതം അവന്നുസ്വർഗ്ഗം തന്നെയാണ്. വാസ്തവം ഇപ്രകാരമാണെങ്കിൽ വിജാതീയ സുവിശേഷപ്രചരണം ആശാതീതമായ ഫലത്തെ പുറപ്പെടുവിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ.

അധഃകൃതവർഗ്ഗങ്ങളുടെ സാമൂഹികാഭിവൃദ്ധിയേക്കാൾ ആത്മീയമായ അവരുടെ അസ്വാസ്ഥ്യത്തെയാണ് ബഥനി വിജാതീയ മിഷ്യൻ കൂടുതലായി ഗൗനിച്ചിട്ടുള്ളത്. ജാത്യൈകമായ സ്വാതന്ത്ര്യ കാംക്ഷയാലോ പ്രലോഭനങ്ങൾ മൂലമോ യാതൊരുവനും ക്രിസ്ത്യാനി ആയിത്തീരുവാൻ സംഗതി വരുമാറാരുത്. ക്രിസ്തുമതത്തിന്റെ നന്മയും മേന്മയും ബാഹ്യമായ അതിന്റെ പരിപുഷ്ടിയെ ഒരു നാളും ആശ്രയിച്ചിരിക്കാൻ പാടുള്ളതല്ല.

ബഥനി വിജാതീയമിഷ്യൻ ക്രിസ്തുമത പരിപവർത്തനത്തിന്നായി ആരേയും പ്രേരിപ്പിക്കുന്നില്ല. സാമൂഹികമായ അഭിവൃദ്ധിയേയോ സഹായസഹകരണങ്ങളേയോ അതു വാഗ്ദാനം ചെയ്യുന്നുമില്ല.



www.malankaralibrary.com



ക്രിസ്ത്യാനിയാവണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ട് മിശിഹാതമ്പുരാന്റെ തൃപ്പാദമണയുന്നവർക്ക് തദ്വിഷയത്തിൽ പരിശീലനം നൽകത്തക്കവണ്ണം അതിൽ സൗകര്യമുണ്ടാക്കിയിട്ടു ണ്ടെന്നു മാത്രമേയുള്ളൂ. പ്രാപഞ്ചിക കാരുണ്യത്തിൽ ബുദ്ധിമുട്ടി വലയുന്നവർക്ക് ദാഹശമനാർത്ഥം ഒരു കിണറും ദുസ്സഹമായ ഭാരത്താൽ ക്ലേശിക്കുന്നവർക്ക് ആശ്വാസകരമായ ഒരു അത്താണിയും അവിടെ ഉണ്ടാക്കിയിട്ടുണ്ട്. ക്രിസ്തുമതത്തിന്റെ ധർമ്മസിദ്ധാന്തങ്ങൾ, ഉപദേശങ്ങൾ, ഒരു ക്രിസ്ത്യാനിയുടെ ജീവിതചര്യകൾ ഇവയെപ്പറ്റി ഏതാനും കാലം പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തതിന്റെ ശേഷം വി. മാമ്മോദീസാമൂലം അയാളെ ക്രിസ്ത്യാനിയാക്കിത്തീർത്തു കൊണ്ട് യേശുമിശിഹായുടെ വിലമതിക്കാവതല്ലാത്ത വിശുദ്ധ തിരുശരീരരക്തങ്ങൾ അയാൾക്കു പ്രദാനം ചെയ്യുന്നു. ഈ വിധത്തിൽ ക്രിസ്ത്യാനികളായിത്തീരു ന്നവരുടെ ആത്മീയൗഷധാലയം തന്നെയാണ് ബഥനി വിജാതീയ മിഷ്യൻ എന്നുപറയാം. ആത്മരോഗി കളായവർ ഈ ഔഷധശാലയെ സ്വയമേവ അറിഞ്ഞുകൊള്ളും.

ഇപ്പോൾ തീരുമൂലപുരം (തിരുവല്ലാ, വെണ്ണിക്കുളം, തുമ്പമൺ, ബഥനി) എന്നീ നാലു സ്ഥലങ്ങളിലായി ബഥനിയുടെ ആഭിമുഖ്യ ത്തിൽ വിജാതീയ മിഷ്യൻ പ്രവർത്തനം നടന്നുവരുന്നു. ദൈവത്തിന്റെ അളവറ്റ കൃപയാൽ അവ സ്വയം പ്രകാശിതങ്ങളായി ത്തീർന്നിട്ടുണ്ടെന്ന് അനുഭവം വിശദപ്പെടുത്തുകയും ചെയ്യുന്നു. മറ്റു പലേടങ്ങളിലും ബഥന്യാദർശനാനുസാരമുള്ള വിജാതീയമിഷ്യൻ പ്രവർത്തനം തുടങ്ങുന്നതിനെപ്പറ്റി ആലോചിച്ചുവരികയാണ്.

## പ്രാർത്ഥന

സർവജാതികളുടേയും ദൈവമായുള്ളോവേ, വിജാതി കളായ അനേകംപേർ അജ്ഞാനത്തിലും അന്ധകാരത്തിലും നശിച്ചു പോകുന്നു. അവരെല്ലാവരും അവിടുത്തെ അറിയുന്ന തിനും, അവിടുത്തെ ആരാധിക്കുന്നതിനുമുള്ള മഹാഭാഗ്യം അവർക്കു പ്രദാനം ചെയ്യണമെ. അവരെ സത്യപ്രകാശത്തി ലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്ന പ്രസ്ഥാനങ്ങളെ അനുഗ്രഹി ക്കേണമെ. അതിന്നായി ആയാസപ്പെടുന്നവരെ സഹായി ക്കേണമെ.

www.malankaralibrary.com

## അദ്ധ്യായം -10

# ബഥനിപ്പള്ളികൾ

തനതാവശ്യം പ്രമാണിച്ചു സ്ഥാപിക്കപ്പെട്ടവയും, ഓരോ സ്ഥലങ്ങളിലുമുള്ളവരുടെ അപേക്ഷപ്രകാരം വെയ്ക്കപ്പെട്ടവയുമായി ചിലേടങ്ങളിലെല്ലാം ഇപ്പോൾ ബഥനിപ്പള്ളികൾ കാണാവുന്നതാണ്. പ്രസ്തുത പള്ളികൾ മൂന്നുതരത്തി ലായി വിഭജിക്കപ്പെട്ടിരിക്കുന്നു. (1) **ചാപ്പൽ.** ഇതു സ്വകാര്യാവശ്യാർത്ഥം സ്ഥാപിക്കപ്പെട്ടവയും സ്ഥാപിക്കപ്പെടുന്നവയുമാണ്. പ്രത്യേകാനുവാദത്തോടു കൂടിയല്ലാതെ പുറമേയുള്ളവർക്കാർക്കും ഇതിൽ പ്രവേശനമുണ്ടായിരിക്കുന്നതല്ല. (2) **മിഷ്യൻ പള്ളി.** ഇതിൽ ഇഷ്ടാനുസരണം ആർക്കും സംബന്ധി ക്കാവുന്നതാണ്. സൗജന്യമായി ഏതു കർമ്മങ്ങളും നിർവഹിക്കപ്പെടും. പക്ഷേ, പ്രസ്തുത സ്ഥലത്തു ബഥനിവകയല്ലാത്ത ഇടവകപ്പള്ളിയു ണ്ടെങ്കിൽ ആ പള്ളിക്കും ആ പള്ളിയിലെ പട്ടക്കാർക്കും കൊടു ക്കേണ്ടുന്ന പതാരം ആദിയായവ അവിടെത്തന്നെ ഏൽപ്പിച്ചിരിക്കുന്നു വെന്നു കാണിക്കുന്നതായ രേഖ കൊണ്ടുവന്നിട്ടില്ലാത്ത പക്ഷം മാമോദീസാ, വിവാഹം ഇവയൊന്നും നടത്തിക്കൊടുക്കുന്നതല്ല. (3) **ഇടവകപ്പള്ളി.** ഇതിൽ അംഗങ്ങളായി ചേരുന്നവരുടെ ദിഷ്ടിതികൾ സൗജന്യമായി ചെയ്തുകൊടുക്കും. ഇടവകാംഗങ്ങൾ പാലിക്കേണ്ടുന്ന പല വ്യവസ്ഥകളും നിയമങ്ങളുമുണ്ട്. അവയെല്ലാം അനുഷ്ഠിച്ചു കൊള്ളാമെന്നുള്ളവരെ മാത്രമെ ഇടവകാംഗങ്ങളായി ചേർക്കുകയുള്ളു. ഇടവകാംഗങ്ങളിൽനിന്നു ലഭിക്കപ്പെടുന്ന സംഭാവനകൾമൂലവും മറ്റും ഇവ നടത്തപ്പെടുന്നു. മിഷ്യൻ പള്ളിയിലും ഇടവകപ്പള്ളിയിലും സ്ഥിരമായി ഒരു പട്ടക്കാരൻ വീതമെങ്കിലും ഉണ്ടായിരിക്കുന്ന താണ്. സന്ന്യാസിപ്പട്ടക്കാരൻ ഇല്ലാത്തിടത്തു ബഥനിപ്പള്ളി ഭരണമനുസരിച്ചു നടന്നുകൊള്ളാമെന്നു സമ്മതിക്കുന്ന പട്ടക്കാരനെ ന്യായമായ പ്രതിഫലം കൊടുത്തു നിയമിക്കുന്നു.

www.malankaralibrary.com



ഇപ്പോൾ നിലവിലുള്ള സർവ്വ ബഥനിപ്പള്ളികളുടേയും ഭരണം നടത്തുന്നത് ബഥനിയുടെ നി. വ.ദി. ശ്രീ. മാർ തീയോഫീലോസ് എപ്പിസ്കോപ്പായാകുന്നു, ഭരണവിഷയത്തിൽ അദ്ദേഹത്തെ സഹായിപ്പാനായി ഒരു വികാരിജനറൽ നിയമിതനായിട്ടുണ്ട്. എപ്പിസ്കോപ്പാ തിരുമനസ്സിലേക്കുള്ള ഹർജികൾ, അപേക്ഷ മുതലായവ ഇദ്ദേഹം വശം ഏല്പിക്കേണ്ടതും, അവകളെക്കുറിച്ച് എപ്പിസ്കോപ്പോ തിരുമനസ്സുകൊണ്ട് ചെയ്യുന്ന തീരുമാനങ്ങൾ ഇദ്ദേഹം മുഖേന അറിയപ്പെടുന്നതുമായിരിക്കും. ഇടവകകൾ തോറുമുള്ള ആത്മീയയോഗങ്ങൾ എല്ലാം ഇദ്ദേഹത്തിന്റെ മേലന്വേഷണത്തിൽ നടത്തപ്പെടുന്നു.

ഇടവക ഭരണം സംബന്ധിച്ച കർമ്മങ്ങളിൽ എപ്പിസ്ക്കോപ്പാ തിരുമേനിക്ക് സഹായകമായിരിക്കത്തക്കവണ്ണം ഒരു കൗൺസിൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. എപ്പിസ്കോപ്പായാൽ നിമയിക്കപ്പെട്ടിട്ടുള്ള മൂന്നു പട്ടക്കാർ ഇതിൽ അംഗങ്ങളാകുന്നു.

പള്ളിസംബന്ധവും കാനോനികവുമായ നീതിന്യായം സംബന്ധിച്ച കാര്യങ്ങൾ സ്വാഭാവികനീതിക്കും, കാനോൻ നിയമങ്ങളെ പാലിച്ചും തീരുമാനിക്കപ്പെടേണ്ടതിലേക്ക് ഒരു വൈദീകകോടതിയും സ്ഥാപിച്ചിരിക്കുന്നു. ഇതിലും മൂന്നു പട്ടക്കാർ അംഗങ്ങളായി നിയമിക്കപ്പെട്ടിരിക്കുന്നു.

**വികാരി അച്ചൻ** ഓരോ പള്ളിയുടേയും ഭരണകർത്താവായി എപ്പിസ്കോപ്പായാൽ നിയമിക്കപ്പെടുന്ന പട്ടക്കാരനാണ് ഇദ്ദേഹം. ആത്മീയവും പള്ളിസംബന്ധവുമായ കാര്യങ്ങളിൽ ഇദ്ദേഹത്തിന്റെ ആജ്ഞകളെ സഹായപ്പട്ടക്കാരും ഇടവകാംഗങ്ങളും അനുസരിക്കേണ്ടതാകുന്നു.

കുടുംബങ്ങളെ ദൈവഭക്തിയിൽ വളർത്തുവാൻ ഓരോ ഇടവകയേയും സഹായിക്കുമാറ് തിരുകുടുംബസമാജവും, പരസ്പരശുശ്രൂഷാസമാജവും വിവാഹിതരല്ലാത്ത ആൺകുട്ടികളെ ഉദ്ദേശിച്ച് മാർ യൂഹാനോൻ സമാജവും വിവാഹിതരല്ലാത്ത പെൺകുട്ടികൾക്കായി മർത്തമറിയം സമാജവും സണ്ടേസ്കൂളിനു പുറമെ നടത്തപ്പെടുന്നതാണ്.

www.malankaralibrary.com



വിശേഷിച്ച്, സൗകര്യമുള്ളേടങ്ങളിൽ മദ്ധ്യവയസ്കന്മാരായവർക്കും വൃദ്ധന്മാർക്കും വേദാദ്ധ്യായനവും നൽകിവരുന്നുണ്ട്.

## ബഥനിപ്പള്ളികൾ

### ബഥന്യാശ്രമം ചാപ്പൽ

| | | |
|---|---|---|
| പെരിനാട് | തിരുവല്ല (ടൗൺ) | വടശ്ശേരിക്കര |
| മംഗലം | തുമ്പമൺ (വടക്കേക്കര) | മാവേലിക്കര |
| മല്ലപ്പള്ളി | മാങ്ങാനം (കോട്ടയം) | വെണ്ണിക്കുളം |
| വേങ്ങൽ | തിരുമൂലപുരം (തിരുവല്ല) | പുറമറ്റം |
| കല്ലൂപ്പാറ | ബഥനിമഠം (ചാപ്പൽ) | |

താഴെ പറയുന്ന ഇടങ്ങളിൽ ബഥനിപ്പള്ളികൾക്കായി സ്ഥലങ്ങൾ ലഭിച്ചിട്ടുണ്ട്. ചിലേടങ്ങളിൽ പള്ളിപണി നടന്നുവരുന്നു. മറ്റു ചിലേടങ്ങളിൽ പള്ളി വെക്കുന്നതിനുള്ള ഉത്തരവു വന്നിട്ടില്ലാത്തതിനാൽ പണി ആരംഭിച്ചിട്ടില്ല.

| | | |
|---|---|---|
| മീന്തലക്കര | മാന്നാർ | കോട്ടൂര് |
| കങ്ങഴ | ഓമല്ലൂർ | വയലത്തല |
| ചേപ്പാട് | കുന്നംകുളം | കുമ്പഴ |
| ആറാട്ടുപുഴ | ഉള്ളന്നൂർ | പടുവ |
| പന്തളം | മുട്ടം | പീരുമേട് |

പുതുതായി ബഥനിപ്പള്ളികൾ സ്ഥാപിക്കപ്പെടുന്നതിനേപ്പറ്റിയും മറ്റും അറിയേണ്ടുന്നവർ,

'വന്ദ്യദിവ്യശ്രീ വികാരിജനറാൾ അവർകൾ, ബഥനി - തിരുവല്ല'.

എന്ന മേൽവിലാസത്തിൽ എഴുതി ചോദിക്കുക.

www.malankaralibrary.com

## അദ്ധ്യായം ~ 11

# ബഥനി മുദ്രാലയം

ബഥനിയെപ്പറ്റി ഗ്രഹിപ്പാനിടയായ ഒരു അമേരിക്കൻ മദാമ്മയിൽ സന്ന്യാസിനികൾക്കായി അയച്ചുതരപ്പെട്ട ഒരു ചെറിയ ട്രെഡിൽ പ്രസ്സാണ് ബഥനിക്കുള്ളത്. അച്ചടിയന്ത്രം കിട്ടിയപ്പോൾ അതിന്നാവശ്യ മായ ഉപകരണങ്ങൾ വാങ്ങി അതൊരു ചെറിയ അച്ചടി ശാലയാക്കി തീർത്തു. ആദ്യകാലത്ത് ഇത് തിരുമൂലപുരത്തുവെച്ചു നടത്തപ്പെട്ടു വന്നിരുന്നു. അനന്തരം പല സൗകര്യങ്ങളേയും ഉദ്ദേശിച്ച് അതിനെ തിരുവല്ലാ പട്ടണത്തിലേക്കു മാറ്റുന്നതു കൊള്ളാമെന്നു തോന്നി. അതി ലേക്കായി അവിടെയുള്ള ബഥനിപ്പള്ളിയുടെ പടിഞ്ഞാറുവശത്തുള്ള പറമ്പു വിലയ്ക്കു വാങ്ങി. അതിൽ അച്ചടിശാലയ്ക്കുചിതമായ ഒരു കെട്ടിടം സ്ഥാപിച്ചു. ബഥനിഗിരിയുടെ കുറെ ഭാഗം എഴുതി വിറ്റു കിട്ടിയ പണമായിരുന്നു ഇതിലേക്കു വിനിയോഗിച്ചത്.

പ്രസംഗിക്കുക, എഴുതുക മുതലായവയാൽ മാത്രമല്ല, അച്ചടി ശാലകൊണ്ടും സുപ്രശസ്തമായ ദൈവവേലകൾ നിർവഹിക്കപ്പെടുന്നു ണ്ടല്ലോ. പ്രാർത്ഥന പ്പുസ്തകങ്ങൾ, സണ്ടേസ്കൂൾ പുസ്തകങ്ങൾ, ഭക്തിജനകങ്ങളായ ഇതര പ്രസിദ്ധീ കരണങ്ങൾ മുതലായവയാണ് ഇതിൽ അച്ചടിക്കപ്പെടുന്നത്. തിരുവല്ലായ്ക്കു മാറ്റിയതോടു കൂടി അച്ചടിശാലയ്ക്കു ഗണനീയമായ പ്രോത്സാഹനം ലഭിച്ചു തുടങ്ങീട്ടു ണ്ടെന്നു പറയാം. ഒരു വലിയ അച്ചടിയന്ത്രം കൂടിയുണ്ടായാൽ മാത്രമെ വേലകൾ നിർവിഘ്നം നടത്തിക്കൊണ്ടു പോകാൻ സാധിക്കയുള്ളൂ വെന്നാണ് വന്നിരിക്കുന്നത്.

അച്ചടിശാല ഇപ്പോഴും കന്യകാമഠം വകയായിത്തന്നെ സ്ഥിതിചെയ്യുന്നു. നിശ്ചിതമായ ഒരു സംഖ്യ അച്ചടിശാലയിൽ നിന്നു മാസംതോറും മഠത്തിലേക്കു കൊടുത്തു വരുന്നുമുണ്ട്. ഈ വിധത്തിൽ വിശേഷിച്ചും, അച്ചടിശാല കന്യകാമഠത്തിനു ഉപയോഗപ്രദമായിരി ക്കുകയാണ്. യഥാസൗകര്യം യഥാശക്തി അച്ചടിശാലയെ പൂർവാധികം പുഷ്ടിപ്പെടുത്തണമെന്ന് ആഗ്രഹിച്ചിരിക്കുന്നു.

www.malankaralibrary.com

<u>അദ്ധ്യായം ~ 12</u>

# ഉപസംഹാരം

**ദൈവമക്കളേ,**

വിശേഷിച്ചൊന്നും നമുക്കിനി പറയുവാനില്ല. വേണ്ടതെല്ലാം നാം പറഞ്ഞുകഴിഞ്ഞു. പത്തുവയസ്സായ ബഥനിയുടെ ചരിത്രത്തെ യാഥാവിധി നാം നിങ്ങളെ ഗ്രഹിപ്പിക്കുകയും ചെയ്തു. ഇപ്പോൾ ബഥനിയുടെ ആദർശമെന്താണെന്നു നിങ്ങൾക്കറിയാം. അതിന്റെ ഉദ്ദേശമെന്താണെന്നും നിങ്ങൾ മനസിലാക്കി കഴിഞ്ഞിട്ടുണ്ട്. 'ഗിരിദീപ'ത്തിന്റെ ഈ ഒന്നാം ഭാഗം ബഥനിയുടെ കണ്ണാടിയാണ്. തുടക്കം മുതൽ ഇതുവരെ നടന്ന സംഭവങ്ങളിൽ പലതും ഇതിൽ പ്രതിഫലിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, ഒരു കാര്യം നിങ്ങൾ ഏവരും മനസ്സിലാക്കിയിരിക്കേണ്ടതാണ്. കുറുക്കൻ വരുന്നതും, കടുവാ ഓടുന്നതും, മദാമ്മ പോകുന്നതും, പാമ്പു ചീറ്റുന്നതും അവിടെ (ബഥനിയിൽ) എപ്പോഴും നടക്കുന്ന സംഭവങ്ങൾ അല്ല. പലപ്പോഴായി നടന്നിട്ടുള്ള പല സംഭവങ്ങളുമുണ്ട്. ഓർമ്മയിൽ വന്ന ചിലതെല്ലാം നാമിതിൽ ചേർത്തുവെന്നു മാത്രം. അതിനാൽ വായനക്കാർ അവയ്ക്കു വിശേഷാൽ മാറ്റ് കല്പിക്കേണ്ടതായിട്ടില്ലതന്നെ.

ഈ ഒന്നാംഭാഗത്തെ തുടർന്നു വേറെയും ചില കാര്യങ്ങൾ നിങ്ങളെ കേൾപ്പിക്കണമെന്നു നമുക്കാഗ്രഹമുണ്ട്. അവയൊക്കെ ദൈവാനുകൂല്യമുണ്ടാകുന്ന പക്ഷം നാം നിങ്ങളെ കേൾപ്പിച്ചുകൊള്ളാം. ഈ ഒന്നാം ഭാഗത്തിന്റെ അനന്തരഭാഗങ്ങളായി അവ പ്രസിദ്ധീകരിക്കപ്പെടുന്നതായിരിക്കും.

സ്വരൂപനായ ദൈവത്തിന്റെ സ്നേഹം ഇനിയും ലോകത്തിൽ വിശദീകരിക്കപ്പെടണമെന്നത്രേ, ബഥനിയുടെ ആഗ്രഹം. പരോപകാരാർത്ഥങ്ങളായ പ്രവർത്തികൾ തുടരെ ചെയ്യണമെന്നും അതിനുദ്ദേശമുണ്ട്. സാവധാനത്തിലും ശാന്തമായിട്ടു മാണെങ്കിലും ഏതാണ്ടെല്ലാം ചെയ്തിട്ടുണ്ടെന്നോ ചെയ്യുന്നുണ്ടെന്നോ നിങ്ങൾക്കു

www.malankaralibrary.com



തോന്നാം. വാസ്തവത്തിൽ അങ്ങനെ വല്ലതും സാധിച്ചിട്ടുണ്ടെങ്കിൽ അതു നമ്മുടെ ആത്മീയ പിതാക്കന്മാരുടെ ആശീർവാദം ദൈവത്തിന്റെ സീമാതീതമായ കൃപയാൽ ലഭ്യമായതു കൊണ്ടാണെന്നു നിങ്ങൾ അറിയണം. മലങ്കര സുറിയാനി സമുദായത്തിൽപെട്ടവരും അല്ലാത്ത വരുമായി നാനാജാതി മതസ്ഥരായ അനേകം സുഹൃത്തുക്കളുടെ ആനുകൂല്യവും അതിന്നുണ്ടായിട്ടുണ്ട്. ആശ്രമസ്ഥരുടെ നിസ്വാർത്ഥ മായ സഹകരണത്തെപ്പറ്റി പറയേണ്ടതുമില്ലല്ലോ. ഇതിനാൽ ബഥന്യാ ശ്രമത്തിന്റെ സ്ഥാപകൻ എന്ന നിലയിൽ യാതൊരു വക പ്രശംസ യ്ക്കും നാം അർഹനല്ല. ഏതെങ്കിലും തരത്തിലുള്ള അഭിനന്ദനത്തിനു നാം യോഗ്യനുമല്ല. ഒരു കാര്യം നമുക്ക് അനുഭവവേദ്യമായിട്ടുണ്ട്. ബഥന്യാശ്രമം മുഖേന ദൈവത്തിന്റെ കൃപയും സ്നേഹവും നമുക്കു കൂടുതലായി കാണാൻ കഴിഞ്ഞു. ബഥന്യാശ്രമസ്ഥരായ എല്ലാവർക്കും ഉണ്ടായിട്ടുള്ള അനുഭവം അതുതന്നെയാണ്. കേവലം ഈയൽ പോലെയുള്ളവരായ ആശ്രമസ്ഥരെക്കൊണ്ടു യാതൊന്നും സ്വയമേവ സാദ്ധ്യമല്ലല്ലോ. എല്ലാറ്റിന്റെയും അടിസ്ഥാനം ദൈവകരുണ തന്നേ. അവിടുന്നു തുടങ്ങി: അവിടുന്നു നടത്തി, നാമൊന്നും ചെയ്തില്ല. ചെയ്യിച്ചുമില്ല. പത്തുകൊല്ലത്തിനുള്ളിൽ ബഥനിക്കു ലഭിച്ച പ്രോത്സാഹനാനുഗ്രഹങ്ങൾ സീമാതീതങ്ങളത്രേ. സന്ന്യാസ്യപരമായി ഒതുങ്ങിയ ജീവിതത്തെ ആഗ്രഹിച്ചുംകൊണ്ടു നാം ബഥന്യാശ്രമ സ്ഥാപനത്തിനായി പുറപ്പെട്ടു. ഇന്നു കാണുന്ന പ്രകാരം അതിന് ഇലയും കൊമ്പും ഉണ്ടാകുമെന്നോ ഉണ്ടാകണമെന്നോ നാം നിരൂപിച്ച തുമില്ല, ആഗ്രഹിച്ചതുമില്ല. ബഥന്യാശ്രമം അതിന്റെ മുഴങ്കാൽ മടക്കിയത് മിശിഹാതമ്പുരാന്റെ മുമ്പിലായിരുന്നു. പച്ചവെള്ളത്തെ നിറവും മണവും രുചിയുമുള്ള വീഞ്ഞാക്കിത്തീർത്ത അവിടുന്ന് അതിന്ന് ആകൃതിഭേദം വരുത്തിയിട്ടുണ്ടായിരിക്കാം. അതിന് അവിടുത്തെ കടാക്ഷം ഒന്നുമാത്രം മതിയാകുന്നതാണല്ലോ. അപ്രതീക്ഷിതമായി ബഥനിക്കുണ്ടായ പല പരിവർത്തനങ്ങളേയും നാം ഇപ്പോൾ ഓർത്തു നോക്കുന്നുണ്ട്. ആഗ്രഹിക്കാതെയും, അപേക്ഷിക്കാതെയും അതിന്റെ നിലനിൽപ്പി ന്നും അഭിവൃദ്ധിക്കുമായി ദൈവം ചെയ്ത വിസ്മയാവഹങ്ങളായ സഹായങ്ങൾ ആർക്കും ദൃശ്യങ്ങൾ തന്നെയത്രേ. ബഥന്യാശ്രമത്തിൽ നിന്നു മേല്പട്ടക്കാരൻ ഉണ്ടാകണമെന്നു നാം ആഗ്രഹിച്ചില്ല. ബഥനി

www.malankaralibrary.com



വകയായി പള്ളികൾ വേണമെന്നും നാം ആശിച്ചിരുന്നില്ല. മൂന്നൊരു അധ്യായത്തിൽ പറഞ്ഞതുപോലെ പരിശുദ്ധ റൂഹായായ ദൈവം വിശുദ്ധ പിതാക്കന്മാർ വഴിയായി ബഥനിക്കു മേല്പട്ടക്കാരെ അഭിഷേകം ചെയ്തു. അവിടുന്നു തന്നെ പലയിടങ്ങളിലായി ചുരുക്കം ചില പള്ളികളും ഉണ്ടാക്കിപ്പിച്ചു. സന്ന്യാസപരമായ മഹൽ പ്രതിജ്ഞയും സാമാന്യ പ്രതിജ്ഞയും ചെയ്തിട്ടുള്ള സ്ത്രീപുരുഷ ന്മാരെ ആശ്രമസ്ഥരായി ഏർപ്പെടുത്തിയതും അവിടുന്നു തന്നെ. തുറന്നു കിടക്കുന്ന ആശ്രമത്തിലേക്കു സ്ത്രീപുരുഷഭേദമെന്യേ ഓരോരുത്തർ പ്രവേശിക്കുന്നുണ്ടെങ്കിൽ അതും ദൈവവ്യാപാരഫലം തന്നെ. ബഥനിയുടെ ഭാവിയെക്കുറിച്ച് നമുക്കൊന്നും തന്നേ ഭാരപ്പെടേണ്ടതില്ല: യാതൊന്നി നാലും നാം ഭയപ്പെടുന്നുമില്ല.

ബഥനിയെ സഹായിച്ചിട്ടുള്ളവരും സഹായിക്കുന്നവരുമായ വർ ഒന്നോ രണ്ടോ പേർ മാത്രമല്ല; അനേകം ദൈവമക്കൾ ബഥനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു ണ്ട്. പണ്ഡിതന്മാരും, പാമരന്മാരും, ധനവാന്മാരും, ദരിദ്രരും, ക്രിസ്ത്യാനികളും ക്രിസ്ത്യേതരന്മാരുമായി പലരും ദൈവത്തെയോർത്തു ബഥനിക്കായി സംഭാവന കൾ നൽകിയിട്ടുണ്ട്; നൽകുന്നുമുണ്ട്. നമ്മോടുമാത്രമുള്ള സൗഹാർദ്ദമോ സ്നേഹമോ അല്ലാ അവരെ ഇതിനെല്ലാം പ്രേരിപ്പിച്ചിട്ടുള്ളതെന്നു നമുക്കറിയാം. ബഥനി യുടെ ആവശ്യങ്ങൾ നിർവഹിക്കപ്പെടണമെന്നേ അവർക്കുദ്ദേശമുള്ളു. നാം ഭിക്ഷാടനം ചെയ്തുവന്ന കാലത്ത് സാമുദായികവ്യവഹാര ങ്ങൾക്കു ബഥനിയും അതിന്റെ സ്വത്തുക്കളും അധീനമാകാൻ ഇടവരാത്തപക്ഷം യഥാമതി സഹായിപ്പാൻ ഒരുക്ക മാണെന്നു പലരും നേരിട്ടുവന്ന് പറഞ്ഞിട്ടുള്ളതായി നാം ഓർക്കുന്നുണ്ട്. ഒരാൾ ഇതേവാചകം പറഞ്ഞിട്ടുതന്നെ 500 രൂപാ നമ്മെ ഏല്പിച്ചു. ബഥനിയെ സംബന്ധിച്ചിടത്തോളം ആവക ദുശ്ശങ്കകൾക്ക് ആവശ്യമില്ലെന്ന് പണപ്പിരിവു കാലത്തും അതിൽ പിന്നീടും പലപ്പോഴായി നാം വിശദമാക്കിയിട്ടുള്ളതത്രെ. ബഥനിയും തത്സംബന്ധമായ സർവ സ്ഥാപ നങ്ങളും സ്വത്തുക്കളും യാതൊരു വിധ ത്തിലും പ്രത്യക്ഷമായോ പരോക്ഷമായോ അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിന്റെ അധികാരത്തിനധീനമല്ലാത്തതും, ബഥനിയുടെ ധനസംബന്ധ മായ

www.malankaralibrary.com



ക്രയവിക്രയാധികാരവും ധനവിനിയോഗ കർത്തവ്യവും ബഥന്യാശ്രമം, അഥവാ മിശിഹാനുകരണസമൂഹം എന്നഭിധാനമുള്ള സന്ന്യാസിനീസന്ന്യാസി സമൂഹാംഗങ്ങളായ ആശ്രമസ്ഥരിൽ മാത്രം നിർബാധം സ്ഥിതിചെയ്യുന്നതുമാകുന്നു. ഈ വിധമുള്ള വ്യവസ്ഥയ്ക്കനുസരണമായി ബഥനി ജീവിച്ചുവെങ്കിൽ മാത്രമെ അതിനു പുരോഗമനവും അതുകൊണ്ട് ആശിക്കുന്ന പ്രകാരമുള്ള ഫലവും ഉണ്ടാകയുള്ളൂ എന്നാണ് നമ്മുടെ വിശ്വാസം. അതിനാൽ ഈ വിധമുള്ള സംഭാവനകളെ നാം സ്വീകരിച്ചിട്ടുള്ളു, മേലിൽ സ്വീകരിക്കയുമുള്ളു.

ദൈവമക്കളേ, ബഥനിയുടെ അധിഷ്ടാനത്തെ നാം വിശദമാക്കി. നാനാമുഖങ്ങളായ അതിന്റെ ആദർശങ്ങളെ നാം തുറന്ന് കാണിക്കുകയും ചെയ്തു. ഇവകൊണ്ടുമാത്രം ബഥനിയുടെ ഗുണകാംക്ഷികൾ സംതൃപ്തരാകുന്നില്ലാ യിരിക്കാം. എങ്ങനെയാണ് ആശ്രമസ്ഥരുടെ ഉപജീവനം നടന്നുപോകുന്നതെന്ന് അവർക്കെല്ലാവർക്കും വ്യക്തമായി കേട്ടേ മതിയാവൂ എന്ന് ആഗ്രഹമുള്ളതായി നമുക്ക് തോന്നുന്നുണ്ട്. മൂലധനമില്ലാതെ കാര്യമായി പണപ്പിരിവു നടത്താതെ ആശ്രമസ്ഥർ ആ വിഷയത്തിൽ എന്താണ് ചെയ്യുന്നതെന്നറിവാൻ സുഹൃജ്ജനങ്ങൾ ഉൽകണ്ഠിതരായിരിക്കും. ഇതിനെപ്പറ്റി ഈ പുസ്തകത്തിൽ വിസ്തരിച്ചു പറയേണ്ട തായ പല ഘട്ടങ്ങളും കഴിഞ്ഞുപോയിട്ടുണ്ട്. അപ്പോഴൊക്കെ "സുഖമാണ്" "തൃപ്തികരമാണ്" "സുഭിക്ഷമാണ്" എന്നിങ്ങനെ ചില പദങ്ങൾ മാത്രമേ നാം പറയുകയുണ്ടായിട്ടു ള്ളുവല്ലോ. ബഥനി സർവജനങ്ങളുടേയും സഹായസഹകരണ മഭ്യർത്ഥിക്കുന്ന ഒരു സ്ഥാപനമത്രെ. അങ്ങനെയിരിക്കെ, അതു സംബന്ധമായ യാതൊരു കാര്യവും മൂടിവയ്ക്കണമെന്നു നാം വിചാരിക്കുന്നില്ല. അടുക്കളയാണ് കാണേണ്ടതെങ്കിൽ അതും കാണിച്ചുകൊടുപ്പാൻ ആശ്രമം സന്നദ്ധമാണ്.

ആശ്രമസ്ഥന്മാരുടെയും അനാഥക്കുഞ്ഞുങ്ങളുടേയും അഹോവൃത്തിക്കായും കൃഷിമരാമത്തുകൾക്കായും നാം ഭിക്ഷാടനം ചെയ്തുവന്ന ഒരു കാലമുണ്ടായി രുന്നുവല്ലോ. അക്കാലത്തു പണമിടപെട്ട യാതൊരു വിഷയത്തിലും നമുക്കു ക്ലേശിക്കേണ്ടതായി വന്നിരുന്നില്ല.

www.malankaralibrary.com



കൈ നീട്ടേണ്ടുന്ന താമസമേയുണ്ടായിരുന്നുള്ളൂ. അനേകംപേർ സംഭാവനകൾ നൽകി ബഥനിയെ പുഷ്ടിപ്പെടുത്തി വന്നു. പക്ഷേ അത്തരം പിരിവ് നാം നിറുത്തി വച്ചിട്ടിപ്പോൾ ആറുകൊല്ലം പൂർത്തിയായിരി ക്കുകയാണ്. ഒന്നു രണ്ടു കാരണങ്ങളാൽ നമുക്കത് ആവശ്യമില്ലെന്നു തോന്നുവാനിടയായി. പണത്തിന്റെ ദുർഭിക്ഷം ദൈവ വേലയ്ക്ക് തടസ്സമായിരിക്കരുതെന്നുള്ള പലരുടെയും നിഷ്കന്മഷമായ ഹൃദയഗതി മുൻകാലത്തു നാം നല്ലതുപോലെ കണ്ടിട്ടുള്ളതത്രേ. വലിയതിരുമേനിയെ കാണുന്നതിനായി നാം ഒരിക്കൽ പഴയ സെമിനാരിയിൽ ചെന്നിരുന്നു. അപ്പോൾ അവിടെവച്ചു ശ്രീമാന്മാരായ ജോൺ വക്കീൽ അവർകളേയും ചാക്കോ സൂപ്രണ്ട് അവർകളേയും കാണുവാൻ നമുക്കു സംഗതിയായി. ബഥനിയുടെ ക്ഷേമാശംസകളിൽ ഗണനീയന്മാരായ അവർ ഇരുവരും ബഥനിയുടെ ക്ഷേമം അന്വേഷിച്ചു. ഏതാണ്ടെല്ലാം പറഞ്ഞ കൂട്ടത്തിൽ ക്ലേശങ്ങൾ ഉണ്ടാവുന്നതാണല്ലോ എന്നിങ്ങനെ എന്തോ അപ്പോൾ നാം പറഞ്ഞുവെന്നാണ് നമ്മുടെ ഓർമ്മ. തൽക്ഷണം അവർ ഇരുവരും മുഖത്തോടുമുഖം നോക്കി. മിസ്റ്റർ ചാക്കോ സൂപ്രണ്ടിന്റെ സൽകാര്യ പ്രസക്തിയേയും മിസ്റ്റർ ജോൺ വക്കീലിന്റെ ധർമ്മബുദ്ധിയേയുംകുറിച്ചു നാമൊന്നും വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

"അച്ചൻ ഒന്നിനാലും ബുദ്ധിമുട്ടരുത്. കടം വന്നാൽ ഞങ്ങൾ നിക ത്തിക്കൊള്ളാം. ബഥനി നടത്തിക്കൊണ്ടു പോകുകയാണാവശ്യം."

എത്രമേൽ അഭിനന്ദനീയവും നിഷ്ക്കാമപൂരിതവുമായ പ്രോത്സാ ഹനമാണിതെന്നു വായനക്കാർ ഗ്രഹിച്ചിരുന്നാലും! ഹൃദയപൂർവ്വം നാം അവരോടു നന്ദി പറഞ്ഞു പ്രസ്തുത വാഗ്ദാനമനുസരിച്ച് ഒരു നാളും അവരെക്കൊണ്ടു പ്രവർത്തിപ്പാൻ ഇടയാകരുതെന്ന് നാം നിശ്ചയിക്കു കയും ചെയ്തു.

ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക എന്നുള്ളതത്രേ ആശ്രമ നിയ മം. അതിനാൽ ഭരണകാര്യത്തെപ്പറ്റി പറയുന്ന പക്ഷം ചോറിനു പകരം ചിലപ്പോൾ കഞ്ഞിയോ, കഞ്ഞിക്കു പകരം ചിലപ്പോൾ മരച്ചീനിയോ, അതും ഇല്ലാത്തപ്പോൾ വേറെ ചിലതോ ആഹാരമാകാൻ ഇടയായിട്ടു

www.malankaralibrary.com



ണ്ടായിരിക്കാം. എങ്കിലും അനാഥക്കുഞ്ഞുങ്ങൾക്കാവട്ടെ, സന്ന്യാസിനീസന്ന്യാസിമാർക്കാകട്ടെ ഇതേവരെയും പട്ടിണി കിടക്കുവാൻ സംഗതിയായിട്ടില്ലതന്നേ. സന്ന്യാസിമാർക്കും സ്ത്രീധനമായി ലഭിച്ചിട്ടുള്ള പണം ഉണ്ട്. പിതൃദാനമായി ലഭിച്ച വക സന്ന്യാസിനിമാർക്കുമുണ്ട്. പത്രമേനി (Patrimony) എന്നു പറയപ്പെടാവുന്ന ഈ രണ്ടു തുകകളും വെവ്വേറെ നിക്ഷേപിച്ചിരിക്കുകയാണ്. ഇവയിൽ നിന്നുള്ള ആദായം കൊണ്ടുമാത്രം സന്ന്യാസിനീസന്ന്യാസിമാരുടെയും അനാഥക്കുഞ്ഞുങ്ങളുടെയും മറ്റും അഹോവൃത്തി കഴിഞ്ഞുപോകാനിടയുള്ളതല്ലല്ലോ. ഭക്ഷണത്തിനു പുറമെ നിത്യദാനച്ചെലവുകൾ കാണും. അതിനും പുറമെ സുവിശേഷവേല മുതലായവയ്ക്കും വല്ലതുമൊക്കെ ചെലവിടേണ്ടതായി വരും. ഇവയെല്ലാം കൂടി താങ്ങാൻ പത്രമേനിയുടെ ആദായത്തെക്കൊണ്ടുമാത്രം സാധിക്കുന്നതല്ലല്ലോ. പുറമെനിന്നു ലഭിക്കപ്പെടുന്ന സംഭാവനകളത്രെ സാമ്പത്തിക വിഷയത്തിൽ ബഥനിയുടെ ജീവയുറവ. അതിലെ ഒഴുക്കിന് ഏതെങ്കിലും തരത്തിൽ ഹാനി തട്ടിയാൽ ബഥന്യാശ്രമത്തിന്നു കുഴയാതെ നിർവാഹമില്ല. നാം നേരിട്ട് ഭിക്ഷാടനം നടത്തി വന്നിരുന്ന സമ്പ്രദായത്തെ നിറുത്തൽ ചെയ്തിട്ടും ഈ ഉറവയിലെ ഒഴുക്കിനു സാരമായ പ്രതിബന്ധം ഒന്നും നാം കണ്ടിരുന്നില്ല. എന്നാൽ സ്വല്പം കാലമായി അതിനെന്തോ ന്യൂനതയുണ്ടായിട്ടുണ്ട്. അതിനാലുള്ള ക്ലേശമോ, നിസ്സാരമായിട്ടുള്ളതുമല്ല. എല്ലാ കാര്യവും തുറന്നു പറയാൻ തുടങ്ങിട്ടുള്ള സ്ഥിതിക്ക് ഈയിടെ നടന്ന ഒരു സംഭവം ഇവിടെ ചേർക്കുന്നത് അംഗതമാവില്ലെന്നു നാം വിശ്വസിക്കുന്നു.

ഈ "ഗിരിദീപം" എഴുതാൻ തുടങ്ങിയത് ഇക്കഴിഞ്ഞ മിഥുനമാസത്തിലായിരുന്നു. നമ്മുടെ ഇപ്പോഴത്തെ താമസസ്ഥലമായ തിരുമൂലപുരത്ത് പുതുക്രിസ്ത്യാനികൾക്കായി ഉണ്ടാക്കപ്പെട്ട ഒരു പള്ളിയും നമുക്ക് താമസിക്കുവാനായി ഒരു ചെറിയ കെട്ടിടവുമാണല്ലോ ഉള്ളത്. വർഷകാലമാരംഭിച്ചപ്പോൾ പള്ളിയെങ്കിലും നനയാതിരിക്കട്ടെയെന്നു കരുതി ഓല വാങ്ങിപ്പിച്ച് നാം അതു മേയിപ്പിച്ചു. കെട്ടിടത്തിന്റെ കാര്യം പിന്നെയാവാമെന്നും നാം നീട്ടുകയും ചെയ്തു. കാലം തികഞ്ഞപ്പോൾ മഴയും തുടങ്ങി. ഇക്കഴിഞ്ഞ വർഷത്തിന്റെ ആർഭാടവീർഭാടനം

www.malankaralibrary.com





പ്രത്യേക സമ്പ്രദായത്തിലായിരുന്നുവല്ലോ. ഗിരിദീപത്തിന്റെ എഴുത്തു തടസ്സം കൂടാതെ നടന്നുപോകുന്നുമുണ്ട്. നമ്മോടോ ഗിരിദീപത്തോടോ മിഥുനം-കർക്കടകം മാസങ്ങളിലെ മേഘത്തിനു വിശേഷവിധിയായ അനുകമ്പയോ അനുഭാവമോ തോന്നിപ്പോയിരിക്കാം. എഴുതിക്കഴിയുന്നേടത്തോളം ഭാഗങ്ങൾ അപ്പഴപ്പോൾ വായിച്ചു നോക്കുവാനായി മഴത്തുള്ളികളാകുന്ന അതിന്റെ ദൂതഗണങ്ങളെ അയച്ചു. നമ്മുടെ കെട്ടിടത്തിൽ പ്രവേശിപ്പാൻ അവയ്ക്കും സ്വച്ഛന്ദസൗകര്യം ഉണ്ടായിട്ടുണ്ടല്ലോ.

www.malankaralibrary.com



തന്റേടമുറയ്ക്കാത്ത ആ മഴത്തുള്ളികളുടെ കളികൾ കണ്ട് നമുക്കു വലിയ നേരമ്പോക്കു തോന്നി. അഹോരാത്രം നമ്മുടെ ശിരസ്സിൽ കിടക്കുന്ന 13 കുരിശുകൾക്ക് സ്നേഹചുംബനം നൽകുവാൻ അവയെ അനുവദിക്കരുതല്ലോ. നമ്മുടെ ദേഹത്തിൽ കിടന്നു കളിക്കുന്നതിൽ നമുക്കു വിരോധമില്ലായിരുന്നു. പക്ഷേ ആ കൊച്ചു കിടാങ്ങൾ "ഗിരിദീപ"മെടുത്തു കളിപ്പാട്ടമാക്കുന്നുവല്ലോ എന്നതിലായിരുന്നു നമുക്കൽപ്പമായിട്ടൊരു അസുഖം തോന്നിയത്. അതിനാൽ അവയുടെ കൈ എത്താത്തവണ്ണം നാം ഗിരിദീപത്തെ മേശമേലും അനന്തരം കട്ടിലിന്മേലും മാറി മാറി വയ്ക്കാൻ തുടങ്ങി. എന്തു ചെയ്തിട്ടും അവയുടെ ദൃഷ്ടിയിൽനിന്നു ഗിരിദീപത്തെ മാറ്റുവാൻ നമുക്കു പെട്ടെന്നു കഴിവുണ്ടായില്ല. കൊച്ചുകുഞ്ഞുങ്ങൾക്കു പുസ്തകം കൊടുത്താലുള്ള ഫലം ആർക്കും അനുഭവവേദ്യമാണല്ലോ. വർഷകാലമവസാനിക്കാറായപ്പോൾ നമ്മുടെ കെട്ടിടം ഓലമേഞ്ഞു. ആ കൊച്ചുകുഞ്ഞുങ്ങളെ പിന്നെ നമ്മുടെ കെട്ടിടത്തിനുള്ളിൽ കണ്ടുതുമില്ല.

ബഥനിയുടെ നാനാമുഖങ്ങളായ ചെലവുകൾക്കു പ്രതിമാസം ചുരുങ്ങിയാൽ പത്തഞ്ഞൂറു രൂപായോളം വേണ്ടി വരുന്നതാണ്. ഇതിൽ മുക്കാൽ ഭാഗവും ഉണ്ടാകേണ്ടിയിരിക്കുന്നത് സുഹൃജ്ജനങ്ങളുടെ സംഭാവനകൾ മുതലായവ മൂലമാണുതാനും. കഴിഞ്ഞ ചില കൊല്ലങ്ങളിലായി കണക്കിൽ കാണുന്നതു കടം തന്നെയാണ്. സർ ഡാനിയേൽ ഹാമിൽട്ടനു 7000 രൂപാ കൊടുക്കാനുണ്ടല്ലോ. സംഭാവനകളാകുന്ന ഉറവിന്റെ ഒഴുക്കിനു തടസ്സം നേരിട്ടതിനാൽ വിശേഷാൽ ഏഴെണ്ണായിരവും ഇപ്പോൾ തലയിൽ കയറി. കുറെ നാളായി ദൈവം ബഥന്യാശ്രമത്തെ മൂശയിലിട്ടു വറക്കാൻ തുടങ്ങിയിരിക്കയാണെന്നു നമുക്കു തോന്നുന്നുണ്ട്. അനുഭവം അതാണു നമ്മെ മനസ്സിലാക്കുന്നതും. ദൈവത്തിന്റെ ഏതു പ്രവൃർത്തിയിലും അവിടുത്തേക്ക് അപജയം നേരിടുന്നതല്ലല്ലോ. മനുഷ്യർക്ക് ദുർഘടങ്ങൾ ഉണ്ടാകുന്നതും, ക്ലേശങ്ങൾ സംഭവിക്കുന്നതും, ആപത്തുകൾ വരുന്നതും ദൈവത്തിന്റെ അറിവോടു കൂടിയാണെന്നുള്ളതു നിസ്തർക്കമത്രെ. ഇവമൂലം മനുഷ്യഹൃദയത്തെ അവിടുന്നു ശുദ്ധീകരിക്കുന്നു. കണ്ണുനീരിൽ മുക്കിക്കൊണ്ടുതന്നേ ദൈവം മനുഷ്യനെ സ്പുടം ചെയ്തെടുക്കുകയും ചെയ്യുന്നു.

www.malankaralibrary.com



"ഉരുക്കിടുന്നൂ മിഴിനീരിലിട്ടു
മുക്കുന്നുമുറ്റും ഭുവനൈകശില്പി
മനുഷ്യഹൃത്താം കനകത്തെയെന്തോ
പണിത്തരത്തിന്നുപയുക്തമാക്കാൻ."

അതിനാൽ ക്ലേശങ്ങളിൽ നമുക്കു നിരാശയില്ല. ദുഃഖങ്ങളിൽ നമുക്കു സങ്കടമില്ല. ബഥനി ആരുടേതോ അവിടുന്നതിനെ നോക്കിക്കൊള്ളും.

തിരുമുറിവുകളിൽ ബഥനിയിതാ സ്നേഹചുംബനമർപ്പിച്ചു

**പ്രാർത്ഥന**

ലോകൈകനാഥാ, ജഗൽപ്പിതാവെ, കരുണതോന്നി അനുകമ്പതോന്നി. ബഥനിയെ തൃപ്പാദപീഠമാക്കിയാലും! ഏതിന്റെ വിദ്യുത്സ്പർശനമാത്രയിൽ ഇളകി മറിഞ്ഞുകൊണ്ടിരുന്ന തിരമാലകൾ ചെറുകൈകൾ കൂപ്പിനിന്നുവോ അവിടുത്തെ ആ തൃക്കാലുകളെ, പശ്ചാത്താപവിവശയായ മഗ്ദലന മറിയം ഏതിനെ അവളുടെ ചുടുകണ്ണുനീർകൊണ്ട് കഴുകിത്തുവർത്തിയോ ആ തൃപ്പാദങ്ങളെ, ഇരുമ്പാണികളാൽ കുത്തിത്തുളയ്ക്കപ്പെട്ട ആ പാദപത്മങ്ങളെത്തന്നെ കവിണുവീണു ഭക്തിപൂർവം ചുംബിപ്പാൻ ബഥനിയെ അവിടുന്നാശീർവദിച്ചാലും! സമുദ്രത്തിലെ കല്ലോലമാലകളെ ചവിട്ടിതാഴ്ത്തിയ ആ തൃക്കാലുകൾ, കണ്ണുനീരിൽ കുളിച്ച ആ തൃപ്പാദങ്ങൾ രക്തം പുരണ്ട ആ തൃക്കാലിണകൾ തിരുവുള്ളമുണ്ടായി ബഥനിയുടെ മൂർദ്ധാവിൽ എന്നെന്നും പതിയുമാറാവട്ടെ.

www.malankaralibrary.com



കൊള്ളുന്നു. അനുകമ്പതോന്നി രക്തസിരകളിലൂടെ ബഥനിയെ അവിടുന്നു വലിച്ചുകൊണ്ടാലും! തിരുഹൃദയത്തിൽ കുടികൊള്ളുവാൻ അതിനിടയാവട്ടെ! അതാണല്ലോ അതിന്റെ ഉദ്ദേശ്യം. അതിനു തന്നെയാണല്ലോ അവിടുന്ന് അതിനെ നിർമ്മിച്ചിട്ടുള്ളതും.

സ്വർഗ്ഗസ്ഥനായ പിതാവേ, അപ്പാ, പാപസമുദ്രത്തിൽ കിടന്ന് അവിടത്തെ പ്രിയപ്പെട്ട മക്കൾ മുങ്ങിത്തുടിക്കുമ്പോഴും, പരീക്ഷകളാകുന്ന ചുഴലിക്കാറ്റുകളിൽ കിടന്നു കറങ്ങിക്കൊണ്ടിരിക്കുമ്പോഴും, കഷ്ഠാരിഷ്ടതകളാകുന്ന ചുഴലികളിൽ കുരുങ്ങി ശ്വാസം മുട്ടുമ്പോഴും, കരളലിവുള്ളവനായ രക്ഷകനേ, പത്രോസു ശ്ലീഹായുടെ നേരെയെന്നപോലെ ആ ബലമുള്ളതായ വലത്തുകൈ നീട്ടി ഞങ്ങളെയും സർവജനങ്ങളെയും മോചിപ്പിക്കേണമെ. അവിടുത്തെ കൃപാകടാക്ഷം തന്നെ ഞങ്ങളുടെ പരമാശ്രയം. അവിടുത്തെ സ്നേഹിപ്പാൻ ഇടയാകുന്നതുതന്നേ ഞങ്ങൾക്കു പരമഭാഗ്യം. അവിടുത്തെ സമ്പാദിക്കുമ്പോൾ ഞങ്ങൾക്കു സർവ്വതുമായി.

സ്വർഗ്ഗസ്ഥനായ പിതാവേ, അവിടുത്തെ നാമം വിശുദ്ധീകരിക്കപ്പെടണമെ. അവിടുത്തെ രാജ്യം വരണമേ. അവിടുത്തെ ഇഷ്ടം സ്വർഗത്തിലേതുപോലെ ഭൂമിയിലും നടക്കുമാറാകുകയും ചെയ്യണമേ.

പിതാവായ ദൈവമേ, അവിടുത്തെ സ്നേഹവും, പുത്രനായ ദൈവമേ, അവിടുത്തെ കൃപയും; പരിശുദ്ധ റൂഹായായ ദൈവമേ, അവിടുത്തെ സംസർഗവും ഇന്നും എന്നും സർവ്വലോകത്തിലും ഉണ്ടായിരിക്കുമാറാകണമേ.

www.malankaralibrary.com

അനുബന്ധം I

# ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതത്തിലെ സ്മരണീയ ദിനങ്ങൾ

## സഭാചരിത്രത്തിലെ സ്വർഗ്ഗീയ ലിഖിതം

| | |
|---|---|
| ജനനം | 21-9-1882 |
| ജ്ഞാനസ്നാനം | 4-10-1882 |
| സാമാന്യവിദ്യാഭ്യാസം | 1887-1897 |
| ഹൈസ്ക്കൂൾ വിദ്യാഭ്യാസം<br>എം.ഡി.സെമിനാരിയിൽ | 1897-1899 |
| ശെമ്മാശപട്ടം<br>(പുത്തൻകാവ് പള്ളിയിൽ വച്ചു പുലിക്കോട്ടു മാർ ദിവന്ന്യാസിയോസ്) | 9-1-1900 |
| എം. എ. ഡിഗ്രി സമ്പാദനം | 1907 |
| വൈദിക പട്ടം<br>(പരുമല സെമിനാരിയിൽ വച്ച് വട്ടശ്ശേരിൽ മാർ ദിവന്ന്യാസിയോസ്) | 15-9-1908 |
| എം. ഡി. സെമിനാരി പ്രിൻസിപ്പൽ | 1908-1913 |
| സെറാമ്പൂർ കോളേജ് പ്രൊഫസർ | 1913-1919 |
| ബഥനി ആശ്രമ സ്ഥാപനം | 15-8-1919 |
| റമ്പാൻ സ്ഥാനാഭിഷേകം<br>(തിരുമൂലപുരം പള്ളിയിൽവച്ച് മാർ ഗ്രീഗോറിയോസ്) | 28-1-1925 |
| എപ്പിസ്കോപ്പാ സ്ഥാനാഭിഷേകം<br>(നിരണം പള്ളിയിൽ) | 1-5-1925 |
| ബഥനി സന്ന്യാസിനീ സമൂഹസ്ഥാപനം | 8-9-1925 |
| മെത്രാപ്പോലീത്താ സ്ഥാനാരോഹണം | 13-2-1929 |
| കത്തോലിക്കാ പുനരൈക്യം<br>(കൊല്ലം) | 20-9-1930 |
| മലങ്കര ഹൈരാർക്കി സ്ഥാപനം | 12-3-1933 |
| മാർ ഈവാനിയോസ് കോളേജ് സ്ഥാപനം | 1949 |
| കന്തീലാ ശുശ്രൂഷ<br>(നാലാഞ്ചിറ ബഥനി ആശ്രമം) | 2-9-1952 |
| ചരമം | 15-7-1953 |
| കബറടക്കം | 17-7-1953 |
| ദൈവദാസൻ<br>(ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയെ 'ദൈവദാസ'നായി മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ പ്രഖ്യാപിച്ചു) | 14-7-2007 |

www.malankaralibrary.com

## അനുബന്ധം 2

# ബഥനിയുടെ ചരിത്രത്തിലെ നാഴികക്കല്ലുകൾ

| | |
|---|---|
| സ്ഥാപനം | 1919 ആഗസ്റ്റ് 15 |
| ആദ്യ അംഗങ്ങളുടെ വ്രത വാഗ്ദാനം | 1920 പെന്തിക്കോസ്തി പെരുന്നാൾ ദിവസം |
| പുനരൈക്യം | 1930 സെപ്തംബർ 20 |
| പുനരേകീകരണം | 1948 സെപ്തംബർ 12 |
| പൂനാ പഠന ഗ്രഹം ആരംഭിക്കുന്നു | 1955 ഏപ്രിൽ 30 |
| പൊന്തിഫിക്കൽ പദവി | 1966 ഏപ്രിൽ 14 |
| നോവിഷ്യറ്റ് ഹൗസിന്റെ ശിലാസ്ഥാപനം ആലുവയിൽ | 1968 ഫെബ്രുവരി 19 |
| ജനറലേറ്റ് മന്ദിരം കോട്ടയത്തേക്ക് | 1971 ഏപ്രിൽ 16 |
| നോവിഷ്യേറ്റ് അശോകപുരം, ആലുവായിൽ ആരംഭിച്ചത് | 1977 ജൂൺ 20 |
| പ്രൊവിൻസുകളുടെ രൂപീകരണം | 2000 മെയ് 24 |
| നവജീവൻ പ്രൊവിൻഷ്യൽ ഹൗസിന്റെ കൂദാശ | 2011 ഫെബ്രുവരി 18 |
| നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിന്റെ കൂദാശ | 2001 മെയ് 15 |
| എത്യോപ്യൻ മിഷൻ ആരംഭിക്കുന്നു | 2009 സെപ്തംബർ 16 |
| ജീവാരാം ആനിമേഷൻ സെന്ററർ ആരംഭിക്കുന്നു | 2011 നവംബർ 7 |

www.malankaralibrary.com

## അനുബന്ധം 3

## മാർ ഈവാനിയോസ് പിതാവ് എഴുതിയ പുസ്തകങ്ങൾ

| Sl. No. | | Name of the Book | Name of author/ Editor/Publisher | |
|---|---|---|---|---|
| 1 | | സുറിയാനി ക്രിസ്ത്യാനികൾ നെസ്തോറിയർ ആയിരുന്നോ? – | മാർ ഈവാനിയോസ് മെത്രാപ്പോലീത്ത | 1907 |
| 2 | | ഗിരിദീപം – | ” | 1929 |
| 3 | | വി. കുർബാന ഒരു ധ്യാന പഠനം | ” | 1923 |
| | a | ബഥനി ജീവപ്രകാശം ഒന്നാം ഭാഗം | ” | 1923 |
| | b | ബഥനി ജീവപ്രകാശം രണ്ടാം ഭാഗം | ” | 1923 |
| | c | ബഥനി ജീവപ്രകാശം മൂന്നാം ഭാഗം | ” | 1923 |
| | d | ബഥനി കുർബാന ധ്യാനം ഒന്നാം ഭാഗം | ” | 1923 |
| | e | ബഥനി കുർബാന ധ്യാനം രണ്ടാം ഭാഗം | ” | 1923 |
| | f | ബഥനി കുർബാന ധ്യാനം മൂന്നാം ഭാഗം | ” | 1923 |
| 4 | | വി. കുമ്പസാരം ഒരു ധ്യാന പഠനം | ” | 1923 |
| | a | ബഥനി പാപമോചനം ഒന്നാം ഭാഗം | ” | 1923 |
| | b | ബഥനി പാപമോചനം രണ്ടാം ഭാഗം | ” | 1923 |
| | c | ബഥനി പാപമോചനം മൂന്നാം ഭാഗം | ” | 1923 |
| | d | ബഥനി പാപമോചനം നാലാം ഭാഗം | ” | 1923 |
| | e | ആത്മാവിന്റെ കുളിയും ഊണും | ” | 1930 |
| | f | ബഥനി പ്രതിദിന പ്രകാശം | ” | 1099 |
| 5 | | ധ്യാനകുസുമങ്ങൾ–മലങ്കരസഭാ മക്കൾക്ക് ഒരു ധ്യാന ഗ്രന്ഥം | ” | 1923 |
| | a | ബഥനി ധ്യാന ശ്രേണിക | | |
| | b | ബഥനി മിശിഹാനുകരണം | ” | 1924 |
| | c | ദൈവസ്നേഹം | | |
| | d | താഴ്മ | | |
| 6 | | സന്യാസ ജീവിത സഹായി | ” | 1926 |
| 7 | | ക്രിസ്തീയ സഭാ വൽസരം | ” | 1926 |
| 8 | | ബഥനി വി. നിയമം | ” | 1919, 1938, 1951 |
| | a | ബഥനി പ്രഥമാശ്രമം | ” | 1931 |

www.malankaralibrary.com

## മാർ ഈവാനിയോസ് പിതാവ് എഴുതിയ പുസ്തകങ്ങൾ

| Sl. No. | Name of the Book | Name of author/ Editor/Publisher | |
|---|---|---|---|
| b | ബഥനി ദ്വിതീയാശ്രമം | ” | 1931 |
| 9 | വി. സഭാ പ്രവേശനം | ” | 1927 |
| 10 | A Hand Book of the Holy Mass- Malankara Rite - 1947 | ” | |
| 11 | A Synopsis of the Holy Mass | ” | |
| 12 | മാർഗ്ഗപ്രകാശിക | ” | 1929 |
| 13 | വി. വാരാചരണം | | |
| 14 | ബഥനി ഹാർദ്ദവ പ്രാർത്ഥന | ” | 1927 |
| 15 | ബഥനി തിരുമുൻപിൽ | ” | 1926 |
| 16 | ബഥനി പ്രാർത്ഥനാ സഹായി | ” | 1926 |
| 17 | ആത്മപ്രകാശം | ” | 1928 |
| 18 | ചെറുപൈതങ്ങളുടെ സ്വർഗ്ഗപാത | ” | 1929 |
| 19 | മലങ്കര സുറിയാനി കത്തോലിക്കരുടെ കുർബാനയ്ക്കുള്ള തൂക്കാസ | ” | 1941 |
| 20 | മലങ്കര സിറിയൻ കത്തോലിക്കരുടെ കാസാറൂശ്മാക്കുള്ള തൂക്കാസ | ” | 1941 |
| 21 | മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ വി. കൂദാശകളുടെ അനുഷ്ഠാനക്രമം, ഒന്നാം ഭാഗം | ” | 1941 |
| 22 | മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ വി. കൂദാശകളുടെ അനുഷ്ഠാനക്രമം, രണ്ടാം ഭാഗം | ” | 1941 |
| 23 | ബഥനി കൗമാ വ്യാഖ്യാനം | ” | 1927 |
| 24 | വിവാഹജീവിതം | ” | 1928 |
| 25 | ചെറുപൈതങ്ങളുടെ നമസ്കാരക്രമം | ” | 1929 |
| 26 | തിരുവനന്തപുരം സംസ്ഥാന ഇടവകയിലെ ഭരണനിബന്ധനകൾ | ” | 1935 |
| 27 | The Syrian Students Conference Publication-Meditations | ” | 1927 |
| 28 | ബഥനി മെത്രാൻ അവറുകളുടെ പ്രസംഗം | | |
| 29 | ബഥനി യോഗം | ” | 1929 |
| 30 | പരി. ദൈവമാതാവിന്റെ വ്യാകുല പ്രലാപം | ” | 1929 |
| 31 | കൂദാശാ വചനങ്ങൾ | ” | 1942 |
| 32 | വി. കുമ്പസാരക്രമം | ” | 1939 |
| 33 | മാർ ഈവാനിയോസ് മെത്രാപ്പോലീത്ത തിരുമനസ്സിലെ അന്ത്യസന്ദേശം | ” | 1952 |

www.malankaralibrary.com

## അനുബന്ധം 4

## മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനുള്ള പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേക ദൈവമേ, അങ്ങേക്ക് ആരാധനയും മഹത്വവും സ്തോത്രവും അർപ്പിക്കുന്നു.

പിതാവായ ദൈവമേ, അവിടുത്തെ അനന്ത കരുണയാൽ കാലത്തിന്റെ തികവിൽ മലങ്കര കത്തോലിക്കാ സഭയ്ക്ക് രൂപംനല്കി. അതിനെ കരുപ്പിടിപ്പിക്കുന്നതിനും, വളർത്തി നയിക്കുന്നതിനുമായി വന്ദ്യതാതനായ മാർ ഈവാനിയോസ് പിതാവിനെ അവിടുന്നു നിയോഗിച്ചു. പാവന ചരിതനും പുണ്യശ്ലോകനുമായ ഈ പിതാവിലൂടെ ശാന്തിയും സമാധാനവും, സത്യത്തിന്റെ പ്രകാശവും അനുഭവിക്കുന്ന മലങ്കര കത്തോലിക്കാസഭ ഇന്നു വളർന്നു വലുതായിക്കൊണ്ടിരിക്കുന്നു. ആ പുണ്യതാതന്റെ, വിശുദ്ധിയുടെ പരിമളവും, സ്നേഹത്തിന്റെ ഊഷ്മളതയും എല്ലാ ജനപദങ്ങൾക്കും മാതൃകയാകുന്നതിനും, ആഗോള സഭയ്ക്ക് പൊതുവായും, മലങ്കര കത്തോലിക്കാ സഭയ്ക്ക് പ്രത്യേകമായും ഒരു വിശുദ്ധന്റെ മാദ്ധ്യസ്ഥം കൂടി ലഭിക്കുന്നതിനുമായി മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധ പദവിയിലേക്കുയർത്തി അനുഗ്രഹിക്കണമെ എന്ന് ഞങ്ങൾ താഴ്മയോടെ പ്രാർത്ഥിക്കുന്നു.

www.malankaralibrary.com



# ഗിരിദീപം

## ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസിന്റെ ആത്മകഥ

ആബോ ഗീവറുഗീസ്, ബഥനി മെത്രാപ്പോലീത്താ, ആർച്ച്ബിഷപ്പ്, മലങ്കര സിംഹം, ഭാരത ന്യൂമാൻ എന്നീ അപരാഭിധാനങ്ങളിൽ അറിയപ്പെടുന്ന പൗരസ്ത്യസഭകൾ കണ്ടിട്ടുള്ള ഏറ്റം ശക്തനായ പൗരസ്ത്യ സഭാവക്താവ് മാർ ഈവാനിയോസ് വലിയ മെത്രാപ്പോലീത്താ തിരുമേനി 1882 സെപ്തംബർ 21-ാം തീയതി മാവേലിക്കരയിലെ പണിക്കരു തറവാട്ടിൽ തോമ്മാപണിക്കരുടെയും അന്നമ്മയുടെയും മകനായി ജനിച്ചു. വിദ്യാഭ്യാസം കോട്ടയം എം.ഡി.ഹൈസ്കൂളിലും സി.എം.എസ്.കോളേജിലും മദ്രാസ് ക്രിസ്ത്യൻ കോളേജിലുമായി നിർവ്വഹിച്ചു. എം.എ.ക്കാരനായ ആദ്യത്തെ മലങ്കരസഭാ വൈദികനായിരുന്നു അദ്ദേഹം. 1-9-1900-ൽ ശെമ്മാശനും 15-9-1908-ൽ വൈദികനും ആയിത്തീർന്നു. തുടർന്ന് അഞ്ചുവർഷക്കാലം എം.ഡി.സെമ്മിനാരി ഹൈസ്കൂളിൽ പ്രിൻസിപ്പലായിരുന്നു. 1919 ആഗസ്റ്റിൽ റാന്നിയിൽ ബഥനി ആശ്രമം സ്ഥാപിച്ച് കാവി വസ്ത്രധാരിയായി മാറുന്നതുവരെയുള്ള ഏഴുവർഷക്കാലം കൽക്കട്ടായിലെ സെറാമ്പൂർ കോളേജിൽ പ്രൊഫസറായിരുന്നു. 1925 ജനുവരിൽ റമ്പാനായി. 1-5-1925-ൽ മെത്രാനായിത്തീർന്നു. 1929-ൽ മെത്രാപ്പോലീത്തായും. 1930-ൽ റാന്നി ബഥനിയിൽ നിന്നിറങ്ങി. സെപ്തംബർ 20-ാം തീയതി സാർവ്വത്രിക സഭയുമായി പുനരൈക്യപ്പെട്ടു. മലങ്കര ആരാധനാക്രമങ്ങളോടുകൂടി കത്തോലിക്കാ സഭാംഗമായിത്തീരാൻ കഴിയുമെന്ന വസ്തുത ഉയർത്തിപ്പിടിച്ചുകൊണ്ട് തിരുവനന്തപുരം അതിരൂപതയുടെ ആർച്ചുബിഷപ്പായി 23 കൊല്ലം സഭാസേവനം ചെയ്തു. 1953 ജൂലൈ 15ന് പുരുഷായുസ്സുകൊണ്ട് നേടാവുന്നതിലധികം നേടി തന്റെ ഓട്ടം തികച്ചു. പുനരൈക്യത്തിന്റെ പുണ്യപാത തലമുറകൾ സ്വന്തമാക്കിക്കൊണ്ട് ആ വ്യക്തിത്വത്തെ അനുദിനം അനശ്വരമാക്കിക്കൊണ്ടിരിക്കുന്നു. പ്രഗത്ഭ വാഗ്മിയും ധീഷണ പടുവുമായിരുന്ന അദ്ദേഹത്തെ ആരോടും താരതമ്യപ്പെടുത്താനാവില്ല.

ബഥനി പബ്ലിക്കേഷൻസ്, കോട്ടയം – 686010
15, July 2020